# ഭൂമിയിൽ പറുദീസാ

(ക്രിസ്തീയ കുടുംബജീവിതത്തെപ്പറ്റി ഒരു ചർച്ച)

(Malayalam)

# BHOOMIYIL PARUDEESA

(A Discussion on Christian Family Life)

By

**Fr: Dr. O.THOMAS** M.A., B.D., M.TH., P.D.P.T.

Published by : **Divyabodhanam Publications**
Orthodox Seminary, P.B. 98, Kottayam

First Published : June 1988

Second Edition : October 2003

Copyright reserved

Number of copies : 3000

Available at : Orthodox Seminary and Other Christian Bookshops.

D.T.P. : Sophia Print House, Kottayam Ph. 2303237

Printed at : Udaya Offset Press, Kottayam

Price: **Rs. 40/-**

ദിവ്യബോധനം ഗ്രന്ഥാവലി – 20

# ഭൂമിയിൽ പറുദീസാ

(ക്രിസ്തീയ കുടുംബജീവിതത്തെപ്പറ്റി ഒരു ചർച്ച)

ഫാ. ഡോ. ഒ. തോമസ്

ദിവ്യബോധനം പബ്ലിക്കേഷൻസ്
സോഫിയാ സെന്റർ
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 40.00



## ഫാ. ഡോ. ഒ. തോമസ്

പ്രമുഖ കൗൺസലർ, ഗ്രന്ഥകാരൻ, അദ്ധ്യാപകൻ, വാഗ്മി.

ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

കേരളാ സർവ്വകലാശാലയിൽ നിന്നും സോഷ്യോളജിയിൽ എം. എ. യും,
സെറാംബൂർ സർവ്വകലാശാലയിൽ നിന്നും ബി. ഡി. യും,
പാസ്റ്ററൽ കൗൺസലിംഗിൽ എം. ടി. എച്ചും,
വെല്ലൂർ ക്രിസ്ത്യൻ കൗൺസലിംഗ് സെന്ററിൽ നിന്നും
കൗൺസലിംഗിൽ ഡിപ്ലോമയും,
ലണ്ടൻ ഹിത്രോപ്പ് കോളജിൽ നിന്നും മനഃശാസ്ത്രത്തിൽ
ബിരുദാനന്തര ഡിപ്ലോമയും
സെറാംബൂർ യൂണിവേഴ്സിറ്റിയിൽ നിന്നു മനഃശാസ്ത്രത്തിൽ
ഡോക്ടറേറ്റും കരസ്ഥമാക്കി.

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രൊഫസർ,
പ്രത്യാശാ കൗൺസലിംഗ് സെന്റർ കോ - ഓർഡിനേറ്റർ,
സെന്റ് പോൾസ് മിഷൻ ട്രയിനിംഗ് സെന്റർ അദ്ധ്യാപകൻ,
പരുമല കൗൺസലിംഗ് സെന്റർ ഡയറക്ടർ,
സ്നേഹലോകം മാസിക ചീഫ് എഡിറ്റർ
എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

കൃതികൾ: ജീവിതപാതയിൽ, ഭൂമിയിൽ പറുദീസ, അവർ ഒന്നാകുന്നു, ഇടയലേഖനങ്ങൾ: ഒരു വ്യാഖ്യാനം, കൈവിളക്ക്, മനസ്സും ജീവിതവും.

ഭാര്യ: മാവേലിക്കര പടിഞ്ഞാറേതലയ്ക്കൽ എലിസബത്ത് തോമസ്.
മക്കൾ: അരുൺ, അനില, അനിഷ.

വിലാസം: ഊടത്തിൽ, രാമപുരം, കീരിക്കാട് പി. ഒ. - 690 508.
ഫോൺ: (0479) 2472339

# പ്രസ്താവന

**വാ**ത്സല്യമുള്ളവരേ,

അളവറ്റ ദൈവകൃപയാൽ, 'ദിവ്യബോധനം' പരിപാടിയുടെ പ്രഥമഘട്ടം, ഞങ്ങളുദ്ദേശിച്ചതിലധികം വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. നമ്മുടെ വിശ്വാസ സംബന്ധമായ പത്തു പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചു എന്നുള്ളത് തന്നെ ഒരു വലിയ നേട്ടമാണ്.

1984 –ൽ മാത്രം ആരംഭിച്ച ഈ പരിപാടിയിൽ 49 കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 230 സ്ത്രീകളും 210 പുരുഷന്മാരും പഠിച്ചു. മുഴുവൻ കോഴ്സ് (10 വിഷയങ്ങൾ) പൂർത്തിയാക്കിയവർക്ക് 1986 ആഗസ്റ്റ് 9–ാം തീയതി യോഗ്യതാ സർട്ടിഫിക്കറ്റുകളും പരിശുദ്ധ ബാവാ തിരുമനസു കൊണ്ട് നൽകി.

ഇനി രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുകയാണ്. പ്രാഥമിക പഠനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേക്ക് വിദ്യാർത്ഥീ – വിദ്യാർത്ഥിനികളെ സ്വീകരിക്കുന്നതു കൂടാതെ, ആദ്യഘട്ടം പൂർത്തിയാക്കിയവർക്കു വേണ്ടിയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നു.

സഭാവിശ്വാസത്തിൽ സഭാംഗങ്ങൾക്കുള്ള അറിവിനെ ആഴപ്പെടുത്തുകയാണ് രണ്ടാം ഘട്ടത്തിന്റേയും ഉദ്ദേശ്യം. സാമാന്യം വിദ്യാഭ്യാസമുള്ള എല്ലാ മാതാപിതാക്കന്മാർക്കും യുവജനങ്ങൾക്കും ഇത് ഒരു പോലെ പ്രയോജനകരമായിരിക്കും. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്ക് ഈ പഠനം ഒരു പ്രാഥമിക ആവശ്യം തന്നെയാണ്.

കുറെ കൊല്ലങ്ങൾ കൊണ്ട് പതിനായിരക്കണക്കിനാളുകൾ ഈ പഠന പദ്ധതി പൂർത്തിയാക്കുമെന്നും, അങ്ങനെ സഭാംഗങ്ങളുടെ പൊതുവേയുള്ള വിശ്വാസജീവിതത്തിനു വലിയ പുരോഗതിയുണ്ടാകുമെന്നുമാണു ഞങ്ങളുടെ പ്രത്യാശ. ക്രിസ്തുവിന്റെ മനഷ്യാവതാരത്തിൽ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹത്തെ ആഴമായറിഞ്ഞ്, ആ സ്നേഹത്തിൽ വേരൂന്നി വളർന്നു ജീവിപ്പാൻ ഈ പുസ്തകങ്ങൾ പരിശുദ്ധാത്മ കൃപയാൽ അനേകർക്ക് ഉപകരണങ്ങളായിത്തീരട്ടെ, ദൈവം തമ്പുരാൻ നിങ്ങളെ ഏവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**
പ്രസിഡന്റ്, ദിവ്യബോധനം

കോട്ടയം
പരിശുദ്ധ തോമാശ്ലീഹായുടെ ദുഖ്റോനൊപ്പെരുന്നാൾ
ജൂലൈ 2, 1986

# പ്രസാധകക്കുറിപ്പ്

**ദി**വ്യബോധന ഗ്രന്ഥാവലിയിൽ 20-ാമത്തെ ഗ്രന്ഥമായ 'ഭൂമിയിലെ പറുദീസ' പുനഃപ്രസിദ്ധീകരിക്കുകയാണ്. വിശ്രുത കൗൺസിലറായ ബഹു. ഡോ. ഒ. തോമസ് അച്ചനാണ് കുടുംബജീവിതത്തെക്കുറിച്ചും അതിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിഹരിക്കുവാൻ നേടേണ്ട മാനസിക ഒരുക്കത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ഈ പുസ്തകം രചിച്ചിട്ടുള്ളത്. ദിവ്യബോധന പഠിതാക്കൾക്കു പുറമേ കുടുംബജീവിതത്തെ വിശകലനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരേവരും വായിക്കുവാൻ ഈ പുസ്തകം ശുപാർശ ചെയ്തുകൊള്ളുന്നു. ഗ്രന്ഥകർത്താവിനോടുള്ള നന്ദി അറിയിക്കട്ടെ.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കു നിർലോപമായ അനുഗ്രഹാശ്ശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായിരിക്കുന്ന പ. മോറാൻ മാർ ബസ്സേലിയോസ്സ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസരം സമർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡണ്ടും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷാ, വൈസ് പ്രസിഡണ്ട് റവ. ഫാ ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ റവ. ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മിറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിനപ്രവർത്തനങ്ങളെ നിയന്ത്രിച്ചു നടത്തിവരുന്നത്. വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽട്ടിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും പല അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിനായി പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ദിവ്യബോധനം പദ്ധതിയുടെ ജീവനാഡിയായി ആരംഭം മുതൽ പ്രവർത്തിച്ച കോ-ഓർഡിനേറ്റർ റവ. ഫാ. സി. സി. ചെറിയാനച്ചനോടുള്ള കൃതജ്ഞത നിസ്സീമമാണ്. ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. ഭംഗിയായി ചെയ്തു തന്ന സോഫിയാ പ്രിന്റു ഹൗസിനും അച്ചടി വളരെ ഭംഗിയായും കൃത്യമായും നിർവഹിച്ച ഉദയാ പ്രസിനും നന്ദി.

സർവോപരി, സകല നന്മകൾക്കും കാരണഭൂതനായ സർവശക്തനായ

ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം അനുവാചക സമക്ഷം സമർപ്പിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു**
(കോ-ഓർഡിനേറ്റർ)

സ്ലീബാ പെരുന്നാൾ
14 - 09 - 2003

# വാങ്മുഖം

1985 – 86 ൽ ലണ്ടനിൽ താമസിച്ച കാലയളവിൽ മനസിൽ രൂപമെടുത്ത ആഗ്രഹമാണ് ക്രിസ്തീയ കുടുംബ ജീവിതത്തെപ്പറ്റി ഒരു പുസ്തകം എഴുതണമെന്നുള്ളത്. മടങ്ങി വന്നതിനു ശേഷവും ആഗ്രഹ നിവൃത്തിക്കായി കാര്യമായി ഒന്നും ചെയ്തില്ല. എന്നാൽ നിത്യവും സമ്പർക്കമുള്ള ബ: സി. സി. ചെറിയാനച്ചനോട് ഒരിക്കൽ ഈ ഇംഗിതം വെളിപ്പെടുത്തിയപ്പോൾ ദിവ്യബോധനത്തിന്റെ ഡിപ്ലോമാ കോഴ്സിൽ ഈ ഗ്രന്ഥം ഉൾപ്പെടുത്തുവാനുള്ള ആഗ്രഹം അദ്ദേഹം അറിയിച്ചു. അല്പം വൈകിയെങ്കിലും, ഈ പുസ്തകം ഇപ്പോഴെങ്കിലും ഇറങ്ങാനിടയായത് ദിവ്യബോധന പരമ്പരയിൽ ഇതുൾപ്പെടുത്തിയതുകൊണ്ടാണ്. അതിനു മുഖാന്തിരമായിത്തീർന്നതിലും, എഴുതിത്തീർക്കാനുള്ള നിരന്തര ശക്തിയായി വർത്തിച്ചതിലും ബ: സി. സി. ചെറിയാനച്ചനോടുള്ള ഹൃദയംഗമായ കൃതജ്ഞത ആദ്യം തന്നെ രേഖപ്പെടുത്തട്ടെ.

കുടുംബത്തെക്കുറിച്ചുള്ള ക്രിസ്തീയ വിശ്വാസം, നിലവിലുള്ള സാമൂഹ്യ, സാമ്പത്തിക സാംസ്ക്കാരിക ചുറ്റുപാടുകൾ, മനശാസ്ത്ര തത്ത്വങ്ങൾ ഇവ മൂന്നിനേയും സമന്വയിപ്പിക്കാനുള്ള ഒരു എളിയ ശ്രമമാണ് ഇതിൽ നടത്തിയിട്ടുള്ളത്. ശ്രമകരമായ ആ ഉദ്യമത്തിൽ പാകപ്പിഴകൾ കണ്ടേക്കാം. എന്നാൽ ഇവ മൂന്നിനേയും ഒരുമിച്ചു കാണാതെ ക്രിസ്തീയ കുടുംബത്തെ വിശകലനം ചെയ്യാനാവില്ല. ക്രിസ്തീയ മൂല്യങ്ങളേക്കാൾ അധികം, നിലവിലുള്ള സാമൂഹ്യ, സാംസ്ക്കാരിക സാമ്പത്തിക ഘടകങ്ങളാണ് ഇന്നത്തെ കുടുംബ സംവിധാനങ്ങളെ സ്വാധീനം ചെയ്തിരിക്കുന്നത്, എന്ന ഒരു ധാരണ നേരത്തെ തന്നെയുള്ളതുകൊണ്ട്, പല കാര്യങ്ങളെയും അല്പ സ്വല്പം വിമർശനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ട്. ആ രീതിയിൽ എതിർപ്പുള്ളവർ കണ്ടേക്കാം. എന്നാൽ ക്രിസ്തീയ മൂല്യങ്ങൾ കുടുംബ ജീവിതത്തിൽ ആവോളം ഉയർത്തിപ്പിടിക്കണമെന്നുള്ള സദുദ്ദേശ്യം മാത്രമെ ഈ ഗ്രന്ഥരചനയിൽ പ്രകടിപ്പിച്ചിട്ടുള്ളു എന്ന് പ്രത്യേകം, വായനക്കാർ സ്മരിക്കേണ്ടതാണ്.

ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി സശ്രദ്ധം വായിച്ച് ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിച്ചത് നമ്മുടെ വൈദിക സെമിനാരി വൈസ് പ്രിൻസിപ്പലും, ദിവ്യബോധനം ഡയറക്ടറുമായ ബഹു: റ്റി. ജെ. ജോഷ്വാ അച്ചനാണ്. ധാരാളം കുടുംബപ്രശ്നങ്ങൾ കൈകാര്യം ചെയ്തും, താദൃശ്യമായ അനേകം ലേഖനങ്ങൾ രചിച്ചും, ഈ വിഷയത്തിൽ അനേകം ക്ലാസുകൾ എടുത്തും കൈവന്നിരിക്കുന്ന അറിവിൽ സമ്പന്നനായിരിക്കുന്ന ബ: അച്ചൻ തന്നെ ഇതിന്റെ കൈയെഴുത്തുപ്രതി പരിശോധിച്ചത്, ഇതിലെ

ഉള്ളടക്കത്തിന്റെ ആധികാരികത വർദ്ധിപ്പിച്ചിരിക്കുന്നു എന്ന് നിസംശയം പറയാം. ഈ രണ്ടു കാര്യത്തിനും, എന്റെ വന്ദ്യ ഗുരുഭൂതനോട് ഞാൻ നന്ദിയോടെ കടപ്പെട്ടിരിക്കുന്നു.

കുടുംബജീവിതത്തെപ്പറ്റി എല്ലാം അറിയാം എന്നു നടിക്കുന്നവരിലും അജ്ഞതകൾ അനവധിയുണ്ട് എന്നതാണ് യാഥാർത്ഥ്യം. അവയെ കുറെയെങ്കിലും ദൂരീകരിക്കുവാനും കുടുംബബന്ധങ്ങളിൽ കൂടുതൽ ക്രിസ്തീയ മൂല്യങ്ങൾ കണ്ടെത്തുവാനും വായനക്കാർക്ക് കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇതിലെ അറിവുകൾ ഏതെങ്കിലും വിധത്തിൽ പ്രയോജനപ്പെടുന്നവർ മറ്റുള്ളവരോടും ആ കാര്യം പങ്കിടുവാൻ പ്രത്യേകം ശ്രദ്ധ വെച്ചാൽ ഏറെ നന്ന്.

ഈ പുസ്തക രചനയിൽ പല ഉപകാരങ്ങൾ ചെയ്തു തന്ന അച്ചൻകുഞ്ഞിനോടും (ദിവ്യബോധനം ഓഫീസ് സെക്രട്ടറി) എനിക്ക് അകൈതവമായ കൃതജ്ഞതയുണ്ട്.

സർവ്വോപരി ഇത് എഴുതി പൂർത്തിയാക്കുവാൻ വേണ്ട അറിവും ശക്തിയും പകർന്നു തന്ന ദൈവകൃപയെ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തോത്രം ചെയ്തുകൊണ്ട്, ക്രിസ്തീയ കുടുംബജീവിതം നയിക്കാനാഗ്രഹിക്കുന്ന എല്ലാവർക്കുമായി ഈ എളിയ ഉപഹാരം സമർപ്പിച്ചുകൊള്ളുന്നു.

**ഫാ. ഡോ. ഒ. തോമസ്**

കോട്ടയം
പെന്തിക്കുസ്തി പെരുന്നാൾ
22 - 5 - 1988

# രണ്ടാം പതിപ്പിനൊരു മുഖവുര

**'ഭൂമിയിൽ** പറുദീസ' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ് ഏകദേശം 15 വർഷങ്ങൾക്കു ശേഷമാണ് ഇറങ്ങുന്നത്. കുടുംബ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഈ പുസ്തകം നമ്മുടെ വിശ്വാസികളുടെ ഭവനങ്ങളിലെത്തിക്കുവാൻ ബോധപൂർവ്വമായ പരിശ്രമങ്ങൾ നടക്കേണ്ടിയിരിക്കുന്നു. പ്രീമാരിറ്റൽ കൗൺസലിംഗ് നിർബന്ധമായും നടത്തിയിരിക്കണമെന്ന് തീരുമാനങ്ങളുണ്ടായിട്ടുണ്ടെങ്കിലും അതിനുള്ള ക്രമീകരണങ്ങൾ ഇപ്പോഴും ഉണ്ടായിട്ടില്ല.

ഇതിനോടകം എം. ഒ. സി. പ്രസിദ്ധീകരിച്ച ബഹു. ജോഷ്വാ അച്ചന്റെ 'കുടുംബവേദിയിൽ' പുസ്തകവും, പ്രത്യാശാ കൗൺസലിംഗ് സെന്ററിന്റെ "പ്രത്യാശയോടെ ഒരുമിക്കാൻ" എന്ന പുസ്തകവും ഇതോടു കൂടി ചേർത്തു വായിച്ചാൽ കുടുംബജീവിതത്തിന് ഒരുങ്ങുന്നവർക്ക് സാമാന്യമായ വിവരങ്ങൾ ലഭിക്കാൻ പര്യാപ്തമാകും. വേഗത്തിൽ മാറുന്ന സാമൂഹ്യ യാഥാർത്ഥ്യങ്ങൾക്കിടയിൽ കുടുംബത്തെക്കുറിച്ച് താത്വികവും, വിശ്വാസപരവുമായ അടിസ്ഥാനവും പ്രായോഗികമായുണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള മുന്നറിവുമുണ്ടായാൽ ഒട്ടനവധി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാൻ ദമ്പതികൾക്കു സാധിക്കും.

ഒന്നാം പതിപ്പിനേക്കാൾ വേഗത്തിൽ വിറ്റഴിക്കുവാൻ രണ്ടാം പതിപ്പിനിടയാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കുടുംബ ജീവിതത്തെക്കുറിച്ച് ബ്രഹ്യത്തായ ഒരു ഗ്രന്ഥം രചിക്കണമെന്നുള്ള സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുവാൻ വായനക്കാരുടെ പ്രാർത്ഥന ഉണ്ടാകണമെന്നും അപേക്ഷിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ

**ഫാ. ഡോ. ഒ. തോമസ്**

# ഉള്ളടക്കം


പ്രസ്താവന 5

പ്രസാധകക്കുറിപ്പ് 6

വാങ്മുഖം 8

## യൂണിറ്റ് 1

## കുടുംബം: വേദപുസ്തക പശ്ചാത്തലം

1 കുടുംബം: സൃഷ്ടിയെപ്പറ്റിയുള്ള വിവരണങ്ങളിൽ 13

2 കുടുംബം: യഹൂദപശ്ചാത്തലത്തിൽ 17

3 കുടുംബം: യഹൂദപശ്ചാത്തലത്തിൽ തുടർച്ച 22

4 കുടുംബം: ക്രിസ്തീയ വീക്ഷണത്തിൽ 27

5 കുടുംബം: ക്രിസ്തീയ വീക്ഷണത്തിൽ തുടർച്ച 32

6 പൗലോസ് ശ്ലീഹായുടെ വീക്ഷണം 39

## യൂണിറ്റ് 2

## കുടുംബം: പ്രായോഗിക സാമൂഹ്യ ജീവിതത്തിൽ

1 കൂട്ടുകുടുംബത്തിൽ നിന്ന് ഏകകുടുംബത്തിലേക്കുള്ള മാറ്റം 47

2 വിവാഹത്തിനുള്ള ഒരുക്കം അഥവാ പക്വമായ ആളത്വവികാസം 54

3 ക്രിസ്തീയ കുടുംബജീവിതം 60

4 പങ്കാളിയെ തെരഞ്ഞടുക്കൽ 66

5 ദാമ്പത്യ ജീവിതം 72

6 ദാമ്പത്യ ജീവിതം ഒന്നാംഘട്ടം 78

## യൂണിറ്റ് 3

## ദാമ്പത്യജീവിതം പരിണാമദശകളിൽ

1 പ്രഥമഘട്ടത്തിലെ സംഘർഷങ്ങൾ 86

| | | |
|---|---|---|
| 2 | അനുരഞ്ജനത്തിന്റെ മാർഗങ്ങൾ | 92 |
| 3 | പൂവണിയാത്ത സ്വപ്നങ്ങൾ | 99 |
| 4 | നവാതിഥിയെ സ്വീകരിക്കാനുള്ള ഒരുക്കം | 105 |
| 5 | ഒരു കുഞ്ഞു പിറക്കുന്നു | 112 |
| 6 | ഒരേ സമയം പിതാവും മകനും | 119 |


## യൂണിറ്റ് 4

## കുടുംബത്തിന്റെ ക്രിസ്തീയവൽക്കരണം


| | | |
|---|---|---|
| 1 | സൗഭാഗ്യ ദാമ്പത്യത്തിനു വേണ്ടിയ വിലപ്പെട്ട ഉപാധികൾ | 128 |
| 2 | ശിശുപരിപാലനം ക്രൈസ്തവ കുടുംബങ്ങളിൽ | 136 |
| 3 | മാറ്റങ്ങളുടെ ലോകത്തിൽ മാറ്റമില്ലാത്ത സ്ത്രീധന സമ്പ്രദായം | 143 |
| 4 | പ്രേമ വിവാഹങ്ങളും കുടുംബസംവിധാനവും | 151 |
| 5 | ക്രിസ്തീയ കുടുംബത്തിനുള്ള ചില വെല്ലുവിളികൾ | 160 |
| 6 | ഭൂമിയിൽ പറുദീസാ | 168 |

# യൂണിറ്റ് 1

# കുടുംബം: വേദപുസ്തക പശ്ചാത്തലം

## പാഠം 1

## കുടുംബം: സൃഷ്ടിയെപ്പറ്റിയുള്ള വിവരണങ്ങളിൽ

❑ സാമ്യങ്ങളും വ്യത്യാസങ്ങളും ❑ രണ്ടിലും പൊതുവായ തത്ത്വങ്ങളും

### ഉൽപത്തിയിലെ രണ്ടു വിവരണങ്ങൾ

വേദശാസ്ത്രത്തിലെ പരിചിന്തനങ്ങളെല്ലാം തന്നെ, പഴയനിയമത്തിൽ ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തിൽ ഊന്നിക്കൊണ്ടാണല്ലോ, ആരംഭിക്കുന്നത്. ക്രിസ്തീയ കുടുംബത്തെക്കുറിച്ച് ചിന്തിക്കുമ്പോഴും ഈ ഊന്നലിന് സാംഗത്യമുള്ളതിനാൽ ഉല്പത്തി പുസ്തകത്തിലെ ആദ്യ അദ്ധ്യായങ്ങളിൽ സ്ത്രീപുരുഷ ബന്ധങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് നമുക്ക് ആദ്യമെ പരിശോധിക്കാം.

രണ്ടു വിവരണങ്ങൾ  മനുഷ്യനെ സൃഷ്ടിച്ചതിനെക്കുറിച്ച് നൽകിയിട്ടുണ്ട്. ഇതിൽ രണ്ടാമത്തെ അദ്ധ്യായത്തിൽ നൽകിയിരിക്കുന്ന വിവരണമാണ് ആദ്യത്തേത് എന്നാണ് പൊതുവേ പണ്ഡിതമതം. ബി. സി. 10-ാം നൂറ്റാണ്ടിനോടടുത്തു രൂപം പ്രാപിച്ച 'Yahweistic' പാരമ്പര്യത്തിൽ നിന്നുള്ളതാണ് ആദ്യ വിവരണം.

"അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല: ഞാൻ അവനു തക്കതായ ഒരു തുണ ഉണ്ടാക്കി കൊടുക്കും എന്നരുളിച്ചെയ്തു. ....... യഹോവയായ ദൈവം മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. ...... അതുകൊണ്ട് പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ്  ഭാര്യയോടു പറ്റിച്ചേരും. അവർ ഏക ദേഹമായി തീരും. മനുഷ്യനും ഭാര്യയും ഇരുവരും നഗ്നരായിരുന്നു. അവർക്കു നാണം തോന്നിയില്ല താനും" (ഉൽപ്പത്തി 2:19–25).

ഇതിൽ പറഞ്ഞിരിക്കുന്ന സൃഷ്ടിയുടെ രീതിയെക്കുറിച്ച് എതിരഭിപ്രായമുള്ളവർ കാണും. അതേപടി അംഗീകരിക്കുന്നവരും, നിരാകരിക്കുന്നവരും തമ്മിലുള്ള പരിണാമ സംബന്ധമായ തർക്കങ്ങളേക്കാൾ നമുക്കു

ശ്രദ്ധിക്കുവാനുള്ളത് മറ്റു ചില അടിസ്ഥാന പ്രമാണങ്ങളാണ്.

തനിക്കു ചുറ്റും ദൈവത്തിന്റെ സൃഷ്ടിയായ പ്രപഞ്ചവും ജീവജാലങ്ങളുമുണ്ടങ്കിലും പുരുഷൻ അവനിൽ തന്നെ പൂർണ്ണനല്ല എന്ന് ഇവിടെ സൂചിപ്പിക്കുന്നു. ജന്തു വർഗത്തിലെ ഒരു ജീവിയും തനിക്കു സമമായിട്ടില്ലെന്നും പുരുഷന് ഒരു കൂട്ടായ്മ നൽകാൻ ഇവയ്ക്കൊന്നും സാദ്ധ്യമല്ലെന്നും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മറ്റ് ബന്ധങ്ങൾ എത്ര തന്നെ പവിത്രമായിരുന്നാലും അവയിലും ആഴമേറിയ ഒരു ബന്ധം ഭാര്യാഭർത്താക്കന്മാരിലുണ്ടെന്നുള്ളതിന് ഒരു സൂചന നാം ഇവിടെ ദർശിക്കുന്നു. ലൈംഗികതയെ പ്രത്യക്ഷമായി പരാമർശിക്കുന്നില്ലെങ്കിലും "പുരുഷൻ അപ്പനേയും അമ്മയേയും വിട്ടു പിരിഞ്ഞു ഭാര്യയോട് പറ്റിച്ചേരും, അവർ ഒരു ദേഹമായിത്തീരും" എന്നുള്ള പ്രസ്താവനയിൽ ലൈംഗികതയുടെ ബന്ധത്തേയും പരാമർശിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഈ ബന്ധത്തിൽ അവിഹിതമായി ഒന്നുമില്ലെന്നുള്ള സൂചനയല്ലേ അടുത്ത വാക്യങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നത്? അതായത് ഇരുവരും നഗ്നരായിരുന്നെങ്കിലും അവർക്ക് നാണം തോന്നിയിരുന്നില്ല.

### രണ്ടാമത്തെ വിവരണം

'Priestly' പാരമ്പര്യം കുറച്ചു കൂടി വൈകിയുണ്ടായിട്ടുള്ളതാണ്. ചില പ്രധാനപ്പെട്ട ആശയങ്ങൾ കൂടി ഇതിൽ കൂട്ടിച്ചേർത്തിരിക്കുന്നു:

"അനന്തരം ദൈവം, നാം നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക, അവർ സമുദ്രത്തിലുള്ള ........ ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മൽസ്യത്തിൻ മേലും, ആകാശത്തിലെ പറവജാതിയിൻമേലും സകലഭൂചര ജന്തുവിൻമേലും വാഴുവിൻ എന്ന് അവരോടു കല്പിച്ചു" (ഉല്പത്തി 1:26–28).

ദൈവസാദൃശ്യവും സ്വരൂപവും സൃഷ്ടിയിൽ ആണിനും പെണ്ണിനും മാത്രമേ നൽകപ്പെട്ടിട്ടുള്ളു എന്നത് ഈ വിവരണത്തിലെ പ്രധാനപ്പെട്ട ഒരു ചിന്തയാണ്. പിൽക്കാലത്ത് പുരുഷമേധാവിത്വം നിലവിൽ വന്നു എങ്കിലും അതിനെ സാധൂകരിക്കാവുന്ന ഒരു നിലപാട് ഇവിടെയെങ്ങും കാണാനില്ല. എന്നു മാത്രമല്ല, ദൈവസാദൃശ്യവും സ്വരൂപവും ഒരുപോലെ പങ്കിടുന്നതിൽകൂടി, പരസ്പരപൂരകങ്ങളായ സമത്വത്തെപ്പറ്റിയുള്ള ചിന്തയ്ക്കാണ് ഇവിടെ മുൻതൂക്കം. ക്രിസ്തുവിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള വിവേചനം പാടില്ല എന്ന് പിൽക്കാലത്ത് പരിശുദ്ധ പൗലൂസ് ശ്ലീഹായും പഠിപ്പിച്ചിട്ടുണ്ടല്ലോ (ഗലാ: 3:28). കുടുംബജീവിതത്തിന്റെ അവിഭാജ്യഘടകമായ കുട്ടികളെക്കുറിച്ചുള്ള പരാമർശനം മറ്റേ വിവരണത്തിൽ

ഇല്ലാതെ പോയത് ഇവിടെ കൂട്ടിച്ചേർക്കുക കൂടിയുണ്ടായിട്ടുണ്ട്. "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി വർദ്ധിച്ചു പെരുകുവിൻ" എന്ന് പറഞ്ഞ് ദൈവം അവരെ അനുഗ്രഹിക്കുകയായിരുന്നു. "Marriage is for procreation only." വിവാഹം സന്തത്യുല്പാദനത്തിനു വേണ്ടി മാത്രം എന്ന് പിൽക്കാലത്ത് ആദ്യ ശതകങ്ങളിൽ പാശ്ചാത്യസഭ നിഷ്കർഷിച്ചതിന് എന്തെങ്കിലും സാധൂകരണം ഇവിടെ കണ്ടെത്താനാവുകയില്ല. സൃഷ്ടിയെക്കുറിച്ചുള്ള ആദ്യത്തെ വിവരണത്തിൽ ഈ ഒരു കാര്യം പരാമർശിക്കപ്പെട്ടിട്ടു പോലുമില്ല. ഏകനായിരിക്കുന്നത് നന്നല്ല, തനിക്കു തുല്യമായ ഒരു തുണയുണ്ടാകണമെന്ന ആശയത്തിനായിരുന്നു അവിടെ മുൻതൂക്കം. പിന്നീട് കുടുംബത്തിൽ കുഞ്ഞുങ്ങളെക്കുറിച്ചുള്ള സ്ഥാനം പ്രായോഗിക ജീവിതത്തിൽ നിന്നും മനസിലാക്കി കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനം ആണെന്നുള്ള അടിസ്ഥാനത്തിലേക്കു എത്തിച്ചേരുകയുമായിരിക്കാം ഉണ്ടായത്. ഏതായാലും കുഞ്ഞുങ്ങൾക്ക് വേണ്ടി മാത്രമാണ് സ്ത്രീപുരുഷ ബന്ധം എന്ന് ഉല്പത്തി പുസ്തകത്തിലെ ആദ്യ വിവരണങ്ങളെ ആസ്പദമാക്കി നിജപ്പെടുത്തുവാൻ സാദ്ധ്യമല്ല.

വീഴ്ചക്കു മുൻപുള്ള മനുഷ്യന്റെ ജീവിതത്തെക്കുറിച്ചുള്ള പരിചിന്തനങ്ങളെന്ന നിലയിൽ വേദശാസ്ത്രപരമായി പറഞ്ഞാൽ ഈ രണ്ടു വിവരണങ്ങൾക്കും പ്രത്യേകമായ സാംഗത്യം ഉണ്ട്. എന്തുകൊണ്ടെന്നാൽ ക്രിസ്തീയ കുടുംബജീവിതത്തിനടിസ്ഥാന പ്രമാണങ്ങളായി പരിഗണിക്കാവുന്ന കുടുംബജീവിതത്തെക്കുറിച്ചുള്ള ഉയർന്ന ഈ മൂല്യബോധം വീഴ്ചക്കു ശേഷവും പിന്നീടുള്ള ഇസ്രായേൽ ജനതയുടെ ചരിത്രത്തിൽ ഏകദേശമായി പറയാമെങ്കിൽ പ്രവാചകന്മാരുടെ കാലം വരെയും കാണാൻ കഴിയുന്നില്ല. കുടുംബത്തെക്കുറിച്ചുള്ള ഈ കാലഘട്ടത്തിലെ ചിത്രം വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞതാണ്. അതെപ്പറ്റി അടുത്ത അദ്ധ്യായത്തിൽ പരാമർശിക്കാം.

ക്രിസ്തീയ കുടുംബജീവിതത്തെപ്പറ്റി ഉയർന്ന മൂല്യബോധവും അടിസ്ഥാനവും സൃഷ്ടിയുടെ ഈ രണ്ടു വിവരണങ്ങളിലും കണ്ടത്താമെങ്കിലും, അത് പൂർണ്ണമാണെന്നു ആരും ധരിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ നാം ഇവിടെ കണ്ടെത്തുന്നതു കേവലസത്യങ്ങൾ മാത്രമാണ്. സാമൂഹ്യ യാഥാർത്ഥ്യത്തിൽ നിന്നു പൂർണ്ണമായും അടർത്തിമാറ്റി കുടുംബബന്ധങ്ങളെ ഇന്നു പഠിക്കുവാനോ പരാമർശിക്കുവാനോ നമുക്ക് സാദ്ധ്യമല്ല. കാല, ദേശ, സംസ്ക്കാരവും സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക ചുറ്റുപാടുകളും കുടുംബം എന്ന സംവിധാനത്തെ വളരെ സ്വാധീനം ചെയ്യുന്നുണ്ട്. കേവല സത്യങ്ങളെ ഈ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കപ്പെടുമ്പോൾ മാത്രമേ ഈ അടിസ്ഥാനങ്ങൾക്ക് ആധികാരികത ഉണ്ടാവുകയുള്ളു. എന്നിരുന്നാലും ഈ രണ്ടു വിവരണങ്ങൾ നമുക്ക്

തരുന്ന അടിസ്ഥാന സത്യങ്ങളെ ആശയങ്ങളുടെ രൂപത്തിലെങ്കിലും നമുക്കൊന്നു മനസ്സിലാക്കാം.

## പൊതുവായ നിഗമനങ്ങൾ

1. സ്ത്രീപുരുഷ ബന്ധത്തിന് ഒരു ദൈവീകാടിസ്ഥാനമുണ്ട്. അവരുടെ വ്യക്തിത്വങ്ങളിൽ പരസ്പര പൂരകങ്ങളായ എന്തോ ഒന്ന് ഒളിഞ്ഞിരിപ്പുണ്ട്. പുരുഷനും സ്ത്രീയും അവരവരിൽ തന്നെ പൂർണ്ണത കണ്ടെത്താനാവുകയില്ല.

2. Monogamy (ഏകപുരുഷൻ - ഏകസ്ത്രീ) യെപ്പറ്റി പ്രത്യക്ഷമായി പരാമർശിക്കുന്നില്ലെങ്കിലും ഈ രണ്ടു വിവരണങ്ങളിലും ആ വിധത്തിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചാണ് സൂചനകൾ നൽകിയിട്ടുള്ളത്. "ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. അതുകൊണ്ട് പുരുഷൻ മാതാവിനേയും പിതാവിനേയും വിട്ടുപിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും. അവരിരുവരും ഒരു ശരീരമായിത്തീരും. ഇത് ശാരീരികമായ ബന്ധപ്പെടലിനെ മാത്രമല്ല സൂചിപ്പിക്കുന്നത്. ആത്മശരീര മനസ്സുകൾ തമ്മിൽ ഒരു പ്രത്യേകമായ നിലയിൽ ബന്ധപ്പെടുവാൻ ഒരു സ്ത്രീയ്ക്ക് ഒരു പുരുഷൻ എന്ന കുടുംബസംവിധാനത്തിലേ സാദ്ധ്യമാവു.

3. കുടുംബത്തിൽ കുഞ്ഞുങ്ങളുടെ സ്ഥാനം അവഗണിച്ചുകൊണ്ടു സ്ത്രീയുടെയും പുരുഷന്റെയും പരസ്പര പൂരകമായ കൂട്ടായ്മയാണ് ഏറ്റം പ്രധാനമെന്ന് ചിന്തിക്കുന്നതും കുഞ്ഞുങ്ങൾക്കുവേണ്ടി മാത്രമാണ് പരസ്പരബന്ധപ്പെടൽ എന്നു സ്ഥാപിക്കുന്നതുമായ രണ്ടു നിലപാടുകളും തെറ്റാണ്. സ്ത്രീ - പുരുഷ കൂട്ടായ്മയും, കുഞ്ഞുങ്ങളും, ഒന്ന് ഒന്നിനെ ഹനിക്കാതെ തന്നെ, സമഞ്ജസമായി സമ്മേളിക്കുന്നതാണ് ഉത്തമ കുടുംബജീവിതം (കുഞ്ഞുങ്ങൾക്കു വേണ്ടി മാതാപിതാക്കന്മാർ സ്വയം കഷ്ടപ്പാടുകൾ സ്വീകരിക്കരുത് എന്ന് ഇവിടെ വിവക്ഷിക്കുന്നില്ല).

4. പരസ്പരപൂരകത്വവും, സ്ത്രീപുരുഷ സമത്വവുമാണ് ഈ വിവരണങ്ങളിൽ നിഴലിച്ചു കാണുന്നത്. പുരുഷ മേധാവിത്വമോ, സ്ത്രീ പുരുഷന് കീഴ്പ്പെട്ടിരിക്കണമെന്ന ചിന്താഗതിയോ ഇവിടെ ദർശിക്കാൻ സാധിക്കുന്നില്ല. പുരുഷമേധാവിത്വമൊക്കെ കാലദേശ, സംസ്ക്കാരങ്ങളുടെ സ്വാധീനഫലമായി പിന്നീട് രൂപംകൊണ്ടിട്ടുള്ളതാണ്. ഏദൻതോട്ടത്തിലെ കുടുംബത്തിൽ ആരാണ് മേധാവി എന്ന ചോദ്യമുദിച്ചിരുന്നില്ല.

5. വീഴ്ചക്കു മുൻപുള്ള സ്ത്രീ - പുരുഷന്മാരുടെ ലൈംഗികതയെക്കുറിച്ചു പല അഭിപ്രായങ്ങളും പണ്ഡിതലോകം പുറപ്പെടുവിച്ചിട്ടുണ്ട്. അത്രമാത്രം സാങ്കേതികതയിലേക്കു കടക്കാതെ പൊതുവെ ഒന്നു നിരീക്ഷിച്ചാൽ ലൈംഗികതയ്ക്കും അവിടെ സ്ഥാനമുണ്ടായിരുന്നു എന്നു

മനസ്സിലാക്കാൻ വിഷമമില്ല (ഇരുവരും ഒരു ദേഹമായിത്തീരും. ഉല്പ: 2:24). എന്നാൽ കുടുംബബന്ധങ്ങളിലെ സാമൂഹിക മാനങ്ങൾ ഏതെല്ലാം വിധത്തിലായിരുന്നു എന്നു മനസ്സിലാക്കുവാനുള്ള അറിവ് ഈ വിവരണ ങ്ങൾ തരുന്നില്ല എന്നത് പ്രത്യേകം പ്രസ്താവ്യമത്രെ.

### ചോദ്യങ്ങൾ

1. കുടുംബത്തേക്കുറിച്ച് സൃഷ്ടിയുടെ വ്യത്യസ്ത വിവരണങ്ങളുടെ അടിസ്ഥാനത്തിൽ എത്തിച്ചേരാവുന്ന നിഗമനങ്ങൾ എന്തെല്ലാം?
2. സ്ത്രീപുരുഷ സമത്വത്തെക്കുറിച്ച് ഈ രേഖകൾ (Y&P) തരുന്ന ദർശനം എന്താണ്?
3. Monogamy (ഒരു പുരുഷന് ഒരു ഭാര്യ) ക്ക് വേദപുസ്തകാടിസ്ഥാനം ഉണ്ടോ? ഉണ്ടെങ്കിൽ അത് വ്യക്തമാക്കുക?

## പാഠം 2

# കുടുംബം: യഹൂദ പശ്ചാത്തലത്തിൽ

❑ കുടുംബത്തിന്റെ ദൈവീകാടിസ്ഥാനം ❑ വ്യവസ്ഥിതി ❑ പുരുഷ മേധാവിത്വം - മക്കളുടെ സ്ഥാനം ❑ ലൈംഗികത ❑ വിവാഹമോചനം

കഴിഞ്ഞ പാഠത്തിൽ വീഴ്ചക്കു മുൻപ് ഉണ്ടായിരുന്ന കുടുംബ ബന്ധ ങ്ങളുടെ ചില അടിസ്ഥാനങ്ങളെപ്പറ്റി സൂചിപ്പിച്ചിരുന്നുവല്ലോ. ആ അടി സ്ഥാനങ്ങളുടെ വെളിച്ചത്തിൽ യഹൂദന്മാരുടെ കുടുംബ ബന്ധങ്ങളെ ഒന്നു വിലയിരുത്താം.

### 1. കുടുംബത്തിന്റെ ദൈവീകാടിസ്ഥാനം

ഭാര്യാ - ഭർത്തൃബന്ധം ദൈവം കൂട്ടിച്ചേർത്തതാണ് എന്ന ചിന്ത യഹൂ ദന്മാർക്ക് ആദ്യം മുതലെ ഉണ്ടായിരുന്നു എന്ന് പറയുവാൻ സാദ്ധ്യമല്ല. ഇസ്രയേലും യഹോവയും തമ്മിലുള്ള ഉടമ്പടി പോലെ ഭാര്യാഭർത്താ ക്കന്മാർ തമ്മിൽ ഉടമ്പടി ചെയ്തിട്ടുള്ളവരാണ് എന്ന ചിന്ത പിൽക്കാല ത്താണ് ഉണ്ടായി വന്നിട്ടുള്ളത്. പ്രവാചകന്മാരിൽ പ്രത്യേകിച്ചു ഹോശയാ പ്രവാചകൻ ഈ കാര്യം പ്രത്യേകം സൂചിപ്പിക്കുന്നുണ്ട് (ഹോശയ 2:16, 18, 21). ആദ്യഘട്ടത്തിൽ തങ്ങളുടെ കുലത്തിൽ നിന്നും ചാർച്ചക്കാരിൽ നിന്നും ഭാര്യമാരെ സ്വീകരിക്കണമെന്ന് നിർബന്ധിച്ചിരുന്നതായി കാണാം. (ഉൽപ്പത്തി 24). അതേ സമയം തന്നെ പുറജാതികളിൽ നിന്ന് ഭാര്യമാരെ

സ്വീകരിച്ചതായും കാണുവാൻ കഴിയും. ശിംശോൻ ഒരു ഫെലിസ്ത്യ സ്ത്രീയെ വിവാഹം കഴിച്ചു (ന്യായാധി: 14). ദൈവം കൂട്ടിച്ചേർക്കുന്നതാണ് കുടുംബബന്ധം എന്ന് പ്രത്യക്ഷമായി സൂചിപ്പിച്ചിട്ടില്ലെങ്കിലും, യഹൂദ പാരമ്പര്യത്തിൽ കുടുംബാംഗങ്ങളെ ഒരുമിച്ചു നിർത്തുന്നതിൽ മതത്തിനു വലിയ സ്ഥാനമുണ്ടായിരുന്നു എന്നു കാണാൻ വിഷമമില്ല. അബ്രഹാമിന്റെ ഭവനത്തിൽ ജനിച്ച ദാസന്മാരും അന്യരോട് അവൻ വിലയ്ക്കു വാങ്ങിയ അടിമകളും കൂടി പരിഛേദന ഏറ്റതായി നാം വായിക്കുന്നുണ്ട് (ഉൽപ്പത്തി 17:27). ഗോത്രപിതാക്കന്മാരുടെ കാലശേഷം അബ്രഹാമിന്റെയും യാക്കോബിന്റെയും ദൈവമെന്ന പദപ്രയോഗവും, പുറപ്പാടിനു ശേഷം മിസ്രയിമിലെ അടിമത്തത്തിൽ നിന്നു വിടുവിച്ച ദൈവവുമായി അവർ ദൈവത്തെ മനസിലാക്കിയിരുന്നു (ആവർത്തനം 26: 5–9, ആമോസ് 2:10, സങ്കീ: 77:1–2 etc). ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം യഹൂദന്മാർ തങ്ങളുടെ എല്ലാ ജീവിത വ്യാപാരങ്ങളിലും നിലനിർത്തി എന്നു നിസ്സംശയം പറയാം. മുൻപു സൂചിപ്പിച്ചതുപോലെ ഭാര്യാ – ഭർത്തൃബന്ധം ദൈവം കൂട്ടിച്ചേർത്തതാണെന്ന് പ്രത്യക്ഷത്തിൽ ആദ്യം സൂചനകളില്ലെങ്കിലും പിൽക്കാലത്ത് ആ നിലവാരത്തിലേക്ക് എത്തിച്ചേരുന്നുണ്ട്.

## 2. കുടുംബ വ്യവസ്ഥിതി

യഹൂദന്മാരുടെ കുടുംബബന്ധങ്ങൾ ഏകഭാര്യത്വം (Monogamy) ആയിരുന്നു എന്നു പറയുവാൻ സാദ്ധ്യമല്ല. പിൽക്കാലത്ത് ഉയർന്നു വന്നിട്ടുള്ള ക്രൈസ്തവ മൂല്യങ്ങൾക്കു ചേരുന്ന ഒന്നായിരുന്നില്ല ഈ കാര്യത്തിൽ യഹൂദന്മാർ അവലംബിച്ച നിലപാട്. വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ഭാര്യ സാറായെ കൂടാതെ, ഹാഗാർ എന്നും, കെതൂറാ എന്നും പേരായ രണ്ടു ദാസിമാർ കൂടിയുണ്ടായിരുന്നു. ഇസഹാക്കിനെയും ഇശ്മായേലിനേയും കൂടാതെ കെതൂറായിൽ അബ്രഹാമിന്റെ 6 മക്കൾ കൂടി ഉണ്ടാകുന്നുണ്ട് (ഉൽപ്പത്തി 25:1). ഇസഹാക്കും, റിബേക്കായെ സ്വീകരിക്കുമ്പോൾ അവളുടെ ധാത്രിയേയും കൂടി സ്വീകരിക്കുന്നുണ്ട് (ഉൽപ്പത്തി 24: 59). ഗോത്രപിതാവായ യാക്കോബ് സ്വന്തം അമ്മാവന്റെ മക്കളെ, അതും ജേഷ്ഠത്തി അനിയത്തിമാരായ ലേയയേയും റാഹേലിനെയും വിവാഹം കഴിച്ചു. അവരുടെ ദാസിമാരെയും യാക്കോബ് പരിഗ്രഹിച്ചു. യാക്കോബിന്റെ 12 മക്കളുടെ പേരുകൾ സൂചിപ്പിക്കുമ്പോൾ, അവർ യാക്കോബിന്റെ ഭാര്യമാരിലും ദാസിമാരിലും കൂടി ഉള്ളവരാണെന്ന് പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു (ഉൽപ്പത്തി 35:23–26). പിൽക്കാലത്ത് ശിംശോൻ, ദാവീദ്, ശലോമോൻ എന്നിവരുടെ ജീവിതങ്ങൾ പരിശോധിച്ചാലും ഈ കാര്യം വ്യക്തമാകുന്നുണ്ട്. ഒരു ഭാര്യക്ക് ഒരു ഭർത്താവ് എന്നത് അലംഘനീയമായ ഒരു മൂല്യമെന്ന നിലയിൽ ഇസ്രായേൽക്കാർ നിലനിർത്തിയില്ലെന്നു മാത്രമല്ല, ഒന്നിൽ കൂടുതൽ ഭാര്യമാരെ സ്വീകരിക്കുവാൻ അവർ

അനുവദിക്കുകയും ചെയ്തു. എന്നാൽ ഒന്നിൽ കൂടുതൽ ഭർത്താക്കന്മാരെ സ്വീകരിക്കുവാൻ സ്ത്രീകളെ അനുവദിച്ചു എന്നു കാണുന്നതുമില്ല.

### 3. പുരുഷ മേധാവിത്വം

ഏദൻതോട്ടത്തിൽ ആർക്കെങ്കിലും മേധാവിത്വം കല്പിച്ചു കൊടുത്തിരുന്നു എന്ന് അർത്ഥശങ്കക്കിടയില്ലാത്തവണ്ണം സ്ഥാപിക്കാൻ സാദ്ധ്യമല്ല. സൃഷ്ടിവിവരണം ആക്ഷരീകമായി വിശ്വസിക്കുന്നവർക്ക് ആദ്യം പുരുഷനെയാണ് ദൈവം സൃഷ്ടിച്ചത് എന്നു വാദിക്കാമെന്നല്ലാതെ സ്ത്രീയുടെ മേൽ ആധിപത്യം പുരുഷന് കൊടുത്തിരുന്നു എന്ന് സ്ഥാപിക്കുവാൻ നിവൃത്തിയില്ല. നേരേമറിച്ച് സർവ്വ ചരാചരങ്ങളുടെ മേലുമുള്ള നിയന്ത്രണം ദൈവം അവർക്കു രണ്ടുപേർക്കുമായി നൽകി എന്നതാണ് സൂചന (ഉൽപ്പത്തി 1:29). എന്നാൽ ചുറ്റുപാടുമുള്ള സംസ്ക്കാരങ്ങളുടെ സ്വാധീനം മൂലമാവാം യഹൂദ പാരമ്പര്യത്തിൽ പ്രത്യേകമായി പുരുഷമേധാവിത്വം ദൃശ്യമായത്. കുടുംബത്തലവനു ഭാര്യയുടേയും മക്കളുടേയും വിവാഹം കഴിഞ്ഞ ആൺമക്കളുടെ കുടുംബങ്ങളുടേയും മേൽ ഉടമസ്ഥാവകാശവും അധികാരവും ഉണ്ടായിരുന്നു (ഉൽപ്പത്തി 22:1, 38:24). മതപരമായ അഭ്യസനവും സുരക്ഷിതത്വവും എല്ലാം പിതാവ് നല്കിയിരുന്നു (ആവ: 1:31, ജോബ് 1:5, ഹോശയാ 11:3). ഇവിടെ പിതാവ് എന്ന് ഉദ്ദേശിച്ചിരിക്കുന്നത് കുടുംബത്തലവനെയാണ്. പഴയ കൂട്ടുകുടുംബ വ്യവസ്ഥയിലെ കാരണവരാണ് ഈ പിതാവ്. പുരുഷമേധാവിത്വം ഉണ്ടായിരുന്നു എങ്കിലും സ്ത്രീയുടെ അവസ്ഥ അടിമയുടേതാണ് എന്ന് ചിന്തിക്കാൻ ന്യായമില്ല. മറ്റ് അടിമകൾ ഉണ്ടായിരുന്നു എന്നത് മാത്രമല്ല അതിന്റെ കാരണം. പിന്നെയോ ന്യായപ്രമാണകൽപ്പനകളിൽ മാതാവിനേയും പിതാവിനേയും ബഹുമാനിക്കണം എന്ന് ഊന്നിപ്പറഞ്ഞിരുന്നു. (പുറപ്പാട് 20:12, ആവർ ത്തനം 5:16). അതുപോലെ തന്നെ അപ്പനേയോ അമ്മയേയോ അടിക്കുകയോ ശപിക്കുകയോ ചെയ്യുന്നവന് മരണശിക്ഷ നൽകണം എന്ന് വിധിച്ചിരുന്നു (പുറപ്പാട് 21:15, 17). കുടുംബത്തിൽ മാതാവിനും അർഹമായ സ്ഥാനം ഉണ്ടായിരുന്നു എന്നുള്ളതിന് തർക്കമില്ല. ന്യായാധിപന്മാരുടെ കൂട്ടത്തിൽ ന്യായപാലനം നടത്തിയ ഒരു സ്ത്രീ ഉണ്ടായിരുന്നു എന്നുള്ളതും (ദബോരാ. ന്യായാധി: 4, 5) സ്ത്രീകളുടെ നിലവാരം അത്യന്തം ശോചനീയമായിരുന്നില്ല എന്നു സൂചിപ്പിക്കുന്നു. ഹാഗാറിനെ പുറത്താക്കുവാൻ അബ്രഹാമിനെ ഉപദേശിക്കുന്ന സാറായും ( ഉൽ: 21:10) പിതാവിൽ നിന്ന് അനുഗ്രഹം വാങ്ങാനായി യാക്കോബിനെ സഹായിക്കുന്ന റിബേക്കയും (27:11–17) തങ്ങളുടെ കുടുംബാംഗങ്ങളെ നിയന്ത്രിക്കുവാൻ തക്ക സ്വാതന്ത്ര്യമുള്ളവരാണ് എന്ന് വിളിച്ചറിയിക്കുന്നു. ഭാര്യമാർക്കു പുറമെ വെപ്പാട്ടിമാരെക്കൂടി നിലനിർത്തുന്ന പാരമ്പര്യവും യഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു എന്നുള്ളതും മുന്നമെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

### 4. കുടുംബത്തിൽ കുഞ്ഞുങ്ങളുടെ സ്ഥാനം

'Marriage is for Procreation only.' സന്തതി നിലനിർത്തുന്നതിനു വേണ്ടി മാത്രമാണ് വിവാഹം എന്നത് ഒരു സിദ്ധാന്തമായി ആ കാലത്തു നിന്നിരുന്നോ എന്ന് സംശയമുണ്ടെങ്കിലും സ്ത്രീയും പുരുഷനും തമ്മിലുള്ള പരസ്പര കൂട്ടായ്മ എന്നതിനേക്കാൾ വളരെ പ്രാധാന്യം മക്കൾ ഉണ്ടാവുക എന്നതിനു നൽകിയിരുന്നു എന്ന് നിസ്സംശയം പറയാം. "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ" (ഉൽപത്തി 9:1) എന്ന് കൽപിക്കുന്നതായി കാണാം. അബ്രഹാമിനും ഇസഹാക്കിനും, യാക്കോബിനും സമാനമായ അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. ഈ കല്പനയ്ക്ക് വളരെ പ്രാധാന്യം കൊടുത്തതു കൊണ്ടാകാം മക്കളില്ലാത്തവർ മറ്റുള്ളവരുടെ ഇടയിൽ നിന്ദാപാത്രമാവുന്നതു സാധാരണയായിരുന്നു (ഉൽപത്തി 16:5, 30:1, 1 ശമുവേൽ 1:20). കുടുംബത്തിൽ ആൺമക്കൾക്ക് കൂടുതൽ സ്ഥാനവും ആദ്യ ജാതന്മാർക്ക് പ്രത്യേക അവകാശങ്ങളും നൽകപ്പെട്ടിരുന്നു (ഉൽപത്തി 49:3, പുറ: 22:29). ഈ അവകാശം വിൽക്കപ്പെടാൻ സാധിക്കുന്ന ഒന്നാണെന്ന് എശാവിന്റെ അനുഭവവും നമ്മെ പഠിപ്പിക്കുന്നുണ്ട്. വംശാവലി കണക്കുകൂട്ടിയിരുന്നത് ആൺമക്കൾ വഴിക്കായിരുന്നു (ഉൽപ: 5, 10, 46 etc.). പിതൃസ്വത്തിലുള്ള അവകാശം ആൺമക്കൾക്കായിരുന്നു. ആൺമക്കൾ ഇല്ലാതെ വന്നാൽ പെൺമക്കൾക്കും അതുകഴിഞ്ഞാൽ തങ്ങളുടെ അടുത്ത ചാർച്ചയിലുള്ള സഹോദരന്മാർക്കോ, അല്ലെങ്കിൽ ചാർച്ചയിലുള്ള പുരുഷപ്രജക്കോ കൊടുക്കണമെന്ന് നിയമം അനുശാസിക്കുന്നു. "ഒരുത്തൻ മകനില്ലാതെ മരിച്ചാൽ അവന്റെ അവകാശം അവന്റെ മകൾക്കു കൊടുക്കണം. അവനു മകൾ ഇല്ലാതിരുന്നാൽ അവന്റെ അവകാശം അവന്റെ സഹോദരന്മാർക്കു കൊടുക്കണം. അവന്നു സഹോദരന്മാർ ഇല്ലാതിരുന്നാൽ അവന്റെ അവകാശം അവന്റെ അപ്പന്റെ സഹോദരന്മാർക്കു നൽകണം. ........" (സംഖ്യ 27:8–11).

### 5. കുടുംബ ബന്ധത്തിൽ ലൈംഗികതയുടെ സ്ഥാനം

ആധുനിക പാശ്ചാത്യ മനഃശാസ്ത്രം വളരെ ഉയർത്തിപ്പിടിക്കുന്ന ഒന്നാണ് ലൈംഗികത എന്നത്. സ്ത്രീപുരുഷ ബന്ധത്തിന്റെ ഏറ്റവും വലിയ ഘടകവും കുടുംബജീവിതത്തിന്റെ അടിസ്ഥാനപരമായ ആവശ്യകതയും ഇതിലാണെന്നു പറയാൻ മടിക്കാത്തവരും കാണും. അതേപ്പറ്റി പിന്നാലെ പരാമർശിക്കാം. വിശുദ്ധ വേദപുസ്തകം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രത്തിലൂടെയുള്ള വളർച്ചയാണല്ലോ. അതിനാൽ എല്ലാ സാമൂഹ്യ ശാസ്ത്രങ്ങളുടേയും വിശദാംശങ്ങൾ വേദപുസ്തകത്തിൽ കാണണമെന്ന് നിർബന്ധം പിടിക്കരുത്. ലൈംഗികതയെക്കുറിച്ചും പ്രത്യക്ഷമായ

പരാമർശനങ്ങൾ അധികം കാണപ്പെടുന്നില്ല എങ്കിലും എല്ലാ സ്ത്രീപുരുഷ ബന്ധങ്ങളിലും അതിനു സ്ഥാനം ഉണ്ടായിരുന്നു. വ്യഭിചാരം ചെയ്യുന്നത് കൽപന ലംഘനമാണെങ്കിലും (പുറപ്പാട് 20:14) ഒന്നിൽ കൂടുതൽ ഭാര്യമാരെയും ഭാര്യയെ കൂടാതെ വെപ്പാട്ടിമാരെ സ്വീകരിക്കുന്നതും വിലക്കിയതായിട്ട് കാണുന്നില്ല. വയസുചെന്നു വൃദ്ധനായ ദാവീദ് രാജാവിനു വേണ്ടി കന്യകയായൊരു യുവതിയെ അന്വേഷിച്ചു കണ്ടുപിടിച്ചു. എന്നാൽ രാജാവ് അവളെ പരിഗ്രഹിച്ചില്ല (1 രാജാ: 1:4). ശാലോമോൻ പുറജാതിക്കാരിൽ നിന്നു ഭാര്യമാരെ സ്വീകരിച്ചതല്ല വലിയ പാപമായിതീർന്നത്, പിന്നെയോ അവരെ പ്രീണിപ്പിക്കാൻ വേണ്ടി പുറജാതി വിഗ്രഹങ്ങളെ സേവിപ്പാൻ തുടങ്ങിയതാണ് യഹോവക്കു അനിഷ്ടമായത് (1 രാജാ: 11:33). യഹൂദാ, ശിംശോൻ, ദാവീദ്, അമ്നോൻ, അബ്ശാലോം, ശലോമോൻ തുടങ്ങിയവരുടെ ജീവിതങ്ങളും സാക്ഷിക്കുന്നത് ലൈംഗികതയിൽ അവർക്കു വന്നുപോയ ബലഹീനതകളെയാണ്. പക്ഷേ ഇവയൊന്നും അവരുടെ കുടുംബജീവിതങ്ങളെ എങ്ങനെ ബാധിച്ചു എന്ന് കൃത്യമായി വിലയിരുത്താൻ മാർഗമില്ല. ഇവിടെയെല്ലാം കാണാവുന്ന ഒരു വസ്തുതയുണ്ട്. ലൈംഗികതയുടെ ആസ്വാദനം പുരുഷനു മാത്രമായിട്ടുള്ളതാണ്. പുരുഷനെ ശുശ്രൂഷിക്കുക, അവന്റെ ഇഷ്ടം സാധിച്ചു കൊടുക്കുക, സന്തതിയെ വളർത്തുക എന്ന നിലയിൽ മാത്രമെ സ്ത്രീ തങ്ങളുടെ ലൈംഗികതയെ മനസിലാക്കിയിരുന്നുള്ളു എന്നു ധരിക്കേണ്ടതാണ്. അതിൽ നിന്നു വ്യത്യസ്തമായി സ്ത്രീക്കും ഇത് സന്തോഷകാരണമായിരിക്കണമെന്ന് ഒരു ഭാഗത്ത് അനുശാസിച്ചിട്ടുണ്ട്. “ഒരു പുരുഷൻ പുതുതായി ഒരു സ്ത്രീയെ പരിഗ്രഹിച്ചിരിക്കുമ്പോൾ അവൻ യുദ്ധത്തിനു പോകരുത്, അവന്റെ മേൽ യാതൊരു ഭാരവും കെട്ടി വെക്കരുത്, അവൻ ഒരു സംവത്സരത്തേക്കു നാട്ടിൽ സ്വതന്ത്രനായിരുന്ന് താൻ പരിഗ്രഹിച്ച ഭാര്യയെ സന്തോഷിപ്പിക്കണം” (ആവ 24:5). ഏതു വിധത്തിലുള്ള സന്തോഷമെന്ന് ഇവിടെ വ്യക്തമല്ല.

### 6. വിവാഹ മോചനം

പാശ്ചാത്യസമൂഹം ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് വിവാഹമോചനമെന്നത്. അത് യഹൂദൻമാരുടെ ഇടയിൽ നിലനിന്നിരുന്നു എന്നു വ്യക്തമാണ്. സൃഷ്ടിയുടെ ആദ്യ വിവരണങ്ങളിൽ നിന്ന് വിവാഹമോചനത്തെപ്പറ്റി എന്തു പഠിപ്പിച്ചു എന്ന് ഒരു നിഗമനത്തിൽ എത്താൻ സാദ്ധ്യമല്ല. എന്നാൽ കർത്താവ് പഠിപ്പിച്ചത് “നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് വിവാഹമോചനം അനുവദിച്ചത്. ആദിയിൽ അങ്ങനെയായിരുന്നില്ല. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്” (മത്തായി 18:3–12). ഇപ്രകാരമായിരുന്നതിനാൽ യഹൂദന്മാരുടെ രീതി ശരിയായ മാതൃകയിൽ നിന്നുള്ള ഒരു വ്യതിചലനമായേ കാണുവാൻ

നിവൃത്തിയുള്ളു. വിവാഹമോചനം പുരുഷനു മാത്രമേ അനുവദിച്ചിട്ടുള്ളു എന്നുമാത്രമല്ല, അതു വളരെ പ്രയാസം കൂടാതെ ലാഘവമായി നിർവഹിക്കപ്പെടാവുന്ന ഒന്നാണെന്നുമാണ് സൂചന (ആവർത്തനം 24:1-4). ഈ വാക്യങ്ങളുടെ വ്യാഖ്യാനത്തെപ്പറ്റി യഹൂദന്മാരുടെ ഇടയിൽ തന്നെ അഭിപ്രായ ഭിന്നതയുണ്ട്. വ്യഭിചാരം പോലുള്ള ഗുരുതരമായ കുറ്റങ്ങൾക്കേ വിവാഹമോചനം അനുവദിച്ചിട്ടുള്ളു എന്ന് റാബി ഷമ്മായിയുടെ പക്ഷക്കാരും ചെറിയ കാരണങ്ങൾ മതിയെന്ന് റാബി ഹില്ലേലിന്റെ പക്ഷക്കാരും നിർദ്ദേശിക്കുന്നു. രണ്ടായാലും സ്ത്രീകൾക്കെതിരായി പ്രകടമായ ഒരു വിവേചനം ഈ കാര്യത്തിൽ നിലനിന്നിരുന്നു എന്നത് വാസ്തവമാണ്. ചുരുക്കത്തിൽ പിൽക്കാലത്ത് ഉയർന്നു വന്നിട്ടുള്ള ഉന്നതമായ ക്രിസ്തീയ മൂല്യങ്ങൾക്കനുസരിച്ചു യഹൂദൻമാരുടെ കുടുംബജീവിതത്തെക്കുറിച്ചുള്ള സങ്കൽപങ്ങൾ ശ്രേഷ്ഠമായിരുന്നു എന്നു ചിന്തിക്കാൻ സാധ്യമല്ല. അനുകരിക്കാവുന്നതും പാടില്ലാത്തതുമായ മാതൃകകൾ അവരിൽ കണ്ടെത്താൻ കഴിയും. കൊള്ളേണ്ടതിനെ കൊള്ളുകയും തള്ളേണ്ടതിനെ തള്ളുകയുമാണ് ഇന്ന് നമുക്ക് ചെയ്യുവാനുള്ളത്.

### ചോദ്യങ്ങൾ

1. കുടുംബത്തേപ്പറ്റിയുള്ള യഹൂദന്മാരുടെ വീക്ഷണം ചുരുക്കമായി വിവരിക്കുക?
2. വിവാഹമോചനത്തേപ്പറ്റിയുള്ള യഹൂദന്മാരുടെ ചിന്താഗതികൾ എന്തായിരുന്നു?

## പാഠം 3

# കുടുംബം യഹൂദ പശ്ചാത്തലത്തിൽ (തുടർച്ച)

❑ പ്രവാചകന്മാരുടെ കാലം ❑ വിവാഹം ഒരു ഉടമ്പടി ❑ കുടുംബം ജ്ഞാനസാഹിത്യത്തിൽ

### പ്രവാചകന്മാരുടെ കാലം

ഇസ്രായേൽക്കാരുടെ സാമൂഹ്യജീവിതത്തിൽ കുടുംബത്തിന് ഉന്നതമായൊരു സ്ഥാനം ഉണ്ടായിരുന്നു എന്ന് കഴിഞ്ഞ പാഠത്തിൽ നാം കണ്ടു. ദൈവം അരുളിച്ചെയ്തപ്രകാരം വലിയ ഒരു ജാതിയാകുവാൻ, തലമുറകളായി സന്തതികളെ ജനിപ്പിക്കുവാൻ കുടുംബം ഒരു മുഖാന്തിരമായി അവർ

മനസിലാക്കി. ഇസ്രയേലിന്റെ ചരിത്രം ഗോത്രപിതാക്കന്മാരിൽ തുടങ്ങി അടിമത്ത്വത്തിൽ നിന്നും വിമോചനം പ്രാപിച്ച് ന്യായാധിപന്മാർ – രാജാക്കന്മാരിൽ കൂടി കടന്ന് പ്രവാചകന്മാരുടെ കാലം എത്തുമ്പോഴേക്കും പല വിധമായ പരിണാമങ്ങൾക്ക് വിധേയമാകുന്നുണ്ട്. കുടുംബത്തെക്കുറിച്ചുള്ള സങ്കല്പത്തിനും ഈ മാറ്റം ബാധകമായി. ഹോശയാ പ്രവാചകനിലാണ് ഈ ആശയം വ്യക്തമായി പ്രതിഫലിക്കുന്നത്. മറ്റു പ്രവാചകന്മാരും സമാനമായ ചിന്തകൾ നൽകി ഈ ആശയത്തെ സാധൂകരിച്ചിട്ടുണ്ട്.

## വിവാഹം ഒരു ഉടമ്പടി

വിവാഹത്തെ ഇസ്രയേലും യഹോവയും തമ്മിലുള്ള ഉടമ്പടിയോട് സമാനമായി ചിത്രീകരിക്കുകയാണ് ഹോശയാ പ്രവാചകൻ ചെയ്തിരിക്കുന്നത്. ഈ കാലമായപ്പോഴേക്കും ഇസ്രയേൽ ജനത ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജാതിയാണെന്നും ഒരു പ്രത്യേകമായ ഉടമ്പടിബന്ധം ദൈവവും ഇസ്രയേൽ ജാതിയും തമ്മിലുണ്ടെന്നുള്ള വിശ്വാസം അവരിൽ പ്രബലപ്പെട്ടുകഴിഞ്ഞു. ദൈവസന്നിധിയിൽ നിന്നു അകലുമ്പോഴെല്ലാം, ഈ ഉടമ്പടിയിൽ നിന്നു അവർ അകന്നുപോവുകയാണെന്ന് പ്രവാചകന്മാർ പ്രബോധിപ്പിച്ചുകൊണ്ടുമിരുന്നു. ഈ അടിസ്ഥാനം സ്ത്രീ – പുരുഷ ബന്ധത്തിലേയ്ക്കും കൂടി വ്യാപിപ്പിക്കുകയാണ് ഹോശയാ ചെയ്തത്.

ഹോശയായ്ക്ക് ഒരു തകർന്ന കുടുംബജീവിതമാണുണ്ടായത്. ഒരു വേശ്യയായ ഗോമറെ വിവാഹം കഴിക്കുവാൻ യഹോവയായ ദൈവം അരുളിച്ചെയ്യുമോ (1:2) എന്നു പണ്ഡിതന്മാർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. ഗോമർ ഒരു കന്യകയായിരുന്നിരിക്കാം. ഒരു പക്ഷേ വിവാഹത്തിനു ശേഷം അന്നത്തെ പുറജാതി മതവിശ്വാസികളുടെ തിന്മകളിലേക്ക് നീങ്ങി ഒരു വേശ്യയായിത്തീർന്നിരിക്കാം. ഏതായാലും അവളോടു സ്നേഹവും കരുണയും പ്രകടിപ്പിച്ചുകൊണ്ട്, നീ പശ്ചാത്തപിച്ചു തിരികെ വന്നാൽ സ്വീകരിക്കാമെന്ന് ഹോശയാ പ്രസ്താവിക്കുന്നു. ഈ സന്ദേശം തന്നെയാണ് ഇസ്രയേൽ ജാതിക്കും പ്രവാചകൻ നൽകുന്നത്. ബാൽവിഗ്രഹങ്ങൾക്കു സേവ അർപ്പിക്കുന്ന ഇസ്രയേൽ ജാതി പരസംഗം ചെയ്ത് ദൈവസന്നിധിയിൽ നിന്ന് അകന്നു പോയിരിക്കുകയാണെന്നും അനുതപിച്ച് മടങ്ങിവന്നാൽ സ്വീകരിക്കാമെന്നും അവരോടും അരുളിച്ചെയ്യുന്നുണ്ട്. തിരിച്ചുവരവിന്റെ സന്തോഷത്തെപ്പറ്റി ഇപ്രകാരം പ്രതിപാദിക്കുന്നു.

“അതുകൊണ്ട് ഞാൻ അവളെ വശീകരിച്ചു മരുഭൂമിയിൽ കൊണ്ടു ചെന്നു അവളോടു ഹൃദ്യമായി സംസാരിക്കും. അവിടെ നിന്ന് ഞാൻ അവൾക്ക് മുന്തിരിത്തോട്ടങ്ങളേയും പ്രത്യാശയുടെ വാതിലായ ആഖോർ താഴ്വരയേയും കൊടുക്കും. ................ അന്നാളിൽ നീ എന്നെ ബാലി (ഉടയവനേ) എന്നല്ല ഈശീ (ഭർത്താവേ) എന്നു വിളിക്കും എന്ന്

യഹോവയുടെ അരുളപ്പാടു. ........... ഞാൻ നിന്നെ സദാകാലത്തേക്കും എനിക്കു വിവാഹത്തിനു നിശ്ചയിക്കും. ........................ ഞാൻ വിശ്വസ്തതയോടെ നിന്നെ എനിക്കു വിവാഹത്തിനു നിശ്ചയിക്കും. നീ യഹോവയെ അറിയുകയും ചെയ്യും" (ഹോശയാ 2:14–21).

ഹോശയാ, ഭാര്യയെ തിരികെ സ്വീകരിക്കുകയും അവളുമായി ഒരു പുതിയ ബന്ധത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു. ലോകപ്രകാരമുള്ള ഒരു ബന്ധം മാത്രമല്ല, അതിന് ഇസ്രയേലും – ദൈവവും തമ്മിലെന്നതുപോലെ ആത്മീയ മാനങ്ങൾ ഉണ്ടെന്നു സ്ഥാപിക്കുക കൂടിയാണ് ഈ സംഭവത്തിനുള്ള പ്രാധാന്യം. തന്നെയുമല്ല യാതൊരു കാരണത്താലും, വ്യഭിചാരക്കുറ്റമായാൽപ്പോലും അനുതപിച്ചു തിരികെവന്നാൽ വിവാഹമോചനം തേടരുത് എന്ന ഉയർന്ന ഒരു ധാർമ്മികമൂല്യത്തിന് അടിസ്ഥാനം കൂടി ഇവിടെ കണ്ടെത്തുന്നുണ്ട്. നമ്മുടെ കർത്താവ്, വിവാഹമോചനത്തിനായി ഏതെങ്കിലും ഉപാധികൾ നിശ്ചയിച്ചില്ലല്ലോ. ഭാര്യാഭർത്തൃബന്ധത്തെപ്പറ്റി പ്രവാചകന്മാർക്കുണ്ടായ ഈ ദർശനം കുറെക്കൂടി വിപുലമായ അർത്ഥത്തിൽ പൗലൂസ് ശ്ലീഹാ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർത്താവും സഭയും തമ്മിലുള്ള ബന്ധം പോലെയാണ് സ്ത്രീയും പുരുഷനും തമ്മിൽ വിവാഹത്തിലുള്ള ബന്ധം എന്ന് പൗലൂസ് ശ്ലീഹാ എഴുതിയിരിക്കുന്നു (എഫേസ്യ 5:22–32). ഇതേപ്പറ്റി വിശദമായി പിന്നാലെ പ്രതിപാദിക്കാം.

ഹോശയായോടു സമാനമായ അരുളപ്പാടുകൾ മറ്റു പ്രവാചകന്മാരിൽ നിന്നും ഉണ്ടായിട്ടുണ്ട്.

"വിശ്വാസത്യാഗികളായ മക്കളെ, മടങ്ങിവരുവിൻ ................ ഞാനല്ലോ നിങ്ങളുടെ ഭർത്താവ്" (യിരമ്യ 3:14).

"ഇസ്രയേൽ കന്യകേ, ഞാൻ നിനക്കു വീണ്ടും അഭിവൃദ്ധി വരുത്തുകയും നീ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും. ...." (യിരമ്യ 32:3, 31:21–23).

ഇസ്രയേലിന്റെ ചരിത്രത്തിലെ ആദ്യഘട്ടങ്ങളിൽ കാണാത്ത ഒരു കാര്യമാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധത്തിലെ വികാരപരമായ സ്നേഹത്തിന്റെ തീവ്രത. പ്രവാചകന്മാരുടെ ഈ ഉദ്ധരണികളിൽ ആഴമേറിയ സ്നേഹത്തിന്റെ പ്രകടനങ്ങൾ കാണാം. ഇതിനേക്കാൾ വികസിതമായ രൂപം ജ്ഞാനസാഹിത്യങ്ങളിലും ഉത്തമഗീതത്തിലുമൊക്കെ നാം ദർശിക്കുന്നുണ്ട്.

"ഉപേക്ഷിക്കപ്പെട്ട മനോവ്യസനത്തിലിരിക്കുന്ന സ്ത്രീയെ എന്നപോലെ യഹോവ നിന്നെ വിളിച്ചിരിക്കുന്നു. യൗവനത്തിൽ വിവാഹം ചെയ്തിട്ടു തള്ളിക്കളഞ്ഞ ഭാര്യയെ എന്ന പോലെ തന്നെ എന്നു നിന്റെ

ദൈവം അരുളിച്ചെയ്യുന്നു. അല്പനേരത്തേക്കു മാത്രം ഞാൻ നിന്നെ ഉപേക്ഷിച്ചു. എങ്കിലും മഹാകരുണയോടെ ഞാൻ നിന്നെ ചേർത്തുകൊള്ളും. (യെശയ്യ 54: 5-7, യെഹസ്ക്കൽ 16).

## ജ്ഞാനസാഹിത്യം

എല്ലാ ലോകസംസ്ക്കാരങ്ങളിലും, സാമൂഹിക ജീവിതത്തെ നിയന്ത്രിക്കുന്ന ചില പ്രമാണങ്ങൾ രൂപമെടുത്തിട്ടുണ്ട്. ചുരുക്കത്തിൽ ജ്ഞാനമെന്നു പറഞ്ഞാൽ "അടിസ്ഥാനപരമായി സാമൂഹിക കെട്ടുപാടുകളെ നിയന്ത്രിക്കുന്ന സദാചാര നിയമങ്ങളെക്കുറിച്ചുള്ള അറിവാണ്" (പ്രൊഫ. ഡോ. കാൾ എ. കെല്ലർ, ജ്ഞാനസാഹിത്യം (ART) വേദപുസ്തക ഭാഷ്യം, CLS, TVLA, 1979, p. 135). പഴയനിയമ പുസ്തകങ്ങളിൽ എല്ലായിടത്തും അല്പാല്പമായി ജ്ഞാനശകലങ്ങൾ ചിതറി കിടക്കുന്നുണ്ടെങ്കിലും ശലോമോന്റെ പേരിൽ അറിയപ്പെടുന്ന സഭാപ്രസംഗിയും സദൃശ്യവാക്യങ്ങളുമൊക്കെയാണ് ഇവയിൽ പ്രധാനം. സാമൂഹിക ജീവിതത്തിലെ കെട്ടുപാടുകളും എല്ലാവരും അനുവർത്തിക്കേണ്ട സദാചാരമൂല്യങ്ങളും അവിടവിടെയായി പ്രതിപാദിച്ചിട്ടുണ്ട്. ഒരു കുടുംബത്തിൽ ഉത്തമമായ ഒരു സ്ത്രീ എങ്ങനെയായിരിക്കണം എന്ന് ലെമൂവേലിന്റെ അമ്മ അവനു ഉപദേശിച്ചു കൊടുത്ത അരുളപ്പാടുകളിൽ പറഞ്ഞിരിക്കുന്നു (സദൃശ്യ വാക്യങ്ങൾ 31:10 -31).

സ്ത്രീകളുടെ ഉത്തരവാദിത്വങ്ങളെയും ചുമതലകളെയും പറ്റി മറ്റെങ്ങും രേഖപ്പെടുത്താത്ത പല കാര്യങ്ങൾ വ്യക്തമായി ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്. സാംസ്ക്കാരികമായും സാമൂഹികമായും ഉന്നതി പ്രാപിച്ച ഒരു അവസ്ഥയാണ് നാം ഇവിടെ ദർശിക്കുന്നത്.

### a) കുടുംബത്തിൽ ഉന്നതമായ സ്ഥാനം

സാമർത്ഥ്യമുള്ള ഒരു ഭാര്യയെ ലഭിക്കുന്നത് മുത്തുകളേക്കാൾ ഏറെ സൗഭാഗ്യമുള്ളതാണ് എന്ന് സൂചിപ്പിക്കുന്നു (വാക്യം 10). ഭർത്താവും കുഞ്ഞുങ്ങളും കൂടെ അവളെ പ്രശംസിക്കുന്നു എന്നു കാണാം (28).

### b) ആന്തരികമായ ചുമതലകൾ

വീട്ടിലെ ചുമതലകളിലും (15) കുഞ്ഞുങ്ങളെ വളർത്തുന്നതിലും മാത്രം ഒതുങ്ങിക്കഴിയുന്നവളുമായ ഒരു കുടുംബിനിയെ അല്ല അവിടെ നാം കാണുന്നത്. ധനസമ്പാദനത്തിലും (12-16) വേലക്കാരെ പരിചരിക്കുന്നതിലും എല്ലാം അവൾ ശുഷ്കാന്തിയുള്ളവളാണ്.

### c) ബാഹ്യമായ ഉത്തരവാദിത്വങ്ങൾ

കുടുംബത്തിൽ മാത്രമല്ല സാമൂഹ്യ ബന്ധങ്ങളിലും തല്പരയാണ്

ഉത്തമയായ കുടുംബിനി എന്ന് ഈ ഭാഗം വ്യക്തമാക്കുന്നുണ്ട്. ദാരിദ്ര്യം അനുഭവിക്കുന്നവരേക്കുറിച്ചുള്ള അവരുടെ കരുതലും (വാ. 20) അവൾ മുഖാന്തിരം അവളുടെ ഭർത്താവ് പട്ടണവാതിലിൽ പ്രസിദ്ധനാകുന്നു (23) എന്നുള്ളതും നാം കണക്കിലെടുക്കുമ്പോൾ, അവശതയനുഭവിക്കുന്ന ഒരു കുടുംബിനിയായി അവളെ കണക്കാക്കുവാൻ വിഷമമുണ്ട്.

**d) സ്ത്രീകളുടെ ശ്രേഷ്ഠത സൗന്ദര്യത്തിലല്ല യഹോവാ ഭക്തിയിലാണ് (29–31)**

ദേവദാസി സമ്പ്രദായം നിലനിന്നിരുന്ന പുറജാതി മതങ്ങളിൽ സ്ത്രീകളുടെ ബാഹ്യസൗന്ദര്യത്തിന് വലിയ പ്രാധാന്യം നൽകപ്പെട്ടിരുന്നിരിക്കാം. എന്നാൽ ദൈവമക്കളെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു ഉയർന്ന മൂല്യമുണ്ടായിരുന്നു. യഹോവാ ഭക്തി എല്ലാറ്റിന്റേയും അടിസ്ഥാന നന്മയായി പ്രകീർത്തിക്കപ്പെടുന്നു. 'ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവുമാകുന്നു' (30). ഇസ്രയേലിലെ ജ്ഞാനികൾ വിളിച്ചോതുന്നത് ഇന്നത്തെ പരിഷ്ക്കാരയുഗത്തിൽ അംഗീകരിക്കാൻ പലർക്കും പ്രയാസമായേക്കാം. ഈ വസ്തുതകളെല്ലാം സൂചിപ്പിക്കുന്നത് സ്ത്രീകൾക്ക് സ്വന്തമായ അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരുന്നെന്നും അവർ സ്വതന്ത്രരായിരുന്നു എന്നുമാണ്.

എന്നാൽ ഈ ഉന്നതമായ ഒരു നിലവാരം സ്ത്രീകൾക്ക് ഉണ്ടായി വന്നത് പ്രവാസകാലത്തും അതിന് ശേഷവുമാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രവാസകാലത്തോ അതിനു ശേഷമോ രചിച്ച ഒരു സങ്കീർത്തനം ആയിട്ടാണ് 127–ാം സങ്കീർത്തനത്തെ കണക്കാക്കിയിട്ടുള്ളത്. 127–ഠ 128–ഠ സങ്കീർത്തനങ്ങൾ കുടുംബജീവിതത്തെക്കുറിച്ച് ഉന്നതമായിട്ടുള്ള മൂല്യങ്ങളാണ് വരച്ചുകാട്ടിയിരിക്കുന്നത്. ഉത്തമമായ ഭാര്യാ ഭർതൃ ബന്ധം, ഐശ്വര്യം, സൽസ്വഭാവികളായ കുഞ്ഞുങ്ങൾ ഇവ മൂന്നും ഇന്നും സൗഭാഗ്യ കുടുംബജീവിതത്തിന് അടിസ്ഥാനങ്ങളായി നാം കണക്കാക്കി വരുന്നുണ്ടല്ലോ. ഇവയെല്ലാം തന്നെ ദൈവത്തിന്റെ ദാനമാണെന്നാണ് ഈ സങ്കീർത്തനങ്ങൾ ഉദ്ഘോഷിക്കുന്നത്. യഥാർത്ഥ വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവർ പോലും ഇന്ന് ദൈവത്തേക്കാൾ കൂടുതൽ ആശ്രയം വെക്കുന്നത് തങ്ങളുടെ ബുദ്ധിശക്തിയിലും കണക്കുകൂട്ടലിലും നാനാവിധമായ ആസൂത്രണങ്ങളിലുമാണ്. പ്ലാനിംഗ്, ജീവിതത്തിന്റെ എല്ലാ തുറകളിലും ഇന്ന് ആവശ്യമായിരുന്നിരിക്കാം. എന്നാൽ അവനവന്റെ ബുദ്ധിയും ശക്തിയും താലന്തുകളും ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് കണക്കുകൂട്ടലുകൾ നടത്താൻ കഴിഞ്ഞാൽ അവിടെ ആയിരിക്കും ആത്യന്തിക ജീവിതവിജയം. 127, 128 സങ്കീർത്തനങ്ങളിൽ കാണുന്ന സൗഭാഗ്യ കുടുംബജീവിതത്തെക്കുറിച്ചുള്ള ദർശനത്തിന് ഇന്നും പ്രസക്തി

ഉണ്ട്. വിസ്താര ഭയത്താൽ അതിന്റെ വിശദാംശങ്ങളിലേക്ക് തൽക്കാലം കടക്കുന്നില്ല.

**ഉപസംഹാരം**

കഴിഞ്ഞ രണ്ട് അദ്ധ്യായങ്ങളിൽ കുടുംബത്തെക്കുറിച്ചുള്ള ഇസ്രായേൽക്കാരുടെ സങ്കല്പങ്ങളേയും ധാരണകളേയും കുറിച്ച് മനസിലാക്കാൻ ശ്രമിച്ചു. ഇസ്രയേൽക്കാരുടെ ചരിത്രം ആരംഭം മുതൽ അവസാനം വരെ മാറ്റമില്ലാതെ ഒരേ സങ്കൽപത്തിലും ആശയത്തിലും ഈ കാര്യത്തിൽ അവർ നിലനിന്നിരുന്നു എന്നു പറയുവാൻ സാദ്ധ്യമല്ല. ദൈവശാസ്ത്രത്തിൽ എന്ന പോലെ കുടുംബത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിലും കാലഘട്ടങ്ങൾക്കനുസരിച്ച് മാറ്റമുണ്ടായിട്ടുണ്ട്. പല കാലഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞ സങ്കൽപങ്ങൾ ഒരുമിച്ചു ചേർത്തുവെയ്ക്കുമ്പോഴേ പൂർണ്ണമായ ചിത്രം ലഭ്യമാകൂ.

**ചോദ്യങ്ങൾ**

1. കുടുംബത്തെപ്പറ്റിയുള്ള പ്രവാചകന്മാരുടെ വീക്ഷണം മുൻപുള്ളതിൽ നിന്ന് എത്രമാത്രം വ്യത്യസ്തമായിരുന്നു?
2. ജ്ഞാനസാഹിത്യം കുടുംബജീവിതത്തെപ്പറ്റി എന്തു പഠിപ്പിച്ചു?

## പാഠം 4

# കുടുംബം: ക്രിസ്തീയ വീക്ഷണത്തിൽ

## ക്രിസ്തുവിന്റെ പ്രബോധനം

❑ കാനാവിലെ കല്യാണത്തിൽ കർത്താവു പങ്കെടുത്തതിന്റെ പ്രാധാന്യം ❑ വിവാഹത്തെപ്പറ്റി ക്രിസ്തുവിന്റെ പ്രത്യക്ഷമായ പഠിപ്പിക്കൽ ❑ വി. മത്തായി 19:3–12 ന്റെ വ്യാഖ്യാനം

യേശുക്രിസ്തുവിന്റെ പ്രബോധനത്തിന്റെ കേന്ദ്രബിന്ദു ദൈവരാജ്യം ആയിരുന്നു. അതിനോടു ബന്ധപ്പെട്ട് ഒട്ടനവധി വിഷയങ്ങളെപ്പറ്റി തന്റെ ഗിരിപ്രഭാഷണങ്ങളിലും മറ്റു സംഭാഷണങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അവയിൽ കുടുംബജീവിതത്തെപ്പറ്റി പ്രത്യക്ഷമായി അധികം കാര്യങ്ങൾ പറഞ്ഞിട്ടില്ല എന്നത് വളരെ കൗതുകമായി തോന്നാം. മനുഷ്യബന്ധങ്ങളിൽ ഏറ്റവും പവിത്രവും, എല്ലാ സാമൂഹിക ബന്ധങ്ങളുടേയും അടിസ്ഥാനവും

കുടുംബമായിരിക്കെ അതിനെക്കുറിച്ച് വ്യക്തമായ ചിന്തകൾ ലഭിക്കാതെ പോയത് എന്തുകൊണ്ടാണ്? കുടുംബജീവിതത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നില്ല എന്നതുകൊണ്ടാണോ ഇപ്രകാരം സംഭവിച്ചത്? ചില രിലെങ്കിലും ഈ സംശയം ഉളവാകുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് അത് ദൂരീകരിച്ചിട്ടു വേണം വിശദമായ പഠനങ്ങളിലേക്കു കടക്കുവാൻ. ന്യായ പ്രമാണത്തെ ഇല്ലായ്മ ചെയ്യുവാനല്ല അതിനെ പൂർത്തീകരിക്കുവാനാണ് കർത്താവ് വന്നിട്ടുള്ളതെന്ന് താൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണമായി പറഞ്ഞാൽ, ദൈവവിശ്വാസം തലമുറകളായി പുലർത്തിയിട്ടുള്ള യഹൂദ ജനത്തോടും ദൈവത്തിന്റെ അസ്തിത്വം തെളിയിക്കുന്ന രീതിയിലുള്ള പ്രബോധനങ്ങൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ ദൈവത്തെക്കുറിച്ചുള്ള യഹൂദന്മാരുടെ വിശ്വാസത്തിൽ മാറ്റം വരുത്തേണ്ടവയെക്കുറിച്ച് കർത്താവ് ശക്തമായി പ്രതിപാദിക്കുന്നുണ്ട്. പിതാവിനെക്കുറിച്ചും, പുത്രനെക്കുറിച്ചും, പരിശുദ്ധാത്മാവിനെക്കുറിച്ചും അതായത് ത്രിത്വത്തെക്കുറിച്ച് യഹൂദന്മാർക്ക് അറിവില്ലായിരുന്നു. അതിനെപ്പറ്റി കർത്താവ് വെളിപ്പെടുത്തുന്നതായി കാണാം. അതുപോലെ കുടുംബം എന്ന സംവിധാനത്തിൽ, യഹൂദ പാരമ്പര്യത്തിൽ നിലനിന്ന നല്ല വശങ്ങൾ കർത്താവ് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പുതിയ കാര്യങ്ങൾ കൂട്ടിച്ചേർക്കുകയായിരുന്നു.

## 1. കാനാവിലെ കല്യാണത്തിൽ പങ്കെടുക്കുന്നത് (യോഹ: 2:1–11)

കാനാവിലെ കല്യാണത്തിൽ കർത്താവ് പങ്കെടുത്തു എന്നത് തന്നെ, അനേകം കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. കർത്താവ് പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമെന്ന നിലയിൽ തന്റെ ആളത്വപരമായ സാന്നിദ്ധ്യം മൂലം രണ്ടു കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

1. വിവാഹത്തിന്റെ ചടങ്ങുകൾക്ക് ഒരു സാമൂഹ്യമായ മാനവും അതിനോട് ചേർന്ന് ചില അനുഷ്ഠാനങ്ങളും ഉള്ളത് മ്ലേഛമെന്ന് കർത്താവ് കണ്ടിരുന്നില്ല. അതു മാത്രമല്ല അതിന്റെ ചടങ്ങുകൾ കോട്ടം തട്ടാതെ ഭംഗിയായി നടത്തുന്നതിന് കർത്താവ് സഹായിച്ചു എന്നുമാണ് അവിടെ കാണുന്നത് (വെള്ളം വീഞ്ഞാക്കി കൊടുത്ത് വീട്ടുടയവനെ സഹായിച്ചു).

2. തികച്ചും ഭൗതീകവും, ദൈവസാന്നിദ്ധ്യം ഇല്ലാത്തതുമായ ഒരു ചടങ്ങാണ് വിവാഹമെങ്കിൽ തീർച്ചയായും കർത്താവിന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടാവുകയില്ലായിരുന്നു. കർത്താവിന്റെ ദൈവത്വത്തെക്കുറിച്ച് അവിടെ കൂടിയിരുന്നവർക്ക് ബോദ്ധ്യമോ, വിശ്വാസമോ ഇല്ലായിരുന്നു എന്നു വന്നാൽ തന്നെയും, യഹൂദപാരമ്പര്യ പ്രകാരവും, അവരുടെ വിശ്വാസ പ്രകാരവുമുള്ള ഒരു ദൈവസാന്നിദ്ധ്യബോധം അവർക്കുണ്ടായിരു

ന്നിരിക്കണം. ഈ സമയമായപ്പോഴേക്കും, ദൈവമാണ് സ്ത്രീയേയും പുരുഷനേയും തമ്മിൽ കൂട്ടിച്ചേർക്കുന്നത് എന്ന പ്രമാണത്തിലേക്ക് അവർ എത്തിച്ചേർന്നിരിക്കാം. "യഹോവ വീടു പണിയുന്നില്ലെങ്കിൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു. ... (സങ്കീ: 127:1) എന്നുള്ളത് കെട്ടിടം പണിയെക്കുറിച്ചാകാൻ വഴിയില്ല. അതിന്റെ താഴെയുള്ള വേദഭാഗങ്ങളും കുടുംബജീവിതത്തെക്കുറിച്ചുള്ള ചിന്തകളാണല്ലോ നൽകുന്നത്. ചുരുക്കത്തിൽ കുടുംബത്തെക്കുറിച്ച് യഹൂദപാരമ്പര്യത്തിൽ വളർന്നു വന്നിട്ടുള്ള മൂല്യസങ്കല്പങ്ങൾ മിക്കതും കർത്താവ് അംഗീകരിച്ചിരുന്നു എന്നു വേണം കരുതുവാൻ. തന്റെ സാന്നിദ്ധ്യം അതാണ് സൂചിപ്പിക്കുന്നത്. പുതുതായി താൻ കൂട്ടിച്ചേർത്ത കാര്യങ്ങളെക്കുറിച്ചാണ് നമുക്ക് ഇനി ചിന്തിക്കുവാനുള്ളത്.

## 2. വിവാഹത്തെക്കുറിച്ചുള്ള പ്രത്യക്ഷമായ പഠിപ്പിക്കൽ (മത്താ. 19:3–12)

കുടുംബം എന്ന സംവിധാനത്തെക്കുറിച്ച് ദീർഘമായ പ്രതിപാദനങ്ങൾ സുവിശേഷത്തിൽ കാണാൻ സാധിക്കുന്നില്ല എന്ന് മുകളിൽ പരാമർശിച്ചുവല്ലോ. കർത്താവ് വ്യക്തമായി എന്തെങ്കിലും പറഞ്ഞിട്ടുള്ളത് വിശുദ്ധ മത്തായി 19:3–12 വരെയുള്ള വാക്യങ്ങളിൽ കാണാം. ഇതിലെ പ്രതിപാദ്യം അല്പവ്യത്യാസങ്ങളോടെ വി. മർക്കോസും രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ: 10:1–12. ലൂക്കോസ് 16:18 ഉം നോക്കുക). വ്യത്യാസത്തെക്കുറിച്ച് പിന്നാലെ ചിന്തിക്കാം വി. മർക്കോസിന്റെ രേഖയാണ് ആദ്യത്തേതെങ്കിലും നമ്മുടെ വിവാഹശുശ്രൂഷയിലെ ഏവൻഗേലിയോൻ വായനയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും അല്പം കൂടി ദീർഘമായ പ്രതിപാദനവും വി. മത്തായിയുടേതാണ്. അതിനാൽ അവിടെക്കാണുന്ന ആശയങ്ങളെക്കുറിച്ചു തന്നെ ആദ്യം പരിശോധിക്കാം. വിവാഹമോചനത്തെപ്പറ്റി പരീശന്മാർ അന്വേഷിക്കുന്നതിനു മറുപടിയായിട്ടാണ് കർത്താവ് വിവാഹത്തെപ്പറ്റിയുള്ള ചിന്തകൾ പഠിപ്പിച്ചത്.

a) വിവാഹം വഴിയുള്ള ബന്ധം ദൈവം യോജിപ്പിക്കുന്നതാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ കർത്താവ് കല്പിച്ചു. വിവാഹം ഭൂമിയിലാണു നടക്കുന്നതെങ്കിലും അതിനു സാമൂഹികമായ പല മാനങ്ങൾ ഉണ്ടാകാമെങ്കിലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതിന് ആത്മീകമായ ഒരു അടിസ്ഥാനമുണ്ട്. കുടുംബം ഒരു ദൈവീക സ്ഥാപനമാണെന്ന് ഉറപ്പായി പ്രഖ്യാപിക്കുന്നു.

b) ആകയാൽ അവർ രണ്ടല്ല ഒരു ദേഹമത്രെ (വാക്യം 6) എന്നു പ്രസ്താവിക്കുന്നതിൽ നിന്നു തന്നെ, വിവാഹബന്ധത്തിലുള്ള, സ്ത്രീപുരുഷ സംയോഗത്തിന് മ്ലേച്ഛത ഒന്നുമില്ല എന്ന് ഉറപ്പായി പ്രഖ്യാ

പിക്കുകയാണ്. ആകയാൽ അവർ രണ്ടല്ല, ഒരു മനസാണ്, ഒരു ആത്മാവാണ് എന്നു പോലും പ്രസ്താവിക്കാതെ ‘ഒരു ദേഹമത്രെ’ എന്നു തന്നെ അരുളിച്ചെയ്തതിൽ നിന്നും വിവാഹത്തിലുള്ള ശാരീരികമായ ബന്ധത്തിന്റെ പ്രാധാന്യത്തേയും എടുത്തു കാണിക്കുന്നു.

c) വിവാഹം കഴിക്കാതെ ജീവിക്കുന്നതിനുള്ള ഒരു പുതിയ അടിസ്ഥാനവും കർത്താവ് ഇവിടെ നൽകുന്നു. അതായത് വിവാഹം കഴിക്കുന്നതിനു വരം ലഭിച്ചിട്ടുള്ളതു പോലെ തന്നെ, ദൈവരാജ്യം നിമിത്തം ബ്രഹ്മചാരികളായി വിവാഹം കൂടാതെ നിലനിൽക്കുന്നതും ഒരു ദൈവവിളിയാണ് (12-ാം വാക്യം). ആശ്രമപ്രസ്ഥാനങ്ങളൊക്കെ തങ്ങളുടെ അവിവാഹിതാവസ്ഥയുടെ അടിസ്ഥാനമായി ഈ ഭാഗത്തെ ചൂണ്ടിക്കാട്ടാറുണ്ട്. “പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗത്തിലെ ദൂതന്മാരെപ്പോലെ അത്രെ ആകുന്നു” (മത്തായി 22:30). ഈ വാക്യവും അവർക്കുള്ള മറ്റൊരടിസ്ഥാനമാണ്. എന്നാൽ വിവാഹം കഴിക്കാത്ത അവസ്ഥ, മറ്റതിനേക്കാൾ ശ്രേഷ്ഠമാണെന്നൊന്നും ഈ വേദഭാഗത്തു കാണാൻ കഴിയുന്നില്ല.

d) ആദിയിൽ അങ്ങനെയായിരുന്നില്ല എന്ന് കർത്താവ് ഇവിടെ അരുളിച്ചെയ്യുന്നതിന് വളരെ അർത്ഥവ്യാപ്തിയുണ്ട്. ആദിയിൽ എന്നുള്ളത് സൃഷ്ടിയുടെ ആരംഭത്തിൽ എന്നെടുക്കുന്നതാണ് യുക്തം. എന്തു കൊണ്ടെന്നാൽ യഹൂദന്മാരുടെ ആ സമയത്തെ ചില നിയമങ്ങൾ മാതൃകാപരമല്ല എന്ന് കർത്താവ് വ്യക്തമായി പഠിപ്പിച്ചു. ആക്ഷരികമായി വ്യാഖ്യാനിക്കുന്നവർക്ക് വീഴ്ചക്കു മുൻപും, വീഴ്ചക്കു ശേഷവും എന്ന് ഇതേപ്പറ്റി ചിന്തിക്കാം. ആ നിലയിൽ നോക്കിയാൽ കാണാവുന്ന വ്യത്യാസങ്ങൾ ഒന്നും രണ്ടും പാഠങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ യഹൂദന്മാരുടെ ഇടയിലുള്ള മാതൃകാപരമല്ലാത്ത (Not ideal) വിവാഹമോചന നിയമങ്ങളെ കർത്താവ് ശക്തിയായി അപലപിക്കുന്നതായിട്ട് കാണാം. വിവാഹബന്ധത്തിന്റെ വേർപിരിക്കാനാവാത്ത ആത്യന്തികമായ നിലനിൽപ്പാണ് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യം എന്ന് കർത്താവ് ഇവിടെ വ്യക്തമാക്കുന്നു. നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ടു മാത്രമാണ് മോശ നിങ്ങൾക്ക് വിവാഹമോചനത്തിന് അനുവാദം തന്നത് എന്ന് കർത്താവ് ഉദ്ബോധിപ്പിക്കുന്നു.

എന്നാൽ എടുത്തുപറയത്തക്ക ഈ പരാമർശനം മറ്റു സുവിശേഷങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തത് വി. മത്തായി മാത്രം സൂചിപ്പിക്കുന്നു. അതായത് വിവാഹമോചനം അഭിലഷണീയമല്ലെങ്കിലും, വ്യഭിചാരക്കുറ്റം തെളിയിക്കപ്പെട്ടാൽ വിവാഹമോചനം ആകാം എന്ന ഒരിളവ് കർത്താവ് കൊടുക്കുന്നതായിട്ടു കാണാം (മത്തായി 19:9; 5:32). വി. മർക്കോസും (10:1-12) വി. ലൂക്കോസും (16:18) വി. മത്തായിയുടെ ഈ നിലപാടിനോട്

യോജിക്കുന്നില്ല. ആദ്യത്തെ രേഖ വി. മർക്കോസിന്റേതുമാകയാൽ ആധികാരികത കൽപ്പിക്കേണ്ടതു അതിനു തന്നെയാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. യാതൊരു കാരണവശാലും വിവാഹമോചനം കർത്താവ് അനുവദിച്ചിട്ടില്ല എന്നാണ് ഈ കൂട്ടരുടെ നിലപാട്. തന്നെയുമല്ല, ഏഴ്, എഴുപതുവട്ടം ക്ഷമിക്കണമെന്ന് പഠിപ്പിച്ച കർത്താവ് ഭാര്യാ - ഭർത്തൃബന്ധത്തിലും വ്യഭിചാരമുൾപ്പെടെയുള്ള പിഴകൾ വന്നാലും അതെപ്പറ്റി അനുതപിച്ചാൽ ക്ഷമിക്കണമെന്നും അവളെ വീണ്ടും കൂടെ ചേർക്കണമെന്നും ആവശ്യപ്പെടാനല്ലേ സാദ്ധ്യതയുള്ളൂ? അല്ലാതെ ഉടനെ തന്നെ അവൾക്ക് ഉപേക്ഷണപത്രം കൊടുത്തു പിരിച്ചയക്കണമെന്ന് പറയുമോ? യേശു ക്രിസ്തുവിന്റെ, മുഴുവനായ ഉപദേശവും പഠിപ്പിക്കലും ഈ ചിന്താഗതിയെ ന്യായീകരിക്കുന്നവയാണ്.

എന്നാൽ തന്റെ പ്രവൃത്തിയിൽ അനുതപിക്കാതെ വ്യഭിചാരത്തിൽ തുടർന്നു പോയാൽ അങ്ങനെയുള്ളവരെ ഉപേക്ഷിക്കുന്നത് ന്യായമല്ലയോ? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതിന് മുൻപ് വി. മത്തായിയുടെ സമീപനമെന്തായിരുന്നു എന്നു നോക്കാം. പ്രധാനമായും യഹൂദന്മാർക്കു വേണ്ടി തന്റെ സുവിശേഷം എഴുതിയപ്പോൾ, അവരുടെ അന്നത്തെ രീതിയോട് അൽപ്പസ്വൽപ്പം പൊരുത്തപ്പെട്ടുപോകുവാൻ ഒരിളവ് കർത്താവ് അനുവദിച്ചിരിക്കുന്നു എന്ന് എഴുതിയതാകാനാണു സാദ്ധ്യത. ഏകപക്ഷീയമായി ചെറിയ കാര്യങ്ങൾക്കു പോലും ഉപേക്ഷണപത്രം കൊടുത്ത് വിവാഹമോചനം നടത്തുന്ന ഒരു സമൂഹത്തിന്, ഒരു കാരണവശാലും വിവാഹമോചനം പാടില്ലെന്ന നിർബന്ധം ഉടനെ അംഗീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതുകൊണ്ട് ഇപ്രകാരം വി. മത്തായി എഴുതി എന്ന് നിരൂപിക്കാം. അതിനോട് യോജിച്ചാലും ഇല്ലെങ്കിലും ഈ സംവാദത്തിന് പ്രായോഗിക ജീവിതത്തിൽ ഒരു പ്രയോജനമുണ്ട്. അപൂർവ്വം ചില സാഹചര്യങ്ങളിലെങ്കിലും, വിവാഹമോചനം അനുവദിക്കേണ്ടി വരികയില്ലേ എന്ന ചോദ്യം ഈ സംവാദം മൂലം പ്രസക്തമായിത്തീർന്നിരിക്കുന്നു. വ്യഭിചാരം എന്നതിനേക്കാൾ ന്യായമായ മറ്റു കാരണങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയില്ലേ? (കൂട്ടത്തിൽ ഓർമ്മിപ്പിക്കട്ടെ. വ്യഭിചാരം എന്നത് സ്ത്രീയുടെ തെറ്റു മാത്രമായി വ്യാഖ്യാനിക്കരുത്. അന്നത്തെ സാഹചര്യത്തിൽ പുരുഷൻ സ്ത്രീയെ ഉപേക്ഷിക്കുന്ന പതിവുള്ളതു കൊണ്ട്, സ്ത്രീയെ മാത്രം ബന്ധിക്കുന്ന ഒന്നായി പരാമർശിച്ചു എന്നേയുള്ളൂ. വിവാഹമോചനത്തിന് അത് ഒരടിസ്ഥാനമാണെങ്കിൽ സ്ത്രീക്കും പുരുഷനും ഒരു പോലെ അത് ബാധകമായിരിക്കണം). കർത്താവ് തന്നെയും, ഗർഭത്തിൽ നിന്നു ഷണ്ഡന്മാരായി ജനിച്ചവർ ഉണ്ട് (മത്തായി 19:11) എന്നും അവർ വിവാഹജീവിതത്തിന് പറ്റിയവരല്ല എന്നും സമ്മതിക്കുന്നുണ്ട്. ഏതെങ്കിലും കാരണവശാൽ അറിയാതെ അങ്ങനെ ഒരാളുമായി സമൂഹം

അടിച്ചേല്പിച്ച ഒരു ബന്ധത്തിലേർപ്പെടാൻ ഒരു സ്ത്രീക്ക് ഇടയായാൽ, സാധാരണ നിലയിലുള്ള ഒരു കുടുംബജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ആ സ്ത്രീക്ക് ഈ ബന്ധത്തിൽ നിന്ന് വിടുതൽ കൊടുക്കേണ്ടത് ന്യായമല്ലേ? അപ്പോൾ വിവാഹമോചനത്തിന് ആധാരമായി വ്യഭിചാരത്തെ അംഗീകരിക്കാത്തവർക്ക് പോലും വളരെ അപൂർവ്വമായ മറ്റു സാഹചര്യങ്ങളിൽ വിവാഹമോചനം ആവശ്യമായിരിക്കുന്നു എന്നു സമ്മതിക്കേണ്ടതായി വരും. നമ്മുടെ സഭയും അപൂർവ്വം ചില സാഹചര്യങ്ങളിൽ വിവാഹമോചനം അംഗീകരിച്ചിട്ടുണ്ടല്ലോ. ചുരുക്കത്തിൽ വി. മത്തായിയുടെ വിവരണത്തിൽ അല്പം കൂട്ടിച്ചേർക്കലുകൾ ഉണ്ടായി എന്നു വന്നാൽത്തന്നെയും, അതിലടങ്ങിയിരിക്കുന്ന പ്രമാണം എല്ലാക്കാലത്തേക്കും സാംഗത്യമുള്ളതുതന്നെ. വളരെ, വളരെ അപൂർവ്വമായി ചില സാഹചര്യങ്ങളിലെങ്കിലും വിവാഹമോചനം ആവശ്യമാണ് എന്ന സത്യത്തിലേക്ക് അത് വിരൽ ചൂണ്ടുന്നു. ഇന്ന് ഈ പ്രശ്നം കൂടുതൽ രൂക്ഷമായി വളർന്നുകൊണ്ടിരിക്കുകയുമാണ്.

**ചോദ്യങ്ങൾ**

1. കുടുംബത്തെപ്പറ്റിയുള്ള നമ്മുടെ കർത്താവിന്റെ പ്രബോധനം ചുരുക്കമായി വിവരിക്കുക?
2. വിവാഹമോചനത്തിന് എന്തെങ്കിലും വേദശാസ്ത്രപരമായ അടിസ്ഥാനം കണ്ടെത്താനാവുമോ? നിങ്ങളുടെ അഭിപ്രായം രൂപീകരിക്കുക.
3. സന്ന്യാസജീവിതത്തിനുള്ള വേദപുസ്തക അടിസ്ഥാനം എന്ത്? ഇതിൽ പരാമർശിക്കാത്ത മറ്റു വേദഭാഗങ്ങൾ കൂടി കണ്ടെത്തുക?

**പാഠം 5**

# കുടുംബം: ക്രിസ്തീയ വീക്ഷണത്തിൽ പ. പൗലൂസ് ശ്ലീഹായുടെ പഠിപ്പിക്കലുകൾ

❑ പുതിയനിയമം ലൈംഗികതയ്ക്കു കൊടുത്ത പുതിയ അർത്ഥം ❑ പൗലൂസ് ശ്ലീഹായുടെ ഉപദേശങ്ങൾ ❑ 1 കൊരി. 7-ാം അദ്ധ്യായത്തെ ആസ്പദമാക്കിയുള്ള പഠനം

## ലൈംഗികതയ്ക്ക് പുതിയ അർത്ഥവും വ്യാപ്തിയും

കുടുംബത്തെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ പഠിപ്പിക്കലു

കളെക്കുറിച്ചാണല്ലോ കഴിഞ്ഞ പാഠത്തിൽ പരിചിന്തനം ചെയ്തത്. യഹൂദ ന്യായപ്രമാണത്തിൽ വിട്ടുപോയിട്ടുള്ള കാര്യങ്ങളെ കർത്താവ് പുതിയ തായി കൂട്ടിച്ചേർത്തതായും നാം കണ്ടു. അക്കൂട്ടത്തിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് ലൈംഗികതയ്ക്ക് കർത്താവ് നൽകിയ സ്ഥാനം.

“വ്യഭിചാരം ചെയ്യരുത് എന്ന് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടു ണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തു പോയി”(മത്തായി 5:27).

ഇതിനെ ആക്ഷരീകമായി വ്യാഖ്യാനിച്ചാൽ ചില അപകടങ്ങളുണ്ട്. ഒന്നാമതായി ലൈംഗികമോഹം പുരുഷനു മാത്രം ഉളവാകുന്ന ഒന്നായി ചിന്തിച്ചുപോകുവാൻ സാദ്ധ്യതയുണ്ട്. സ്ത്രീയെ, തുല്യമായി വീക്ഷിക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങളിൽ പ്രധാനമായ ഒന്ന് ഇതായി രുന്നു. പുരുഷനെന്നത് പോലെ സ്ത്രീക്ക് ലൈംഗികമായ ആഗ്രഹം ഉണ്ട് എന്നുള്ളത് യഹൂദസമൂഹം കാര്യമായി അംഗീകരിച്ചില്ല. രണ്ടാമതായി, ലൈംഗികതയെക്കുറിച്ച് അമിതമായ ഒരു കുറ്റബോധം വളർത്താനും സാദ്ധ്യതയുണ്ട്. മ്ലേഛമായ ആഗ്രഹങ്ങളിലേക്കും, വികാരങ്ങളിലേക്കും കടക്കാതെ പരസ്പരം വ്യക്തിത്വത്തേയും ആളത്വത്തെയും ആദരിക്കു വാനും, ഒരു പരിധി വരെ സൗന്ദര്യം ആസ്വദിക്കുന്നതു പോലും പാപമാ ണെന്നുമുള്ള ചിന്തയിലേക്കു വഴുതിവീഴാനും ഇത് ഇടയാക്കിയിട്ടുണ്ട്. ആക്ഷരീകമായ വ്യാഖ്യാനത്തേക്കാൾ അതിലടങ്ങിയിരിക്കുന്ന പ്രമാണ ങ്ങൾക്കാണ് പരമപ്രാധാന്യം നൽകേണ്ടത്. വിവാഹബന്ധത്തിനു പുറ ത്തുള്ള ലൈംഗികമായ ബന്ധം അനുവദനീയമല്ല, അതു തിന്മയാണെന്ന് ഇവിടെ ഉദ്ബോധിപ്പിക്കുന്നു. രണ്ട് അടിസ്ഥാനങ്ങളാണ് അതേപ്പറ്റി ചൂണ്ടി ക്കാട്ടുവാനുള്ളത്.

1. പുരുഷൻ സ്ത്രീയേയോ, സ്ത്രീ പുരുഷനെയോ തങ്ങളുടെ ലൈംഗികദാഹം തീർക്കുന്നതിനുള്ള ഒരു വസ്തുവായി കാണരുത്. ഇന്ന് പാശ്ചാത്യ സമൂഹത്തിന് പറ്റിയ ഏറ്റം വലിയ പ്രമാദം ഇവിടെയാണ്. ആള ത്വത്തിൽ നിന്ന് ലൈംഗികതയെ അടർത്തിമാറ്റി. പാശ്ചാത്യ സമൂഹത്തെ പ്പറ്റി പഠിച്ചാൽ ഈ വസ്തുത വളരെ വ്യക്തമാകും. മുതലാളിത്ത വ്യവ സ്ഥിതിയിൽ ലാഭമുണ്ടാക്കാനുതകുന്ന ഏതു സംഗതിയും കച്ചവടച്ചര ക്കാകും. ആ നിലയിൽ ലൈംഗികതയേയും അവർ അധഃപതിപ്പിച്ചു.

2. പരസ്പരം ജീവൻ നൽകത്തക്കവണ്ണം ത്യാഗത്തിലധിഷ്ഠിതമായ സ്നേഹബന്ധത്തിൽ ആളത്വങ്ങളെ ബന്ധിപ്പിച്ചവർ തമ്മിലേ ശാരീരിക ബന്ധത്തിലേർപ്പെടാവൂ. അതുകൊണ്ടാണ് വിവാഹത്തിലുള്ള ശാരീരിക ബന്ധത്തിന് പവിത്രതയും മറ്റുള്ള ബന്ധങ്ങൾക്ക് മ്ലേഛതയും കൽപ്പിച്ചി

രിക്കുന്നത്. ദമ്പതികൾ തമ്മിലുള്ള ശാരീരികബന്ധം ആഴമേറിയ സ്നേഹത്തിന്റേയും, പരസ്പരമുള്ള ആത്മശരീരമനസ്സുകളുടെ യോജിപ്പിന്റെയും ബഹിർസ്ഫുരണമാണ്. 'ആകയാൽ അവർ രണ്ടല്ല, ഒരു ദേഹമത്രെ' എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഈ പവിത്രമായ ബന്ധത്തിലാണ്. വിവാഹത്തിനു മുൻപും വിവാഹത്തിനു പുറത്തുമുള്ള എല്ലാ ലൈംഗികബന്ധങ്ങളും പാപമാണ് എന്ന മൂല്യം നമ്മുടെ കർത്താവിന്റെ ഈ പഠിപ്പിക്കലിനെ ആസ്പദമാക്കിയാണ്. ഇതേപ്പറ്റി വിശദമായി പിന്നീട് പ്രതിപാദിക്കാം.

## 4. പൗലൂസ് ശ്ലീഹായുടെ പഠിപ്പിക്കൽ

കുടുംബത്തെക്കുറിച്ച്, സുവിശേഷങ്ങളിലുള്ളതിനേക്കാൾ കൂടുതൽ കാര്യങ്ങൾ പൗലൂസ് ശ്ലീഹായുടെ കത്തുകളിലുണ്ട്. പൗലൂസ് ശ്ലീഹായുടെ പഠിപ്പിക്കലുകളിൽ കൂടുതൽ വിവാദവിഷയമായിത്തീർന്നിട്ടുള്ളതും ഒരു പക്ഷേ കുടുംബത്തെക്കുറിച്ചുള്ള ചിന്തകളും, സ്ത്രീക്ക് സമൂഹത്തിൽ നൽകപ്പെട്ടിട്ടുള്ള സ്ഥാനത്തെക്കുറിച്ചുള്ളതുമായിരിക്കും. പ്രത്യക്ഷത്തിൽ ചിലപ്പോൾ വൈരുദ്ധ്യങ്ങൾ അദ്ദേഹത്തിന്റെ പഠിപ്പിക്കലിൽ കാണാം. എന്തെന്നാൽ സ്ത്രീയെ തൊടാതിരിക്കുന്നത് നല്ലത് (1 കൊരി. 7:2) എന്നു പറയുന്ന അദ്ദേഹം അടുത്തു തന്നെ "പ്രാർത്ഥനക്കു അവസരമുണ്ടാക്കുവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്" എന്നും നിർദ്ദേശിക്കുന്നു (1 കൊരി. 7:5). "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ" (എബ്രാ. 13:4) എന്നാണ് മറ്റൊരിടത്ത് കൽപ്പിച്ചിരിക്കുന്നത് (എബ്രായ ലേഖനം പൗലോസിന്റേതാണ് എന്ന പാരമ്പര്യം ഇവിടെ സ്വീകരിച്ചിരിക്കുന്നു). അതിനാൽ പൗലൂസ് ശ്ലീഹായുടെ പഠിപ്പിക്കലിനെ അതാതു സന്ദർഭത്തിന്റെ വെളിച്ചത്തിൽ മനസിലാക്കേണ്ടിയിരിക്കുന്നു.

### a) 1 കോരിന്ത്യർ 7-ാം അദ്ധ്യായം

കുടുംബജീവിതത്തെക്കുറിച്ചുള്ള ഏറ്റവും ദീർഘമായതും വിവാദപരവുമായ പ്രസ്താവന ഇവിടെയാണ് കാണുന്നത്. വിവാഹം കഴിക്കാത്ത അവസ്ഥ കുടുംബജീവിതത്തേക്കാൾ മെച്ചമാണ് എന്ന ധ്വനി ഈ ഭാഗത്തു നൽകുന്നുണ്ട്. തങ്ങളുടെ നിലപാടുകൾക്കനുസരണമായി വാദിക്കാവുന്ന അവസ്ഥയിലാണ് ഇതിലെ ആശയങ്ങളുടെ കിടപ്പ്. സന്ന്യാസപ്രസ്ഥാനം സഭയുടെ എല്ലാ സരണികളേയും ആത്മീകതയെയും നിയന്ത്രിക്കുന്ന സാഹചര്യങ്ങൾ വന്നപ്പോൾ ഈ വാക്യങ്ങൾക്ക് (1 കൊരി. 7:8, 7:32-34) കർത്തൃ കല്പനയേക്കാൾ അധികം ആധികാരികതയുണ്ടായി. പൗലൂസ് ശ്ലീഹായുടെ പഠിപ്പിക്കലിനെ തങ്ങളുടെ നിലപാട് സാധൂകരിക്കാനായി എടുത്തുപയോഗിച്ചതാണ് കൂടുതൽ കുഴപ്പങ്ങൾക്ക് കാരണമായതെന്ന് ഊഹിക്കുവാൻ വിഷമമില്ല. പൗലൂസ് ശ്ലീഹാ അവിവാഹിത ജീവിതത്തെ,

കുടുംബജീവിതത്തേക്കാൾ ശ്രേഷ്ഠമായി കണ്ടു എന്ന് ഈ ഭാഗത്തെ ആസ്പദമാക്കി പ്രത്യക്ഷത്തിൽ ചിന്തിക്കാൻ വഴിയുണ്ട്. എന്നാൽ അങ്ങനെ ഒരു ചിന്ത പൗലൂസ് ശ്ലീഹായ്ക്കുണ്ടാകുവാൻ വ്യക്തമായ കാര ണങ്ങളുമുണ്ടായിരുന്നു.

**1. താൻ എല്ലാ അർത്ഥത്തിലും ഒരു വലിയ മിഷനറി ആയി രുന്നു**

ക്രിസ്തുവിനേക്കാൾ, ക്രിസ്തുവിശ്വാസം പ്രചരിപ്പിക്കാൻ യാത്ര ചെയ്തത് പൗലോസ് ശ്ലീഹായാണ്. Second founder of Christianity എന്നു പേരു കിട്ടിയതും അതു മൂലമാണല്ലോ. ഊണിലും, ഉറക്കത്തിലും, രാവിലും, പകലിലും ക്രിസ്തീയ വിശ്വാസ പ്രചരണത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച അദ്ദേഹത്തിന് കുടുംബവും, കുടുംബബന്ധങ്ങളും അപ്ര ധാനമായി മാത്രമേ കാണാൻ കഴിഞ്ഞുള്ളു എങ്കിൽ അത്ഭുതത്തിനു വഴി യില്ല. തന്റെ വ്യക്തിപരമായ ജീവിതാനുഭവത്തോടു ബന്ധപ്പെടുത്തിയാണ് അദ്ദേഹം ഈ അഭിപ്രായ പ്രകടനങ്ങൾ നടത്തിയത്. ഉദാഹരണമായി പറഞ്ഞാൽ "വിവാഹം ചെയ്യാത്തവൻ കർത്താവിനെ എങ്ങനെ പ്രസാദി പ്പിക്കും എന്നും, വിവാഹം ചെയ്തവൻ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കും എന്നും ചിന്തിക്കുന്നു" (1 കൊരി. 7:32–33) എന്നു പ്രസ്താവിച്ചു. പൗലോസ് ശ്ലീഹായുടെ വ്യക്തിപരമായ അനുഭവം മാറ്റിവെച്ചാൽ ഈ വാക്യത്തിന് എന്താണ് ആധികാരികത? പൗലോസ് ശ്ലീഹായേപ്പോലെ ഒരാൾ വിവാഹം ചെയ്യാതിരുന്നാൽ തീർച്ചയായും കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാം എന്നു ചിന്തിച്ചു പ്രവർത്തിക്കും, സംശയമില്ല. എന്നാൽ അദ്ദേഹം തന്നെ പരാമർശിച്ചിട്ടുള്ള അഴലുന്നവർ (അഴലുന്നതിനേക്കാൾ വിവാഹം ചെയ്യു ന്നത് നല്ലത് 7:9) കർത്താവിനെക്കുറിച്ച് ആയിരിക്കുമോ അതോ മറ്റു പല തുമായിരിക്കുമോ ചിന്തിക്കുന്നത്? ഈ വിധത്തിൽ നോക്കുമ്പോൾ പൗലോസ് ശ്ലീഹായുടെ വ്യക്തിപരമായ അനുഭവത്തിൽ താൻ അവിവാ ഹിത ജീവിതം ശ്രേഷ്ഠമായിക്കണ്ടു എന്ന നിഗമനത്തിലെത്താമെന്നല്ലാതെ എല്ലാവർക്കും അതാണ് അഭികാമ്യമെന്ന് ചിന്തിക്കാൻ ന്യായമില്ല.

**2. കർത്താവിന്റെ മഹത്വപ്രത്യക്ഷത ഉടനെ ഉണ്ടാവുമെന്ന് പൗലോസ് ശ്ലീഹാ നിരൂപിച്ചിരുന്നു**

"എന്നാൽ സഹോദരന്മാരെ ഇതൊന്നു ഞാൻ പറയുന്നു, കാലം ചുരു ങ്ങിയിരിക്കുന്നു" (7:29). കർത്താവിന്റെ വരവ് ഉടനെ തന്നെ ഉണ്ടെങ്കിൽ വിവാഹത്തിനു കൊടുത്തും കൊടുക്കപ്പെട്ടും മറ്റു പല കാര്യങ്ങൾക്കു മായി സമയം നീക്കി വെക്കേണ്ടതില്ല എന്നു ചിന്തിച്ചതിന്റെ വെളിച്ചത്തി ലാണ് ഈ പ്രബോധനം ഉണ്ടായതെന്നും മനസ്സിലാക്കാൻ വിഷമമില്ല. ഈ അടിസ്ഥാനങ്ങൾ വെച്ചുകൊണ്ടുവേണം പൗലൂസ് ശ്ലീഹായുടെ

ഉപദേശത്തെ മനസിലാക്കാൻ. നേർവഴിയിൽ ചിന്തിച്ചാൽ വ്യക്തിയുടെ ആന്തരീകസംഘർഷം മനസ്സിലാക്കി പ്രായോഗികമായ പല വിലപ്പെട്ട അറിവുകളും പൗലൂസ് ശ്ലീഹാ ഇവിടെ നൽകുന്നു എന്ന കാര്യത്തിൽ സംശയമില്ല. അവയെപ്പറ്റി ചുരുക്കമായി പ്രതിപാദിക്കാം.

### 1. വിവാഹബന്ധത്തിൽ ഭാര്യക്കും ഭർത്താവിനും ഉള്ള കടപ്പാട്

"പുരുഷൻ തന്റെ ഭാര്യയോടും, സ്ത്രീ, തന്റെ ഭർത്താവിനോടുമുള്ള ദാമ്പത്യധർമ്മം നിറവേറ്റണം. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല അവളുടെ ഭർത്താവിനത്രെ അധികാരം. അതുപോലെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യക്കത്രെ അധികാരം" (1 കൊരി. 7:4). വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലതെന്ന് പറഞ്ഞ അദ്ദേഹം ശാരീരിക ബന്ധത്തെക്കുറിച്ച് ഇത്രയും വ്യക്തമായി പ്രതിപാദിച്ചത് ഒരു വൈരുദ്ധ്യമായി തോന്നാം. ഭാര്യാ – ഭർത്താക്കന്മാർ തമ്മിലുള്ള ശാരീരിക വേഴ്ച ഒരു തരത്തിലും മ്ലേഛമല്ല ആവശ്യമായിരിക്കുന്ന ഒന്നാണ് എന്ന് തറപ്പിച്ചു പ്രഖ്യാപിക്കുന്ന മറ്റൊരു വേദഭാഗവും ഇല്ല. പുരുഷമേധാവിത്വം നിലവിലുള്ള സമൂഹത്തിൽ എഴുതപ്പെട്ടതാണെങ്കിലും ഭാര്യക്ക് ഭർത്താവിന്മേലുള്ള അധികാരം ഒട്ടും ഇവിടെ കുറച്ചതായിട്ടു കാണുന്നില്ല. നേരേമറിച്ച് തുല്യമായ അവകാശമാണ് സ്ത്രീക്കും, പുരുഷനും നൽകപ്പെട്ടിരിക്കുന്നത്. പുരുഷന്റെ ലൈംഗികദാഹം തീർക്കാനുള്ള ഒരു ഉപകരണമായി സ്ത്രീയെ കാണാൻ സാദ്ധ്യമല്ല എന്ന് ഇവിടെ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു.

പരസ്പര സമ്മതത്തോടു കൂടി മാത്രമേ ലൈംഗിക കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കാവൂ എന്നും ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അതും പ്രാർത്ഥനക്കോ മറ്റു നല്ല കാര്യങ്ങൾക്കു വേണ്ടിയോ മാത്രം. നീണ്ട കാലയളവിലേക്ക് ഒഴിഞ്ഞിരിക്കാനും ഇവിടെ സമ്മതിക്കുന്നില്ല. ചുരുങ്ങിയ കാലത്തേക്കു മാത്രം. ഈ പ്രമാണങ്ങളൊക്കെ എല്ലാക്കാലത്തേക്കും സാംഗത്യമുള്ളതു തന്നെ എന്നതിനു സംശയമില്ല.

### 2. പ്രായോഗികമായ അറിവാണ് ശ്ലീഹാ ഈ കാര്യത്തിൽ നൽകുന്നത്

വ്യക്തികളുടെ ജീവിതത്തിൽ ലൈംഗികതയുടെ സ്ഥാനം ശരിയാം വണ്ണം നൽകാതെ, ആത്മീകതയുടെ മൂടുപടമിട്ട് കണ്ണടച്ച് ഇരുട്ടാക്കാൻ ചിലരെങ്കിലും ശ്രമിച്ചിട്ടുണ്ട്. പൗലൂസ് ശ്ലീഹാ ആ വഴിക്കു നീങ്ങുന്നില്ല. "ജിതേന്ദ്രിയത്വമില്ലെങ്കിലോ അവർ വിവാഹം ചെയ്യട്ടെ. അഴലുന്നതിനേക്കാൾ വിവാഹം ചെയ്യുന്നത് നല്ലത്" (7:10). ഒരുവനെ അഴലുന്ന അവസ്ഥയിലേക്കു തള്ളിവിടുവാൻ തക്കവണ്ണം ശക്തമായ ഒരു വികാരമാണ് ലൈംഗികത എന്നു ശ്ലീഹാ ഇവിടെ സമ്മതിക്കുന്നു. ഓരോരുത്തരും

തങ്ങളിലുള്ള ഈ വികാരത്തെ അതിന്റെ ഏറ്റക്കുറച്ചിലുകളിലൂടെ മന സിലാക്കി അംഗീകരിക്കുകയും, സഭയുടേയും സമൂഹത്തിന്റെയും ധാർമ്മി കമൂല്യങ്ങൾക്കു വിധേയമായി അതിനെ നിയന്ത്രണവിധേയമാക്കുകയു മാണ് വേണ്ടത്. അല്ലാതെ ലൈംഗിക വികാരത്തെ തിന്മയെന്നു കണ ക്കാക്കി അതു തങ്ങളിൽ ഇല്ല എന്ന് ആരെങ്കിലും ചിന്തിച്ചാൽ അത് കാപ ട്യമാണ്.

### 3. വിവാഹബന്ധം വേർപിരിക്കരുത്

ഈ ആശയത്തിനാണ് പൗലൂസ് ശ്ലീഹായുടെ പ്രബോധനത്തിൽ മുൻതൂക്കം. ക്രിസ്തീയ സഭയുടെ ആരംഭത്തിൽ, കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒരുപോലെ ക്രിസ്തീയവിശ്വാസം സ്വീകരിക്കാതെയിരുന്നി ട്ടുള്ള സാഹചര്യങ്ങൾ അനവധി ഉണ്ടായിട്ടുണ്ടല്ലോ. പുറജാതിമതത്തിൽ നിന്ന് ഭാര്യയോ, ഭർത്താവോ മാത്രം ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് മതം മാറിയാലും ആ വിവാഹബന്ധം വേർപെടുത്താതെ നിലനിർത്തണ മെന്നാണ് പൗലൂസ് ശ്ലീഹാ പഠിപ്പിക്കുന്നത് (വാക്യം 12–13). ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് വളരെ എരിവുണ്ടായിരുന്ന ശ്ലീഹായും കുടുംബ ബന്ധത്തിന്റെ ശ്രേഷ്ഠത മനസിലാക്കി ഈ ഒരിളവ് കൊടുക്കുന്നതിൽ നിന്നും പ്രായോഗികമായ ജീവിതത്തെക്കുറിച്ചുള്ള അറിവ് പ്രകടിപ്പിക്കുന്നു. ഒരുപക്ഷേ അവിശ്വാസിയായ പങ്കാളി, വിശ്വാസിയായ കൂട്ടാളി മൂലം മാന സാന്തരപ്പെടുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരിക്കാം (വാക്യം 14).

പൗലൂസ് ശ്ലീഹായുടെ ഈ നിലപാടിൽ മറ്റൊരു വലിയ സത്യം കൂടി അന്തർഭവിച്ചിരിക്കുന്നു. സാമൂഹ്യജീവിതത്തിൽ നിന്നടർത്തി കേവലവിശ്വാ സത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കുടുംബജീവിതം കെട്ടിപ്പടുക്കാവു ന്നതല്ല എന്നദ്ദേഹം സമ്മതിക്കുന്നു. സാമൂഹ്യജീവിതവും വിശ്വാസവും തമ്മിൽ പൊരുത്തപ്പെടുത്തി, വിശ്വാസത്തിനും കുടുംബബന്ധത്തിനും കോട്ടം തട്ടാത്ത പ്രായോഗിക സമീപനം ഇവിടെ അവലംബിക്കുന്നതാ യിട്ടു കാണാം. ഇതിന്റെ ന്യായാന്യായങ്ങളെക്കുറിച്ച് തർക്കങ്ങൾ ഉണ്ടാ വാമെങ്കിലും, ഭാരതത്തിലെ എന്നല്ല എവിടെയുമുള്ള ക്രിസ്തീയ വിശ്വാ സികളും, തങ്ങളുടെ കുടുംബജീവിതം കെട്ടിപ്പടുത്തിയിട്ടുള്ളത് ഈ രണ്ട ടിസ്ഥാനങ്ങളിലും കൂടിയാണെന്നു കാണാൻ വിഷമമില്ല. കുടുംബത്തെ പ്പറ്റിയുള്ള അടിസ്ഥാനപരമായ വിശ്വാസവും പള്ളിയിലെ ശുശ്രൂഷകളും, ചടങ്ങുകളും എല്ലാം വ്യത്യസ്തമായിരുന്നാൽ പോലും, കുടുംബത്തിന്റെ സാമൂഹ്യസംവിധാനം ഈ നാട്ടിലെയും സംസ്ക്കാരത്തിനും രീതിക്കും അനുയോജ്യമായിട്ടാണല്ലോ നമ്മുടെ പൂർവികരും നാമും രൂപപ്പെടുത്തി യിരിക്കുന്നത്. ഈ വസ്തുത പിന്നീടുള്ള അദ്ധ്യായങ്ങളിൽ കൂടുതൽ വ്യക്തമാകുന്നതാണ്.

ചുരുക്കത്തിൽ, വളരെ ഉന്നതവും ശ്രേഷ്ഠവുമായ ഒരു നിലപാടാണ് കുടുംബത്തെക്കുറിച്ച് പൗലൂസ് ശ്ലീഹാ എടുത്തിരിക്കുന്നത്. വ്യക്തിപരമായ ജീവിതാനുഭവത്തിൽ, അവിവാഹിതാവസ്ഥയോട് ഒരു പ്രത്യേക പ്രതിപത്തി കാട്ടിയിട്ടുണ്ടെങ്കിലും കുടുംബം എന്ന സംവിധാനം മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യമാണെന്നും, ഭിന്ന വിശ്വാസത്തിലായാൽപ്പോലും തൽക്കാലം കുടുംബബന്ധം വേർപെടുത്താതെ ഒരുമിച്ചു ജീവിക്കണമെന്നും, ഭാര്യാ - ഭർത്താക്കന്മാർ ശാരീരികമായി അന്യോന്യം കടപ്പെട്ടിരിക്കണമെന്നുമുള്ള പ്രബോധനം കുടുംബജീവിതത്തിന്റെ മഹനീയസ്ഥാനം ഉയർത്തിക്കാട്ടുവാനായിട്ടുള്ളതു തന്നെയാണ്. കേവല വിശ്വാസം ഏറ്റം പരമപ്രധാനമായി ശ്ലീഹാ പരിഗണിച്ചിരുന്നുവെങ്കിൽ അവിശ്വാസികളായ ജീവിതപങ്കാളികളുമായി കുടുംബബന്ധം തുടർന്നുകൊണ്ടുപോകണമെന്ന് വിശ്വാസികളോട് ഉപദേശിക്കുകയില്ലായിരുന്നു. അതിനാൽ 'വിവാഹം കഴിക്കാതിരിക്കുന്നത് നല്ലത്' എന്ന പ്രമാണം തന്റെ വ്യക്തിപരമായ ഒരനുഭവമായി കാണുന്നതിനാണ് കൂടുതൽ പ്രസക്തി. അത് എല്ലാവർക്കും അഭികാമ്യമായ ഒന്നായി ശ്ലീഹാ ഒരിക്കലും ചിന്തിച്ചിട്ടുമില്ല. അതുകൊണ്ടാണല്ലോ വിധവമാർക്കും കൂടി വിവാഹം കഴിക്കാൻ അദ്ദേഹം അനുവാദം നൽകിയത് (7:39).

### ചോദ്യങ്ങൾ

1. ലൈംഗികതയ്ക്ക് കർത്താവ് കണ്ടെത്തിയ പുതിയ മാനവും അതിന്റെ അർത്ഥവും വ്യക്തമാക്കുക?
2. "പൗലൂസ് ശ്ലീഹാ അവിവാഹിത ജീവിതത്തെ വിവാഹജീവിതത്തെക്കാൾ ശ്രേഷ്ഠമായി കണ്ടു" ഈ പ്രസ്താവന ശരിയോ തെറ്റോ എന്നു പരിശോധിക്കുക?
3. വിവാഹബന്ധത്തെക്കുറിച്ച് പൗലൂസ് ശ്ലീഹാ നൽകുന്ന പ്രായോഗികമായ അറിവുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുക?

## പാഠം 6

# പൗലൂസ് ശ്ലീഹായുടെ വീക്ഷണം (തുടർച്ച)

എഫേസ്യ 5:22-32 (വേദഭാഗം വായിച്ചുകൊണ്ട് ആരംഭിക്കുക)

❑ എസേഫ്യ 5:22-32 നെ അടിസ്ഥാനമാക്കിയുള്ള ചിന്തകൾ ❑ കുടുംബം സഭയുടെ പാരമ്പര്യത്തിൽ ❑ വിവാഹം ഒരു കൂദാശ ❑ സഭയുടെ അടിസ്ഥാനപ്രമാണങ്ങൾ

കുടുംബത്തെക്കുറിച്ചു പൗലൂസ് ശ്ലീഹായുടെ വീക്ഷണം എന്താണെന്നു പരിശോധിക്കുന്നവർ ഈ വേദഭാഗവും ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. സ്ത്രീ - പുരുഷ ബന്ധത്തിന്റെ ആത്മീയമായ അടിസ്ഥാനം, 1 കോരി. 7-ാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടില്ലാത്തത് പൗലൂസ് ശ്ലീഹാ ഇവിടെ പ്രസ്താവിക്കുന്നു. കഴിഞ്ഞ പാഠത്തിൽ നാം കണ്ടതുപോലെ ഈ വേദഭാഗവും വ്യാഖ്യാദാക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു (23-ാം വാക്യം). പുരുഷമേധാവിത്വം സ്ഥാപിക്കാനുള്ള വ്യഗ്രതയാണ് ഇതിൽ ദർശിക്കുന്നത് എന്ന് ആരോപിക്കുന്നവരുണ്ടാകാം. ആക്ഷരീകമായ അർത്ഥത്തിൽ അങ്ങനെയൊരു ധ്വനിയുണ്ടാകാമെങ്കിലും ആ വേദഭാഗം മുഴുവനായി വ്യാഖ്യാനിക്കുമ്പോൾ അത്തരത്തിലുള്ള ഒരു നിഗമനത്തിൽ എത്തിച്ചേരാൻ സാദ്ധ്യമല്ല. കർത്താവും സഭയും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുവാനാണ് പൗലൂസ് ശ്ലീഹാ ഈ പ്രതീകം എടുത്തുപയോഗിക്കുന്നത്. യഹോവയും ഇസ്രയേലും തമ്മിലുള്ള ബന്ധം പോലെ ഒരു ഉടമ്പടി ബന്ധം സ്ത്രീ - പുരുഷ ബന്ധത്തിലും ഉണ്ടെന്നു പഴയനിയമത്തിൽ ഹോശയാ പ്രവാചകനും അദ്ദേഹത്തിന്റെ സമകാലീനരും ചിത്രീകരിച്ചത് 3-ാം പാഠത്തിൽ നാം കണ്ടുവല്ലോ. യഹൂദന്മാരുടെ ഈ പശ്ചാത്തലം മനസിലാക്കിക്കൊണ്ടായിരിക്കണം പൗലൂസ് ശ്ലീഹാ യഹോവയും ഇസ്രയേലും എന്നതു മാറ്റി ക്രിസ്തുവും സഭയും തമ്മിൽ എന്നാക്കി വിശ്വാസികൾക്ക് മനസിലാകുവാൻ തക്കവണ്ണം കൂടുതൽ അർത്ഥവത്തായി ചിത്രീകരിച്ചത്. ക്രിസ്തുവും - സഭയും തമ്മിലുള്ള ബന്ധത്തിന്റെ ആഴം വിശദീകരിക്കുവാൻ സ്ത്രീ - പുരുഷ ബന്ധം തന്നെ തെരഞ്ഞെടുത്തതു മാനുഷികബന്ധങ്ങളിൽ ഉദാത്തമായ സ്ഥാനം ഭാര്യാ - ഭർത്തൃ ബന്ധത്തിനുണ്ടെന്നു സ്ഥാപിക്കാൻ കൂടിയല്ലേ? തന്നെയുമല്ല കർത്താവ് സഭയെ സ്നേഹിച്ചതുപോലെ എന്നു പറഞ്ഞിരിക്കുന്നതിനാൽ, സഭയെ കർത്താവ് ഏതുവിധത്തിൽ സ്നേഹിച്ചു എന്നു മനസ്സിലാക്കി ആ അർത്ഥത്തിൽ വേണം ഭാര്യാ - ഭർത്തൃ ബന്ധത്തേയും വ്യാഖ്യാനിക്കേണ്ടത്. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കു

വേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമ 5:8). പാപികളായ നമുക്കുവേണ്ടി പാപമില്ലാത്തവൻ സ്വയം കഷ്ടത സ്വീകരിച്ചു ബലിയായിത്തീർന്നതു പോലെ ഭർത്താക്കന്മാർ അവരുടെ ഭാര്യമാരെ സ്നേഹിച്ച് അവർക്കുവേണ്ടി ജീവൻ കൂടി ബലി കഴിക്കുവാൻ തയാറാകണമെന്നാണ് ഇവിടുത്തെ സൂചന. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ (21-ാം വാക്യം) എന്ന് നേരത്തെതന്നെ സൂചിപ്പിച്ചിരിക്കുന്നതിനാൽ ഭാര്യ - ഭർത്താവിനു മാത്രം കീഴ്പ്പെട്ടിരിക്കണം എന്ന് ഏകപക്ഷീയമായി വ്യാഖ്യാനിക്കുന്നതിനും സാദ്ധ്യമല്ല. "…. ആണും പെണ്ണും എന്നുമില്ല, നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രെ" (ഗലാ: 3:28) എന്ന് പൗലൂസ് ശ്ലീഹാ ഇതിനു മുന്നമെ തന്നെ പ്രഖ്യാപിച്ചിട്ടുമുണ്ട്. ഈ വിശദീകരണങ്ങളുടെ വെളിച്ചത്തിൽ ഈ ഭാഗത്തു കാണുന്ന ആശയങ്ങളെ ചുരുക്കമായി ഇപ്രകാരം മനസിലാക്കാം.

## 1. സ്ത്രീ - പുരുഷ ബന്ധം വളരെ ഉദാത്തമായ ഒന്നാണ്

സൃഷ്ടിയുടെ വിവരണത്തിലും, കർത്താവിന്റെ പഠിപ്പിക്കലിലും, പൗലൂസ് ശ്ലീഹായുടെ പ്രബോധനത്തിലും ഒരുപോലെ വരുന്ന ഒരു പ്രഖ്യാപനമുണ്ട്. അതായത് "ഒരു മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും" (എഫേ: 5:31). ഈ വാക്യത്തിന്റെ അർത്ഥവ്യാപ്തി മുൻപ് വിവരിച്ചിട്ടുള്ളതാകയാൽ ആവർത്തിക്കുന്നില്ല. പൗലൂസ് ശ്ലീഹായും അത് സ്ഥിരീകരിക്കുകയാണ് ചെയ്യുന്നത്.

## 2. ഭാര്യാ - ഭർത്താക്കന്മാരുടെ ബന്ധത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ സ്നേഹമാണ്

ഏറ്റം വിലപ്പെട്ട ഒരാശയമാണ് ഇത്. കർത്താവ് സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് - ഭാര്യയെ സ്നേഹിക്കുകയും അതിനു പ്രതിപകരമായി ഭാര്യ സകലത്തിലും ഭർത്താവിനു കീഴ്പ്പെട്ടിരിക്കണം എന്ന് പ്രസ്താവിക്കുന്നു. 'കീഴ്പ്പെട്ടിരിക്കണം' എന്ന ആഹ്വാനം അതേപടി ഉൾക്കൊള്ളുവാൻ ചിലർക്കു വിഷമമായിരിക്കാം. എന്നാൽ ആക്ഷരീകമായി വ്യാഖ്യാനിച്ചാലും അതിന്റെ അർത്ഥം ഉൾക്കൊള്ളേണ്ടതിനു വിഷമിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ നമുക്കുവേണ്ടി ജീവൻ ബലികഴിക്കാൻ തയ്യാറാകുന്ന ഏതു വ്യക്തിയോടും നമുക്കു ഒരു വിധേയത്വമല്ലാതെ ആധിപത്യമനോഭാവം തോന്നുകയില്ലല്ലോ. കീഴ്പ്പെടണം എന്നത് ആ അർത്ഥത്തിൽ കണ്ടാൽ മതി. ക്രിസ്തുവിന്റെ സ്നേഹം അടിസ്ഥാനമായിരിക്കുന്നിടത്ത് ആധിപത്യത്തിന്റെ ചോദ്യം തന്നെ ഉദിക്കുന്നില്ല. "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം

സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യ മായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു, എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു, സ്നേഹം ഒരുനാളും ഉതിർന്നു പോവുകയില്ല" (1 കോരി. 13:4–8). ഈ സ്നേഹം അടിസ്ഥാനമായിരിക്കുന്ന ബന്ധത്തിൽ പുരുഷമേധാവിത്വത്തിന് ഒരടിസ്ഥാനവും വേദശാസ്ത്രപര മായി കണ്ടെത്തുവാൻ കഴിയുകയില്ല. നൂറ്റാണ്ടുകളായി പുരുഷമേധാവിത്വം നിലനിന്നെങ്കിൽ അതിനു കാരണം, സാമൂഹിക, സാംസ്ക്കാരിക നില വാരം അത്തരമൊരു വ്യവസ്ഥിതിക്കു അനുകൂലമായി നിലനിന്നു എന്നു ള്ളതാണ്. ആ നിലപാട് തെറ്റാണെന്ന് ചൂണ്ടിക്കാട്ടുവാനും ക്രിസ്തുവിന്റെ സ്നേഹത്തിലധിഷ്ഠിതമായ സ്ത്രീ – പുരുഷ സമത്വത്തിനു വേണ്ടി വാദി ക്കുവാനും വിശ്വാസികളെ പ്രബുദ്ധരാക്കുവാനും സംഘടിതമായ ഒരു ശ്രമം സഭകൾ നടത്തിയിട്ടില്ല എന്നുള്ളതാണ് സഭയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച. മറ്റു പല കാര്യങ്ങളിലും എന്നപോലെ ഈ കാര്യത്തിലും സമൂഹ ത്തിന്റെ പോക്കിനനുകൂലമായി നിൽക്കുവാനേ മിക്ക സഭകൾക്കും കഴി ഞ്ഞിട്ടുള്ളു; ഇന്നും കഴിയുന്നുള്ളു. പുരുഷമേധാവിത്വത്തിനു വേദശാസ്ത്ര പരമായ അടിസ്ഥാനം ഉണ്ടെന്നു സ്ഥാപിക്കുവാൻ സാധ്യമല്ല തന്നെ.

ക്രിസ്തീയ വിശ്വാസത്തോടു പ്രത്യേക പ്രതിബദ്ധതയൊന്നുമില്ലാത്ത സ്ത്രീ വിമോചന പ്രസ്ഥാനക്കാർ, പുരുഷമേധാവിത്വത്തിനെതിരായി തിരി യുകയും ശബ്ദമുയർത്തുകയും ചെയ്തിട്ടുണ്ട്. ചിലപ്പോൾ അവരുടെ ശബ്ദം മുൻപുണ്ടായിരുന്നതിനു നേരേ വിപരീതമായി സ്ത്രീ മേധാവി ത്വത്തിനുവേണ്ടി നിലകൊള്ളുന്നവയാണോ എന്നും സംശയിക്കേണ്ടിയി രിക്കുന്നു. ദീർഘമായ ഒരു പ്രതിപാദനം ആവശ്യമായിരിക്കുന്ന തർക്ക വിതർക്കങ്ങളിലേക്ക് പ്രവേശിക്കേണ്ടതില്ല. ഒന്നു മാത്രം നമുക്കുറപ്പിച്ചു പറയാം, ക്രിസ്തുവിന്റെ ത്യാഗനിർഭരമായ സ്നേഹത്തിലധിഷ്ഠിതമായ (അഗപ്പെ) ഭാര്യാ – ഭർതൃ ബന്ധത്തിൽ ആരു വലുത് ആരു ചെറുത് എന്ന ചോദ്യം അസ്ഥാനത്താണ്. ദമ്പതികൾ പരസ്പരം ത്യാഗം സഹിച്ചുകൊണ്ട് പങ്കാളിയുടെ നന്മയ്ക്കും ശ്രേയസ്സിനും വേണ്ടി നിലകൊള്ളുന്നു. ആ ഒരു ബന്ധത്തിൽ രണ്ടു പേരും സമൃദ്ധിയായ ജീവനിലേക്ക് കടക്കുന്നു എന്നതാണ് പരമാർത്ഥം. ഈ സ്നേഹം പങ്കിടാത്ത കുടുംബജീവിതം ക്രിസ്തീയമല്ല എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ക്രിസ്തീയ കുടുംബ ജീവിതത്തിന്റെ ഏറ്റവും വലിയ അടിസ്ഥാനം ഈ പരസ്പരസ്നേഹം തന്നെ. എന്നാൽ പുരുഷമേധാവിത്വത്തിനനുകൂലമായ പരിതസ്ഥിതികൾ ഇന്നും നിലനിൽക്കുന്നതിനാൽ, അനീതിപരമായ വിവേചനങ്ങൾക്ക് എതി രായി പോരാടാൻ സഭയ്ക്ക് ബാധ്യതയുണ്ട്. ആത്യന്തികമായി നമുക്ക്

ലക്ഷ്യം വയ്ക്കാനുള്ളത് സ്നേഹത്തിലധിഷ്ഠിതമായ സ്ത്രീ - പുരുഷ സമത്വത്തിലാണ്. ഇവിടെ സ്ത്രീയുടേയും പുരുഷന്റേയും വ്യത്യസ്ത ധർമ്മങ്ങൾ (സമൂഹം വിവേചനരഹിതമായി അടിച്ചേൽപ്പിക്കുന്നതല്ല) നില നിർത്തിക്കൊണ്ട് തന്നെ പരസ്പരപൂരകവും, നിസ്വാർത്ഥവും, ത്യാഗനിർഭ രവും, പരസ്പരം പോഷിപ്പിക്കുന്നതും, ഒന്ന് ഒന്നിനെ കീഴ്പ്പെടുത്താത്ത തുമായ വ്യക്തിബന്ധത്തിന്റെ ഔന്നത്യത്തിലെത്തിച്ചേരുവാൻ ഉത്തമ ക്രിസ്തീയ കുടുംബജീവിതത്തിൽ സാധ്യമാകണം. എന്നാൽ സമൂഹ ത്തേയും വിശ്വാസികളേയും ഈ നിലവാരത്തിലേക്കെത്തിക്കണമെങ്കിൽ സഭയുടെ ആന്തരിക ഘടനകളിൽ തന്നെ സ്ത്രീകൾക്കെതിരായ വിവേ ചനങ്ങൾ ഇല്ലാതാക്കേണ്ടിയിരിക്കുന്നു. സമൂഹത്തെ പരിവർത്തിപ്പിക്കു വാൻ സഭയ്ക്കു സാദ്ധ്യാമാവാതെ വരുന്നത് സ്വയം പരിവർത്തനത്തിനു വിധേയമാവാത്ത സഭയുടെ നിലപാടു തന്നെയാണ്. തൽക്കാലം അത് അവിടെ നിൽക്കട്ടെ.

### 3. കുടുംബത്തിൽ കുഞ്ഞുങ്ങളുടെ സ്ഥാനം

ഭാര്യാ - ഭർത്തൃബന്ധത്തെപ്പറ്റി പ്രസ്താവിച്ച ശേഷം മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി പൗലൂസ് ശ്ലീഹാ വിശദീകരി ക്കുന്നു (എഫേ. 6:1-4). ക്രിസ്തുവിനോടുള്ള ഐക്യത്തിലാണ് ഇരുവിഭാ ഗങ്ങളും അവരുടെ ബന്ധങ്ങളും കടമകളും നിറവേറ്റേണ്ടത്. കുഞ്ഞുങ്ങൾ അനുസരണത്തിലും ശിക്ഷണത്തിലും വളരണം. മാതാപിതാക്കൾ കുഞ്ഞു ങ്ങളെ നിരുത്സാഹപ്പെടുത്തുകയോ നിരാശപ്പെടുത്തുകയോ ചെയ്യാതെ പ്രോത്സാഹനത്തിലും ശിക്ഷണത്തിലും വളർത്തണം.

### 6. കുടുംബം - സഭയുടെ പാരമ്പര്യത്തിൽ

കുടുംബം എന്ന സംവിധാനത്തെപ്പറ്റി എഴുതപ്പെട്ട നിർവ്വചനങ്ങളോ അതിന്റെ കൗദാശികമായ അടിസ്ഥാനം എങ്ങനെ ഉണ്ടായി വന്നു എന്ന തിനെപ്പറ്റി ഒന്നും മലങ്കരസഭയുടെ ചരിത്രത്തിൽ എഴുതപ്പെട്ട രേഖകളൊ ന്നുമില്ല. എന്നാൽ പാശ്ചാത്യസഭ കാലാകാലങ്ങളിൽ പല പ്രമാണങ്ങളും ഇതേപ്പറ്റി ഉണ്ടാക്കിയിട്ടുണ്ട്. ആകമാനസഭയ്ക്ക് ബാധകമായി, വിവാഹം ഏഴു കൂദാശകളിലൊന്നായി കല്പിച്ചു നിയമിക്കുകയും തീരുമാനം എടു ക്കുകയും ചെയ്തത് 1565 -ലെ ട്രെന്റ് കൗൺസിലിലാണ്. വിവാഹം ഒരു കൂദാശയായി കണക്കാക്കാൻ സാദ്ധ്യമല്ല എന്ന് ലൂതറിന്റേയും കാൽവി ന്റെയും മറ്റു നവീകരണക്കാരുടെയും വാദങ്ങൾക്ക് മറുപടി ആയിട്ടാണ് ട്രെന്റ് കൗൺസിൽ ഈ തീരുമാനം എടുത്തിട്ടുള്ളത്. കൗൺസിൽ ഇപ്ര കാരം തീരുമാനിച്ചു:

(ചുരുക്കത്തിൽ) "വിവാഹം എന്നത് ശരിയായും സത്യമായും

കർത്താവു സ്ഥാപിച്ച ഏഴു കൂദാശകളിൽ ഒന്നല്ല, മനുഷ്യർ തന്നെ ഏർപ്പെടുത്തിയതാണെന്നോ അതിൽ കൂടി ദൈവകൃപ ലഭിക്കുന്നില്ല എന്നോ ആരെങ്കിലും പറയുന്നുവെങ്കിൽ അവൻ ശപിക്കപ്പെട്ടവനായിരിക്കും" (1).

വിവാഹം ഒരു കൂദാശയാണെന്നുള്ള ചിന്ത നേരത്തെ മുതലേ കാണാമെങ്കിലും പാശ്ചാത്യസഭ (റോമൻകത്തോലിക്കാ സഭ) ട്രെന്റ് കൗൺസിലിൽക്കൂടി അത് ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു. പൗരസ്ത്യ സഭകളിൽ പ്രത്യേകിച്ചും മലങ്കരസഭയിൽ വിവാഹത്തെക്കുറിച്ചുള്ള വേദശാസ്ത്ര പരിചിന്തനങ്ങൾ എപ്രകാരം രൂപപ്പെട്ടു എന്നു കണ്ടുപിടിക്കാൻ കൂടുതൽ പഠനം ആവശ്യമായിരിക്കുന്നു.

ഇത് കൂടാതെ മറ്റു പല ഡിക്രികളും പാശ്ചാത്യസഭയിൽ കാലാകാലങ്ങളിൽ ഉണ്ടായിട്ടുണ്ട് - അവരുടെ കാനോൻ നിയമങ്ങളിൽ '1013' -ാമത്തേത് വിവാഹത്തെക്കുറിച്ച് പഠിപ്പിക്കുന്നതാണ്. വിവാഹത്തിന്റെ പ്രാഥമിക ഉദ്ദേശ്യം സന്തത്യുല്പാദനവും അവരെ വളർത്തുക എന്നതുമാണ്. അനിയന്ത്രിതമായ കാമം ഒഴിവാക്കുന്നതിനുള്ള മുഖാന്തിരമായി സ്ത്രീ പുരുഷബന്ധം പ്രയോജനപ്പെടുത്താവുന്ന നിലയിൽ രണ്ടാം സ്ഥാനം അതിനു നൽകിയിരിക്കുന്നു. എന്നാൽ 1880 -ലെ Pope Leo XIII ന്റെ ARCANUM DIVINAE ഈ നിലപാടിന് അല്പം മാറ്റം വരുത്തിയിട്ടുണ്ട്. സന്തതിയെ നിലനിർത്തുന്നതും, സ്ത്രീ പുരുഷ കൂട്ടായ്മയും ഒരുപോലെ പ്രാധാന്യമുള്ളതായി ചൂണ്ടിക്കാട്ടുന്നുണ്ട്.

രണ്ടാം വത്തിക്കാൻ സുന്നഹദോസിലേക്ക് വരുമ്പോൾ കുറേക്കൂടി മാറ്റം വ്യക്തമാണ്. ദൈവത്തിന്റെ ഇഷ്ടപ്രകാരം ദമ്പതികൾ പരസ്പരം അംഗീകരിക്കുകയും, പൂർണ്ണമായി സ്നേഹബന്ധം നിലനിർത്തി ആയുഷ്പര്യന്തം വേർപിരിയാതെ നിലകൊള്ളണമെന്നും അനുശാസിക്കുന്നു. ഈ പരിപൂർണ്ണ സ്നേഹത്തിന്റെയും (Perfect love) പരസ്പര അംഗീകാരത്തിന്റേയും ബഹിർസ്ഫുരണമാണ് ദൈവം അവർക്കു നൽകുന്ന സന്തതികൾ.

റോമൻ കത്തോലിക്കാ സഭയെ അനുകരിച്ച് മിക്ക പാശ്ചാത്യ സഭകളും ഇതുപോലെ വിവാഹത്തെ സംബന്ധിച്ച് പല പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം അങ്ങനെയൊന്ന് ഉണ്ടായിട്ടില്ലെങ്കിലും, വിവാഹത്തെ സംബന്ധിച്ച നിലപാടുകൾ നമ്മുടെ ആരാധനയെ ആസ്പദമാക്കി രൂപപ്പെടുത്തിയെടുക്കാവുന്നതാണ്. വ്യക്തിപരമായ നിഗമനങ്ങളിൽ ഓരോരുത്തരും ചെന്നെത്താൻ ഇടയാകാതെ അവയെ

---

1. Quoted in: *Marriage, Faith and Love* By Jack Dominian, Colliens Fount, Paperback, 1984, p. 21.

ക്രോഡീകരിച്ച് വ്യക്തമായ രൂപത്തിൽ ക്രമപ്പെടുത്തി എടുക്കാൻ ചുമത ലപ്പെട്ടവർക്ക് കഴിഞ്ഞാൽ അത് ഏറ്റം നന്നായിരിക്കും. നമ്മുടെ വിവാഹ ശുശ്രൂഷയെ ആധാരമാക്കി താഴെപ്പറയുന്ന പൊതുവായ ചില നിഗമന ങ്ങളിൽ നമുക്ക് എത്തിച്ചേരാം.

## (7) ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കൽ

(1) വിവാഹം ഒരു കൂദാശയാണ്. അദൃശ്യനായ ദൈവത്തിന്റെ കൃപ കൾ ദൃശ്യമാധ്യമങ്ങളിൽ കൂടി ദമ്പതികൾക്ക് ലഭിക്കുന്നു.

(2) വിവാഹത്തിന്റെ ശുശ്രൂഷയിലെ ഒന്നാം ഭാഗം, വിവാഹ നിശ്ചയം പോലും ദൈവം നടത്തുന്നതാണ് എന്ന് സൂചിപ്പിക്കുന്നു. നിശ്ചയത്തിന്റെ അടയാളമായി മോതിരം സഭ തന്നെ വാഴ്ത്തി ദമ്പതികൾക്ക് നൽകുന്നു.

(3) വിവാഹം കൂദാശയല്ല എന്ന് നവീകരണക്കാർ പഠിപ്പിക്കുമ്പോൾ ദൈവത്തെ സാക്ഷി നിർത്തിക്കൊണ്ട് ദമ്പതികൾ പരസ്പരം ഒരു ഉടമ്പ ടിയിൽ ഏർപ്പെടുന്ന ഒന്നായിട്ട് അതിനെ വ്യാഖ്യാനിക്കാമെന്നു തോന്നുന്നു. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം വിവാഹം കൂദാശയാകയാൽ ദൈവം തന്നെ കൂട്ടിച്ചേർത്തതാണെന്നും ദമ്പതികൾ പരസ്പരം ഉള്ള CONTRACT നേക്കാൾ ദൈവത്തോടുള്ള ഉടമ്പടിക്കാണ് ഏറ്റം പ്രാധാന്യം എന്ന് നാം അംഗീകരിക്കുന്നു. അങ്ങനെ ദൈവം കൂട്ടിച്ചേർത്തതാണെ ന്നുള്ള കൗദാശിക അടിസ്ഥാനം പ്രബലമാകയാൽ ഒരു കാരണവശാലും വിവാഹം വേർപിരിക്കാവുന്നതല്ല എന്ന വാദമുഖത്തിന് ഏറെ ശക്തിയു ണ്ടാവുന്നു (ഒരു പക്ഷേ വിവാഹം ഒരു കൂദാശയല്ല എന്ന ചിന്താഗതി പ്രബലപ്പെട്ടതും പാശ്ചാത്യരുടെ ഇടയിൽ വിവാഹമോചനം വളരെയേറെ ഉണ്ടായതിന്റെ പ്രധാന കാരണങ്ങളിൽ ഒന്നാവാം).

(4) കർത്താവും സഭയും തമ്മിലുള്ള ബന്ധം പോലെ സ്ത്രീ പുരുഷ ബന്ധം അഭേദ്യമാണെന്നുള്ള ചിന്ത പ്രാർത്ഥനകളിലും ഗീതങ്ങളിലുട നീളവും കാണാം. ഗീതങ്ങളിൽ കാണുന്ന വൈകാരികതയുടെ അർത്ഥം ദമ്പതികളിലും ഈ വൈകാരികതയെ അംഗീകരിക്കുന്നതായി മനസ്സി ലാക്കാം.

(ഉദാ. സുന്ദരികളിലതി..... നാഥാ ദൂരെപ്പോവരുതെ etc)

(5) സുവിശേഷത്തിൽ നിന്നുള്ള വായനയുടെയും (മത്തായി 19:3-12) പൗലൂസ് ശ്ലീഹായുടെ ലേഖനത്തിലെ വായനയുടെയും (എഫേ. 5:22-32) അർത്ഥം പ്രത്യേകം മുൻപ് കൊടുത്തിട്ടുള്ളത് ഇവിടെ ആവർത്തിക്കുന്നില്ല. അവിടെ കാണുന്ന ആശയങ്ങളും ഇവിടെ കൂട്ടിച്ചേർത്തു ചിന്തിക്കേണ്ട താണ്.

6. സൗഭാഗ്യ സന്താനങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥനയും (അതും പാരമ്പര്യ വിധി പ്രകാരം തന്നെ) പല ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കുടുംബബന്ധത്തിൽ സന്തതി നിലനിർത്തുന്നതിന്റെ ആവശ്യകതയും എടുത്തു പറഞ്ഞിരിക്കുന്നു.

7. ദമ്പതികളെ, കുടുംബത്തിലെ രാജാവും രാജ്ഞിയും (നായകനും, നായികയും) മായി അഭിഷേകം ചെയ്യുമ്പോൾ അവർക്കു നൽകുന്ന കിരീടം ഇപ്പോൾ കുരിശാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ് ( മുൻപ് കുരിശിനു പകരം കിരീടം തന്നെയായിരുന്നു). ത്യാഗത്തിലടങ്ങിയ ക്രിസ്തീയ സ്നേഹമാണ് കുടുംബബന്ധത്തിന്റെ അടിത്തറ എന്ന് ഇത് സൂചിപ്പിക്കുന്നു.

8. ഭൗതിക ജീവിതത്തിലെ ഐശ്വര്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും, അവയെല്ലാം ഉണ്ടാകട്ടെ എന്ന് ആശീർവദിക്കുകയും ചെയ്യുന്നത് മൂലം, കുടുംബജീവിതത്തിന്റെ ശ്രേയസിന് ഒരു പരിധി വരെ സമ്പത്തും ഭൗതികസൗകര്യങ്ങളും ആവശ്യമാണെന്ന് സമ്മതിക്കുന്നു (ധനികർക്ക് ഈ പ്രാർത്ഥനയും ആശീർവാദവും സന്തോഷപ്രദമാണെങ്കിലും, കിടപ്പാടം വിറ്റ് സ്ത്രീധനം നൽകി വിവാഹം നടത്തുന്ന പാവപ്പെട്ട പെൺകുട്ടികൾക്ക് എത്രമാത്രം ഇത് ആസ്വദിക്കാനാവും എന്നുള്ളതും ചിന്തനീയമാണ്).

സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഇതിനേക്കാൾ വളരെ കൂടുതൽ ആശയങ്ങളും പ്രമാണങ്ങളും നമ്മുടെ ആരാധനയെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തുവാൻ കഴിയും. എന്നാൽ പുതിയനിയമത്തേക്കാൾ വളരെയധികം പഴയനിയമത്തെ ഉൾക്കൊള്ളിച്ചിരിക്കുന്നതും, വേശ്യയായി അഭിനയിച്ച താമാറിനെ ഉത്തമയായി ചിത്രീകരിക്കുന്നതും, കിരീടമായി ത്യാഗത്തിന്റെ അടയാളമായ ക്രൂശിനെ വാഴ്ത്തി അണിയിക്കുമ്പോൾ തന്നെ ഭൗതിക സമ്പത്തുകൾ ധാരാളമായി ഉണ്ടാകട്ടെ എന്ന് ആശീർവദിക്കുന്നതിലുള്ള വൈരുദ്ധ്യവും ഒക്കെ അതേപടി നിലനിർത്തണമോ എന്നൊക്കെ സഭയിലെ വേദശാസ്ത്ര പണ്ഡിതന്മാർ ചിന്തിക്കേണ്ട വിഷയങ്ങളാണ്. സ്വാർത്ഥമായി കുടുംബബന്ധങ്ങൾ കെട്ടിപ്പടുക്കുന്ന സമൂഹത്തിൽ, സഭയോടും, സമൂഹത്തോടും വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളോടുമുള്ള കടപ്പാടുകളെപ്പറ്റിയുമൊക്കെ ദമ്പതികളെ കൂടുതൽ പ്രബോധിപ്പിക്കേണ്ട ആവശ്യം ഇന്നില്ലേ? ഈ വക ചിന്തകൾ ചുമതലപ്പെട്ടവരുടെ പരിഗണനക്കായി വിട്ടുകൊടുക്കാം.

### ചോദ്യങ്ങൾ

1. 'പുരുഷ മേധാവിത്വമാണ് കുടുംബബന്ധങ്ങളിൽ അഭികാമ്യമായി പൗലൂസ് ശ്ലീഹാ കണ്ടിരുന്നത?' നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക?

2. കുടുംബത്തെപ്പറ്റിയുള്ള കത്തോലിക്കാസഭയുടെ ഉപദേശം ചുരുക്കമായി വിവരിക്കുക?

3. കുടുംബത്തെപ്പറ്റിയുള്ള ഓർത്തഡോക്സ് സഭയുടെ വീക്ഷണം എന്താണെന്ന് വ്യക്തമാക്കുക?

## യൂണിറ്റ് 2

# കുടുംബം: പ്രായോഗിക സാമൂഹ്യ ജീവിതത്തിൽ

## പാഠം 1

## കൂട്ടുകുടുംബത്തിൽ നിന്ന് ഏക (Nuclear) കുടുംബത്തിലേക്കുള്ള മാറ്റം

❑ ആദിമ കാലഘട്ടം ❑ കൂട്ടുകുടുംബം ❑ അതിന്റെ നന്മകളും തിന്മകളും ❑ ന്യൂക്ലിയർ ഫാമിലി ❑ അതിന്റെ ഗുണദോഷങ്ങൾ

കുടുംബത്തിന്റെ പഴയ പുതിയ നിയമങ്ങളുടെയും വേദശാസ്ത്രപരമായ പശ്ചാത്തലമാണ് നാം പഠനവിഷയമാക്കിയത്. എന്നാൽ സൂഷ്മ പരിശോധനയിൽ ഈ കേവല സത്യങ്ങളിലല്ല നമ്മുടെ കുടുംബബന്ധങ്ങളൊക്കെയും പടുത്തുയർത്തിയിരിക്കുന്നത് എന്ന് കാണാവുന്നതാണ്. കാലാകാലങ്ങളിൽ നിലവിലുള്ള സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക ചുറ്റുപാടുകൾ കുടുംബബന്ധങ്ങളെ വ്യക്തമായി സ്വാധീനിച്ചിട്ടുണ്ട്. ചിലപ്പോൾ വിശ്വാസത്തേക്കാൾ ഉപരിയായി കുടുംബബന്ധങ്ങളെ നിയന്ത്രിച്ചുപോന്നിട്ടുള്ളത് ഈ വക യാഥാർത്ഥ്യങ്ങളല്ലേ എന്നും ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് ഈ യൂണിറ്റിന് 'കുടുംബം: പ്രായോഗിക സാമൂഹ്യ ജീവിതത്തിൽ' എന്നു തന്നെ തലക്കെട്ടു കൊടുത്തിട്ടുള്ളത്. ഇവിടെ നിലനിന്നിരുന്നതും ഇപ്പോൾ നിലനിൽക്കുന്നതുമായ കുടുംബബന്ധങ്ങളുടെ ഒരു യഥാർത്ഥ ചിത്രം എന്താണെന്നു നമുക്ക് പരിശോധിക്കാം.

### 1 ആദിമ കാലഘട്ടം

ക്രിസ്തീയ സഭയുടെ ഭാരതത്തിലെ ചരിത്രം 1-ാം നൂറ്റാണ്ടിൽ തന്നെ ആരംഭിക്കുന്നുണ്ടല്ലോ. അന്നു മുതൽ കുറേയേറെ നൂറ്റാണ്ടുകളോളം ഉള്ള സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസങ്ങളേയും ആചാരങ്ങളേയും കുറിച്ച് അറിയാൻ ആധികാരിക രേഖകളൊന്നുമില്ല. അക്കാലത്തെ സാമൂഹിക ജീവിതത്തോടു സമാനമായ ഒരു ജീവിതശൈലി അവരും സ്വീകരിച്ചിരിക്കണം. മതത്തിന് ഒരു സംഘടിതമായ രൂപവും ഭാവവും കൈവന്നിട്ടില്ലാത്തതിനാൽ വിവാഹമൊക്കെ ഒരു പക്ഷേ വീടുകളിൽ വെച്ചായിരിക്കാം നടന്നിട്ടുള്ളത്. ക്രൈസ്തവേതരരുമായിട്ടുള്ള വിവാഹവും ഉറ്റ ബന്ധുക്കൾ തമ്മിലുള്ള വിവാഹവും (ഉദാ: മുറപ്പെണ്ണ്) തീർച്ചയായും

പ്രോത്സാഹിക്കപ്പെട്ടിരുന്നില്ല എന്നു വേണം വിചാരിക്കാൻ. ശൈശവ വിവാഹങ്ങൾ നടന്നിരിക്കാൻ വഴിയുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒടുവിലും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോലും അവയൊക്കെ നടന്നിട്ടുണ്ടല്ലോ. പിൽക്കാലത്ത് വ്യവസ്ഥാപിതമായിത്തീർന്ന സ്ത്രീധന സമ്പ്രദായത്തിന്റെ സ്ഥാനത്ത് അന്നത്തെ രീതിയനുസരിച്ചുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നിരിക്കണം. തങ്ങൾ ഉൾപ്പെട്ട സാംസ്ക്കാരിക പശ്ചാത്തലത്തോട് ഇഴുകിച്ചേർന്ന ഒരു സമൂഹമെന്ന നിലയിൽ, വിശ്വാസത്തോടു ബന്ധപ്പെട്ടു ചുരുക്കം കാര്യങ്ങളിലൊഴിച്ച്, മറ്റെല്ലാ രംഗങ്ങളിലും ഇവിടുത്തെ ആചാരാനുഷ്ഠാനങ്ങളുമായി ചേർന്നിരിക്കാൻ വഴിയുണ്ട്.

## 2. ഇടക്കാല ചരിത്രം (JOINT FAMILY)

### കൂട്ടുകുടുംബം

കുടുംബബന്ധങ്ങളിൽ വ്യക്തമായി വികാസം പ്രാപിച്ച് ഇവിടെ നിലനിന്നിരുന്ന ഒന്നാണ് കൂട്ടുകുടുംബ വ്യവസ്ഥിതി. ഇപ്പോൾ അതിൽ നിന്നു മാറി ന്യൂക്ലിയർ ഫാമിലി (Nuclear Family) എന്ന സംവിധാനം സാമൂഹിക അംഗീകാരം നേടി നിലവിൽ വന്നു കഴിഞ്ഞു. കൂട്ടു കുടുംബത്തിൽ പിതാവും മാതാവും അവരുടെ ആൺമക്കളും അവരുടെ ഭാര്യമാരും അവരുടെ മക്കളും ഒരുമിച്ചു താമസിച്ചു വന്നു. ഈ കൂട്ടുകുടുംബ വ്യവസ്ഥിതി, ഇവിടെ നിലനിന്നിരുന്ന സാംസ്ക്കാരികമായ നിലപാടിനോട് ചേർന്നു പോയ ഒന്നായിരുന്നെങ്കിലും ഹൈന്ദവരുടേതു പോലുള്ള മരുമക്കത്തായ സമ്പ്രദായം ക്രിസ്തീയ കുടുംബങ്ങളിൽ ഉണ്ടായി വന്നില്ല. എന്തുകൊണ്ട് അങ്ങനെ വന്നില്ല എന്നത് പ്രത്യേകം പഠനവിഷയമാക്കേണ്ടതാണ്.

### ഇതിന്റെ പ്രത്യേകതകൾ

കുടുംബത്തിലെ പ്രായമുള്ള പിതാവ് എല്ലാ കാര്യങ്ങളും നിയന്ത്രിച്ചു വന്നിരുന്നു. മൂപ്പുമുറയനുസരിച്ചു ആൺമക്കൾക്കായിരുന്നു പിന്നീടുള്ള സ്ഥാനം. ഒരു കുടുംബത്തിൽ തന്നെ അംഗങ്ങൾ അനവധി ഉണ്ടായിരുന്നതിനാൽ ആരുടേയും കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്താൻ കഴിഞ്ഞിരുന്നില്ല. ഭാര്യാ – ഭർത്താക്കന്മാർ തമ്മിലും വേണ്ടത്ര നിലയിൽ അടുക്കുവാനും സ്വകാര്യജീവിതം ആസ്വദിക്കുവാനും സാധ്യമായിരുന്നില്ല. സ്ത്രീകൾ വീട്ടിലെ ചുമതലകളും കുഞ്ഞുങ്ങളെ വളർത്തുക എന്നതിലുമായി ഒതുങ്ങി കഴിയേണ്ടി വന്നു. പുരുഷമേധാവിത്വം തന്നെയായിരുന്നു കൂട്ടുകുടുംബങ്ങളിൽ നിലനിന്നിരുന്നത് എന്ന് നിസ്സംശയം പറയാം. വിവാഹകാര്യങ്ങൾ വീട്ടിലെ പ്രായമുള്ളവർ തന്നെ ആലോചിച്ച് ഉറപ്പിക്കുക എന്ന പാരമ്പര്യമാണുണ്ടായിരുന്നത്. വിവാഹം കഴിക്കാൻ പോകുന്ന പുരുഷനോ സ്ത്രീയ്ക്കോ പങ്കാളിയെ തിരഞ്ഞെടുക്കുന്നതിൽ അഭിപ്രായ

സ്വാതന്ത്ര്യം ഒന്നുമുണ്ടായിരുന്നില്ല. അതിനാൽ പല കാര്യങ്ങളിലും ഈ ദമ്പതികൾ അജ്ഞരായിരുന്നു. മിക്കപ്പോഴും ബന്ധം ബന്ധനങ്ങളായി തീരുന്ന സാഹചര്യത്തിൽ, വിവാഹമോചനം എന്ന സംഗതി ഉണ്ടാകാനേ വഴിയില്ലായിരുന്നു (വിവാഹമോചനം ഇല്ലായിരുന്നു എന്നു കരുതി സൗഭാഗ്യ ദാമ്പത്യ ജീവിതമാണു നമ്മുടെ പൂർവ്വികർ നയിച്ചത് എന്ന് ധരിച്ചു പോകരുത്). കുടുംബത്തിന്റെ നിലയും വിലയും അനുസരിച്ചു പെൺകുട്ടികൾക്കു സ്ത്രീധനം കൊടുത്തു വന്നിരുന്നു. അതുപോലെ ആൺകുട്ടികൾക്ക് ഇങ്ങോട്ടു കിട്ടുന്നതിലും ശാഠ്യം പിടിച്ചിരുന്നു (ഈ വക കാര്യങ്ങളൊക്കെ പൂർവ്വാധികം ശക്തിയോടെ ഇന്നും നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാണ്). സ്ത്രീധന സമ്പ്രദായം മൂലം സാമ്പത്തിക ഞെരുക്കമുള്ള കുടുംബങ്ങൾക്ക് പെൺമക്കളെ കെട്ടിച്ചയക്കുക എന്നത് എപ്പോഴും ഒരു ഭാരമായിരുന്നു. അതിനാൽ സ്വാഭാവികമായി പെൺമക്കളേക്കാൾ അധികമായി ആൺമക്കളുണ്ടാകാൻ പൊതുവേ ആഗ്രഹിച്ചു. അമ്മായിഅമ്മ മരുമക്കൾ വഴക്കുകളും നാത്തൂൻ (in-laws) പോരുകളും കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തീരാശാപമായിരുന്നു. കുടുംബങ്ങളുടെ വിദ്യാഭ്യാസവും സാംസ്ക്കാരികവുമായ അഭിവൃദ്ധിക്കനുസരിച്ച് ഇവയ്ക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെങ്കിലും, ക്രിസ്തീയ സ്നേഹം അതേപടി പ്രാവർത്തികമാക്കിയതിന്റെ അനുഭവങ്ങൾ വിരളമായേ ചൂണ്ടിക്കാട്ടുവാനുള്ളു.

മക്കളെ ദൈവഭയത്തിൽ വളർത്തണമെന്നുള്ള ചിന്ത പൊതുവെ മാതാപിതാക്കൾക്കുണ്ടായിരുന്നു എന്നു പറയാം. എന്നാൽ ദൈവഭയവും, പ്രാർത്ഥനാജീവിതവുമൊക്കെ കുടുംബത്തിന്റെ ഭൗതികമായ ഐശ്വര്യത്തിനും ശ്രേയസിനുമുള്ള മുഖാന്തിരങ്ങളെന്ന നിലയിൽ വീക്ഷിക്കാനേ കഴിഞ്ഞിട്ടുള്ളു. ആർക്കും ഒരു ദോഷവും ചെയ്യരുത് എന്ന കാര്യത്തിൽ നിർബന്ധം കാണിച്ചിട്ടുള്ളവരുണ്ടാകാമെങ്കിലും എല്ലാവർക്കും നന്മ ചെയ്തു സുകൃതജീവിതം നയിക്കണം എന്ന പ്രബോധനങ്ങൾ ഇളംതലമുറയ്ക്ക് നൽകിയിരുന്നെന്നു പറഞ്ഞുകൂടാ. ഒറ്റപ്പെട്ട ചില അനുഭവങ്ങൾ ഉണ്ടായിട്ടുള്ളവരും ഇല്ലെന്ന് ഈ പറഞ്ഞതിനർത്ഥമില്ല. സങ്കുചിതമായ ഒരർത്ഥത്തിൽ ആദ്ധ്യാത്മികത വളർത്തിയിട്ടുള്ളതല്ലാതെ, ക്രിസ്തുവിന്റെ രക്ഷാസുവിശേഷത്തിന്റെ വ്യാപ്തി എല്ലാ നിലയിലും ഉൾക്കൊണ്ട് സമൂഹത്തോടുള്ള കടപ്പാടുകൾ നിർവഹിക്കുവാൻ വ്യക്തിയെ സജ്ജമാക്കുന്ന ഒരു ആത്മീകത വളർത്തിയെടുത്തിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതൊക്കെയാണെങ്കിലും കൂട്ടുകുടുംബ വ്യവസ്ഥിതിക്ക് ചില നന്മകളും ഉണ്ടായിരുന്നു.

## 3. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ നല്ല വശങ്ങൾ

1. കുടുംബത്തിലെ വാർദ്ധക്യത്തിലെത്തിയവർക്കും പ്രായമായവർക്കും കൂടുതൽ ശ്രദ്ധ നൽകിയിരുന്നു.

2. കുടുംബസ്വത്ത് ഒരുമിച്ചു കിടന്നതിന്റെ പ്രയോജനം എല്ലാവർക്കും ഉണ്ടായിരുന്നു.

3. വ്യക്തിയുടെ വിഷമഘട്ടങ്ങളിലെല്ലാം അവനെ സഹായിക്കുവാനും താങ്ങുവാനും മറ്റുള്ളവർ ഉണ്ടായിരുന്നു.

4. വലിയ കുടുംബത്തിൽ സംഘർഷങ്ങൾ സാധാരണയായിരുന്നതു കൊണ്ട് അതുൾക്കൊണ്ടുകൊണ്ട് ജീവിക്കാനുള്ള പരിശീലനം ലഭിച്ചു.

5. വിവാഹബന്ധം ആയുഷ്ക്കാലം മുഴുവനും നിലനിൽക്കുന്ന ഒന്നായിരുന്നു.

6. പരിമിതമായ അർത്ഥത്തിലെങ്കിലും ദൈവാശ്രയബോധം എല്ലാ കുടുംബങ്ങളിലും നിലനിന്നിരുന്നു.

## 4. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ ദോഷങ്ങൾ

1. കുഞ്ഞുങ്ങൾ പലപ്പോഴും അവഗണിക്കപ്പെട്ടിരുന്നു. അവരുടെ വ്യക്തിത്വം സ്വതന്ത്രമായി വളരുന്നതിനുള്ള സാഹചര്യങ്ങൾ പരിമിതമായിരുന്നു.

2. സ്ത്രീകൾ പലവിധത്തിലുള്ള പരാധീനതകൾ സഹിക്കേണ്ടി വന്നു. ഭാര്യാ - ഭർത്തൃ ബന്ധത്തിൽപോലും ഒരു സ്വകാര്യത പുലർത്തുവാൻ തന്നെ വിഷമമായിരുന്നു.

3. പങ്കാളിയെ തെരഞ്ഞെടുക്കുന്നതിൽ ഒട്ടും സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. പലപ്പോഴും ബന്ധങ്ങൾ അടിച്ചേൽപ്പിച്ചിട്ടുണ്ട്.

4. കുടുംബാംഗങ്ങൾ തമ്മിൽ ആശയപരമായും അഭിപ്രായത്തിലും എപ്പോഴും സംഘർഷം ഉണ്ടാകുമായിരുന്നു (അമ്മായിഅമ്മ - മരുമക്കൾ തമ്മിലും, നാത്തൂന്മാർ തമ്മിലും).

5. എല്ലാ തലങ്ങളിലും പുരുഷമേധാവിത്വം പ്രകടമായിരുന്നു. ഭാര്യമാരെ അടിക്കാനും ഇടിക്കാനും കൂടി ഭർത്താവിന് അവകാശമുണ്ടെന്ന വിധത്തിൽ പലരും പെരുമാറിയിട്ടുണ്ട്.

കൂട്ടുകുടുംബ വ്യവസ്ഥിതിക്ക് വളരെയേറെ മാറ്റം വന്നിട്ടുണ്ട്. ഈ വ്യവസ്ഥിതിയുടെ തിന്മകളെ ഇല്ലായ്മ ചെയ്യുവാനുള്ള ശ്രമം കൊണ്ടല്ല ഈ മാറ്റം സംഭവിച്ചിരിക്കുന്നത്. പ്രധാനമായും സാമ്പത്തികമായ ഘടനകൾ

ക്കുണ്ടായ (Economic Structure) മാറ്റമാണ് കുടുംബ സംവിധാനത്തെയും സ്വാധീനിച്ചിരിക്കുന്നത്.

കാർഷിക പ്രധാനമായിരുന്ന സാമൂഹ്യജീവിതം വ്യാവസായികമായ മുന്നേറ്റത്തിനു വഴിമാറി. വ്യവസായങ്ങൾ സ്ഥാപിതമായിരിക്കുന്ന കേന്ദ്ര ങ്ങളിലേക്കു ആദ്യം ഒറ്റക്കും പിന്നീട് കുടുംബമായും കയറിപാർക്കാൻ തുടങ്ങി. പിതാവും മാതാവും കുഞ്ഞുങ്ങളും മാത്രമടങ്ങുന്ന ന്യൂക്ലിയർ ഫാമിലിയുടെ ആവിർഭാവം ഇങ്ങനെയാണുണ്ടായത്. പഴയ വ്യവസ്ഥി തിയിൽ നിന്നും വ്യത്യസ്തമായി ഈ വ്യവസ്ഥിതി പ്രധാനം ചെയ്ത ചില സുഖസൗകര്യങ്ങൾ, നാട്ടിൻപുറത്തു താമസിക്കുന്നവരിൽ പോലും, പ്രായമായ മാതാപിതാക്കളിൽ നിന്നു മാറി വേറിട്ടു താമസിക്കുന്നതിനു പ്രേരണ നൽകി. അങ്ങനെ ചിലപ്പോൾ ആവശ്യം കൊണ്ടും മറ്റു ചില സന്ദർഭങ്ങളിൽ സ്വന്തമായ താല്പര്യങ്ങൾ കൂടുതൽ പരിരക്ഷിക്കുന്നതിനു വേണ്ടിയും മാതൃകുടുംബത്തിൽ നിന്ന് വേറിട്ടുപോകാൻ തീരുമാനിച്ചി ട്ടുണ്ട്. എന്തു തന്നെയായാലും ഈ മാറ്റംമറിച്ചിലുകളെ നിയന്ത്രിച്ചിട്ടുള്ളത് ക്രിസ്തീയ മൂല്യങ്ങളോ, വിശ്വാസപ്രമാണങ്ങളോ ഒന്നും തന്നെയല്ല. പിന്നെയോ മാറിവരുന്ന, സാമൂഹ്യ, സാംസ്ക്കാരിക, സാമ്പത്തിക പശ്ചാ ത്തലങ്ങൾ ഒന്നു മാത്രമാണ്. സമൂഹത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് കുടുംബ സംവിധാനങ്ങൾക്ക് മാറ്റം വരാതിരിക്കുക അസാദ്ധ്യം. എന്നാൽ 'ക്രിസ്തീയ കുടുംബം' എന്നു നാം വിവക്ഷിക്കുന്നതിലെ ക്രിസ്തീയത്വ ത്തിന് എന്തെങ്കിലും സ്ഥാനം കണ്ടെത്തേണ്ടതല്ലേ? അതോ സമൂഹ ത്തിന്റെ ഗതിയനുസരിച്ച് മാറ്റിമാറിക്കാവുന്ന മൂല്യങ്ങളാണോ 'ക്രിസ്തീ യത'യിൽ നാം ഉൾപ്പെടുത്തിയിരിക്കുന്നത്? ഇതേപ്പറ്റി വഴിയെ ചിന്തിക്കാം.

## 5. ന്യൂക്ലിയർ ഫാമിലിയുടെ (ഏകകുടുംബം) നന്മകൾ

1. ഭാര്യാ – ഭർത്തൃബന്ധം കൂടുതൽ ദൃഢതരമാവുകയും, അവരുടെ സ്വകാര്യജീവിതം കൂടുതൽ ആസ്വാദ്യകരമാവുകയും ചെയ്തു.

2. കുട്ടികളുടെ വ്യക്തിത്വം കൂടുതൽ അംഗീകരിക്കപ്പെടുകയും, അവ രുടെ വളർച്ചയിൽ കൂടുതൽ ശ്രദ്ധ മാതാപിതാക്കൾക്കുണ്ടാവുകയും ചെയ്യുന്നു.

3. സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കാൻ ഇത് ഇടയാക്കിയി ട്ടുണ്ട്. കുഞ്ഞുങ്ങളെ വളർത്തുന്നതും, വീട്ടുകാര്യങ്ങൾ നോക്കുന്നതും മാത്രമല്ല, പുരുഷനോടൊപ്പം ധനസമ്പാദനത്തിന് തങ്ങൾക്കും പ്രാപ്തി യുണ്ടെന്ന് തെളിയിക്കപ്പെട്ടു.

4. പങ്കാളിയെ തെരഞ്ഞെടുക്കുന്നതിൽ യുവതീ യുവാക്കൾക്ക് കൂടു തൽ അഭിപ്രായ സ്വാതന്ത്ര്യം ഉണ്ടായി.

5. അമ്മായിഅമ്മ, നാത്തൂന്മാരുമായി ഒരുമിച്ചു പാർക്കേണ്ടതില്ലാത്ത തിനാൽ ആ വഴിക്കുള്ള സംഘർഷങ്ങൾക്ക് ഒരു വിരാമമുണ്ടായി.

എന്നാൽ ഈ വ്യവസ്ഥിതിക്ക് അതിന്റേതായ ദോഷങ്ങളുമുണ്ട്.

1. പ്രായമായവർ വളരെയധികം അവഗണിക്കപ്പെട്ടു. അവരെ വാർദ്ധ ക്യത്തിൽ ശുശ്രൂഷിക്കുവാനും പരിചരിക്കുവാനും ആരുമില്ലെന്നു വന്നു.

2. സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന താഴേക്കിടയിലുള്ളവർക്ക് സ്വന്തമായി ഒരു സ്ഥലവും വീടും മറ്റു സൗകര്യങ്ങളും ഒരുക്കുക എന്നത് വളരെ ദുഷ്ക്കരമായി.

3. ഏറ്റം വലിയ ആഘാതമുണ്ടായത് കുടുംബാംഗങ്ങൾ തമ്മിലുണ്ടാ യിരുന്ന അടുപ്പത്തിനാണ്. 'സ്വാർത്ഥത' സമൂഹം അംഗീകരിക്കുന്ന ഒരു നന്മയായി തന്നെ വളർന്നു വന്നു. കുട്ടികളുടെ വ്യക്തിത്വ വളർച്ചയിൽ ഇത് പ്രത്യേകം ദൃശ്യമാണ്.

4. മുകളിൽ പറഞ്ഞതിന്റെ പരിണിതഫലം, ജീവിതത്തിന്റെ വൈഷമ്യ ങ്ങളിലും, അപ്രതീക്ഷിതമായിട്ടുണ്ടാകുന്ന വേദനകളുടെ സന്ദർഭങ്ങളിലും അവ പങ്കിടുവാൻ ഉറ്റവരെ ആരേയും ലഭിക്കാതെ വന്നു എന്നതാണ്. സ്വാർത്ഥമായ സ്വകാര്യജീവിതത്തിന് അതിൽ തന്നെ ഒരു ആസ്വാദ്യത ഉണ്ടെങ്കിലും, ആപൽഘട്ടങ്ങളിൽ മറ്റാരും തുണയ്ക്കില്ലാത്തത് വളരെയ ധികം വേദനാജനകവുമാണ്.

5. വല്യപ്പന്മാരും, കൊച്ചുമക്കളും ഒരുമിച്ചു താമസിക്കായ്ക മൂലം, തല മുറകൾ തമ്മിലുള്ള വിടവ് നിയന്ത്രണാതീതമായി തീർന്നു. പഴമയുടെ നല്ല മൂല്യങ്ങൾ പോലും ഉൾക്കൊള്ളാനാവാത്ത ഒരു പുതിയ സംസ്ക്കാ രത്തിന് അത് അടിസ്ഥാനമിട്ടു (അതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് വരും കാലങ്ങളിൽ നാം അറിയാനിരിക്കുന്നതേയുള്ളു).

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് ഏക കുടുംബ സംവിധാനത്തി ലേക്ക് മാറിയപ്പോൾ പഴയ ചില അടിസ്ഥാനങ്ങൾ ദുർബലമായി തീർന്നി ട്ടുണ്ട്. പ്രേമവിവാഹങ്ങൾ അധികമായിട്ടല്ലെങ്കിലും നടന്നുവരുന്നുണ്ട്. എന്നിരുന്നാലും സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ സ്ത്രീധനമെന്ന സമ്പ്രദായം ശക്തിപ്പെട്ടു തന്നെ വരികയാണ്. സ്ത്രീധനമെന്നതു മാറ്റി സ്ത്രീക്ക് അപ്പന്റെ സ്വത്തിൽ തുല്യ അവകാശം നൽകി സുപ്രീംകോടതി വിധിച്ചിട്ടുള്ളതിന്റെ പ്രത്യാഘാതങ്ങൾ ഏതു വിധത്തിലൊക്കെയാണെന്ന് ഇനിയും സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. സ്വത്തുള്ള വരെ സംബന്ധിച്ചിടത്തോളം പെൺമക്കൾക്കു കൂടുതൽ കൊടുക്കണമെന്ന് (തുല്യവീതം കൊടുക്കുക) ആവശ്യപ്പെടുവാൻ ആൺക്കൂട്ടർക്കു വഴി നൽകുന്നു. സ്വത്തില്ലാത്ത പാവപ്പെട്ടവർക്ക് ഈ വിധി മൂലം യാതൊരു

ഗുണവും ഉണ്ടാകുന്നില്ല എന്നു മാത്രമല്ല അവരുടെ ജീവിതം കൂടുതൽ ദുഷ്ക്കരമാവുകയും ചെയ്തിരിക്കയാണ്. സ്ത്രീ – പുരുഷ സമത്വം എന്ന പ്രമാണം അംഗീകരിക്കുവാൻ തത്വത്തിൽ ഈ വിധി സഹായിക്കുന്നു എന്ന് നിസ്സംശയം പറയാം. എന്നാൽ 'സ്ത്രീധന സമ്പ്രദായം' എന്നും വൈഷമ്യമുണ്ടാക്കിയിട്ടുള്ള, താഴേക്കിടയിലുള്ളവരുടെ പ്രശ്നങ്ങൾ ഇപ്പോഴും പരിഹാരം കണ്ടെത്താതെ തന്നെ നിൽക്കുകയാണ്.

## ഉപസംഹാരം

കുടുംബം എന്ന സംവിധാനത്തെ സ്വാധീനം ചെയ്തുകൊണ്ടിരിക്കുന്ന സാമൂഹിക ഉപാധികളെക്കുറിച്ചുള്ള ഏകദേശരൂപമാണ് മുകളിൽ വരച്ചു കാട്ടിയത്. ക്രിസ്തീയ വിശ്വാസവും, ധാർമ്മിക മൂല്യങ്ങളുമൊക്കെ ഉപരി തലത്തിൽ മാത്രം സ്പർശിക്കുന്ന കാര്യങ്ങളായിട്ടേ നിലകൊണ്ടിട്ടുള്ളു എന്നു പറഞ്ഞാൽ അഭിപ്രായ വ്യത്യാസമുണ്ടാവാം. ഏതായാലും സമൂ ഹത്തിന്റെ ഈ ഗതിവിഗതികൾക്കിടയിൽ ക്രിസ്തീയ മൂല്യങ്ങൾ ഏതെല്ലാം വിധത്തിൽ ഉയർത്തിപ്പിടിക്കണം എന്നാണ് നമുക്ക് ചിന്തിക്കാ നുള്ളത്.

## ചോദ്യങ്ങൾ

1. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ ഗുണദോഷങ്ങൾ ചുരുക്കമായി വിവ രിക്കുക?
2. കൂട്ടുകുടുംബത്തിൽ നിന്ന് വ്യതിയാനമുണ്ടാകാനുള്ള കാരണങ്ങൾ കണ്ടെത്തുക?
3. ന്യൂക്ലിയർ ഫാമിലിയുടെ ഗുണദോഷങ്ങൾ എന്തെല്ലാമെന്നു വ്യക്ത മാക്കുക?

## പാഠം 2

# വിവാഹത്തിനുള്ള ഒരുക്കം അഥവാ പക്വമായ ആളത്വവികാസം

❑ പക്വതയുടെ ലക്ഷണങ്ങൾ ❑ സ്വയം ജീവിക്കാനുള്ള പ്രാപ്തി ❑ പ്രായത്തിനനുസരിച്ച് പെരുമാറാനുള്ള കഴിവ് ❑ സുഖദുഃഖങ്ങൾ സമചിത്തതയോടെ നേരിടുക ❑ ത്യാഗം സഹിക്കാനുള്ള സന്നദ്ധത ❑ എതിരഭിപ്രായത്തെ സഹിഷ്ണതയോടെ വീക്ഷിക്കുക ❑ വികാരങ്ങളെ നിയന്ത്രിക്കുക ❑ സ്വാശ്രയശീലം ❑ സമയം പണം ഇവ ചെലവഴിക്കുന്നതിലുള്ള ഉത്തരവാദിത്വബോധം

### പക്വതയുടെ ലക്ഷണങ്ങൾ

വിവാഹത്തിനുള്ള ഒരുക്കം എന്നു സൂചിപ്പിച്ചിരിക്കുന്നത് വളരെ പെട്ടെന്ന് സംഭവിക്കുന്ന ഒരു പ്രക്രിയ ആയി ആരും ചിന്തിച്ചു പോകരുത്. വ്യക്തിത്വത്തിന്റെ പക്വതയിലേക്കുള്ള വളർച്ചയാണ് വിവാഹത്തിന് ഒരുക്കമായി എന്നതിന്റെ നാന്ദിയായി പൊതുവേ അംഗീകരിക്കപ്പെട്ടു പോരുന്നത്. Maturity അഥവാ പക്വത എന്നാൽ എന്താണ്? പല വിവാഹബന്ധങ്ങളിലും അപസ്വരങ്ങൾ ഉണ്ടാകുന്നത് പങ്കാളികളിലെ അപക്വമായ പെരുമാറ്റരീതികൾ മൂലമാണെന്നു കാണാം. പക്വത എന്നത് ഒരു വാക്കിൽ നിർവചിക്കാതെ കൂടുതൽ വിശദാംശങ്ങൾ ഉൾക്കൊണ്ട് മനസിലാക്കാൻ ശ്രമിക്കാം.

പാകമായി എന്നു സസ്യ, ജന്തു ലോകത്തെപ്പറ്റി പരാമർശിച്ചാൽ അവിടെ പൊതുവായി ഒരർത്ഥമേ കാണാൻ വഴിയുള്ളു. ജന്തുക്കളെ സംബന്ധിച്ചിടത്തോളം സന്തതിയുല്പാദനത്തിനും സസ്യങ്ങളെ സംബന്ധിച്ച് വിത്തുകൾ, നടുന്നതിനും കൊള്ളാവുന്നതായിത്തീർന്നു എന്നുമാണ് അർത്ഥമാക്കുന്നത്. എന്നാൽ ഇതേ അർത്ഥത്തിൽ മനുഷ്യരെപ്പറ്റി പറയുവാൻ സാദ്ധ്യമല്ല. ആരോഗ്യമുള്ള യുവതീ - യുവാക്കൾ മിക്കവരും 15 വയസിനകം തന്നെ ഉല്പാദനക്ഷമതയുള്ളവരായി മാറുന്നു എന്നു കാണാം. എന്നാൽ അവരാരും തന്നെ പക്വമായി എന്നു പറയുവാൻ സാദ്ധ്യവുമല്ല. അതിനാൽ ഉല്പാദനക്ഷമതയുമായി ബന്ധപ്പെടുത്തി മാത്രം മനുഷ്യന്റെ പക്വതയെ വിലയിരുത്തുക സാദ്ധ്യമല്ല. കുടുംബജീവിതത്തിന് പാകമായി എന്നു സ്ഥാപിക്കുവാൻ താഴെ പറയുന്ന ഘടകങ്ങൾ പരിശോധനാ വിധേയമാക്കണം.

### 1. സ്വയം ജീവിക്കുവാനുള്ള പ്രാപ്തി

യുവതീയുവാക്കൾ ശരീരശാസ്ത്രപ്രകാരം ഉല്പാദനക്ഷമതയുള്ളവ

രായി എന്നതുകൊണ്ട് സ്വയം ജീവിക്കാനുള്ള പ്രാപ്തിയുള്ളവരായി തീരുന്നില്ല. മാതാപിതാക്കളെയോ കുടുംബത്തെയോ മാത്രം ആശ്രയിച്ചു ജീവിക്കാതെ സ്വന്തമായി വരുമാനമാർഗ്ഗം കണ്ടെത്താനും സ്വയംപര്യാപ്തതയിലെത്തുവാനും കഴിയണം. ഒരു നിശ്ചിത വരുമാനമെങ്കിലും ഉള്ളവരേ വിവാഹം കഴിക്കാവൂ എന്നു പറഞ്ഞ് ഒരു പരിധി നിശ്ചയിക്കാനാവുമെന്ന് ഇതു മൂലം ആരും വിചാരിക്കരുത്. പിന്നെയോ വരുമാനം കുറവുള്ളവർ തങ്ങളുടെ ആവശ്യങ്ങളെ അതിന്റെ പരിധിയിൽ ഒതുക്കിനിർത്തി സ്വയം പര്യാപ്തതയിൽ ജീവിക്കാമെന്നുള്ള പ്രാപ്തി നേടിയിരിക്കണം. അടുത്ത കാലം വരെയും കുടുംബത്തെ സംരക്ഷിക്കുക എന്ന ചുമതല പുരുഷനു മാത്രമുള്ള ഒന്നായി കരുതിയിരുന്നതിനാൽ, സ്ത്രീകൾക്ക് ഈ കാര്യത്തിൽ പക്വത നേടേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതിനു പകരം വീട്ടുജോലികൾ ചെയ്യുവാനും, ഭർത്താവിനെയും വീട്ടുകാരെയും ശുശ്രൂഷിക്കുവാനും ഉള്ള പരിശീലനമാണ് സ്ത്രീക്ക് സ്വയംപര്യാപ്തതയുടെ ഭാഗമായി സമൂഹം നിശ്ചയിച്ചിരുന്നത്. സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങളിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതിനാൽ സ്വയംപര്യാപ്തതയെപ്പറ്റി ഇനി മുതൽ രണ്ടു കൂട്ടരും ബോധവാന്മാരായേ മതിയാകൂ!

## 2. പ്രായത്തിനനുസരിച്ച് പെരുമാറാനുള്ള കഴിവ്

ഇതും പക്വതയാർന്ന വ്യക്തിത്വത്തിന്റെ ഒരു ലക്ഷണമാണ്. ഓരോ പ്രായത്തിനും അനുയോജ്യമായ പെരുമാറ്റരീതി ഇതാണ് എന്ന് വ്യക്തമായി അക്കമിട്ട് നിയമങ്ങൾ ഉണ്ടാക്കാൻ ആരാലും സാദ്ധ്യമല്ല. ഓരോ സമൂഹത്തിന്റെയും സാംസ്ക്കാരിക നിലവാരമാണ് അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. എന്നാലും പൊതുവായ ചില മാനദണ്ഡങ്ങൾ സംരക്ഷിക്കപ്പെടുന്നത് കുടുംബബന്ധങ്ങളിൽ വളരെ പ്രയോജനപ്പെടും. അണിഞ്ഞൊരുങ്ങുവാനും മറ്റുള്ളവരുടെ ആകർഷകകേന്ദ്രമാകുവാനും ഉള്ള യുവതീ യുവാക്കളുടെ ആഗ്രഹം ഒരു പരിധിവരെ മനസ്സിലാക്കാവുന്നതും അംഗീകരിക്കാവുന്നതുമാണ്. എന്നാൽ പ്രായമായാലും ഈ മനോഭാവം നിലനിർത്തിയുള്ള പെരുമാറ്റശീലങ്ങൾ പ്രകടിപ്പിച്ചാൽ അത് അപക്വമായ തന്റെ വ്യക്തിത്വഘടനയെ വെളിപ്പെടുത്തുകയായിരിക്കും. സിനിമയിലെ നിത്യഹരിത നായകനായ നസീറിനോട് ഏകീഭാവം പ്രകടിപ്പിച്ച് 'ഷൈൻ' ചെയ്തു നടന്ന ഒരു ചെറുപ്പക്കാരനെ നേരിട്ടറിയാം. കുടുംബജീവിതത്തിലേക്ക് കടന്ന് അധികനാൾ ചെല്ലുന്നതിനു മുൻപ് പ്രശ്നങ്ങൾ തലപൊക്കുകയായി. വിവാഹിതനായപ്പോൾ മറ്റുള്ളവരുടെ ആകർഷണവസ്തുവായിരിക്കുവാൻ മുൻപത്തെപ്പോലെ സാധിക്കാത്ത ഈയാൾ ഭാര്യയുടെയും കുടുംബാംഗങ്ങളുടെയും മുൻപാകെ 'ഷൈൻ' ചെയ്യാൻ തുടങ്ങി. ഇത് ഭാര്യയുടെയും കുടുംബാംഗങ്ങളുടെയും അപ്രീതി കൂടുതൽ ക്ഷണിച്ചു വരുത്താനേ ഇടവരുത്തിയുള്ളു. അസംതൃപ്തി പൂണ്ട

ചെറുപ്പക്കാരനായ ഭർത്താവ് പല കാര്യങ്ങളിലും നീരസം പ്രകടിപ്പിച്ച് വഴക്കുണ്ടാക്കാൻ തുടങ്ങി. ഒടുവിൽ യാദൃശ്ചികമായി തുടങ്ങിയ സംഭാഷണം ഒരു കൗൺസലിംഗായി രൂപാന്തരപ്പെടുകയും, ചെറുപ്പക്കാരൻ തന്നിലുള്ള വൈകാരികമായ അപക്വത മനസിലാക്കി മാറ്റങ്ങൾ വരുത്തുവാൻ തയ്യാറാവുകയും ചെയ്തതിനാൽ കൂടുതൽ പ്രശ്നങ്ങളിലേക്ക് കടക്കാതിരിക്കാൻ സാധിച്ചു. പ്രായത്തിനനുസരിച്ച്, പെരുമാറ്റശൈലികൾ രൂപപ്പെടുത്തുവാൻ കഴിയുന്നത് പക്വമായ വളർച്ചയുടെ ലക്ഷണമാണ്.

### 3. സുഖദുഃഖങ്ങൾ സമചിത്തതയോടെ നേരിടുവാനുള്ള കഴിവ്

കുടുംബജീവിതത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ് ജീവിതത്തോടുള്ള പക്വമായ ഈ സമീപനം. സുഖദുഃഖങ്ങളിൽ ഏറ്റക്കുറച്ചിലുകൾ കണ്ടെത്താൻ കഴിഞ്ഞാൽ പോലും ഇതു രണ്ടും ഇടകലരാത്ത ജീവിതമില്ല തന്നെ. ആഹ്ലാദനിമിഷങ്ങളിൽ നിലവിട്ട് ഇളകിപ്പോകുന്നതും ദുഃഖത്തിന്റെ സന്ദർഭങ്ങളിൽ അധികമായ നിരാശയിലേക്കു വീണുപോകുന്നതും പക്വതയാർന്ന വ്യക്തിത്വത്തിന്റെ ലക്ഷണമല്ല. ജീവിതത്തിൽ എപ്പോഴും വിജയവും, സന്തോഷവും മാത്രം പ്രതീക്ഷിക്കുന്നവർക്ക് ദുഃഖത്തെ നേരിടാൻ അതീവ വൈഷമ്യമായിരിക്കും. അടിയുറച്ച ദൈവാശ്രയബോധവും, സുഖത്തിലും ദുഃഖത്തിലും ഒരുപോലെ നമ്മെ കരുതുന്ന സ്നേഹവാനായ ദൈവത്തിലുള്ള അചഞ്ചല വിശ്വാസവും ജീവിതത്തോട് പക്വമായ ഈ സമീപനം വളർത്തിയെടുക്കുന്നതിന് സഹായമായിരിക്കും.

### 4. ഭാവിയിൽ ഉന്നതമായ ലക്ഷ്യങ്ങൾ നേടുവാൻ വേണ്ടി ഇപ്പോൾ കഷ്ടപ്പെടുവാനുള്ള സന്നദ്ധത

ഒരു വിദ്യാർത്ഥി തന്റെ പഠനകാലം രാഷ്ട്രീയത്തിലും കലാസാംസ്കാരികരംഗങ്ങളിലും കൂട്ടുകെട്ടിലുമൊക്കെ മുഴുകി ആസ്വദിച്ചു ചെലവഴിക്കുന്നു എന്നു വിചാരിക്കുക. പഠനം മൂലം നല്ല ഒരു ഭാവിയിൽ എത്തിച്ചേരാൻ അയാൾക്കു സാധിക്കുകയില്ല. എന്നാൽ വിദ്യാഭ്യാസകാലം പഠനത്തിലും വായനയിലും ഉറക്കമിളപ്പിലുമൊക്കെ കഷ്ടപ്പാടിന്റെ ദിനങ്ങളായി കഴിച്ചുകൂട്ടിയെങ്കിൽ, വിദ്യാഭ്യാസത്തിൽ വളരെ നല്ല ഒരു ഭാവി അങ്ങനെയുള്ളവർക്ക് പ്രതീക്ഷിക്കാനാവും. ഈ തത്ത്വം ജീവിതത്തിലുടനീളം സാംഗത്യമുള്ളതാണ്. പെട്ടെന്നുള്ള സന്തോഷാസ്വാദനങ്ങളിൽ വ്യക്തി പൂർണ്ണമായും ഇഴുകിച്ചേർന്നെങ്കിൽ നല്ല ഭാവി പ്രതീക്ഷിക്കുവാൻ സാദ്ധ്യമല്ല. പണസമ്പാദനത്തിനും, കുഞ്ഞുങ്ങളെ വളർത്തുന്നതിലുമൊക്കെ ദമ്പതികൾ പലവിധ കഷ്ടപ്പാടുകളിലൂടെ കടന്നുപോകേണ്ടതുണ്ട്. ശോഭനമായ ഭാവിക്കു വേണ്ടി, ഇന്ന് സന്മനസോടെ കഷ്ടപ്പെടുന്ന മനോഭാവം നേരത്തേ തന്നെ ആർജ്ജിച്ചിരിക്കണം. സ്വന്തം കുഞ്ഞുങ്ങൾക്കു വേണ്ടി കൂടിയും കഷ്ടപ്പെടാനാവാതെ, ഇപ്പോഴത്തെ സുഖം മാത്രം ലക്ഷ്യം വെച്ചു

ജീവിക്കുന്ന പാശ്ചാത്യ ദമ്പതികളുടെ രീതി നമുക്ക് ഒട്ടുമേ അനുകരണീയമല്ല.

## 5. എതിരഭിപ്രായമുള്ളവരെയും ആദരിക്കുവാനും, അവരുമായി ചേർന്നുപോകുവാനുമുള്ള കഴിവ്

ഇതും പക്വതയുടെ ഒരു പ്രധാനമായ ലക്ഷണമാണ്. മനുഷ്യൻ സാമൂഹ്യജീവിയാകയാൽ ഒരേ സമയം അനേകം വ്യക്തികളുമായി ചേർന്നുപോകേണ്ടി വരും. ചിലരുമായി അടുത്ത ബന്ധവും, മറ്റു ചിലരുമായി അകന്ന ബന്ധവും മതിയായിരിക്കും. അകന്ന ബന്ധം മാത്രം ആവശ്യമായിരിക്കുന്നവരുടെ ആളത്വം നമ്മിൽ ചലനമൊന്നുമുണ്ടാക്കേണ്ടി വരികയില്ല. എന്നാൽ, ഭാര്യാ – ഭർത്താക്കന്മാർ, മാതാപിതാക്കന്മാർ, കുഞ്ഞുങ്ങൾ, സഹോദരങ്ങൾ, സ്നേഹിതന്മാർ, സഹപ്രവർത്തകർ തുടങ്ങിയവരുമായുള്ള ബന്ധം ആർക്കും അവഗണിക്കാനാവുകയില്ലല്ലോ. നാം അടുത്ത് ഇടപെടേണ്ടിവരുന്നവരുടെ ചില പെരുമാറ്റ രീതികളോ, അഭിപ്രായങ്ങളോ, നമുക്ക് സ്വീകാര്യമായിരിക്കുകയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, നമ്മുടെ അഭിപ്രായങ്ങൾക്കനുസരിച്ച് മറ്റുള്ളവരെ മാറ്റിമറിക്കാൻ നിർബന്ധിക്കുകയോ, മറ്റുള്ളവരുമായി ചേർന്നുപോകുന്നതിനു സ്വാഭിപ്രായം ബലികഴിക്കുകയോ ചെയ്യണമെന്നില്ല. സ്വാഭിപ്രായം നിലനിർത്തിക്കൊണ്ടു തന്നെ മറ്റുള്ളവരെ ആദരിക്കുവാനും, അഭിപ്രായ വ്യത്യാസങ്ങളോടു കൂടിതന്നെ അവരെ അംഗീകരിക്കുവാനും നാം ശ്രമിക്കേണ്ടതുണ്ട്. എല്ലായ്പ്പോഴും ഭാര്യയുടെ അഭിപ്രായങ്ങളെ അതേപടി അംഗീകരിക്കാൻ ഭർത്താവിനോ, അതുപോലെ തിരിച്ചും, സാധിച്ചു എന്നിരിക്കയില്ല. അഭിപ്രായ വ്യത്യാസങ്ങളെ വ്യക്തിപരമായ അന്തസിന്റെയും, വാശിയുടെയും നിലയിൽ പരിഗണിക്കാതെ അന്യോന്യം അഭിപ്രായവ്യത്യാസങ്ങൾ ഉള്ളത് സമ്മതിച്ച് മുന്നോട്ടു പോകുന്നതായിരിക്കും നല്ലത്. Agree to disagree എന്ന നയമാണ് പക്വമായിട്ടുള്ളത്. ഒരാളിന്റെ വ്യക്തിത്വം മറ്റൊരാളിൽ അടിച്ചേൽപ്പിക്കാതെ അപരന്റെ വ്യക്തിത്വത്തിന്റെ തനിമയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ദമ്പതികളുടെ സൗഭാഗ്യ കുടുംബജീവിതത്തിന് വളരെ സഹായകമായ ഘടകമായിരിക്കും.

## 6. തെറ്റിനെ തെറ്റായി അംഗീകരിക്കാനുള്ള മാനസികവളർച്ച

തെറ്റു ചെയ്യുന്നത് മാനുഷികമായ ബലഹീനത എങ്കിൽ ആ തെറ്റിനെ സ്വയം സമ്മതിച്ച് തിരുത്താൻ തയ്യാറാവുന്നത് ദൈവീക സ്വഭാവമാകും. ഇതും ആളത്വ വികാസത്തിന്റെ ഏറ്റം പ്രധാനമായ മറ്റൊരു ലക്ഷണമാണ്. തെറ്റു പറ്റാത്തവരായി ആരും ഉണ്ടാവില്ല. എന്നാൽ അതിനെ മൂടിവെയ്ക്കുവാൻ ശ്രമിക്കുന്നതാണ് ഏറെ ഭയങ്കരം. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും, കുടുംബങ്ങളിൽ നിന്നും വന്നുചേരുന്ന ദമ്പതികൾ തമ്മിൽ

അന്യോന്യം തെറ്റുകൾ ചൂണ്ടിക്കാണിച്ച് കലഹിക്കുവാൻ വഴിയുണ്ട്. പ്രകടമായ തെറ്റുകളെ മൂടിവെക്കാൻ ഒരാൾ ശ്രമിക്കുകയും, പങ്കാളി അതിനേക്കാൾ വാശിയോടെ ആ തെറ്റിനെ അനാവരണം ചെയ്ത് നഗ്നമാക്കി പ്രദർശിപ്പിക്കുവാൻ വെമ്പൽ കൂട്ടുകയും ചെയ്താൽ അത് വലിയ അപസ്വരങ്ങൾക്കിടയാക്കും. നേരേമറിച്ച് കുറ്റങ്ങൾ വന്നുപോയവർ അത് പങ്കാളിയോട് വെളിപ്പെടുത്തി ഇനി ആവർത്തിക്കുകയില്ല എന്ന് സമ്മതിക്കുകയും ചെയ്താൽ, ദമ്പതികൾ തമ്മിലുള്ള സ്നേഹം ഒരു പടി കൂടി ആഴത്തിലേക്കു കടക്കും. ഈ നിയമം ഭാര്യക്കും - ഭർത്താവിനും ഒരുപോലെ ബാധകമായിരിക്കണം. പുരുഷന് ഒരു പടി കൂടി ഉയർന്ന സ്ഥാനം നൽകിയിരിക്കുന്ന നമ്മുടെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ ഈ നിയമം ഏകപക്ഷീയമായി വ്യാഖ്യാനിക്കുവാൻ ഇടയുണ്ട്. അതു ശരിയല്ല. തെറ്റ് ആരുടെ ഭാഗത്തു നിന്നുണ്ടായാലും തുറന്നു സമ്മതിക്കുന്ന വിശാലമായ മനസ് പക്വതയുടെ ഒരു ലക്ഷണമാണ്.

## 7. വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ്

അറിവും അനുഭവവും തമ്മിൽ ചേർന്ന് പോകുകയില്ല എന്ന് പറഞ്ഞതുപോലെ യുക്തിയും വികാരവും തമ്മിലും അനിവാര്യമായ ഒരന്തരം നിലനിൽക്കുന്നു എന്ന് സമ്മതിച്ചേ തീരൂ. എന്നിരുന്നാലും വികാരങ്ങളുടെ അടിമയായി പോകാതെ അതിനെ നിയന്ത്രിക്കാനുള്ള കഴിവ് പക്വതയിലേക്ക് വളർന്നിട്ടുള്ളവർ ആർജിച്ചിരിക്കണം. മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കാതെ എല്ലാറ്റിനും പെട്ടെന്ന് പ്രതികരിക്കുന്നവർ കുടുംബജീവിതത്തിൽ മാത്രമല്ല മറ്റു സാമൂഹ്യബന്ധങ്ങളിലും വലിയ കുഴപ്പങ്ങൾ ഉണ്ടാക്കും. ഒരുമിച്ചു കഴിയുന്നവർ തമ്മിൽ ഇങ്ങനെ കൂടെക്കൂടെ പൊട്ടിത്തെറിക്കാൻ ഇടവന്നാൽ ദാമ്പത്യബന്ധത്തിൽ അതുണ്ടാക്കുന്ന ഉലച്ചിൽ വളരെയധികമായിരിക്കും. വിദ്വേഷം, കോപം, ഭയം, പ്രതികാരചിന്ത, അസൂയ, അഹങ്കാരം തുടങ്ങിയ നിഷേധാത്മകങ്ങളായ എല്ലാ വികാരങ്ങളെയും നിയന്ത്രിക്കുകയും സംസ്ക്കരിച്ചെടുക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഭാര്യാ - ഭർത്തൃ ബന്ധത്തിൽ ലൈംഗികത മ്ലേഛമല്ലെങ്കിലും അവിടെയും സാമൂഹ്യവും, സാംസ്ക്കാരികവും, ആദ്ധ്യാത്മികവുമായ മൂല്യങ്ങൾക്കനുസരിച്ച് നിയന്ത്രണങ്ങൾ വരുത്തേണ്ടതാണ്.

## 8. തന്നിഷ്ടം പ്രവർത്തിക്കുന്നതിനും, അമിതാശ്രയത്തിനും മദ്ധ്യേയുള്ള പക്വമായ സ്വാശ്രയശീലം

എല്ലാറ്റിനും മാതാപിതാക്കളെ ആശ്രയിച്ചിരിക്കുന്ന അവസ്ഥയിൽ നിന്നും വ്യക്തി വളരുംതോറും വിടുതൽ പ്രാപിച്ച് സ്വാശ്രയശീലമുള്ളവനായിത്തീരുന്നു. എല്ലാറ്റിനേയും ധിക്കരിച്ച് തന്നിഷ്ടം മാത്രം പ്രവർത്തിക്കുന്ന ശൈലിയിലേക്കാണ് ഒരുവന്റെ ഈ വളർച്ച ചെന്നെത്തിയതെങ്കിൽ

അത് ആരോഗ്യകരമായ ഒന്നല്ല. സ്വതന്ത്രചിന്തയും പെരുമാറ്റവും അല്പം പോലും വളർത്തിയെടുക്കാതെ എല്ലാറ്റിനും മറ്റുള്ളവരെ ചാരിനിൽക്കുന്ന മനോഭാവം വളർത്തിയെടുക്കുന്ന പരാശ്രയജീവിക (Parasite) ളാവുന്നതും നല്ലതല്ല. ഭിക്ഷ കൊടുക്കുന്നതു പോലും ഭാര്യക്ക് ഭർത്താവിനോടോ അല്ലെങ്കിൽ ഭർത്താവ് ഭാര്യയോടോ ആലോചിക്കണമെന്ന് പറയുന്ന ആശ്രിത മനോഭാവം കുടുംബബന്ധങ്ങളിൽ ഏറെ സംഘർഷം ഉണ്ടാക്കും. ഭാര്യ, ഭർത്താവിനോ ഭർത്താവ്, ഭാര്യക്കോ അടിമകളായിത്തീരുന്നതിന്റെ മാനസിക പശ്ചാത്തലം ഉരുത്തിരിയുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്. ഒരുമിച്ചു ചർച്ച ചെയ്തു തീരുമാനിക്കേണ്ട കാര്യങ്ങൾ കൂട്ടായി, തീരുമാനിക്കാനും, വ്യക്തിപരമായി ചെയ്യേണ്ട കാര്യങ്ങൾക്കായി മറ്റാരുടെയും അനുവാദത്തിന് കാത്തുനിൽക്കാതെ ചെയ്തുതീർക്കുവാനും ദമ്പതികൾക്ക് സാധിക്കേണ്ടതാണ്. രണ്ടു പേരും പക്വമായ ഒരു വ്യക്തിത്വ വളർച്ചയിലെത്തിയെങ്കിലേ ഇതു സാദ്ധ്യമാവൂ. ഒരു പക്ഷേ ദമ്പതികളിലൊരാൾ ഈ അവസ്ഥയിലേക്കു വളർന്നിട്ടില്ലെങ്കിൽ, കാലക്രമേണ ഈ നിലവാരത്തിലേക്ക് വരുത്തുവാൻ പങ്കാളി പ്രത്യേകം ശ്രദ്ധിക്കണം.

### 9. സമയം, പണം ഇവ ചെലവഴിക്കുന്നതിനെക്കുറിച്ചുള്ള ഉത്തരവാദിത്തബോധം

5 മണിക്ക് ഓഫീസു വിട്ട് വീട്ടിൽ എത്തേണ്ട ഭർത്താവ്, ക്ലബ്ബിൽ കയറി ചീട്ടുകളിയും കഴിഞ്ഞ് വീട്ടിൽ എത്തുമ്പോൾ ഭാര്യയും കുഞ്ഞുങ്ങളും ഉറങ്ങിക്കഴിഞ്ഞിരുന്നു. 1-ാം തീയതി ഭർത്താവ് ഏൽപ്പിച്ച ശമ്പളം മുഴുവൻ മാസത്തിലെ ആദ്യത്തെ 10 ദിവസങ്ങൾ കൊണ്ട് ഭാര്യ ധൂർത്തടിച്ചു ചിലവഴിക്കുന്നു. ഈ തരത്തിലുള്ള ഒരു ഭർത്താവും ഭാര്യയും ഒരുമിച്ച് ജീവിക്കാൻ ഇടയായാൽ ഭൂമിയിൽ പറുദീസായ്ക്കു പകരം നരകം തന്നെ ദർശിക്കാനാണ് സാദ്ധ്യത. ഒരുവന്റെ സമയവും പണവും ഏതുവിധത്തിൽ ചിലവഴിക്കുന്നു എന്നുള്ളതും അവനവന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന ഘടകങ്ങളാണ്. ഒരുപക്ഷേ വിവാഹത്തിന് മുൻപ് പണവും, സമയവും ചിലവഴിക്കുന്നതിൽ നിഷ്ഠ കണ്ടെത്തിയിരുന്നില്ലെങ്കിൽ വിവാഹത്തിനു ശേഷം അതാവർത്തിക്കരുത്. ഈ കാര്യത്തിൽ ദമ്പതികൾക്ക് കൂട്ടുത്തരവാദിത്വം തന്നെ ഉണ്ടായിരിക്കണം. പണം, സമയം എന്നിവയ്ക്ക് പരിമിതി ഉണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് എത്രയും ഭംഗിയായി കാര്യങ്ങൾ ചെയ്തുതീർക്കാനാവും എന്ന് ദമ്പതികൾ ഒരുമിച്ച് ആലോചിക്കണം. ഈ കഴിവുകളൊക്കെ വ്യക്തിത്വ വളർച്ചയുടെ ആദ്യദശകങ്ങളിൽ തന്നെ സ്വായത്തമാക്കുവാൻ കഴിഞ്ഞാൽ ഏറെ നന്ന്. ഏതായാലും കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് പക്വമായി ഒരു ജീവിതശൈലി ഈ കാര്യത്തിൽ അനുവർത്തിച്ചിരിക്കണം.

'പക്വത' എന്ന ഘടകത്തിൽ കുടുംബജീവിതത്തിന്റെ വിജയത്തിന് അടിസ്ഥാനമായ അനേകം ധാരണകൾ മുകളിൽ പറഞ്ഞ പ്രകാരം ഉൾപ്പെട്ടിരിക്കുന്നു. താഴെപറയുന്ന ആപ്തവാക്യവും അതിനോടുചേർത്തു ചിന്തിച്ചുകൊണ്ട് ഉപസംഹരിക്കാം.

'Maturity is the art of living in peace with oneself with what we cannot change and courage to change that which should be changed and wisdom to know the difference' (പക്വത എന്നാൽ മാറ്റം വരുത്താനൊക്കാത്തവയുമായി സമാധാനമായി ചേർന്നുപോകാനുള്ള കഴിവും മാറ്റം വരുത്തേണ്ടതിനെ മാറ്റുവാനുള്ള ധൈര്യവും, ഇവ തമ്മിലുള്ള വ്യത്യാസം എന്തെന്നു മനസിലാക്കാനുള്ള ജ്ഞാനവും ഒരുമിച്ചു ചേരുന്നതാണ്).

### ചോദ്യങ്ങൾ

1. പക്വത എന്നാൽ എന്ത്? അതിന്റെ പ്രധാന ലക്ഷണങ്ങൾ വിവരിക്കുക?
2. പക്വത ഇല്ലാഞ്ഞാൽ അതു കുടുംബജീവിതത്തിൽ ഏതെല്ലാം തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് സാധാരണ ജീവിതത്തിലെ ഉദാഹരണങ്ങൾ കൊണ്ട് വ്യക്തമാക്കുക?

## പാഠം 3

# ക്രിസ്തീയ കുടുംബജീവിതം

❑ നിർവചനങ്ങൾ ❑ കുടുംബം ദൈവീക പദ്ധതിയിൽ ❑ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ ❑ വേദപുസ്തക പശ്ചാത്തലം ❑ സ്വയാവബോധം

### ക്രിസ്തീയ കുടുംബം ഒരു നിർവചനം

പരിചിതമായ വാക്കുകൾക്ക് നിർവചനം കണ്ടെത്തുക വളരെ ദുഷ്കരമാണ്. കുടുംബം എന്ന വാക്കും ആ കൂട്ടത്തിൽ ഉൾപ്പെടുത്താം. എന്നാൽ ക്രിസ്തീയ കുടുംബം എന്നതിന് ഒരു വിശദീകരണമോ നിർവചനമോ നാം കണ്ടെത്തിയേ മതിയാകൂ. 'ക്രിസ്തു ഈ വീടിന്റെ നായകൻ' എന്നു എഴുതിവെക്കുക മാത്രമല്ല കുടുംബാംഗങ്ങളുടെയെല്ലാം രഹസ്യവും പരസ്യവുമായ ജീവിതവ്യാപാരങ്ങളിൽ അതു പ്രകടമാകുകയാണെങ്കിൽ ക്രിസ്തീയ കുടുംബത്തെ ആ അർത്ഥത്തിൽ മനസിലാക്കാം. ''Christian home is a miniature heaven on earth.'' കുടുംബം സ്വർഗ്ഗത്തിന്റെ ചെറിയ

പതിപ്പാണെന്നുള്ള ആശയവും അനുയോജ്യമായ നിർവചനം ഉൾക്കൊള്ളുന്ന ഒന്നാണ്. ത്രിത്വവിശ്വാസം, ദൈവത്തിന്റെ സ്നേഹം ഉൺമയിൽ വ്യാപരിക്കുന്ന ഒന്നാണെന്ന് നമ്മെ വേഗത്തിൽ മനസിലാക്കിത്തരുന്നു. ത്രിത്വത്തിലെ ആളത്വങ്ങൾ സ്നേഹം പങ്കിടുന്നതുപോലെ മാതൃ – പിതൃ – പുത്ര – പുത്രീ ബന്ധങ്ങളിൽ കലർപ്പില്ലാത്ത നിർവ്യാജമായ സ്നേഹം പങ്കിടുന്ന അവസ്ഥയും ക്രിസ്തീയ കുടുംബത്തിന്റെ അടിസ്ഥാനമായിട്ടു പറയാം.

മുൻപു ചൂണ്ടിക്കാണിച്ചതു പോലെ പാശ്ചാത്യസഭ ഇതിലും വ്യക്തമായ നിർവചനം കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്: "Christian family is a supernatural unit created by its origin in the Sacrament of marriage, having as its the primary end the procreation and nurture of children. ........ family is the fundamental condition for the physical, moral, social, and economic existence of human society." (1) "വിവാഹം എന്ന കൂദാശയിൽ ആരംഭം കുറിക്കപ്പെടുന്നതും സന്തത്യുല്പാദനവും പരിചരണവും ഏറ്റം പ്രധാനമായിരിക്കുന്ന പ്രകൃത്യാതീതവുമായ ഒരു ഘടനയാണ് ക്രിസ്തീയ കുടുംബം. മനുഷ്യസമൂഹത്തിന്റെ ശാരീരികവും, ധാർമ്മികവും, സാമൂഹ്യവും, സാമ്പത്തികവുമായ നിലനിൽപ്പിനാധാരമായ ഏറ്റം പ്രധാനമായ ഉപാധിയും കുടുംബം തന്നെ."

ഈ നിർവചനത്തിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. കുടുംബം എന്ന സംവിധാനം അതിൽ തന്നെ ഒരന്ത്യമല്ല. അതിന്റെ നിലനിൽപ്പ് സമൂഹത്തിലെ മറ്റു ഘടനകളോടു ബന്ധപ്പെട്ടും അതോടൊപ്പം തന്നെ മറ്റു ചില ആത്യന്തിക ലക്ഷ്യങ്ങൾക്കു വേണ്ടി നിലകൊള്ളാനുമാണ്. സന്തതിയുല്പാദനമാണ് ആത്യന്തികലക്ഷ്യം എന്ന് പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ അതു കേവലം ഭൗതികശാസ്ത്രങ്ങൾ ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യമാകാമല്ലോ? അതിനാൽ ക്രിസ്തീയ കുടുംബത്തെക്കുറിച്ച് കുറച്ചുകൂടി ആഴത്തിൽ നാം മനസിലാക്കേണ്ടിയിരിക്കുന്നു.

### കുടുംബം ദൈവീകപദ്ധതിയിൽ

മനുഷ്യവംശത്തിന്റെ നിലനിൽപ്പ് എന്നത് എല്ലാ ഭൗതീകശാസ്ത്രങ്ങളുടെയും ലക്ഷ്യമായി എടുത്തു പറയാവുന്നതാണെന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ. എന്നാൽ ക്രിസ്തീയ വേദശാസ്ത്രത്തിന് ഇതിൽ നിന്ന് വ്യത്യസ്ഥമായ മറ്റു ചില കാര്യങ്ങൾ കൂടി കൂട്ടിച്ചേർത്ത് പറയാനായിട്ടുണ്ട്. അതായത് മനുഷ്യസൃഷ്ടിക്ക് ഒരു ദൈവീകോദ്ദേശ്യമുണ്ട്. അതിന്റെ ആത്യന്തിക

---

1. *A Dictionary of Christian Ethics*, Ed: by John Macquarrie (Art:) Family, p. 127.

ലക്ഷ്യം മനുഷ്യനെ ദൈവീകരിച്ച് ദൈവവുമായി സംപൂർണ്ണവും നിത്യ വുമായ കൂട്ടായ്മയിലേക്കു നയിക്കുക എന്നതാണ്. ദൈവരാജ്യം, നിത്യ ജീവൻ, രക്ഷ എന്നൊക്കെ ഈ അനുഭവത്തെ വിവിധ വാക്കുകളിൽക്കൂടി നമുക്ക് ചിത്രീകരിക്കാം. അങ്ങനെ മനുഷ്യനെ സംപൂർണ്ണ രക്ഷയിലേക്കു നയിക്കുവാൻ ദൈവം കല്പിച്ചാക്കിയ ഏറ്റവും പ്രധാന ഘടകമാണ് കുടുംബം. കുടുംബത്തെ പല തലങ്ങളിൽ നിന്നു മനസിലാക്കാൻ ശ്രമി ക്കുന്ന മനശാസ്ത്രജ്ഞനും, സാമൂഹ്യശാസ്ത്രജ്ഞനും ഈ ദൈവീകോ ദ്ദേശ്യത്തേക്കുറിച്ച് ഒരുപക്ഷേ അജ്ഞനായിരിക്കാം. എന്നാൽ വിശ്വാസി കളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വിശ്വാസത്തിന്റെ ആഴമേറിയ തല ങ്ങളിൽ നിന്നുകൊണ്ടു മാത്രമേ കുടുംബത്തെ വീക്ഷിക്കാനാവൂ. ഈ നി ലയിൽ നോക്കുമ്പോൾ ക്രിസ്തീയ കുടുംബത്തിന് പ്രധാനമായും രണ്ടു ധർമ്മങ്ങളുണ്ടെന്നു മനസിലാക്കാം.

1. വ്യക്തിയെ ദൈവത്തിന്റെ വിളിക്കനുസരണമായി ജീവിപ്പാനും പ്രവർത്തിപ്പാനും തക്കവണ്ണം വളർത്തിയെടുക്കുക.

2. ലോകത്തെ രക്ഷയുടെ പൂർണ്ണതയിലേക്കു നയിക്കുന്ന ദൈവീക പദ്ധതിയിൽ പങ്കുചേർന്നുകൊണ്ട് സമൂഹത്തെ രൂപാന്തരപ്പെടുത്തുവാ നുള്ള പ്രക്രിയയിൽ കുടുംബം ഏറ്റവും പ്രധാന കണ്ണിയായി വർത്തിക്കുക.

ഭാര്യാ ഭർത്താക്കന്മാർ ഇണപിരിയാതെ അവസാനം വരെ ജീവിച്ചു എന്നതുകൊണ്ടും, മക്കൾ ഉണ്ടായി എന്നതുകൊണ്ടും, സാമ്പത്തിക അഭി വൃദ്ധി ഉണ്ടായി എന്നതിനാലും ഒരു കുടുംബം ക്രിസ്തീയ കുടുംബമെന്ന് വിവക്ഷിക്കാനാവില്ല. ദൈവഇഷ്ടം ചെയ്യുന്നവർ ആരോ അവരാകുന്നു ക്രിസ്തീയ കുടുംബാംഗങ്ങൾ. കർത്താവു തന്നെയും അരുളിച്ചെയ്യുന്നത് ഇവിടെ വളരെ പ്രസക്തമാണ്: "എന്റെ അമ്മയും സഹോദരന്മാരും ഇതാ; ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരനും സഹോ ദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു" (മർക്കോസ് 3:34-35). സാമൂഹ്യ ശാസ്ത്രജ്ഞന്മാരുടെയും മനശാസ്ത്രജ്ഞന്മാരുടെയും കുടുംബബന്ധങ്ങളെപ്പറ്റിയുള്ള നിഗമനങ്ങളോടു ചേർത്ത് ക്രിസ്തീയ മൂല്യങ്ങൾ കൂടി ഉണ്ടാവുമ്പോഴേ ക്രിസ്തീയ കുടുംബജീവിതം സംജാത മാവുകയുള്ളു എന്നു കണ്ടുകഴിഞ്ഞു. അതിന്റെ വെളിച്ചത്തിൽ ക്രിസ്തീയ മൂല്യങ്ങൾ കുടുംബ ബന്ധങ്ങളിൽ എവിടെയെല്ലാം പ്രകടമാകണമെന്ന് ഓരോന്നായി ചിന്തിക്കാം. പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നു.

1. പങ്കാളിയെ തെരഞ്ഞെടുക്കൽ

2. ഭാര്യാ - ഭർത്തൃബന്ധം

3. ക്രിസ്തീയ കുടുംബത്തിൽ മക്കളുടെ സ്ഥാനം

4. ദമ്പതികൾക്ക് മാതാപിതാക്കളോടുള്ള കടപ്പാട്

5. സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത

പ്രത്യക്ഷമായി പരാമർശിക്കാത്ത മറ്റനേകം കാര്യങ്ങളും ഇതിനോടു ബന്ധപ്പെട്ടു ചേർന്നുവരുന്നതാണ്. ഭംഗ്യന്തരേണ അവയെപ്പറ്റി വിശദീകരിച്ചുകൊള്ളാം. പ്രതിപാദന സൗകര്യത്തിനു വേണ്ടി ഈ വിഭജനങ്ങളെ ആസ്പദമാക്കി ചിന്തിക്കാം.

### 1. പങ്കാളിയെ തെരഞ്ഞെടുക്കൽ

വേദശാസ്ത്രം എന്തു പറഞ്ഞാലും പങ്കാളിയെ തെരഞ്ഞെടുക്കുന്നതിന്റെ ഏറ്റം പ്രധാന ഘടകമായി 'സാമ്പത്തികം' ഇന്നും നിലകൊള്ളുന്നതായി നിസ്സംശയം പറയാം. ധനികർ – ഇടത്തരക്കാർ – പാവപ്പെട്ടവർ എന്ന നിലകളിൽ സമ്പത്തിനെ ആസ്പദമാക്കി സമൂഹത്തെ മൂന്നു തട്ടുകളായി വിഭജിക്കാമെങ്കിൽ ഒരു യാഥാർത്ഥ്യം നമുക്കുൾക്കൊള്ളാൻ കഴിയും. ബഹുഭൂരിപക്ഷം വിവാഹങ്ങളും സാമ്പത്തികമായി തങ്ങളുടെ നിലവാരമനുസരിച്ചുള്ളവരിൽ നിന്നു മാത്രം നടത്തപ്പെടുന്നതായിട്ടാണ് കാണുന്നത്. നിലവിലുള്ള ഈ സാമൂഹ്യവിഭജനത്തിന് പൂർണ്ണമായും ദൈവീകാടിസ്ഥാനമുണ്ടെന്നു സ്ഥാപിച്ചെങ്കിലേ, ഇന്നു നടക്കുന്ന എല്ലാ വിവാഹങ്ങളും ദൈവം നിശ്ചയിച്ചതാണെന്നു പറയാൻ കഴിയൂ. ദൈവഭയവും പക്വതയും സ്വഭാവമഹിമയും എല്ലാം ഒത്തുചേർന്നതെങ്കിലും പെൺകുട്ടി ദരിദ്രകുടുംബത്തിലെ അംഗമെങ്കിൽ ധനികരിൽ നിന്ന് ആരെങ്കിലും വിവാഹം കഴിക്കുവാൻ തയാറാകുമോ? എല്ലാം ദൈവനിശ്ചയമെന്ന് പൂർണ്ണമായും സ്ഥാപിക്കണമെങ്കിൽ മുകളിൽ പറഞ്ഞ പ്രശ്നത്തിന് ഒരു സാധൂകരണം കണ്ടെത്തണം. ഇതിനോടു ബന്ധപ്പെട്ടു നിൽക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് സ്ത്രീധനസമ്പ്രദായം. സ്ത്രീധനവും കുടുംബത്തിന്റെ സാമ്പത്തിക ചുറ്റുപാടും വിവാഹബന്ധത്തിലേക്കു നയിക്കുന്ന ഏറ്റം പ്രധാന ഘടകമാകയാൽ അതേപ്പറ്റി പ്രത്യേകമായി ഒരദ്ധ്യായത്തിൽ പരാമർശിക്കാം. തൽക്കാലം ആ പ്രശ്നം അവിടെ നിൽക്കട്ടെ.

ദൈവഭയമുള്ള പങ്കാളിയെയാണ് വേണ്ടതെന്ന് എല്ലാവരും അധരജല്പനം നടത്തുന്നതെങ്കിലും പ്രയോഗത്തിൽ വരുമ്പോൾ ദൈവശാസ്ത്രം അപ്രധാന തലങ്ങളിലേക്കു നീങ്ങുന്നു. പ്രായോഗിക ജീവിതം നിശ്ചയിക്കപ്പെടുന്നത് സാമ്പത്തികശാസ്ത്ര (Economics) ത്തിന്റെയും, മനശാസ്ത്രത്തിന്റെയും (Psychology) അടിസ്ഥാനങ്ങളിലാണ്. എന്തുകൊണ്ടെന്നാൽ ആദർശത്തിന്റെയോ, ആത്മീകതയുടെയോ പേരിൽ ധനിക – ദരിദ്ര കുടുംബങ്ങൾ തമ്മിൽ ഒരു ചേർച്ചയുണ്ടായാൽ അത് അന്ത്യത്തോളം സന്തോഷകരമായി നിലനിൽക്കുക എന്നത് അത്ര എളുപ്പമല്ല. എന്നാൽ തുല്യ നിലവാരത്തിലുള്ള ബന്ധങ്ങൾ കൂടുതൽ കെട്ടുറപ്പുള്ളതും സൗഭാഗ്യ

മുള്ളതുമായി നിലനിൽക്കാൻ താരതമ്യേന എളുപ്പവുമാണ്. സാമൂഹ്യ ജീവിതത്തിലെ അന്തരങ്ങളെ അതിജീവിക്കാൻ ക്രിസ്തുവിലുള്ള ആദ്ധ്യാത്മിക ജീവിതത്തിന് സാദ്ധ്യമല്ലേ എന്ന ചോദ്യം പ്രസക്തമായിരിക്കുന്നു.

മാതാപിതാക്കന്മാർ ക്രമീകരിക്കുന്ന വിവാഹമാണോ പ്രേമവിവാഹമാണോ അഭികാമ്യം എന്ന ചോദ്യം ഇതോടൊന്നിച്ച് പ്രസക്തമാണ്. അതിനുള്ള മറുപടിയും പ്രത്യേകം മറ്റൊരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാണ്.

മുകളിൽ പരാമർശിച്ചിരിക്കുന്ന സംഗതികൾ ഒഴിച്ചുനിർത്തിയാൽ ഒരു പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ പരസ്പരം ശ്രദ്ധിക്കേണ്ട കാര്യങ്ങളിലേക്ക് ഇനി കടക്കാം.

## 2. വേദപുസ്തക പശ്ചാത്തലം

പങ്കാളികളെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ വേദപുസ്തകത്തിൽ പരാമർശിച്ചതായിട്ട് കാണുന്നില്ല. ഇസഹാക്കിന് സ്വന്തകുലത്തിൽ നിന്ന് ഒരു പങ്കാളിയെ എടുക്കാൻ അബ്രഹാം ഒരു ദാസനെ അയച്ചതായി നാം വായിക്കുന്നുണ്ട് (ഉല്പത്തി 24). സ്വന്തകുലം എന്നതായിരുന്നു അവിടുത്തെ പ്രധാന മാനദണ്ഡം. പങ്കാളിയെ തെരഞ്ഞെടുത്ത് മക്കൾക്കു കൊടുക്കാനുള്ള ചുമതല പിതാവിനുണ്ടായിരുന്നു എന്നും ഈ സംഭവത്തിൽ നിന്നും മനസ്സിലാക്കാം. വിവാഹം നേരത്തെ നടന്നുപോയ കുടുംബബന്ധങ്ങളിൽ വിശ്വാസത്തിന്റെ പേരിൽ ഒരു മോചനം പൗലോസ് ശ്ലീഹാ ആവശ്യപ്പെട്ടില്ലെങ്കിലും, ഇനിയും നടക്കാനുള്ള വിവാഹങ്ങളിൽ ഒരു വിലക്കു താൻ കല്പിക്കുന്നുണ്ട്. അവിശ്വാസികളുമായി ബന്ധം പാടില്ല എന്നു താൻ വിധിച്ചു (1 കോരി. 7:39). പങ്കാളികളെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ച് പ്രത്യക്ഷത്തിൽ ഇതിലധികമായ പരാമർശങ്ങളൊന്നും വേദപുസ്തകത്തിൽ കണ്ടെത്തുന്നില്ല. എല്ലാ കാര്യങ്ങളിലും ഒരു ദൈവനിശ്ചയവും നടത്തിപ്പും നാം കണ്ടെത്തേണ്ടതുണ്ട് എന്നു കൂടി പൊതുവായി പറയാം. "എന്നാൽ ഓരോരുത്തനു കർത്താവു വിഭാഗിച്ചു കൊടുത്തതുപോലെയും ഓരോരുത്തനെ ദൈവം വിളിച്ചതുപോലെയും അവനവൻ നടക്കട്ടെ" (1 കോരി. 7:17). ഈ ദൈവനടത്തിപ്പ് വിവാഹത്തിന്റെ സമയത്തു മാത്രം പെട്ടെന്നു കണ്ടെത്തുന്ന ഒന്നല്ല. പിന്നെയോ ചെറുപ്പം മുതൽ ദൈവാശ്രയത്തോടെ ജീവിക്കുകയും ചെറുതും വലുതുമായ എല്ലാ തീരുമാനങ്ങളിലും ഒരു ദൈവഹിതം കണ്ടെത്തുകയും ചെയ്തിട്ടുള്ളവർക്ക് സുപ്രധാനമായ ഈ തീരുമാനമെടുക്കുമ്പോഴും ദൈവഇഷ്ടം വെളിപ്പെട്ടു വരും എന്ന കാര്യത്തിൽ സംശയമില്ല. പുറമെ നിന്നു ചില മാനദണ്ഡങ്ങൾ ഈ കാര്യത്തിൽ വെക്കാനാവില്ല.

### 3. സ്വയവിശകലനം ആദ്യപടി

പങ്കാളികളെ തെരഞ്ഞെടുക്കുന്നതിനു മുൻപ് ഓരോരുത്തരും അവര വരുടെ വ്യക്തിത്വത്തെ ആഴത്തിൽ ഒന്നു സ്വയം പരിശോധിക്കേണ്ടതാണ്. സുപ്രധാനമായ ഈ കാര്യം ആരും ഗൗരവമായി ഓർക്കാറില്ല. സ്വന്ത വ്യക്തിത്വത്തെക്കുറിച്ച് നല്ല അവബോധമുണ്ടായിക്കഴിഞ്ഞാൽ പങ്കാളിയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ എളുപ്പമായി. പൊതുവായി ക്രിസ്തീയ വിശ്വാ സങ്ങളും മൂല്യങ്ങളും അതിൽത്തന്നെ സഭയുടെ പാരമ്പര്യത്തോടും അതിന്റെ ആചാരാനുഷ്ഠാനത്തോടുമുള്ള തന്റെ പ്രതിബദ്ധത, സമ്പത്തിന് ജീവിതത്തിൽ നൽകിയിരിക്കുന്ന സ്ഥാനം, നല്ല സ്വഭാവം എന്തെന്നുള്ള തിനെക്കുറിച്ചുള്ള കാഴ്ചപ്പാട്, ഗ്രാമീണ ജീവിതത്തോടോ, പട്ടണജീവി തത്തോടോ ഉള്ള പ്രത്യേകമായ ആഭിമുഖ്യം, വൈകാരികനിലവാരം, പങ്കാ ളിയുടെ ബാഹ്യസൗന്ദര്യത്തിനു നൽകുന്ന പ്രാധാന്യം, വിദ്യാഭ്യാസ യോഗ്യത, കുടുംബത്തിന്റെ സാംസ്കാരിക നിലവാരം തുടങ്ങിയ എല്ലാ കാര്യങ്ങളിലും സ്വന്തമായ ഒരു ധാരണ വിവാഹപ്രായമാകുമ്പോഴേക്കും ഓരോരുത്തരും രൂപീകരിച്ചെടുക്കണം. എന്നാൽ അങ്ങനെ ഭാവനയിൽ കണക്കു കൂട്ടുന്ന എല്ലാ കാര്യങ്ങളും അതേപടി നിവർത്തിക്കപ്പെടുന്ന ഒരു പങ്കാളിയെ കണ്ടെത്തുമെന്നും ആരും പ്രതീക്ഷിക്കരുത്. മനസിലുള്ള മാനദണ്ഡങ്ങളെ ഒരു മുൻഗണനാക്രമത്തിൽ നിശ്ചയിക്കുകയും അവയിൽ ഒത്തുതീർപ്പുണ്ടാക്കുന്നതും അല്ലാത്തതും തമ്മിൽ ഒരു വിവേചനം കണ്ടെ ത്തുകയും ചെയ്യണം. ഉദാഹരണമായി പറഞ്ഞാൽ പണത്തിന് ഏറ്റവും അധികം മൂല്യം കല്പിക്കുന്ന ഒരാൾ മറ്റെല്ലാ ഉപാധികളും, സൗന്ദര്യം, വിദ്യാഭ്യാസം, കുലമഹിമ, ബന്ധുബലം അങ്ങനെ പല കാര്യങ്ങളിലും വളരെ തൃപ്തി തോന്നിയതിനാൽ, പണത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ച കാണിച്ചു എന്നു വിചാരിക്കുക. ആ വിവാഹത്തോടുകൂടി തന്റെ മൂല്യ ബോധത്തിൽ ഒരു നിർണ്ണായകമായ വ്യതിയാനം വരുത്തുവാൻ വ്യക്തി തയ്യാറായാൽ കുടുംബജീവിതത്തിൽ കുഴപ്പങ്ങൾ വരികയില്ല. എന്നാൽ സമ്പത്ത് പരമപ്രധാനമായ മൂല്യമായി തന്റെ അബോധമനസ്സിൽ എന്നും കാത്തുസൂക്ഷിക്കാൻ അയാൾക്ക് ഇടയായാൽ അതു കുടുംബജീവിത ത്തിൽ വളരെ ദോഷം ചെയ്യും. ചെറുപ്പം മുതൽ വളർത്തിയെടുത്ത മൂല്യ സങ്കൽപ്പങ്ങളെ പെട്ടെന്ന് മാറ്റിയെടുക്കാം എന്നു ചിന്തിക്കുന്നതിനേക്കാൾ, പൊരുത്തമുണ്ടാക്കാവുന്നതും, അല്ലാത്തതും തമ്മിൽ വേർതിരിച്ചറിഞ്ഞ്, പൊരുത്തപ്പെടാവുന്നതുമായി നീക്കുപോക്കുകൾ ഉണ്ടാക്കാൻ ശ്രമിക്കു കയാണ് പ്രായോഗികമായി നല്ലത്. ഏറ്റം വലിയ മനശാസ്ത്രജ്ഞനായി രുന്ന സിഗ്മണ്ട് ഫ്രോയിഡിന്റെ ഭാഷയിൽ പറഞ്ഞാൽ പെരുമാറ്റങ്ങളെ നിയന്ത്രിക്കുന്ന അബോധമനസിലെ വികാര വിചാരങ്ങളുടെ നിജസ്ഥിതി അനാവരണം ചെയ്തിട്ടുവേണം പങ്കാളിക്കുണ്ടായിരിക്കേണ്ട ഗുണ

വിശേഷങ്ങളെപ്പറ്റി തീർപ്പ് കൽപ്പിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ പരസ്പര പൂരകങ്ങളായ ആളത്വങ്ങളായിട്ട് ഭാര്യാ – ഭർത്താക്കന്മാർ കുടുംബജീവിതത്തിൽ വർത്തിക്കേണ്ടതുണ്ട്. അതിനാൽ പരസ്പര വൈരുദ്ധ്യമുണ്ടാകാനുള്ള സാദ്ധ്യതകൾ മുൻകൂട്ടി കണ്ട് ഒഴിവാക്കുന്നത് എത്രയും നല്ലതു തന്നെ.

**ചോദ്യങ്ങൾ**

1. ക്രിസ്തീയ കുടുംബത്തെ എങ്ങനെയെല്ലാം നിർവചിക്കാം?
2. കുടുംബത്തിന്റെ ദൈവീകോദ്ദേശ്യം എന്താണെന്നു ചുരുക്കമായി വിവരിക്കുക?
3. പങ്കാളിയെ തെരഞ്ഞെടുക്കുന്നതിൽ സമ്പത്തു പ്രധാന മാനദണ്ഡമായിരിക്കുന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായം എന്ത്?

## പാഠം 4

# പങ്കാളിയെ തെരഞ്ഞെടുക്കൽ (തുടർച്ച)

❑ മാനദണ്ഡങ്ങൾ ❑ നോർമൽ ആയിരിക്കുക ❑ വിശ്വാസ ഐക്യം ഉണ്ടാവുക ❑ സമാനമായ സാമ്പത്തിക നിലവാരം ❑ ലൈംഗികതയെപ്പറ്റിയുള്ള അറിവ്

'Prevention is better than cure' എന്നു പറഞ്ഞതുപോലെ കുടുംബജീവിതത്തിൽ പിന്നീടുണ്ടാവുന്ന അപസ്വരങ്ങളെ ഒരു വലിയ അളവിൽ ഒഴിവാക്കാൻ മുൻകൂട്ടിയുള്ള കരുതൽ വളരെ സഹായിക്കും. അതിനുള്ള പ്രഥമ പടി കഴിഞ്ഞ പാഠത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതോടു ചേർന്നു വരുന്ന മറ്റ് അടിസ്ഥാനങ്ങളെക്കുറിച്ചു കൂടി ചിന്തിക്കാം.

### 5. ശാരീരികവും മാനസികവും ആയി സമനില (Normal) പാലിക്കുവാൻ കഴിവുണ്ടായിരിക്കണം

Normal ആയിരിക്കുക അഥവാ സമനില പാലിക്കുക എന്നതിന് ഒരു നിർവചനം കണ്ടെത്തുക അത്ര എളുപ്പമല്ല. എന്നാൽ പ്രായോഗികതലത്തിൽ നമുക്ക് അതേപ്പറ്റി ഏറെക്കുറെ അറിവുകളുണ്ട്. കുടുംബജീവിതത്തിലെ ചുമതല നിർവഹിക്കുവാൻ സാമാന്യ ആരോഗ്യവും, മാനസികമായ പ്രാപ്തിയും ഉണ്ടായിരിക്കണം. ഇപ്പോൾ ഏതുതരത്തിലുള്ള

രോഗവും ഏതു സമയത്തും പിടികൂടാമെങ്കിലും കുടുംബപരിപാലനം ഏറ്റെടുക്കുവാൻ പ്രാപ്തിയില്ലാത്ത അവസ്ഥയിൽ ആരും അതിനു മുതിരുകയില്ലല്ലോ. ഹിന്ദുക്കൾ ജാതകപ്പൊരുത്തവും, പാശ്ചാത്യർ രക്തഗ്രൂപ്പ്, ഉല്പാദനശക്തി, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങി പല കാര്യങ്ങളും വിവാഹത്തിനു മുൻപ് പരിശോധനാവിഷയമാക്കാറുണ്ട്. ക്രിസ്തീയ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ജാതകം നോക്കുന്നതിന് സാംഗത്യം ഒന്നുമില്ല. Aids പടർന്നുപിടിച്ച പാശ്ചാത്യരുടെ സാഹചര്യത്തിലുള്ളപോലെ വിശദമായ മെഡിക്കൽ പരിശോധനയും നമുക്ക് ഉടനെ ആവശ്യമില്ല. എന്നാൽ സാമാന്യമായ ആരോഗ്യം പങ്കാളിക്ക് ഉറപ്പുവരുത്തുകയും ആവശ്യമെങ്കിൽ മെഡിക്കൽ പരിശോധന നടത്തുന്നതും നല്ലതാണ്. ചില വൈകല്യങ്ങൾ ഉണ്ടെങ്കിൽ തുറന്നുപറഞ്ഞ്, അതിന്റെ വരുംവരായ്കകളെ നേരിടാൻ സന്നദ്ധരായിക്കൊണ്ട് പരസ്പര സമ്മതത്തോടെ ദാമ്പത്യജീവിതത്തിൽ പ്രവേശിക്കുന്നതായിരിക്കും നന്ന്. ഇല്ലെങ്കിൽ പിന്നീട് അതു വലിയ കുഴപ്പങ്ങൾക്കു വഴിതെളിക്കും. വൈദ്യശാസ്ത്രപ്രകാരം വിവാഹജീവിതം വിലക്കിയിട്ടില്ലെങ്കിലും ഹൃദയത്തിന് ചെറിയ അസുഖമുള്ള വിദ്യാസമ്പന്നയായ ഒരു പെൺകുട്ടിയെ അതുപോലെ വിദ്യാസമ്പന്നനായ ഒരാൾ വിവാഹം ചെയ്ത് സന്തുഷ്ടമായ ദാമ്പത്യജീവിതം നയിക്കുന്നത് നേരിട്ടറിയാം. ആ ദമ്പതികൾക്ക് ഇന്ന് ഒരു കുട്ടിയുമുണ്ട്. വിവാഹത്തിനു മുൻപ് തന്നെ ഈ കാര്യം തുറന്നുപറഞ്ഞ് അതിന്റെ നാനാവശങ്ങളും മനസിലാക്കി പൊരുത്തപ്പെട്ടുപോകുവാൻ തയ്യാറെടുത്തുകൊണ്ട് കുടുംബജീവിതത്തിൽ പ്രവേശിച്ചതിനാൽ അവർ സന്തുഷ്ടരായി കഴിയുന്നു. ഇപ്രകാരം എന്തെങ്കിലും വൈകല്യങ്ങൾ ഉണ്ടായാൽ അതു തുറന്നുപറയുവാനുള്ള സന്നദ്ധത വിവാഹത്തിനു മുൻപ് തന്നെ കാട്ടിയിരിക്കണം. ഈ അടിസ്ഥാനം ശാരീരികവും മാനസീകവുമായ തലങ്ങളിൽ ഒരുപോലെ ബാധകമായിരിക്കട്ടെ.

### 6. വിശ്വാസത്തിൽ ഐക്യം ഉണ്ടായിരിക്കണം

പങ്കാളിയെ തെരഞ്ഞെടുക്കുന്നതിൽ വേദപുസ്തകം പ്രത്യക്ഷമായി ചൂണ്ടിക്കാണിച്ച ഒരേ ഒരു മാനദണ്ഡം ഇതായിരുന്നു എന്ന് കഴിഞ്ഞ പാഠത്തിൽ പരാമർശിച്ചുവല്ലോ. പൗലൂസ് ശ്ലീഹായുടെ കാലത്തു വിശ്വാസികളും അവിശ്വാസികളുമെന്ന് പൊതുവായ വേർതിരിവേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇന്ന് പങ്കാളികളെ തെരഞ്ഞെടുക്കുന്നതിൽ ഈ വേർതിരിവിനേക്കാൾ രൂക്ഷമായിട്ടുള്ളത് ക്രിസ്തീയ വിശ്വാസികളുടെ ഇടയിലേ തന്നെ ഭിന്നിപ്പുകളാണ്. വിവിധ സഭകളുടെ വിവിധ നിലപാടുകൾക്ക് സാധൂകരണം ഉണ്ടാകാമെന്നിരുന്നാൽത്തന്നെയും പ്രായോഗിക തലത്തിൽ വിശ്വാസികൾക്ക് ഇതു പല വൈഷമ്യങ്ങളും ഉണ്ടാക്കുന്നുണ്ട്. ചേർച്ചയുള്ള ബന്ധങ്ങൾ ഒത്തുകിട്ടാൻ വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ

പോലും വിവിധ ക്രൈസ്തവസഭകളിലെ അംഗങ്ങൾ തമ്മിൽ, അവരവരുടെ സഭകളുടെ പൂർണ്ണസമ്മതത്തോടെയും ആശീർവാദത്തോടെയും കുടുംബബന്ധത്തിൽ പ്രവേശിക്കാനാവാത്ത സാഹചര്യമാണ് ഇന്നുള്ളത്. ആഗോളതലത്തിലുള്ള എക്യുമിനിസവും, പ്രകൃതിയെപ്പോലും ബഹുമാനാദരവോടെ ശുശ്രൂഷിക്കണമെന്ന് എല്ലാ സഭകളും ഉച്ചൈസ്തരം ഘോഷിക്കുന്നതിന്റെയും മദ്ധ്യേ, വിശ്വാസികൾ ഇന്നും പ്രായോഗികതലത്തിൽ ഒരു കുടുംബബന്ധത്തിൽ ഏർപ്പെടുവാൻ നന്നേ വിഷമിക്കുന്നുണ്ട്. അടിസ്ഥാനപരമായ വിശ്വാസങ്ങൾക്ക് കോട്ടംതട്ടാതെ തന്നെ കുടുംബബന്ധങ്ങളിൽ ഒരു ക്രിസ്തീയ മാനദണ്ഡം പ്രായോഗിക തലത്തിൽ പ്രയോജനമാകുന്നത് ഇനിയും ഉരുത്തിരിയേണ്ടിയിരിക്കുന്നു. സഭകളുടെ ഘടനകളേയും നിയമങ്ങളേയും പെട്ടെന്ന് മാറ്റിയെടുക്കുവാൻ വിശ്വാസികൾക്ക് കഴിഞ്ഞു എന്നു വരികയില്ല. എന്നാൽ അവർക്ക് ചെയ്യുവാനുള്ളത് തങ്ങൾ വളർത്തിയെടുത്ത ആത്മീകതയ്ക്കും, പാരമ്പര്യത്തിനും അനുയോജ്യമായ പങ്കാളിയെ കണ്ടെത്തുക എന്നതാണ്. ഉദാഹരണമായി പറഞ്ഞാൽ, നോമ്പും ഉപവാസവും പ്രാർത്ഥനയും പെരുന്നാളുകളുമെല്ലാം നിഷ്ഠയോടെ നടത്തുകയും അതിലെല്ലാം വലിയ അർത്ഥം കാണുകയും ചെയ്യുന്ന ഒരാൾക്ക്, ഈ പറഞ്ഞ കാര്യങ്ങളോട് താൽപര്യമില്ലെന്ന് മാത്രമല്ല, പുച്ഛിക്ക കൂടി ചെയ്യുന്ന കടുത്ത നവീകരണ പാരമ്പര്യമുള്ള പങ്കാളിയുമായി സന്തുഷ്ട കുടുംബജീവിതം നയിക്കുക പ്രയാസമായിരിക്കും. ഇതേ പ്രക്രിയ തിരിച്ചും സംഭവിക്കാം. ഇവിടെയൊക്കെയും വിശ്വാസവും ആരാധനയും പാരമ്പര്യങ്ങളുമെല്ലാം സ്വജീവിതത്തിൽ എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്ന് സ്വയം മനസ്സിലാക്കി വിവാഹശേഷവും അതു കോട്ടം തട്ടാതെ നിലനിർത്തുവാൻ സാദ്ധ്യമോ എന്നു പരിശോധിച്ചു തീരുമാനമെടുക്കുന്നതായിരിക്കും ഉചിതം. ഈ വക കാര്യങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്ന് വ്യക്തികളുടെ സാഹചര്യം അറിവു തരുന്നു എങ്കിൽ, അതേപ്പറ്റി വിവാഹത്തിനു മുൻപ് വിശദമായി സംസാരിച്ച് ചില തീരുമാനങ്ങളിലെത്തുന്നതും നന്നായിരിക്കും.

### 7. സമാനമായ സാമ്പത്തിക നിലവാരം

ആത്മീകവും, ആദർശവും എന്തു പറഞ്ഞാലും വിവാഹബന്ധങ്ങൾക്ക് സമ്പത്ത് പ്രധാന ഘടകമായി തീർന്നിട്ടുണ്ട് എന്നു നേരത്തെ തന്നെ സൂചിപ്പിച്ചുവല്ലോ. ഒരു വ്യക്തിയുടെ ആളത്വ വികസനത്തെ സാരമായി ബാധിക്കുന്ന ഒന്നാണ് ആ വ്യക്തിയുടെ കുടുംബത്തിന്റെ സാമ്പത്തിക ചുറ്റുപാട്. സമ്പത്തിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ജീവിതശൈലിയിൽ മാറ്റങ്ങൾ കാണാറുണ്ട്. ലയൺസ്, റോട്ടറി, ജേസീസ് തുടങ്ങിയ ക്ലബ്ബുകളിലെങ്ങും സാധാരണക്കാരോ പാവപ്പെട്ടവരോ അംഗങ്ങളാകാറില്ലല്ലോ. ധനിക - ദരിദ്ര - ഇടത്തരക്കാരുടെ സാമൂഹികബന്ധങ്ങളിലെല്ലാം

അതാതിന്റെ പ്രത്യേകതകൾ കാണാൻ കഴിയും. ജീവിതശൈലിയിൽ സമാനമായ നിലവാരം പുലർത്തുന്നവർ തമ്മിൽ ചേർന്നുപോകുവാൻ കുറെക്കൂടി എളുപ്പം സാധിച്ചു എന്നിരിക്കാം. പങ്കാളി തന്റെ നിലവാരത്തിൽ നിന്നു വളരെ താഴെയാണെന്ന് ദമ്പതികളിൽ ഒരാൾക്കു തോന്നുകയോ, അല്ലെങ്കിൽ സാമ്പത്തിക നിലവാരത്തിൽ താഴെയായതിനാൽ ദമ്പതികളിലൊരാൾക്ക് അപകർഷത തോന്നുകയോ ചെയ്താലും അതു കുടുംബബന്ധങ്ങളിൽ ഉലച്ചിൽ തട്ടാനിടയാക്കും.

സമ്പത്താണ് സൗഭാഗ്യ കുടുംബജീവിതത്തിന്റെ അടിസ്ഥാനം എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. മനുഷ്യബന്ധങ്ങളെക്കാൾ അധികം സമ്പത്തിന് സ്ഥാനം നൽകിയ പാശ്ചാത്യരുടെ ഉപഭോക്ത സംസ്കാരം കുടുംബബന്ധങ്ങളിൽ ഉണ്ടാക്കിയ ചിത്രം വളരെ ഭയാനകമാണ്. അറിഞ്ഞും അറിയാതെയും ആ ഉപഭോക്ത സംസ്കാരത്തെ അനുകരിക്കാനുള്ള പ്രവണതയാണ് ഇവിടെയും കണ്ടുവരുന്നത്. സാമൂഹ്യ പരിവർത്തനം ഒരു പരിധി വരെ അപ്രതിരോദ്ധ്യമായി ആ വഴിക്കു തന്നെ നീങ്ങുവാനാണ് സാധ്യതയെങ്കിലും അതിന് ക്രിസ്തീയമായ അടിസ്ഥാനം ഒന്നുമില്ലെന്ന് ചിന്തിക്കുവാനുള്ള വിവേകമെങ്കിലും വളരുന്ന തലമുറക്കുണ്ടായാൽ മതി. ഇവിടെ ദമ്പതികൾ തമ്മിലുള്ള മാനസികമായ ചേർച്ചയ്ക്ക് അനുകൂലമായ ഒരു സാഹചര്യമുണ്ടാക്കാൻ സമാനമായ സാമ്പത്തിക നിലവാരം പര്യാപ്തമായിരിക്കും എന്നു സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഇത് എല്ലായ്പ്പോഴും അലംഘനീയമായ നിയമമായിക്കൊള്ളണമെന്നില്ല. ദമ്പതികളിൽ ഒരാൾക്ക് സാമ്പത്തികമായ മുന്നേറ്റമുണ്ടെന്ന് കരുതുക. അപരന് അതിനോട് കിടപിടിക്കത്തക്ക വിദ്യാഭ്യാസയോഗ്യതയോ ഉന്നതമായ ഉദ്യോഗ നിലവാരമോ ഉണ്ടെങ്കിൽ സമ്പത്തിലുള്ള അന്തരം പ്രശ്നമുണ്ടാക്കാനിടയില്ല. സാമ്പത്തിക നിലവാരത്തിലുള്ള അന്തരമൊക്കെ മറികടക്കത്തക്കവിധം ആത്മീയമായ ഉന്നത നിലവാരത്തിലെത്തിയിട്ടുള്ളവർക്കും ഈ പ്രശ്നം ബാധകമാവുകയില്ല. പ്രായോഗികതലത്തിൽ അത്തരം ഉയർന്ന ആദ്ധ്യാത്മികത വിരളമായേ കണ്ടെത്താൻ കഴിയുന്നുള്ളു എന്നതാണ് ശോചനീയമായ യാഥാർത്ഥ്യം.

## 8. ലൈംഗികതയെക്കുറിച്ച് ആവശ്യമായിരിക്കുന്ന അറിവ്

പങ്കാളികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ ഇത് അന്യോന്യം ചർച്ച ചെയ്യപ്പെടുന്ന വിഷയമല്ലെങ്കിലും ലൈംഗികതയെക്കുറിച്ച് ആവശ്യമായ അറിവുകൾ വിവാഹത്തിനു മുൻപ് യുവതീയുവാക്കൾ നേടിയിരിക്കേണ്ടതാണ്. സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കാതെ, അറിവ് അറിവായി തന്നെ പങ്കിടുന്ന, പക്വമായ നിലയിൽ അറിവു പകർന്നുകൊടുക്കുന്ന സംവിധാനങ്ങൾ നമ്മുടെ സമൂഹത്തിൽ ഇനിയും ഉണ്ടാകേണ്ടിയിരി

ക്കുന്നു. വിവാഹിതരാവാൻ പോകുന്നവർക്ക് കൗൺസലിംഗ് കൊടുക്ക ത്തക്ക പരിശീലനവും അറിവും നമ്മുടെ വൈദികർ നേടിയിരുന്നാൽ നന്ന്. നമ്മുടെ സംസ്കാരത്തിൽ മാതാപിതാക്കന്മാരോ, സഹോദരീ സഹോദര ന്മാരോ ഇവയെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് യുവതീയുവാക്കന്മാർക്കു പകർന്നു കൊടുക്കണമെന്നു പറഞ്ഞാൽ അത് അല്പം അധികമായി രിക്കും. ലൈംഗികതയ്ക്ക് ഒരു പരിധി വരെ ഗോപ്യ സ്വഭാവമുള്ളതു മാറ്റി ക്കളയുന്നതും നന്നല്ല. ലൈംഗികതയെക്കുറിച്ച് അജ്ഞരായിരിക്കണം എന്നല്ല ഈ പറഞ്ഞതിനർത്ഥം. ബുദ്ധിപരമായ അറിവിനോടൊപ്പം വൈകാരിക അനുഭൂതി കൈകാര്യം ചെയ്യേണ്ടതിനെപ്പറ്റിയും യുവതല മുറയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. മറ്റ് അറിവ് പങ്കിടുന്നതുപോലെയല്ല ലൈംഗികവിജ്ഞാനം പകർന്നു കൊടുക്കുന്നത്. ലൈംഗികവികാരം ഉൾക്കൊള്ളുന്നതിനു മുമ്പുള്ള കാലഘട്ടത്തിൽ അവയെപ്പറ്റിയുള്ള അറിവ്, അറിവായി പങ്കിടുവാൻ, മാതാപിതാക്കൾക്കോ, അദ്ധ്യാപകർക്കോ, വൈദി കർക്കോ സാധിക്കുമായിരിക്കും. എന്നാൽ ലൈംഗികവികാരം ഉൾക്കൊണ്ട യുവതിയും യുവാവും അറിവിനേക്കാളധികം ലൈംഗികതയിലുള്ള ആസ്വാ ദനത്തിന് കൂടുതൽ താല്പര്യം കാണിക്കും. യുവതീയുവാക്കളുടെ ഈ മാനസിക നിലവാരം മുതലെടുത്തുകൊണ്ടാണ് ബിസിനസ്സുകാർ ലൈംഗികവിജ്ഞാനം പകരുന്നു എന്ന പേരിൽ മഞ്ഞപുസ്തകങ്ങളും, നീലപ്പടങ്ങളും പടച്ചുവിട്ട് യുവതലമുറയെ വഴിപിഴപ്പിക്കുന്നത്. ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രായോഗിക ബുദ്ധിമുട്ട് ഇവിടെ ചൂണ്ടിക്കാട്ടി എന്നേ യുള്ളു. ഈ കാര്യത്തിൽ ഒരു ക്രിസ്തീയ മാനദണ്ഡം പുലർത്തി യുവതീ യുവാക്കൾ പക്വമായ അറിവിലും അനുഭവത്തിലുമെത്താൻ കുടുംബം - സൺഡേസ്കൂൾ - വിദ്യാർത്ഥി - യുവജനപ്രസ്ഥാനങ്ങൾ - സ്ത്രീ സമാജം തുടങ്ങി എല്ലാ ഘടകങ്ങളും പ്രത്യേകം യത്നിക്കേണ്ടതാണ്. ഇവരുടെ പ്രബോധനങ്ങളിലും, പഠനക്ലാസുകളിലും പ്രായത്തിനനുസരിച്ച് ലൈംഗിക വിജ്ഞാനം പകരാനുള്ള സംവിധാനം ഉൾക്കൊള്ളിച്ചിരിക്കണം.

അനാറ്റമി ക്ലാസ്സുകളിലേപ്പോലെ സ്ത്രീ പുരുഷ ലൈംഗികാവയങ്ങ ളെപ്പറ്റിയോ, ആന്തരീക ഉല്പാദന ഘടനകളെപ്പറ്റിയോ അത്ര വിശദമായി അറിഞ്ഞിരിക്കേണ്ട ആവശ്യമില്ലെങ്കിലും, ചുരുക്കമായ അറിവെങ്കിലും ഈ കാര്യത്തിൽ അത്യാവശ്യമാണ്. സ്ത്രീയിലെ ആർത്തവത്തെപ്പറ്റി പുരു ഷനോ പുരുഷന്റെ ശുക്ലോല്പാദനത്തെപ്പറ്റി സ്ത്രീക്കോ അറിവില്ലാതെ യിരിക്കുന്നുവെങ്കിൽ, കുടുംബജീവിതത്തിന് അവർ പ്രാപ്തരായില്ല എന്നു കരുതേണ്ടിയിരിക്കുന്നു. ഒരു പക്ഷേ അങ്ങനെ ഉള്ളവർ ഒരുമിച്ചു വന്നാലും നമ്മുടെ സാംസ്ക്കാരിക മൂല്യത്തിന്റെ പ്രത്യേകത കൊണ്ട് അവർ പുറമെ ഭാര്യാ ഭർത്താക്കന്മാരായി ജീവിക്കുകയും ചിലപ്പോൾ കുഞ്ഞുങ്ങളെ പ്രസ വിച്ച് കുടുംബമായി തുടരുകയും ചെയ്തു എന്നിരിക്കാം. എന്നാൽ

തങ്ങൾക്കു തന്നെ അജ്ഞാതമായ കാരണങ്ങളാൽ ഈ ദമ്പതികൾ ചേരേണ്ടവിധത്തിൽ ചേർന്നുപോകുവാൻ സാദ്ധ്യതയില്ല തന്നെ. രണ്ടു മക്കൾ ആയി കഴിഞ്ഞിട്ടും ചേർച്ചയില്ലാതെ കലഹിച്ചു വിവാഹബന്ധം വേർപെടുത്തണമോ എന്നു വരെ ചിന്തിച്ച ദമ്പതികൾക്ക് ഒരിക്കൽ കൗൺസലിംഗ് കൊടുക്കാൻ ഇടയായി. അവരുടെ സ്വരച്ചേർച്ചയില്ലായ്മ യെക്കുറിച്ച് ആഴത്തിൽ ചർച്ച ചെയ്തപ്പോൾ കാരണം മനസ്സിലായി. ലൈംഗികതയിലുള്ള അജ്ഞതയായിരുന്നു അവരുടെ എല്ലാ കുഴപ്പ ങ്ങൾക്കും കാരണം. സ്ത്രീയിലെ ലൈംഗികതയെക്കുറിച്ച് തീർത്തും അജ്ഞനായിരുന്നു ഭർത്താവ്. ഭാര്യയെ ലൈംഗിക ആസ്വാദനത്തിന്റെ മേഖലയിലെത്തിക്കുവാൻ ഒരു നാളും കഴിഞ്ഞില്ല. കുഞ്ഞുങ്ങളുണ്ടാവുക എന്നതു മാത്രമാണ് സ്ത്രീ പുരുഷ സംയോഗത്തിന്റെ ഉദ്ദേശ്യമെന്ന് മന സ്സിലാക്കിയ ഭാര്യ അതിനുശേഷം ഭർത്താവിന്റെ ലൈംഗികതാല്പ ര്യത്തെക്കുറിച്ച് മനസിലാക്കാനോ, അത് സാധിച്ചുകൊടുക്കുവാനോ തയാ റായില്ല. ഭാര്യയുടെ ഈ നിസ്സഹകരണം അവൾക്ക് മറ്റാരോ കാമുകന്മാർ ഉള്ളതു മൂലമാണെന്ന് വ്യാഖ്യാനിച്ച് ആ ദമ്പതികൾ ദിവസവും കലഹ ത്തിൽ കഴിഞ്ഞുകൂടി. ഒടുവിൽ കൗൺസലിംഗിൽ എല്ലാം വെളിവായി വരികയും, ലൈംഗികതയെപ്പറ്റി ഏറെക്കുറെ അറിവ് ദമ്പതികൾക്കു ലഭി ക്കുകയും ചെയ്തതോടെ അവരുടെ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തു. ലൈംഗികതയെപ്പറ്റിയുള്ള അജ്ഞത നമ്മുടെ കുടുംബബന്ധ ങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനെപ്പറ്റി വ്യക്തമായ അറിവ് ഇന്നും നമുക്കില്ല. എന്നാൽ ലൈംഗികവിപ്ലവത്തിൽ കൂടി കടന്നുപോയ പാശ്ചാ ത്യരുടെ ഇടയിൽപ്പോലും ലൈംഗികതയെപ്പറ്റി അജ്ഞരായവർ ഇന്നും ഉണ്ടെന്ന് ചില കണക്കുകൾ സൂചിപ്പിക്കുന്നു. അത് സത്യമെങ്കിൽ നമ്മുടെ ഇടയിൽ അത്തരക്കാരുടെ എണ്ണം വളരെക്കൂടുതലാകാനാണ് സാദ്ധ്യത. ലൈംഗികതയെപ്പറ്റി സംപൂർണ്ണമായ ഒരറിവ് തരത്തക്കവണ്ണം ഇതിലെ പേജ് വിസ്തൃതമല്ലാത്തതിനാൽ ഇവിടെ അതിനു ഉദ്യമിക്കുന്നില്ല. എന്നാൽ താഴെപ്പറയുന്ന കാര്യങ്ങളിലെങ്കിലും അത്യാവശ്യമായ അറിവ് ദാമ്പത്യത്തിലേക്കു കടക്കുന്നതിനു മുൻപ് പങ്കാളികൾ നേടിയിരിക്കേണ്ട താണ്.

1. സ്ത്രീപുരുഷ ലൈംഗികാവയവങ്ങളും അവയുടെ പ്രത്യേക ധർമ്മ ങ്ങളും.

2. ആർത്തവം, സുരക്ഷിതകാലം, ഉൽപ്പാദനകാലം എന്നിവയെക്കുറി ച്ചുള്ള അറിവ്.

3. സംഭോഗവും അതിനുവേണ്ടി ദമ്പതികൾ പരസ്പരം ശാരീരികവും മാനസീകവുമായി എങ്ങനെ ഒരുങ്ങണമെന്നതിനെക്കുറിച്ച്.

4. പങ്കാളിയുടെ വൈകാരിക നിലവാരത്തെപ്പറ്റിയുള്ള അറിവ്

(സംഭോഗം ആഴ്ചയിൽ എത്ര തവണകളാകാം എന്നതിനെപ്പറ്റിയൊന്നും നിയമങ്ങൾ ഉണ്ടാക്കാനാവുകയില്ല. അത് ഓരോ വ്യക്തിയുടേയും ശാരീരിക – മാനസീക ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഓരോ വ്യക്തിയിലും അത് വ്യത്യസ്തപ്പെട്ടിരിക്കും. അതിനാൽ ദമ്പതികൾ പരസ്പരം ഇതു മനസിലാക്കി പ്രവർത്തിക്കുകയാണ് ഉത്തമം. പുസ്തകങ്ങളിലൊന്നും ഇതിന് ഉത്തരം തേടിപ്പോകേണ്ടതില്ല. യാതൊരു നിയന്ത്രണവുമില്ലാതെ ശാരീരികവേഴ്ച്ചയ്ക്കു വേണ്ടി മാത്രമാണ് വിവാഹം എന്ന് ഈ പറഞ്ഞതിനർത്ഥമില്ല).

5. സ്ത്രീയുടെ ശരീരത്തിൽ പുരുഷനും, പുരുഷന്റെ ശരീരത്തിൽ സ്ത്രീക്കുമാണ് അവകാശം എന്ന് പൗലൂസ് ശ്ലീഹാ വ്യക്തമായി പഠിപ്പിച്ചിരിക്കുന്നതിനാൽ, ഭാര്യാ – ഭർത്തൃബന്ധത്തിൽ ശാരീരികവേഴ്ച മ്ലേഛമല്ല എന്ന മനോഭാവം ദമ്പതികൾ വളർത്തിയിരിക്കണം.

6. ഗർഭകാലത്തും, കുഞ്ഞുങ്ങളെ മുലയൂട്ടി വളർത്തുമ്പോഴും പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

7. കുടുംബാസൂത്രണ മാർഗങ്ങളെക്കുറിച്ച്.

### ചോദ്യങ്ങൾ

1. പങ്കാളിയെ തെരഞ്ഞെടുക്കുന്നതിൽ ഏറ്റം അധികം ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങൾ ഏവ?
2. ലൈംഗികതയിലുള്ള അജ്ഞത ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുമോ? പ്രായത്തിനും അറിവിനുമനുസരിച്ച് പക്വമായ നിലയിൽ വിലയിരുത്തുക?

## പാഠം 5

# ദാമ്പത്യജീവിതം

❑ ദാമ്പത്യത്തിലേക്കുള്ള പ്രവേശനം ❑ വിവാഹത്തോടനുബന്ധിച്ചുള്ള കുമ്പസാരം ❑ വിവാഹത്തിനു മുൻപുള്ള കൗൺസലിംഗ് ❑ വിവാഹ ശുശ്രൂഷ ❑ ദാമ്പത്യജീവിതം ❑ വൈകാരിക പ്രാധാന്യമുള്ള ഒന്നാം ഘട്ടം.

### ദാമ്പത്യ ജീവിതത്തിലേക്കുള്ള പ്രവേശനം

ദാമ്പത്യജീവിതത്തെക്കുറിച്ച് പരാമർശിക്കുന്നതിനു മുൻപ് അതിലേക്കു

പ്രവേശിക്കുന്ന മുഖാന്തരത്തെപ്പറ്റി ചില ചിന്തകൾ ഉൾക്കൊള്ളുന്നതു കൊള്ളാം. വിവാഹം ഒരു കൂദാശയായി റോമൻകത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭകളും വിശ്വസിക്കുന്നു എന്ന് മുൻപു നാം കണ്ടു. കൂദാശ എന്ന് വിശ്വസിക്കപ്പെടുന്നില്ലെങ്കിലും വിവാഹശുശ്രൂഷയ്ക്ക് ഗൗരവമായ സ്ഥാനം നവീകരണസഭകളും നൽകിയിട്ടുണ്ട്. കൂദാശ എന്നതുകൊണ്ട് നാം അർത്ഥമാക്കുന്ന കാര്യങ്ങളെക്കുറിച്ചും മുൻപ് ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ട്. അതിനാൽ പ്രായോഗികമായ കാര്യങ്ങളാണ് ഇവിടെ ചർച്ചാവിഷയമാക്കുന്നത്.

## വിവാഹത്തിനു മുൻപുള്ള കുമ്പസാരം അഥവാ വിവാഹത്തിന് മുൻപുള്ള കൗൺസലിംഗ്

പ്രായോഗികമായി വളരെ പ്രയോജനപ്പെടുത്താവുന്ന ഒന്നാണ് വിവാഹത്തിനു മുമ്പുള്ള കുമ്പസാരം. പാശ്ചാത്യസഭകളിൽ വിവാഹത്തിനു മുൻപുള്ള കൗൺസലിംഗ് വിശ്വാസികളുടെ ഇടയിൽ സാധാരണയായിട്ടുണ്ട് (ബഹുഭൂരിപക്ഷവും വിശ്വാസികളല്ല എന്നത് മറ്റൊരു വസ്തുത). സ്വാഭാവികമായി ക്രമീകരിച്ചിരിക്കുന്ന വി. കുമ്പസാരം അർത്ഥവത്തായി നടത്താൻ സാധിക്കാത്ത വിശ്വാസികൾ ഉടനെ ഒരു കൗൺസലിംഗിന് ഒരുങ്ങിവരുമെന്ന് പ്രതീക്ഷിക്കുവാൻ പ്രയാസം. എന്നാൽ വൈദികർ മുൻകൈയെടുത്ത് ഇടവകയിലെ വിവാഹപ്രായമെത്തിയവർക്കു മാത്രമായി പ്രത്യേകമായ ക്ലാസുകൾ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കും. അവിവാഹിതരായ വൈദികരും ലൈംഗികതയുൾപ്പെടെയുള്ള കാര്യങ്ങൾ തന്മയത്വമായി അവതരിപ്പിക്കുവാൻ സ്വയം പ്രാപ്തി തോന്നാത്തവരും ഇതിനു മുതിരാതിരിക്കുകയാണുത്തമം. വൈദികസ്ഥാനത്തിന്റെ ആധികാരികതയിൽ വിശ്വസിക്കുന്നവർക്ക് തെറ്റായ രീതിയിലുള്ള അറിവുകൾ ഒരു പക്ഷേ ദോഷം ചെയ്യാൻ ഇടയാക്കും. തൽക്കാലം വി. കുമ്പസാരം എന്ന മാധ്യമം കുറച്ചുകൂടി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചു ചിന്തിക്കാം.

'പാപം മോചിക്കപ്പെടുക' എന്ന പ്രമാണം അതിന്റെ അർത്ഥവ്യാപ്തി ഉൾക്കൊള്ളാതെ വി. കുമ്പസ്സാരത്തിന്റെ ആത്യന്തികലക്ഷ്യമായി കണ്ടിരിക്കുന്നതുകൊണ്ട് അത് ഏറ്റവും ഒടുവിലത്തെ സമയത്തേക്കു മാറ്റിവെച്ചിട്ടുള്ള പാരമ്പര്യം മുൻപുണ്ടായിരുന്നല്ലോ. അതുപോലെ വിവാഹത്തിന് ഏറ്റവും അടുത്ത സമയം മാത്രമേ കുമ്പസ്സാരത്തിന് എടുക്കാവൂ എന്ന ഒരു ചിന്ത എല്ലാവരുടേയും മനസിൽ കടന്നുകൂടിയിട്ടുണ്ട്. ഞായറും തിങ്കളുമായി നടക്കുന്ന വിവാഹങ്ങളിൽ ആ ഞായറാഴ്ച തന്നെ കുമ്പസ്സാരം നടത്തുന്ന രീതിയാണ് ഇന്നു കാണുന്നത്. വിവാഹജീവിതത്തിൽ തങ്ങളെത്തന്നെ ഒരുക്കാൻ ഇന്നുള്ള കുമ്പസ്സാരം പ്രയോജനപ്പെടുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നിർഭാഗ്യമെന്നു പറയട്ടെ, തങ്ങൾക്ക്

എല്ലാം അറിയാം എന്ന നിലപാടാണ് വിവാഹജീവിതത്തിലേക്ക് കടക്കുന്നവർക്കുള്ളത്. വ്യക്തിത്വത്തെ ആഴത്തിൽ വിശകലനം ചെയ്യാനും, പങ്കാളിയുമായി ചേർന്നുപോകാനും, കുടുംബബന്ധങ്ങളിൽ വരുന്ന മാറ്റം ആരോഗ്യകരമായി കൈകാര്യം ചെയ്യാനും, പണം, സമയം ഇവ ഉത്തരവാദിത്വത്തോടെ ചെലവഴിക്കാനും, ദൈവാശ്രയബോധത്തിലും, ക്രിസ്തീയ മൂല്യങ്ങളിലും അടിസ്ഥാനമാക്കി കുടുംബജീവിതം പണിയാനുമൊക്കെയുള്ള ഉൾക്കാഴ്ച ഈ കുമ്പസ്സാരത്തിൽക്കൂടി വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്ക് ലഭിക്കേണ്ടതാണ്. ലൈംഗീകതയെക്കുറിച്ചുള്ള തെറ്റായ മനോഭാവവും, ഭർത്തൃഗൃഹത്തെപ്പറ്റിയോ, ഭാര്യാഗൃഹത്തേപ്പറ്റിയോയുള്ള തെറ്റായ ധാരണകളും മുൻവിധികളുമൊക്കെ വി. കുമ്പസ്സാരത്തിൽ ക്കൂടി ചർച്ച ചെയ്യപ്പെടേണ്ടതാണ്. കുടുംബജീവിതത്തെക്കുറിച്ച് അകാരണമായ ഭീതിയും, ഭയവും ഉള്ളവർക്ക് ഈ അവസരം നല്ലവണ്ണം പ്രയോജനപ്പെടുത്താവുന്നതാണ്. എല്ലാറ്റിനുമുപരി വിശുദ്ധ കുമ്പസ്സാരത്തിലും വി. കുർബാനാനുഭവത്തിലും കൂടി ലഭിക്കുന്ന ദൈവീകകൃപ, പുതിയവെല്ലുവിളികളേയും, സാഹചര്യങ്ങളേയും നേരിടുവാൻ തക്കവണ്ണം മണവാളനേയും മണവാട്ടിയേയും ശക്തിപ്പെടുത്തുന്നു. ഒരു പക്ഷേ കുമ്പസ്സാരത്തിനു വരുന്നവർ ഈ വക കാര്യങ്ങളെക്കുറിച്ച് അജ്ഞരായിരുന്നാലും കുടുംബജീവിതത്തിന്റെ ചുമതലകളെപ്പറ്റി അവരെ ബോധവാന്മാരാക്കി, ദൈവകൃപയിൽ ശക്തിപ്പെടുത്തി അയക്കുവാൻ കുമ്പസ്സാരപിതാവിനു കഴിഞ്ഞിരിക്കണം. അതുകൂടാതെ കഴിയുമെങ്കിൽ വിവാഹത്തിന്റെ ക്രമീകരണങ്ങൾ ഒക്കെ തുടങ്ങുന്നതിനു മുൻപ് ഒരു ദിവസം മണവാളനെയോ, മണവാട്ടിയെയോ കണ്ട് അനൗപചാരികമായി സംഭാഷണം നടത്തുകയും അതിൽക്കൂടി പല കാര്യങ്ങൾ ഉദ്ബോധിപ്പിക്കുകയും ചെയ്യാൻ പട്ടക്കാർക്ക് സാധിച്ചാൽ അതും നന്നായിരിക്കും. അതുപോലെ വൈദികരെ സന്ദർശിച്ച് സംഭാഷണം നടത്താൻ വിശ്വാസികളും ശ്രമിക്കുന്നത് ഏറെ ഫലം ചെയ്യും.

## വിവാഹ ശുശ്രൂഷ

വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള അന്തരം ഇന്നത്തെ വിവാഹ രീതികളിൽ പ്രകടമായും ദൃശ്യമാണ്. പള്ളികളിൽ നടത്തപ്പെടുന്ന ശുശ്രൂഷ പോലും ദൈവസാന്നിദ്ധ്യബോധമില്ലാതെ അലങ്കോലപ്പെടുന്നുണ്ട്. വിവാഹത്തിന്റെ സാമൂഹ്യമായ വശം അതിന്റെ ആത്മീക സത്യത്തെ വികലമാക്കിയിരിക്കുകയാണ്. ധനിക – ദരിദ്ര വ്യത്യാസമെന്യേ വിവാഹത്തിന്റെ അവസരങ്ങൾ തങ്ങളുടെ കഴിവുകൾക്കൊത്തുള്ള ആഡംബരത്തിനും മാന്യതയ്ക്കുമുള്ള പ്രകടനവേദികളായി അധഃപതിപ്പിച്ചിരിക്കുന്നു. ഇതൊരു പുസ്തകത്തിൽ പ്രദിപാദ്യവിഷമാക്കേണ്ടതാണോ എന്ന് ചിലർക്കെങ്കിലും സംശയം തോന്നുമായിരിക്കാം. ക്രിസ്തീയ മൂല്യങ്ങളിൽ നിന്ന്

കുടുംബങ്ങൾ അകന്നുപോയിരിക്കുന്ന യാഥാർത്ഥ്യം കണക്കിലെടുക്കുമ്പോൾ, ആ മൂല്യത്തകർച്ചയുടെ ആരംഭം ഇന്നത്തെ വിവാഹങ്ങളുടെ നടത്തിപ്പു രീതിയിലാണെന്ന് കണ്ടെത്താൻ വിഷമമില്ല, അതുകൊണ്ട് അവയെക്കുറിച്ചുള്ള പരാമർശനവും ഉചിതമായിട്ടുള്ളതു തന്നെ. വിവാഹത്തിന്റെ ചടങ്ങുകൾ കുറച്ചുകൂടി ക്രിസ്തീയ മൂല്യങ്ങൾക്കനുസരണമാക്കേണ്ടിയിരിക്കുന്നു. സമൂഹത്തിൽ നിലവിലുള്ള സാമ്പത്തികാന്തരം ഉടനടി മാറ്റുക പ്രായോഗികമല്ല. അതിനാൽ ഒട്ടേറെ സാമൂഹിക മാനങ്ങളുള്ള, വിവാഹം എന്ന ചടങ്ങ് ഓരോരുത്തരുടേയും നിലയും വിലയും അനുസരിച്ച് വ്യത്യാസപ്പെടാനാണ് സാധ്യത. ചുരുങ്ങിയപക്ഷം മണവാളനും, മണവാട്ടിയും അവരുടെ കുടുംബങ്ങളും പ്രാർത്ഥനാപൂർവ്വം ഇതിനായി ഒരുങ്ങുകയും പരിപാവനമായ പള്ളിയും, അതിലെ വി. ശുശ്രൂഷയുമെങ്കിലും ദൈവസാന്നിദ്ധ്യബോധം ജനിപ്പിക്കുന്നവിധത്തിലാക്കുകയും ചെയ്തിരുന്നെങ്കിൽ വളരെ നന്നായിരുന്നു. ആഡംബരവും, വലിപ്പവും പള്ളികളിലും പ്രകടിപ്പിക്കാനുള്ള ത്വര കല്ലടാവിനുള്ളിൽ പിറന്ന ക്രിസ്തുയേശുവിന്റെ ശിഷ്യന്മാർക്ക് എപ്രകാരം യോജിക്കും എന്ന് ചിന്തിച്ചിരുന്നെങ്കിൽ കൊള്ളാം. “യഹോവ വീടു പണിയുന്നില്ലെങ്കിൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു. ......” (സങ്കീ: 127). ദൈവംതമ്പുരാൻ കുടുംബം പണിയുന്നു എന്നുള്ള വിശ്വാസം പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിലും, വിവാഹത്തിന്റെ നടത്തിപ്പു രീതികളിലുമൊക്കെ ഇനിയും വേണ്ടത്ര പ്രതിഫലിച്ചു കാണേണ്ടതായിട്ടാണിരിക്കുന്നത്.

## ദാമ്പത്യജീവിതം ഒന്നാം ഘട്ടം

ദമ്പതികളുടെ ആദ്യരാത്രി മുതൽ എത്രനാൾ അഥവാ എത്ര വർഷങ്ങൾ വരെ ആദ്യഘട്ടം നീണ്ടുനിൽക്കുമെന്നതിന് പ്രത്യേക കണക്കുകളൊന്നുമില്ല. എന്നാൽ ആദ്യഘട്ടത്തിന് പൊതുവായ അടിസ്ഥാനമാക്കിയിരിക്കുന്ന ഒരു മാനദണ്ഡമുണ്ട്. അതായത് ദമ്പതികൾ തമ്മിലുള്ള ശാരീരിക വേഴ്ചക്ക് മുൻതൂക്കം നൽകപ്പെട്ടിരിക്കുന്ന വൈകാരികതയാണ് ഇതിന്റെ അളവുകോൽ. ഈ വൈകാരിക നിലവാരം വിവിധ ദമ്പതികളിലും വ്യത്യാസപ്പെട്ടിരിക്കും. വിവാഹത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ കുഞ്ഞുങ്ങളുണ്ടാവുക, ഉദ്യോഗസംബന്ധമായും, കുടുംബപരവുമായ പ്രാരാബ്ധങ്ങൾ, ദമ്പതികളിലെ ആരോഗ്യനിലവാരം തുടങ്ങി അനേക കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ വൈകാരികതക്ക് ഏറ്റക്കുറച്ചിൽ ഉണ്ടാവാൻ ഇടയുണ്ട് . അതിനാൽ ഇതിന്റെ സമയക്ലിപ്തതയേപ്പറ്റി ആരും അന്വേഷിച്ചു പോകേണ്ടതില്ല. ദമ്പതികൾ, തങ്ങളിൽ വരുന്ന മാറ്റങ്ങളെ മനസിലാക്കി അതിനനുസരിച്ചുള്ള പെരുമാറ്റശീലങ്ങൾ ആർജ്ജിച്ചാൽ മതിയാകും. എത്രമാത്രം അനുകൂല സാഹചര്യങ്ങളുണ്ടായാലും ഈ

വൈകാരിക തീവ്രത ഒന്നു രണ്ടു വർഷങ്ങൾ കഴിയുമ്പോൾ മുതൽ കുറഞ്ഞുവരാനാണിട. വൈകാരിക തീവ്രത കുറഞ്ഞുവരിക എന്നതുകൊണ്ട് ദമ്പതികൾ തമ്മിൽ അകലുന്നു എന്ന് അതിനർത്ഥമില്ല. നേരെ മറിച്ച് ഉത്തമ കുടുംബജീവിതം നയിക്കുന്ന ദമ്പതികളിൽ അവരുടെ മാനസീകഐക്യം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ് ചെയ്യുന്നത്. അതേപ്പറ്റി പിന്നാലെ ചിന്തിക്കാം.

ദമ്പതികളെ സംബന്ധിച്ചിടത്തോളം ആദ്യരാത്രി ഉദ്വേഗജനകമായിരിക്കും. നമ്മുടെ സംസ്ക്കാരത്തിൽ വളരുന്ന യുവതികൾക്കു ചിലപ്പോൾ ഭയാശങ്കകളുമൊക്കെ അമിതമായി ഉണ്ടാകുവാനും ഇടയുണ്ട്. ആദ്യരാത്രിയെപ്പറ്റി ഭാവനകളിലും, നിറംപിടിപ്പിച്ച കഥകളിലും വായിച്ചറിഞ്ഞിട്ടുള്ള അറിവുകൾ പലപ്പോഴും യാഥാർത്ഥ്യങ്ങളിൽ നിന്ന് വളരെയകലെയായിരിക്കും. തന്നെയുമല്ല ഈ കാര്യങ്ങളിലൊക്കെ ഓരോരുത്തരുടേയും അനുഭവം വ്യത്യസ്തമാകാനാണിടയുള്ളത്. പൊതുവായ തത്ത്വങ്ങൾ സ്വീകരിക്കാനല്ലാതെ ഒന്നിനും മുഴുവനായ ആധികാരികത ഈ കാര്യത്തിൽ കല്പിക്കേണ്ടതില്ല. കോളജ് വിദ്യാഭ്യാസം തുടങ്ങുന്നതിനു മുൻപ് യുവതീയുവാക്കൾ എന്തെല്ലാം സങ്കൽപ്പങ്ങൾ മറ്റുള്ളവർ പറയുന്നതുകേട്ട് രൂപപ്പെടുത്തിയിരിക്കും. എന്നാൽ തങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങൾ ഇതുവരെ കേട്ടതിൽ നിന്ന് വ്യത്യസ്തമെന്ന് ഓരോരുത്തർക്കും ബോദ്ധ്യമാകും. ഇതുപോലെയാണ് ദാമ്പത്യജീവിതത്തിലെയും അനുഭവങ്ങളും. ക്രിസ്തീയ കുടുംബജീവിതം നയിക്കാനാഗ്രഹിക്കുന്നവർക്ക് ഉൾക്കൊള്ളാവുന്ന ചില മൂല്യങ്ങളുണ്ട്. അവ ജീവിതത്തിൽ പകർത്തുന്നത് നന്നായിരിക്കും. അതിൽ ഏറ്റം പ്രധാനമാണ് ദമ്പതികളുടെ രഹസ്യപ്രാർത്ഥന.

ക്രിസ്തീയഭവനങ്ങളിൽ ചുരുങ്ങിയപക്ഷം സന്ധ്യക്കും പ്രഭാതത്തിലുമെങ്കിലും പ്രാർത്ഥനകൾ നടത്തിയിരിക്കണം. ദമ്പതികൾ ഈ പൊതുവായ പ്രാർത്ഥന കൊണ്ടു മാത്രം തൃപ്തിപ്പെടരുത്. കിടക്കയിലേക്കു പോകുന്നതിനു മുൻപ് ഇരുവരും ഒരുമിച്ച് അന്നേ ദിവസം പ്രാപിച്ച എല്ലാ കൃപകൾക്കുമായി ദൈവത്തെ സ്തോത്രം ചെയ്യുകയും, തെറ്റുകുറ്റങ്ങൾ വന്നുപോയിട്ടുള്ളത് ദൈവസന്നിധിയിൽ ഏറ്റുപറയുകയും, നല്ല വിശ്രമം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യണം. കൗമാ പ്രാർത്ഥനകൾക്കു പുറമേ മനഃപ്രാർത്ഥനകൾ ഈ അവസരത്തിൽ ചൊല്ലാൻ പരിശീലിക്കുകയും ഓരോ ദിവസമോ, ഓരോ നേരമോ ദമ്പതികളിലൊരാൾ മാറി, മാറി പ്രാർത്ഥിക്കുകയോ ചെയ്താൽ അത് ഏറ്റം അനുഗ്രഹപ്രദമായിരിക്കും. ഈ പതിവ് നിശ്ചയമായും വിവാഹത്തിന്റെ ആദ്യരാത്രി തന്നെ തുടങ്ങുന്നതു നന്നായിരിക്കും. ദൈവസന്നിധിയിൽ തങ്ങളെത്തന്നെ സ്വയം സമർപ്പിക്കുന്ന അവസരത്തിൽ തീർത്തും അപരിചിതരായിരുന്നവർ തമ്മിലുള്ള അകലവും, ഭയവും, ഉത്കണ്ഠയുമെല്ലാം മഞ്ഞുരുകുന്നതു പോലെ

അപ്രത്യക്ഷമാകാനിടയാകും. ദൈവത്തിന്റെ മക്കളായി പരസ്പരം ഇട പെടുന്നതിലുള്ള സ്വാതന്ത്ര്യവും സന്തോഷവും മറ്റൊരു സങ്കേതത്തിൽ നിന്നും ലഭ്യമല്ല എന്ന് വിശ്വാസികൾ ഓർത്തിരിക്കേണ്ടതാണ്. ഇപ്രകാരം ദൈവത്തെ തങ്ങളുടെ രഹസ്യവും, പരസ്യവുമായ ജീവിതത്തിൽ മദ്ധ്യ സ്ഥനായി പ്രതിഷ്ഠിക്കുന്ന വിശ്വാസികളുടെ ദാമ്പത്യജീവിതം ഏറെ അനു ഗ്രഹപ്രദമായിരിക്കും. ഭൂമിയിൽ പറുദീസാ സൃഷ്ടിക്കുവാൻ അങ്ങനെ യുള്ളവർക്കു മാത്രമേ സാദ്ധ്യമാവൂ.

വൈകാരികത മുറ്റിനിൽക്കുന്ന ഈ സന്ദർഭത്തിൽ പ്രാർത്ഥിക്കാനാ വുമോ എന്ന് ന്യായമായും ചിന്തിക്കുന്ന കുറച്ചു പേരെങ്കിലും ഉണ്ടായെന്നു വരാം. ദൈവീകചിന്തകളിൽ മുഴുകിക്കഴിഞ്ഞ ശേഷം ലൈംഗീകത ആസ്വ ദിക്കുന്നതു തന്നെ പാപമല്ലേ എന്ന് ചിന്തിക്കുന്നവരും കാണും. ലൈംഗി കതയുടെ ആത്മീകവശം ദർശിച്ചിട്ടില്ലാത്തവരോ അല്ലെങ്കിൽ അതിനെ തെറ്റായി മനസിലാക്കിയതിന്റെ ഫലമായിട്ടോ ഉണ്ടായിട്ടുള്ള സന്ദേഹങ്ങ ളാണ് ഈ ചിന്തകൾക്കാധാരം. ദൈവം കൂട്ടിച്ചേർത്ത ദമ്പതികൾ തമ്മിൽ പോലും ലൈംഗികത ആസ്വദിക്കുന്നത് പാപമാണെന്ന് വരുത്തിത്തീർ ക്കുന്ന ചിന്തകൾ അനേകം വിശ്വാസികളുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ട്. പരിണിതഫലമോ, ഉയർന്ന സാന്മാർഗിക മൂല്യങ്ങളിലേക്ക് ആരെയും നയി ക്കുന്നതിന് ഇത് പര്യാപ്തമാക്കിയിട്ടില്ല എന്നു മാത്രമല്ല, ലൈംഗികബന്ധം വിവാഹത്തിനോ, അതിനു പുറത്തോ ആയാലും, ആ മേഖലയിൽ ദൈവ ത്തിനും ആത്മീകത്തിനും സ്ഥാനമൊന്നുമില്ല എന്ന ചിന്തയിലേക്കാണ് അതു കൊണ്ടെത്തിച്ചിട്ടുള്ളത്. ന്യായമായ അവകാശങ്ങൾ നിഷേധിക്ക പ്പെടുമ്പോൾ, അന്യായം പ്രവർത്തിക്കുന്നതിന് ആർക്കും കുറ്റബോധം തോന്നാനിടയില്ല എന്ന പ്രായോഗിക മനശാസ്ത്രം ഇവിടെയും അന്വർത്ഥ മാക്കപ്പെടുകയാണ്. പാശ്ചാത്യസഭയിലെ നിർബന്ധിത ബ്രഹ്മചര്യം അനേ കരെ ഈ ഒരു സ്ഥിതിവിശേഷത്തിലേക്കു തള്ളിവിട്ടിട്ടുണ്ടെന്ന് പല പഠന ങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. ആശ്രമങ്ങളിലായാലും, മഠങ്ങളിലായാലും, ലൈംഗികതയിൽ തങ്ങൾക്ക് ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കപ്പെട്ടു എന്നു തോന്നലുണ്ടായാൽ, കുറ്റബോധം തോന്നാത്ത അന്യായം പ്രവർത്തിക്കുവാൻ അവർ നിർബന്ധിതരാകും. ഓരോരുത്ത രുടേയും മനസാക്ഷിയായിരിക്കും ഇവിടെ അന്തിമവിധി കർത്താവ്. അതുകൊണ്ടുതന്നെ ഒരുവന്റെ ജീവിതത്തിലെ രഹസ്യങ്ങളിൽ നല്ല പങ്കും അവന്റെ ലൈംഗികവ്യാപാരങ്ങളോടു ബന്ധപ്പെട്ടതായിരിക്കും എന്ന് മിക്ക മനഃശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ലൈംഗികതയിൽ ഉള്ള അടിച്ചമർത്തലുകൾ ഏറെയായിരിക്കുന്ന സമൂഹത്തിൽ വ്യക്തികളുടെ രഹസ്യങ്ങളിൽ ഇതിന്റെ അളവ് ഏറിയിരിക്കാനാണു സാദ്ധ്യത. തൽക്കാലം അതവിടെ നിൽക്കട്ടെ. നമുക്ക് നവദമ്പതികളുടെ

ജീവിതത്തിലേക്കു മടങ്ങിവരാം.

വിവാഹത്തിനു മുൻപും, വിവാഹേതരവുമായ ബന്ധങ്ങൾ അനാശാസ്യമെന്ന് നമ്മുടെ തലമുറയെ പഠിപ്പിക്കുകയും (അത് എന്തുകൊണ്ട് തെറ്റാകുന്നു എന്ന് 3-ാം പാഠത്തിൽ സൂചിപ്പിച്ചിട്ടുണ്ട്) തങ്ങളുടെ ദേഹദേഹികളെ വിശുദ്ധമായി കാത്തുപാലിക്കുകയും ചെയ്യണമെന്നുള്ള ഉദ്ബോധനം ശക്തിയായിത്തന്നെ നാം നൽകേണ്ടതുമാണ്. എന്നാൽ ദൈവം കൂട്ടിച്ചേർക്കുന്ന ഭാര്യാ - ഭർത്തൃബന്ധത്തിൽ വിലക്കുകൾ ഇല്ലാതെ കുറ്റബോധം കൂടാതെ അവ ആസ്വദിക്കുവാനുള്ള അവകാശം ദൈവദത്തമാണെന്ന് മനസിലാക്കി ദമ്പതികൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഈ കാര്യത്തിൽ ദൈവത്തെ സ്തോത്രം ചെയ്യുവാൻ കഴിയുമ്പോഴാണ് ലൈംഗികതയിലും ആത്മീകത കണ്ടെത്തുവാൻ വിശ്വാസികൾക്ക് സാധിക്കുന്നത്. ലൈംഗികതയിലെ ആത്മീയമാനങ്ങൾ ദർശിക്കാത്തവർക്ക് ക്രിസ്തീയ കുടുംബജീവിതം നയിക്കുക സാദ്ധ്യമല്ല തന്നെ.

**ചോദ്യങ്ങൾ**

1. വിവാഹത്തിനു മുൻപുള്ള വി. കുമ്പസാരം കൂടുതൽ അർത്ഥവത്തായി എങ്ങനെ നടത്തപ്പെടാം?
2. വിവാഹത്തിനു മുൻപ് കൗൺസലിംഗ് നടത്തുന്ന രീതി ഇടവകകളിൽ പ്രായോഗികമാക്കാനാവുമോ എന്നു ചിന്തിക്കുക?
3. നമ്മുടെ വിവാഹശുശ്രൂഷകൾ കുറച്ചുകൂടി ദൈവസാന്നിദ്ധ്യബോധമുള്ളവയാക്കിത്തീർക്കാൻ എന്തെല്ലാം ചെയ്യേണ്ടിയിരിക്കുന്നു.

## പാഠം 6

# ദാമ്പത്യജീവിതം ഒന്നാം ഘട്ടം (തുടർച്ച)

❑ ലൈംഗികതയിലെ ആത്മീയവാദങ്ങൾ ❑ മൂല്യങ്ങളിലെ കാപട്യം ❑ ദാമ്പത്യജീവിതത്തിലെ വിലക്കുകൾ ❑ ഉപഭോക്തസംസ്ക്കാരം ❑ ലൈംഗികതയിലെ ആരോഗ്യപരമായ സമീപനം

**ലൈംഗികതയിലെ ആത്മീയവാദങ്ങൾ**

ദാമ്പത്യജീവിതത്തിലെ ഒന്നാംഘട്ടം ലൈംഗീകമായി വൈകാരിക പ്രാധാന്യമുള്ളതാണെന്നു നാം കണ്ടു. അതുകൊണ്ടാണ് അതേപ്പറ്റി

പ്രത്യേകമായ പരിചിന്തനം കഴിഞ്ഞ പാഠത്തിൽ നൽകിയത്. വിവാഹം കുത്തഴിഞ്ഞ ലൈംഗികതക്കുള്ള 'ലൈസൻസ്' നൽകലാണോ എന്ന് ചിലരെങ്കിലും ഇപ്പോൾ ചോദിക്കാൻ ഇടയുണ്ട്. അതിന്റെ മറുപടി കൂടി ചുരുക്കമായി ഇവിടെ പ്രതിപാദിക്കട്ടെ. മുകളിൽ പറഞ്ഞ ചോദ്യത്തിന് ഒറ്റ വാക്യത്തിൽ മറുപടി 'അല്ല' എന്നു തന്നെയാണ്. എന്നാൽ വിവാഹം കുത്തഴിഞ്ഞ ലൈംഗികതക്കുള്ള ലൈസൻസ് അല്ല എന്നു സ്ഥാപിക്കുന്നതിന്റെ മറവിൽ അപ്രായോഗികവും, ക്രിസ്തീയ മൂല്യങ്ങൾക്കു നിരക്കാത്തതുമായ പല വിലക്കുകൾ സഭയും, സമൂഹവും അടിച്ചേൽപ്പിച്ചിട്ടുണ്ട്. അവയെപ്പറ്റി ചിന്തിക്കുന്നതിനു മുൻപായി ഈ കാര്യത്തിൽ സഭയുടേയും സമൂഹത്തിന്റെയും പൊതുവായ നിലപാടൊന്നു പരിശോധിക്കാം.

### 1. മൂല്യങ്ങളിലെ കാപട്യം

നമ്മുടെ സമൂഹം ലൈംഗികതയുടെ മൂല്യങ്ങളിൽ ഒരു വലിയ അളവു വരെ കപടത നടിക്കുന്നുണ്ട് എന്ന് നിസ്സംശയം പറയാം. അത് നമ്മുടെ ആദ്ധ്യാത്മികതയേയും ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. അതായത് ലൈംഗികതയെ അടിസ്ഥാനമാക്കി മൂല്യനിർണ്ണയം നടത്തുക. ഉദാഹരണമായി പറഞ്ഞാൽ ഇടത്തരം ക്രിസ്തീയ ഭവനങ്ങളിൽ വളരുന്ന യുവതലമുറയെ പരിശീലിപ്പിക്കുന്നവർ മ്ലേഛമെന്നു കരുതുന്ന വലിയ രണ്ടു പാപമേയുള്ളൂ. അത് കൊലപാതകവും, വ്യഭിചാരവും ആണ്. ആഡംബരപ്രിയം, സ്വാർത്ഥത, അഹങ്കാരം, നിഗളം, അസൂയ, വിദ്വേഷം, പക, അഴിമതി, സ്വജനപക്ഷപാതം, അനീതി ഇവയെല്ലാം ഒരു വലിയ പരിധി വരെ ഉൾക്കൊണ്ടുകൊണ്ട് 'സ്ത്രീയെ നോക്കുന്നതു' മാത്രം ഏറ്റം വലിയ പാപം എന്ന് വിധിക്കുന്നത് കാപട്യമല്ലേ? മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളിലും ക്രിസ്തീയ മൂല്യങ്ങൾ പരിരക്ഷിക്കപ്പെടാതെ ലൈംഗികതയെ മാത്രം ഒറ്റതിരിച്ച് അടിച്ചമർത്തലുകൾ ഏർപ്പെടുത്തിയാൽ അതു നിലനിൽക്കുമോ? ഒരുപക്ഷേ ഈ ഒരു കാര്യത്തിൽ മാത്രം സമൂഹത്തിന്റെ മര്യാദകൾ പാലിച്ചു എന്നതിനാൽ ആ വ്യക്തി പരിശുദ്ധനായിത്തീരുമോ? മൂല്യസങ്കല്പങ്ങൾക്ക് ഒരു പൊളിച്ചെഴുത്ത് ഇവിടെ ആവശ്യമായിരിക്കുന്നു. മനുഷ്യന്റെ വൈവിദ്ധ്യമാർന്ന ജീവിതവ്യാപാരങ്ങളിൽ നിന്ന് ലൈംഗികതയെ മാത്രം അടർത്തിയെടുത്ത്, അതിൽ വിലക്കുകൾ വെക്കുകയല്ല ആത്മീയ വളർച്ചയുടെ മാനദണ്ഡം. പിന്നെയോ, സഹോദരസ്നേഹത്തിലും, നിസ്വാർത്ഥതയിലും, താഴ്മയിലും, മറ്റുള്ളവർക്കു വേണ്ടി ത്യാഗം സഹിക്കുന്നതിലും, പ്രാർത്ഥനാജീവിതത്തിലും, നീതിബോധത്തിലും എല്ലാം ദൈവമക്കൾ മാതൃകയായി ജീവിക്കാൻ കടപ്പെട്ടിരിക്കുന്നവരാണ്. ആത്മീകതയെ ഈ വിശാലമായ അടിസ്ഥാനത്തിൽ വളർത്തിയെടുത്തിട്ടുള്ളവർക്ക് ലൈംഗികതയിലും പക്വമായ നിയന്ത്രണം പാലിക്കുവാൻ സാധിക്കുന്നതാണ്. മുകളിൽ പറഞ്ഞതിൽ ഏതെങ്കിലും ഒന്നിൽ മാത്രം

ആത്മീകതയെ തളച്ചിടുവാൻ ശ്രമിച്ചാലും അതു സങ്കുചിതമായ ഒന്നായിരിക്കും.

## ദാമ്പത്യജീവിതത്തിലെ ലൈംഗിക വിലക്കുകൾ

വിലക്കുകളില്ലാത്ത ലൈംഗികതയ്ക്കു വേണ്ടിയുള്ളതല്ല വിവാഹം എന്നു മുകളിൽ പ്രസ്താവിച്ചു കഴിഞ്ഞു. താത്ത്വികമായ ഈ പ്രമാണം പ്രാവർത്തികമാക്കിയിരിക്കുന്ന രീതിയിൽ അപാകത ഇല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ യുവദമ്പതികളിൽ വളരെ കുറ്റബോധമുളവാക്കിയിട്ടുള്ള ഒന്നാണ് നോമ്പുകാലങ്ങളിലും, ബുധൻ, വെള്ളി ദിവസങ്ങളിലും ലൈംഗികബന്ധത്തിലേർപ്പെടുന്നതിനെക്കുറിച്ചുള്ള വിലക്ക്. സ്വകാര്യസംഭാഷണങ്ങളിൽ നിന്ന് ഈ കാര്യം വെളിവായി വന്നിട്ടുള്ളതല്ലാതെ മറ്റ് ആധികാരിക ഗവേഷണങ്ങളൊന്നും ഈ വക കാര്യങ്ങളിൽ നമുക്ക് വേണ്ടത്ര അറിവു തരത്തക്കവണ്ണം നടന്നിട്ടില്ല. എന്നാൽ പല ദമ്പതികളിലും ഇതു കുറ്റബോധമുളവാക്കുന്നതാണെന്നുള്ളതിൽ സംശയമില്ല. ഈ വിലക്ക് അതേപടി പാലിക്കുവാൻ സാധിക്കത്തക്കവിധം ആത്മസംയമനത്തിലെത്തിച്ചേരാൻ യുവദമ്പതികൾക്ക് ആദ്യനാളുകളിൽ തന്നെ സാധിച്ചാൽ വളരെ നന്ന്. അങ്ങനെ സാധിക്കാത്ത സാധാരണക്കാർക്ക് ഈ കാര്യത്തിൽ അധികമായ ഒരു കുറ്റബോധം ജനിപ്പിക്കേണ്ട ആവശ്യമുണ്ടോ? ഇല്ലെന്നു ചിന്തിക്കുവാൻ താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധിക്കുന്നു.

(a) ദമ്പതികൾ തമ്മിലുള്ള ശാരീരികബന്ധത്തിന് വേദപുസ്തകം പ്രകടമായ യാതൊരു വിലക്കുകളും വെച്ചിട്ടില്ല. 'അഴലുന്നതിനേക്കാൾ വിവാഹം ചെയ്യുന്നതു നല്ലത്' എന്ന് കല്പിച്ച പൗലൂസ് ശ്ലീഹാ ഭാര്യയ്ക്കും ഭർത്താവിനും പരസ്പരം ശരീരത്തിന്മേൽ അധികാരം ഉണ്ടെന്നുറപ്പായി പ്രഖ്യാപിക്കുന്നു. "പ്രാർത്ഥനക്കവസരമുണ്ടാവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെ അല്ലാതെ വേറുപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിനു വിണ്ടും ചേർന്നിരിപ്പിൻ." ദൈവാശ്രയബോധമുള്ള ദമ്പതികൾക്ക് ഉത്തരവാദിത്വത്തോടെ ഈ അടിസ്ഥാനത്തിൽ വർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നതല്ലേ അഭികാമ്യം? അതോ പ്രാർത്ഥനക്കായി വേർപെട്ടിരിക്കണം എന്ന ശാസനയുടെ അർത്ഥം വർഷത്തിന്റെ പകുതിയിലധികമായ സമയമായി നീട്ടിയെടുക്കേണ്ട ആവശ്യമുണ്ടോ?

(b) ഈ നിയമങ്ങൾ കുടുംബജീവിതം അതിന്റെ എല്ലാ സുഖദുഃഖങ്ങളോടു കൂടി അനുഭവിച്ച പുണ്യാത്മാക്കൾ രൂപപ്പെടുത്തിയതല്ലാ എങ്കിൽ കുടുംബജീവിതം എന്തെന്ന് ആഴത്തിൽ അനുഭവിച്ചറിയാത്തവരുടെ മൂല്യസങ്കല്പത്തിന് പൂർണ്ണമായ ആധികാരികത കല്പിച്ചു കൊടുക്കുന്നതിൽ

അപാകതയുണ്ടെന്ന് ചിന്തിച്ചാൽ തെറ്റുണ്ടോ? ഒരുപക്ഷേ ആത്മീക വളർച്ച യിലേക്കു പൂർണമായും വളർന്നുവരാൻ ആഗ്രഹിക്കുന്ന വ്യക്തിക്ക് ഈ നിഷ്ഠകൾ പരമപ്രധാനമാണെന്ന് വാദത്തിനു വേണ്ടി സമ്മതിച്ചു കൊടു ത്താലും സംശയങ്ങൾ പിന്നെയും ബാക്കി നിൽക്കയായി. മുൻപു കണ്ടതു പോലെ, ഗിരിപ്രഭാഷണങ്ങളിലെ കർത്താവു നേരിട്ട് കല്പിച്ച് നിയമിച്ച ദൈവരാജ്യത്തിന്റെ ഉന്നതമായ സാന്മാർഗിക പ്രമാണങ്ങളെ വളരെ എളു പ്പത്തിൽ ലംഘിക്കുമ്പോഴുണ്ടാകാത്ത കുറ്റബോധം ഈ കാര്യത്തിൽ ഉണ്ടാ കണമെന്ന് ശഠിക്കുന്നത് നീതിയാണോ? നിന്നെപ്പോലെ നിന്റെ അയൽക്കാ രനെ സ്നേഹിക്കുക, രണ്ടുണ്ടെങ്കിൽ ഒന്നില്ലാത്തവനു കൊടുക്കുക, സ്വന്തം കണ്ണിൽ കോൽ വെച്ചുകൊണ്ട് അന്യന്റെ കണ്ണിലെ കരട് എടുത്തു കളയാതിരിക്കുക, സഹോദരനെ നിസ്സാര എന്നോ, മൂഢാ എന്നോ വിളി ക്കാതിരിക്കുക തുടങ്ങിയ അനേകം വിലപ്പെട്ട പ്രമാണങ്ങൾ ലംഘിക്കു ന്നതിലധികമായ പാപമാണോ ദൈവം കൂട്ടിച്ചേർത്ത ദമ്പതികൾ തമ്മിൽ ദൈവികസ്നേഹം പരസ്പരം പങ്കിട്ടുകൊണ്ടുള്ള കൂടിച്ചേരൽ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

(c) ലൈംഗികതയെപ്പറ്റി ശരീരശാസ്ത്രവും മനശാസ്ത്രവും തരുന്ന അറിവുകൾ ഇപ്രകാരം ഒരു വിലക്കിന് സാധൂകരണം നൽകുന്നില്ല. ലൈംഗികത ഒരു വികാരമാണ്. അത് മനസ്സിനെയും ശരീരത്തേയും വിജ്രം ഭിക്കുന്ന ഒരു പ്രതിഭാസമാണ്. മനസ്സിനെ ഒരുപക്ഷേ നിയന്ത്രണവിധേയ മാക്കിയാലും ശാരീരികമായ സ്വയം തയ്യാറെടുപ്പിനെ പെട്ടെന്നു പിടിച്ചു നിർത്താനാവില്ല. ദമ്പതികളുടെ പരസ്പര സാമീപ്യം ശരീരത്തിൽ കൂടു തൽ ഉത്തേജനം ജനിപ്പിക്കുന്നു. ദമ്പതികളെ ശാരീരികബന്ധത്തിലേക്കു നയിക്കുവാൻ ഈ ഉത്തേജനം പര്യാപ്തമാക്കുന്നു. വിവാഹത്തിന്റെ ആദ്യ നാളുകളിൽ തോന്നുന്ന ഈ ഉത്തേജനം കാലം കഴിയുമ്പോൾ കുറഞ്ഞു വരുന്നു എന്നതാണ് പരമാർത്ഥം. ആരു വിലക്കിയാലും ഇല്ലെങ്കിലും ശാരീ രിക ബന്ധത്തിന്റെ അളവ് കുറഞ്ഞു കുറഞ്ഞുവന്ന് തീരെ ഇല്ലാതെയാ കുന്ന ഘട്ടം വരെയും അത് എത്തും. ശാരീരികബന്ധം ഇല്ലെങ്കിലും ഈ ഘട്ടത്തിൽ ഉത്തമ ദമ്പതികളുടെ മാനസികഐക്യം മുൻപുണ്ടായിരുന്ന തിനേക്കാൾ അധികമായിരിക്കും എന്നതാണ് യാഥാർത്ഥ്യം. തന്നെയുമല്ല വിലക്കുകൾ വച്ചാൽ ഉടൻ നിർത്താവുന്നതും വിലക്കുകൾ ഇല്ലാ എന്നു കല്പിച്ചാൽ ഉടൻ പ്രവർത്തിച്ചു തുടങ്ങുന്നതുമല്ല ലൈംഗിക വികാരം. യാതൊരു വിലക്കുകളുമില്ലെങ്കിലും ദമ്പതികൾക്ക് ലൈംഗികതയിൽ താല്പര്യം തോന്നാത്ത എത്രയധികം സന്ദർഭങ്ങളുണ്ട്. ജീവിതപ്രശ്ന ങ്ങളും, പ്രാരാബ്ധങ്ങളും, സാമ്പത്തിക ബുദ്ധിമുട്ടുകളും തൊഴിൽ പ്രശ്ന ങ്ങളും, തൊഴിലില്ലായ്മയും എന്നു വേണ്ട അനവധി കാര്യങ്ങളിൽ അസ്വ സ്ഥമായിരിക്കുന്ന ദമ്പതികൾക്ക് ശാരീരികബന്ധത്തെപ്പറ്റി ചിന്തിക്കാൻ

കൂടി കഴികയില്ല. മറ്റാരിൽ നിന്നും ലഭിക്കാത്ത നിരുപാധിക സ്നേഹവും അംഗീകാരവും ഭാരങ്ങൾ വഹിക്കുന്നതിലുള്ള പങ്കാളിത്തവും, കൂട്ടായ്മയും സർവോപരി ദൈവാശ്രയബോധവുമൊക്കെയാണ് ഈ ഘട്ടത്തിലൊക്കെ ദമ്പതികളെ ശക്തിപ്പെടുത്തുന്നത്.

(d) ലൈംഗികമായ അധാർമ്മികത വർദ്ധിച്ചിട്ടുള്ളതിന്റെ ചരിത്രം നാം പരിശോധിച്ചാൽ അതിന്റെ ഉറവിടം വിലക്കുകൾ ഇല്ലാതെ ദമ്പതികൾ തമ്മിൽ ശാരീരികബന്ധത്തിലേർപ്പെട്ടതിലാണെന്ന് ആരാലും സ്ഥാപിക്കാൻ സാദ്ധ്യമല്ല തന്നെ. തന്നെയുമല്ല, മൂല്ല്യച്യുതി വ്യക്തിയുടെയും സമൂഹത്തിന്റെയും എല്ലാ ഘടകങ്ങളെയും ബാധിക്കുന്നു എന്നതാണ് ചരിത്രയാഥാർത്ഥ്യം. ലൈംഗികതയിൽ മാത്രം അധാർമ്മികതയും മറ്റെല്ലാ കാര്യങ്ങളിലും ഉയർന്ന മൂല്ല്യബോധവുമെന്നത് ചരിത്രത്തിൽ എങ്ങും സംഭവിച്ചിട്ടുള്ളതല്ല. തിരിച്ചും സംഭവിക്കാനിടയില്ല. അതുപോലെ ഇന്ന് സംഭവിച്ചിരിക്കുന്ന അധാർമ്മികതയുടെ ഭീകരത സാമൂഹ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും ദർശിച്ച് അവയ്ക്കെല്ലാറ്റിനുമെതിരായി പോരാടാനുള്ള കടപ്പാട് ക്രിസ്തീയ വിശ്വാസികൾക്ക് കുടുംബമായും സമൂഹമായും ഉണ്ട്.

### (e) ഉപഭോക്ത സംസ്കാരം

പാശ്ചാത്യരുടെ ഉപഭോക്ത സംസ്കാരമാണ് ഒരു വലിയ പരിധി വരെ ഇന്നുള്ള ധാർമ്മികാധപതനത്തിന്റെ പ്രധാന കാരണം. ഉൽപ്പാദനം വർദ്ധിപ്പിക്കാനും അതുവഴി കൂടുതൽ ലാഭമുണ്ടാക്കുവാനുമുള്ള കച്ചവടക്കാരുടെ കണ്ണുകളിൽ ലൈംഗികതയുടെ സാദ്ധ്യതകളും വന്നുപെട്ടു. സ്വകാര്യ സ്വത്തിനും ലാഭത്തിനും പരിധി നിശ്ചയിച്ചിട്ടില്ല എന്നു മാത്രമല്ല സർവ്വ സ്വാതന്ത്ര്യവും അനുവദിച്ചിട്ടുള്ള സാമൂഹ്യപശ്ചാത്തലത്തിൽ മഞ്ഞപ്പുസ്തകങ്ങളും, നീലപ്പടങ്ങളും ചൂടപ്പം പോലെ വിറ്റഴിക്കപ്പെട്ടു. പരസ്യങ്ങളും മാധ്യമങ്ങളും സാംസ്കാരിക മൂല്യങ്ങളുടെ ഗതി നിയന്ത്രിക്കുവാൻ തുടങ്ങിയപ്പോൾ അധികം ശ്രദ്ധ പിടിച്ചുപറ്റിയതെന്തും സമൂഹത്തിനംഗീകാരയോഗ്യമായി. സദാചാരമൂല്യങ്ങളുടെ കുത്തക അവകാശപ്പെടുന്നവർ പോലും തങ്ങളുടെ കച്ചവടസാമ്രാജ്യം നിലനിർത്തുന്നതിനുവേണ്ടി ഇക്കിളിപ്പെടുത്തുന്ന പൈങ്കിളി നോവലുകളും ചേർത്ത് പടച്ചിറക്കിവിടുന്ന മൂന്നാംതര വാരികകൾ സുറിയാനി ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ സത്യവേദപുസ്തകത്തേക്കാളും, ആത്മീകചിന്തകൾ നൽകുന്ന മാസികകളേക്കാളും എത്രയധികമായി സ്ഥാനം പിടിച്ചിരിക്കുന്നു. സാന്മാർ ഗിക മൂല്യങ്ങൾക്കു വേണ്ടി പോരാടുന്നവർ ഈ കച്ചവട സംസ്കാരത്തിന്റെ ചെയ്തികൾക്കെതിരെ തിരിയേണ്ടിയിരിക്കുന്നു. തങ്ങളുടെ മക്കളെ ആണായാലും പെണ്ണായാലും മറ്റുള്ളവരുടെ മുൻപാകെ പ്രദർശനവസ്തുക്കളാക്കാൻ ആഗ്രഹിക്കാതെ ദൈവഭയത്തിലും അടക്കത്തിലും ഒതുക്കത്തിലും

വളർത്തുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദൈവ ഭയത്തിലും സഭാസ്നേഹത്തിലും പരജീവിത തൽപ്പരതയിലും നിഷ്ഠ യായി വളർത്തപ്പെടുന്ന മക്കൾ ദാമ്പത്യജീവിതത്തിലും ആവശ്യമായ വില ക്കുകൾ സ്വയം കണ്ടെത്തിക്കൊള്ളും. അതിനു സഹായിക്കുന്ന ചില രൂപ രേഖകളായി ഇന്നത്തെ വിലക്കുകളെ കാണാമെന്നല്ലാതെ യുവദമ്പതിക ളുടെ ദൈവദത്തമായ പരസ്പര സ്വാതന്ത്ര്യത്തെ അശാസ്ത്രീയമായ ഉരുക്കുവലയങ്ങൾക്കുള്ളിൽ ബന്ധിച്ചിടുവാൻ ശ്രമിക്കുന്നത് ഒട്ടുമേ ശരി യല്ല.

## ലൈംഗികതയിൽ ആരോഗ്യപരമായ സമീപനം ആവശ്യമാണ്

ദാമ്പത്യജീവിതത്തിന്റെ ആദ്യഘട്ടത്തിൽ വൈകാരികതക്ക് വലിയ സ്ഥാനമുള്ളതു കൊണ്ടാണ് അതേപ്പറ്റി അല്പം ദീർഘമായി പ്രതിപാദി ക്കേണ്ടത് ആവശ്യമായി വന്നത്. ലൈംഗികതയെക്കുറിച്ചുള്ള അജ്ഞ തയോ, അല്ലെങ്കിൽ തെറ്റായ ധാരണകളോ നമ്മുടെ സാംസ്കാരിക മൂല്യ ങ്ങളിൽപ്പെട്ട ദമ്പതികളിൽ അധികമായിട്ടുണ്ടെന്നതാണ് പരമാർത്ഥം. ഇവി ടെയും വ്യക്തമായ കണക്കുകൾ ഒന്നും ലഭ്യമല്ല. ആദ്യരാത്രിയിൽ ഇരയെ കണ്ട മൃഗത്തെപ്പോലെ ചാടിവീഴുന്ന ഭർത്താക്കന്മാരും, പേടിച്ചരണ്ട മാൻപേടയെപ്പോലെ 'എന്നെ കൊല്ലാൻ വരുന്നേ' എന്നു നിലവിളിക്കുന്ന ഭാര്യമാരും മനശാസ്ത്രജ്ഞന്മാരുടെ കേസ് ഡയറികളിൽ അനവധിയായി കണ്ടെത്താൻ കഴിയും. ഇതിലൊക്കെ കുറെ അതിശയോക്തി കലർന്നിരി ക്കാമെങ്കിലും പക്വമായ പെരുമാറ്റരീതികൾ ദമ്പതികൾ ആർജ്ജിക്കണ മെങ്കിൽ ഇതേപ്പറ്റി ആരോഗ്യകരമായ അറിവ് നേടിയിരിക്കണം. പുരുഷന്റെ ലൈംഗികതയെപ്പറ്റി ഏറെക്കുറെ ധാരണകൾ ഇന്ന് ഉൾക്കൊണ്ടിട്ടുണ്ടെ ങ്കിലും, അതേപോലെ സ്ത്രീക്കും ഉള്ള വൈകാരികത പരക്കെ അംഗീക രിക്കപ്പെട്ടിട്ടില്ല. വിവാഹം കഴിഞ്ഞാലുടനെ ദമ്പതികളുടെ പ്രത്യേകിച്ച്, ഭർത്താക്കന്മാരുടെ മാതാപിതാക്കളോടുള്ള സമീപനത്തിൽ പെട്ടെന്നൊരു മാറ്റം ദൃശ്യമാണ് (എല്ലാവരും അങ്ങനെയാകണമെന്നില്ല). ഭാര്യയെ പ്രീണി പ്പെടുത്തുവാനും അവളുടെ ഇഷ്ടം സാധിച്ചുകൊടുക്കാനും ചെറുപ്പക്കാ രനായ ഭർത്താവിന് ഒരു പ്രത്യേക വ്യഗ്രതയുണ്ടാകുന്നു. എന്താണിതിനു കാരണം? ആഴത്തിൽ പരിശോധിച്ചാൽ ലൈംഗികതയാണിതിന് അടിസ്ഥാ നമെന്നു കാണാം. ഭാര്യയിൽ നിന്നു തനിക്ക് ലഭിച്ച വൈകാരിക അനുഭൂ തിക്ക് പകരം നൽകാൻ ഭർത്താവ് ബാദ്ധ്യസ്ഥനാണല്ലോ. സ്ത്രീയിലെ ലൈംഗികതയെക്കുറിച്ച് അറിവുള്ളവർ അതേ നാണയത്തിൽ തന്നെ അതിനു പ്രതിഫലം നൽകുന്നു. അങ്ങനെ ഭാര്യാ-ഭർത്താക്കന്മാർ തമ്മിൽ പരസ്പരപൂരകമായി തങ്ങളുടെ ആളത്വങ്ങൾ പങ്കിടുന്നു. എന്നാൽ ഈ പങ്കിടീൽ പ്രക്രിയയിൽ ഭർത്താവിനു മാത്രമേ ആദായം ലഭിക്കുന്നുള്ളു വെങ്കിൽ മറ്റുവിധത്തിൽ ഭാര്യയെ തൃപ്തിപ്പെടുത്തുവാൻ ഭർത്താവ്

നിർബന്ധിതനാകുന്നതിന്റെ പ്രകടനങ്ങളാണ് അവരുടെ ആഗ്രഹങ്ങൾ എല്ലാം അതേപടി സാധിച്ചുകൊടുക്കാനുള്ള വ്യഗ്രത. വൈകാരികതയിൽ മുന്നിട്ടു നിൽക്കുന്ന ഭർത്താവിന്റെ നിലപാടിനെ വിദഗ്ധമായി ചൂഷണം ചെയ്ത് തന്നോട് എത്രയും കൂടുതൽ അടുപ്പിച്ചു നിർത്തുവാൻ (ചില പ്പോൾ മാതൃ– പിതൃ സഹോദര ബന്ധങ്ങളെപ്പോലും അവഗണിച്ചുകൊണ്ട്) ശ്രമിക്കുന്ന ഭാര്യമാർ ആദ്യഘട്ടങ്ങളിൽ പൂർണ്ണവിജയം നേടും. എന്നാൽ കാലം ചെല്ലുംതോറും ഭർത്താക്കന്മാരുടെ വൈകാരിക തീഷ്ണത കുറ ഞ്ഞുവരുമ്പോൾ ഭാര്യമാർക്കു മുൻപ് കിട്ടിക്കൊണ്ടിരുന്ന പരിഗണനയും കിട്ടാതെ വരും. പിൽക്കാലത്ത് ദാമ്പത്യജീവിതത്തിൽ ഉലച്ചിലുകൾ ഉണ്ടാ ക്കാൻ ഇതു മുഖാന്തിരമായിത്തീരുകയും ചെയ്യും. മുൻപത്തെപ്പോലെ എന്നോടു സ്നേഹമില്ല എന്നു ചിന്തിച്ചു തുടങ്ങുന്ന ഭാര്യയുടെ അസംതൃ പ്തിയുടെ ഉറവിടം ശരിയാംവണ്ണം ഗ്രഹിക്കുവാൻ ഭർത്താവിനും കഴി യാതെ പോയാൽ അത് ദാമ്പത്യജീവിതത്തിൽ വളരെ വിള്ളലുകൾ ഉണ്ടാക്കും.

ലൈംഗികദാഹം തീർക്കുന്നതിനുള്ള ഉപാധിയായി മാത്രം ദാമ്പത്യ ജീവിതത്തെ കണ്ടാലും വലിയ അപകടമാണ്. കുടുംബം എന്ന സംവി ധാനത്തിന്റെ ദൈവികോദ്ദേശ്യം സാക്ഷാത്കരിക്കാനാവാതെ സ്വാർത്ഥ മായ സുഖം മാത്രം അന്വേഷിക്കുന്നവർക്ക് കേവലം നൈമിഷികമായ ശാരീരികസുഖമല്ലാതെ ക്രിസ്തീയ കുടുംബജീവിതത്തിന്റെ സൗഭാഗ്യം ആസ്വദിക്കാനാവുകയില്ല. പാശ്ചാത്യർക്കുണ്ടായ കുടുംബ തകർച്ചകളാ യിരിക്കും അതിന്റെ പരിണിതഫലം. അതിനാൽ ക്രിസ്തീയ കുടുംബ ജീവിതത്തിൽ ലൈംഗികതയ്ക്കു നൽകപ്പെട്ടിരിക്കുന്ന സ്ഥാനം താഴെപ്പ റയുന്ന വിധത്തിൽ മനസിലാക്കേണ്ടതാണ്.

1. മനുഷ്യനു ദൈവം നൽകിയിരിക്കുന്ന ലൈംഗികേച്ഛ ദൈവം ഉദ്ദേ ശിക്കുന്ന മാർഗ്ഗങ്ങളിലൂടെയാണ് പൂർത്തീകരിക്കപ്പെടേണ്ടത്. അതിനായി ദൈവംതമ്പുരാൻ കൽപ്പിച്ചു നിയമിച്ചിട്ടുള്ളതാണ് ഒരു സ്ത്രീക്ക് ഒരു പുരു ഷൻ എന്ന കുടുംബ സംവിധാനം.

2. ദാമ്പത്യബന്ധത്തിൽ തങ്ങളുടെ വൈകാരികത ശമിപ്പിക്കുന്നതോ ടൊപ്പം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാവുന്നതിനും കൂടി അവർക്കു ഭാഗ്യം ലഭിക്കുന്നു.

3. ക്രിസ്തീയ കുടുംബജീവിതത്തിൽ, ദമ്പതികൾ തമ്മിൽ പരസ്പര മുള്ള ദൈവിക സ്നേഹത്തിന്റെയും, ആളത്വപരമായ പങ്കിടലിന്റെയും പര മകാഷ്ഠയിലാണ് ലൈംഗികബന്ധം നടക്കപ്പെടേണ്ടത്. അതുകൊണ്ടാ ണല്ലോ ലൈംഗികാസ്വാദനം കുറയുന്ന നാളുകളിലും ഉത്തമ ദമ്പതികൾ കൂടുതൽ ഐക്യത്തിലും മാനസിക ഉല്ലാസങ്ങളിലും ജീവിക്കുവാൻ

സാദ്ധ്യമായിത്തീരുന്നത്.

4. പരസ്പരം കൂട്ടായ്മയുടെ ആവശ്യകത ഒന്നു കൂടി ശക്തിപ്പെടുത്തുവാൻ ലൈംഗികത സഹായിക്കുന്നു.

5. രണ്ടു വ്യത്യസ്ത സാഹചര്യങ്ങളിൽ വളർത്തിയെടുക്കപ്പെട്ട വ്യക്തികളുടെ ആളത്വത്തിലും പെരുമാറ്റ ശൈലികളിലുമുള്ള വൈരുദ്ധ്യങ്ങളെ അതിജീവിക്കാനുള്ള അഭിനിവേശം ലൈംഗികബന്ധത്തിൽക്കൂടി ദമ്പതികൾക്കു ലഭ്യമാവുന്നു.

ഇങ്ങനെ കൂട്ടായ്മയുടെയും കരുതലിന്റെയും സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പരമകാഷ്ഠയിൽ ലയിച്ചുചേരുന്ന ദമ്പതികൾ, തങ്ങളുടെ ഈ സൗഭാഗ്യാവസ്ഥക്കായി നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ സ്തോത്രം ചെയ്യേണ്ടതാണ്.

### ചോദ്യങ്ങൾ

1. ലൈംഗികതയിൽ ആത്മീയമാനങ്ങൾ ദർശിക്കാനാവുമോ? അതോ അതു തികച്ചും ലൗകികമായ ഒന്നാണോ? ചർച്ച ചെയ്തു തീരുമാനിക്കുക.
2. ഉപഭോക്ത സംസ്കാരം എന്നാൽ എന്ത്? ധാർമ്മികാധപതനവുമായി അത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
3. ലൈംഗികതയിലെ സാന്മാർഗിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ ഉത്തമ ദാമ്പത്യജീവിതത്തിൽ വയ്ക്കുന്ന വിലക്കുകളേക്കാൾ മറ്റു പലതുമാണാവശ്യം എന്ന നിഗമനത്തോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

# യൂണിറ്റ് 3

# ദാമ്പത്യജീവിതം പരിണാമ ദശകളിൽ

## പാഠം 1

## പ്രഥമ ഘട്ടത്തിലെ സംഘർഷങ്ങൾ

❑ ആദ്യകാല സംഘർഷങ്ങളുടെ കാരണങ്ങൾ ❑ വിവാഹപ്രായം ❑ വിവാഹത്തിനു മുൻപുള്ള ലൈംഗികബന്ധം ❑ സ്വന്തമായ പാർപ്പിടം ❑ മറ്റു സാമ്പത്തിക ചുറ്റുപാടുകൾ

അമേരിക്കൻ ഐക്യനാടുകളിലേയും ബ്രിട്ടനിലേയും യൂറോപ്പിലേയും വിവാഹമോചനത്തെപ്പറ്റിയുള്ള പഠനങ്ങളിൽ നിന്ന് നമുക്കും പലത് ഉൾക്കൊള്ളാനായിട്ടുണ്ട്. അതായത് വിവാഹമോചനങ്ങൾ ഏതു പ്രായത്തിൽ നടക്കാവുന്നതാണെങ്കിലും 40% വിവാഹമോചനങ്ങൾ വിവാഹത്തിന്റെ ആദ്യത്തെ അഞ്ചു വർഷങ്ങൾക്കുള്ളിൽ തന്നെ നടക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ ഇംഗ്ലണ്ടിലും, വെയിൽസിലും 25 വയസിനു മേൽ പ്രായമുള്ളവരുടെ വിവാഹമോചന നിരക്ക് രണ്ടു മടങ്ങ് വർദ്ധിച്ചപ്പോൾ 25 വയസിനു താഴെ പ്രായമുള്ള ദമ്പതികളുടെ നിരക്ക് മൂന്നു മടങ്ങായിരുന്നു.[1] ഇത് വെളിവാക്കുന്ന ഒരു വസ്തുതയുണ്ട്. ദാമ്പത്യജീവിതത്തിലെ ഏറ്റവും സംഘർഷപൂർണ്ണമായ കാലഘട്ടം ആദ്യ വർഷങ്ങളാണ്. അവിടം വിജയകരമായി തരണം ചെയ്യുന്നവർക്ക് പിൽക്കാലത്ത് സൗഭാഗ്യജീവിതം നയിക്കാൻ സാധിക്കും. വിവാഹമോചനങ്ങൾ പാശ്ചാത്യരെപ്പോലെ നമ്മുടെ സമൂഹത്തിൽ സാധാരണമല്ലാത്തതുകൊണ്ട്, അതു നടക്കുന്നില്ല എങ്കിലും അനേകം ദമ്പതികളും സൗഭാഗ്യമായി ജീവിക്കുന്നുണ്ടോ എന്നത് ഒരു വലിയ ചോദ്യം തന്നെയാണ്. കൂട്ടത്തിൽ അൽപ്പം വിമർശനാത്മകമായി തന്നെ പറഞ്ഞു കൊള്ളട്ടെ. വിവാഹമോചനം അധികം ഇവിടെ നടക്കാത്തത് നമ്മുടെ വിശ്വാസാധിഷ്ഠിതമായ മൂല്യബോധം കൊണ്ടാണോ അതോ നമ്മുടെ പൈതൃകമായ സംസ്കാരത്തിന്റെ പ്രത്യേകത കൊണ്ടാണോ എന്നന്വേഷിച്ചാൽ, രണ്ടാമത്തെ കാരണമാണ് ആദ്യത്തേതിനേക്കാൾ സ്വാധീനം ചെലുത്തുന്നത് എന്ന് കണ്ടെത്താൻ വിഷമമില്ല. പാശ്ചാത്യ ജീവിതശൈലി കൂടുതൽ അനുകരിക്കുന്ന ഭാരതത്തിലെ ക്രൈസ്തവരുടെ ഇടയിൽ

1. Jack Dominian ‘Marriage, Faith and Love’ Oarton Longman & Todd Ltd., London, Paper Back, 1984, p. 153.

വിവാഹമോചനങ്ങൾ ഏറിവരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന വിവാഹമോചനക്കേസുകളിൽ ജനസംഖ്യാനുപാതവും ജാതിയും വേർതിരിച്ചു നോക്കിയാൽ ക്രിസ്ത്യാനികളുടേതാണ് കൂടുതൽ എന്ന് ഒരു ആനുകാലിക പ്രസിദ്ധീകരണം റിപ്പോർട്ടു ചെയ്തു കണ്ടു. തൽക്കാലം ആ വിഷയം അവിടെ നിൽക്കട്ടെ. വിവാഹമോചനം നടന്നില്ലെങ്കിലും ആദ്യത്തെ അഞ്ചു വർഷങ്ങൾ (ഏകദേശമായി പറയുന്ന കണക്കാണ്) നമ്മുടെ സംസ്കാരത്തിലും പൊതുവെ അഭിപ്രായഭിന്നതകളുടെയും ആശയസംഘർഷങ്ങളുടെയും പൊരുത്തക്കേടുകളുടെയും സമയമായി കണക്കാക്കുന്നതിൽ തെറ്റില്ല. ഈ സംഘർഷങ്ങൾ ദമ്പതികളിൽ വ്യത്യസ്തമായ പ്രതികരണങ്ങൾ ഉണ്ടാക്കാം. ഉത്തമ ക്രിസ്തീയ കുടുംബജീവിതം നയിക്കുന്നവർ, ഈ സംഘർഷങ്ങളിൽക്കൂടി ശരിക്കും പരസ്പരം മനസിലാക്കി കൂടുതൽ യോജിപ്പിന്റെ മേഖലകൾ കണ്ടെത്തി സന്തോഷമായി ജീവിക്കുവാൻ ശ്രമിക്കുന്നു. പ്രാർത്ഥനാജീവിതവും പരസ്പരസ്നേഹവും, ആത്മാർത്ഥതയും, ത്യാഗമനസ്ഥിതിയും, വിശ്വസ്തതയും എല്ലാം ചേർന്ന ക്രിസ്തീയ മൂല്യങ്ങൾ ഈ ദമ്പതികൾക്ക് എപ്പോഴും കരുത്തും ശക്തിയും പകരുന്നു. എന്നാൽ വേണ്ടത്ര അറിവോ, ഉൾക്കാഴ്ചയോ, ക്രിസ്തീയ മൂല്യബോധമോ ഇല്ലാത്ത മറ്റു കുറേപ്പേർ ഇതിൽക്കൂടുതൽ മെച്ചമായ ബന്ധമൊന്നും സ്ഥാപിക്കാനാവില്ല എന്നു ചിന്തിച്ച് അവരവരുടെ വഴിക്കു നീങ്ങുന്നു. പുറമെ നിന്നു നോക്കിയാൽ വഴക്കോ, ബഹളമോ, പൊട്ടിത്തെറിക്കലോ ഒന്നും ഇവരുടെ ജീവിതത്തിൽ കണ്ടു എന്നു വരികയില്ല. എന്നാൽ ശരീരങ്ങൾ തമ്മിലടുക്കുമ്പോഴും, അവരുടെ മനസ്സുകൾ കൂട്ടിമുട്ടാത്ത വിദൂര മേഖലകളിൽ അലയുകയായിരിക്കാം. എപ്പോഴും തമ്മിൽ തല്ലിയും കലഹിച്ചും കഴിയുന്ന മൂന്നാമതൊരു വിഭാഗവുമുണ്ട്. വിവാഹമോചനം, സാമൂഹ്യാംഗീകാരം നേടി സാർവ്വത്രികമായിത്തീർന്നിട്ടില്ലാത്തതിനാൽ ഇക്കൂട്ടർ ആ വഴിക്കു നീങ്ങിയിട്ടില്ലാ എന്നതേയുള്ളു. വിവാഹിതരെങ്കിലും കുടുംബജീവിതം നയിക്കുന്നു എന്ന് ഇവരെപ്പറ്റി പറഞ്ഞുകൂടാ. സമൂഹദൃഷ്ടിയിൽ കുടുംബജീവിതം നയിക്കുന്നു എന്ന തോന്നലുണ്ടാക്കുന്ന രണ്ടാമത്തെ കൂട്ടരും അന്ധകാരത്തിൽ തന്നെയാണ് തങ്ങളുടെ ജീവിതം തള്ളിനീക്കുന്നത്.

## ആദ്യകാല സംഘർഷങ്ങളുടെ കാരണങ്ങൾ

കൂടുതൽ വിവാഹമോചനങ്ങൾ ആദ്യത്തെ അഞ്ചു വർഷങ്ങൾക്കുള്ളിൽ നടക്കാൻ സാദ്ധ്യതയുള്ള വിധത്തിൽ സംഘർഷനിർഭരമാണ് എന്ന് പാശ്ചാത്യരെപ്പറ്റി നാം നേരത്തെ കണ്ടു. അതിന്റെ കാരണങ്ങൾ അവർ കണ്ടെത്തിയതു മുഴുവൻ അതേപടി നമുക്ക് ബാധകമാവുകയില്ല. എന്നാൽ ചില സംഗതികൾ നമ്മുടെ സാഹചര്യത്തിലും സംഭവിക്കാവുന്നതു

തന്നെയാണ്. അവയെപ്പറ്റി ആദ്യം പ്രതിപാദിക്കാം.

### 1. വിവാഹ പ്രായം

20 നും 25 നും ഇടയ്ക്കുള്ള പ്രായത്തിൽ നടത്തിയിട്ടുള്ള വിവാഹങ്ങളാണ് എളുപ്പത്തിൽ വിവാഹമോചനത്തിൽ കലാശിക്കുന്നതെന്ന് അവിടുത്തെ കണക്കുകൾ വ്യക്തമാക്കുന്നു. ശരീരം പാകമായെങ്കിലും മനസ് പക്വമാകാത്ത പ്രായത്തിലുള്ള വിവാഹബന്ധങ്ങളിൽ ഏറെ സംഘർഷങ്ങൾ ഉണ്ടാവുന്നത് നമ്മുടെ ചുറ്റും കണ്ണോടിച്ചാലും കാണാവുന്ന യാഥാർത്ഥ്യമായി മനസ്സിലാകും. നമ്മുടെ പ്രത്യേകമായ സാംസ്കാരിക നിലവാരത്തിന്റെ സ്വാധീനം മൂലം, പെൺകുട്ടികളെ നേരത്തെ തന്നെ വിവാഹത്തിന് ഒരുക്കുന്നതിന് പരോക്ഷമായ പ്രേരണകൾ നൽകുന്നുണ്ട്. സ്ത്രീക്ക് 18 ഉം പുരുഷന് 21 ഉം ആണല്ലോ വിവാഹപ്രായമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പുതിയതും ഭാരിച്ചതുമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുവാൻ കുടുംബജീവിതം ദമ്പതികളെ നിർബന്ധിക്കുന്നുണ്ട്. സാമ്പത്തിക ബാദ്ധ്യതകളും, കുടുംബബന്ധങ്ങളിൽ വരുന്ന അനിവാര്യമായ മാറ്റങ്ങളും തികച്ചും അപരിചിതനായ (ചിലരെ സംബന്ധിച്ചിടത്തോളം പരിചിതരായിരിക്കാം) പങ്കാളിയുമായി ബന്ധപ്പെടേണ്ടിവരുന്നതിലുള്ള ഭയാശങ്കകളും ഒക്കെ കൈകാര്യം ചെയ്യത്തക്ക മാനസിക പക്വത ദമ്പതികൾ ആർജിച്ചിരിക്കണം (ഇവയെപ്പറ്റി വിശദമായി മുൻപൊരദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്). ചുരുക്കത്തിൽ 20 – 22 –ാം വയസിൽ താഴെ പെൺകുട്ടികളെയും 25 – 27 നും താഴെ ആൺകുട്ടികളെയും ദാമ്പത്യജീവിതത്തിലേക്കു നയിക്കുന്നത് നമ്മുടെ ചുറ്റുപാടിൽ ആശാസ്യമല്ല. പൊതുവായ ഒരു മാർഗ്ഗനിർദ്ദേശമായിട്ട് ഇതിനെ കണക്കാക്കിയാൽ മതി. വൈകാരിക പക്വത വന്നിരിക്കണം എന്നുള്ളതാണ് അടിസ്ഥാന മാനദണ്ഡം.

### 2. വിവാഹത്തിനു മുൻപുള്ള ലൈംഗികബന്ധങ്ങൾ

ബഹുഭൂരിപക്ഷം യുവതീയുവാക്കളും വിവാഹത്തിനു മുൻപു തന്നെ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിരുന്ന പാശ്ചാത്യരുടെ അധഃപതിച്ച രീതിക്ക് വിരാമമിടുവാൻ യൂറോപ്പിനെ ഗ്രസിച്ച പ്ലേഗു പോലെ ഇപ്പോൾ പടർന്നിരിക്കുന്ന AIDS എന്ന മഹാമാരി, ഒരു പരിധി വരെ പ്രേരണ ചെലുത്തിക്കൊണ്ടിരിക്കുന്നു. ആസ്വദിക്കേണ്ടതെല്ലാം നേരത്തെ ആസ്വദിച്ചു കഴിഞ്ഞ യുവദമ്പതികൾ ദാമ്പത്യജീവിതത്തിൽ പ്രത്യേകിച്ച് ഒരുന്മേഷവും താൽപര്യവും തോന്നാനാവാതെ വിരക്തിയിലേക്കു നീങ്ങുമ്പോൾ പരസ്പരം പൊരുത്തങ്ങളേക്കാൾ, പൊരുത്തക്കേടുകൾ കണ്ടെത്തി കലഹിക്കുവാനാണ് ഏറെ താൽപര്യം കാണിക്കുന്നത്. ചിരപരിചിതരായിത്തീർന്ന കമിതാക്കളും വിവാഹത്തിനു മുൻപു തന്നെ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിരിക്കാൻ ഇടയുള്ളതിനാൽ, ആ വഴിക്കും പരസ്പരമുള്ള

ആകർഷണം നേരത്തെ തന്നെ നശിപ്പിച്ചു കഴിഞ്ഞു. അവരും തമ്മിൽ കലഹിക്കുവാൻ ഏറെ സാദ്ധ്യതയുണ്ട്. നമ്മുടെ സാഹചര്യത്തിൽ യുവതീ യുവാക്കൾ പാശ്ചാത്യരെപ്പോലെ നീങ്ങിയിട്ടില്ല. എന്നിരുന്നാൽ തന്നെയും വിശുദ്ധി കാത്തുസൂക്ഷിക്കാതെ ദാമ്പത്യജീവിതത്തിൽ പ്രവേശിക്കുന്ന വർ പലരും കാണും. വ്യക്തമായ കണക്കുകളൊന്നും കണ്ടുപിടിക്കാൻ തൽക്കാലം മാർഗമൊന്നുമില്ല. എന്തെങ്കിലും ബലഹീനതകൾ സംഭവിച്ചു പോയെങ്കിൽ ശരിയായ പശ്ചാത്താപത്തോടും മനസ്താപത്തോടും അവ ഏറ്റുപറഞ്ഞ് പുതുക്കം പ്രാപിക്കുവാൻ വിവാഹത്തിനു മുൻപു തന്നെ അങ്ങനെയുള്ളവർക്ക് സാധിക്കേണ്ടതാണ്. പുറമെ നിന്ന് കണ്ടറിഞ്ഞ് ഇക്കൂട്ടരെ ആരും ശിക്ഷിക്കുകയില്ലെങ്കിലും കുറ്റബോധമുള്ള മനസാക്ഷി എപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. ക്രിസ്തീയ മൂല്യ ങ്ങൾക്കു നിരക്കുന്നതല്ല എന്നതു മാത്രമല്ല ഇതിന്റെ ദോഷഫലമായി ചൂണ്ടിക്കാട്ടാനുള്ളത്. പിന്നെയോ, പങ്കാളിയോടുള്ള മാനസികവും ശാരീ രികവുമായ ഉള്ളു തുറന്ന ബന്ധത്തെ വിഘ്നപ്പെടുത്താനും പങ്കാളിയെ അകാരണമായി സംശയിക്കുന്നതിനുമൊക്കെ ഇത് ഇടയാക്കും. ഒരുപക്ഷേ വികാരം, വിവേകത്തെ കീഴടക്കിയിരിക്കുന്ന യൗവ്വനത്തിന്റെ നാളുകളിൽ ഇതൊക്കെ ഗൗരവമാക്കാതെ ജീവിച്ചാലും ക്രിസ്തീയ മനസാക്ഷി ശരി യാംവണ്ണം രൂപപ്പെടുത്തുന്ന പിന്നീടുള്ള നാളുകളിൽ, ചിലപ്പോൾ വാർദ്ധ ക്യത്തിലായിരിക്കും, കുറ്റബോധം പിന്മാറാതെ പിന്തുടരുവാൻ സാദ്ധ്യത യുള്ളത്. എല്ലാറ്റിനുമുപരി നേരത്തെ സൂചിപ്പിച്ചതുപോലെ പങ്കാളിയുടെ വിശ്വസ്തതയെ സംശയിക്കുന്നവരിൽ മിക്കവരുടെയും അബോധമനസിൽ തങ്ങളുടെതന്നെ, തെറ്റുകളായിരുന്നു ഉണ്ടായിരുന്നത് എന്ന് മിക്ക മന ശാസ്ത്ര പരീക്ഷണങ്ങളിലും തെളിഞ്ഞിട്ടുണ്ട്. അതിനാൽ പ്രാഥമിക ഘട്ട ത്തിലുണ്ടാവുന്ന ഈ തരത്തിലുള്ള സംഘർഷത്തിന്റെ കാര്യകാരണങ്ങൾ നേരത്തെ മനസ്സിലാക്കി അതിനുള്ള പ്രതിവിധികൾ കണ്ടെത്തുകയായി രിക്കും കരണീയം.

### 3. സ്വന്തമായ പാർപ്പിട സൗകര്യവും മറ്റു സാമ്പത്തിക ചുറ്റുപാടുകളും

ദമ്പതികളുടെ ആദ്യ വർഷങ്ങളിൽ സംഘർഷം ഉണ്ടാക്കുവാൻ ഈ പറഞ്ഞ ഘടകങ്ങൾക്കു വലിയ സ്വാധീനമുണ്ടെന്നു പാശ്ചാത്യ സമൂഹ ത്തിലെ വിവാഹമോചനങ്ങളെപ്പറ്റിയുള്ള കണക്കുകൾ പഠിപ്പിക്കുന്നു. അതായത് മാതാപിതാക്കളോട് ഒട്ടിനില്ക്കാനാഗ്രഹിക്കാത്ത യുവതീയുവാ ക്കൾ വിവാഹത്തോടു കൂടി സ്വന്തമായ ഒരു താമസസൗകര്യം കണ്ടെ ത്താൻ ആഗ്രഹിക്കുന്നു. തങ്ങളുടെ സ്വകാര്യജീവിതം ഹനിക്കപ്പെടുന്ന ജീവിത സാഹചര്യങ്ങളോട് വളരെ വെറുപ്പ് ഈ കൂട്ടർക്കുണ്ടാകുന്നു. പരി മിതമായ സൗകര്യങ്ങൾ എങ്കിലും കണ്ടെത്താനായില്ലെങ്കിൽ ദമ്പതികൾ

നിരാശരാവുകയും പെട്ടെന്ന് കോപിച്ച് തമ്മിൽ കലഹിച്ചു വേർപിരിയാൻ ഒരുമ്പെടുകയും ചെയ്യുന്നു. സമൂഹത്തിലെ ഏറ്റം താഴേക്കിടയിലുള്ളവരുടെ ഇടയിലാണ് വേഗത്തിൽ വിവാഹമോചനത്തിനുള്ള ത്വര പ്രത്യക്ഷപ്പെടുന്നത് എന്ന് ചില പഠനങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. Class V എന്ന ഗ്രൂപ്പിൽപ്പെടുന്ന ഇക്കൂട്ടർ വിദ്യാഭ്യാസം കുറവുള്ളവരും, പ്രത്യേക സാങ്കേതിക അറിവ് ആവശ്യമില്ലാത്ത സാധാരണ കൂലിവേലക്കാരും ആയിരിക്കും. സാമ്പത്തിക പരാധീനതയും വിദ്യാഭ്യാസ രാഹിത്യവും ഒത്തുചേരുമ്പോൾ പൊരുത്തക്കേടുകളുടെ ചക്രവാളങ്ങൾ വികസിക്കുകയും ദാമ്പത്യജീവിതം കാറും കോളും നിറഞ്ഞതായിത്തീരുകയും ചെയ്യുന്നു.

വിവാഹമോചനത്തിൽ കലാശിച്ചില്ലെങ്കിലും നമ്മുടെ സാഹചര്യത്തിലും മുകളിൽ പറഞ്ഞ കാര്യങ്ങൾ അർത്ഥവത്താണ്. സമൂഹത്തിന്റെ താഴേയ്ക്കിടയിലുള്ളവർ പ്രത്യേകിച്ച് സ്ത്രീകൾ വിവാഹം വഴിയായി എങ്കിലും ഒരു നല്ല നാളെയെ സ്വപ്നം കണ്ടിരിക്കും. എന്നാൽ വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് എന്ന നിലയിലുള്ള മാറ്റം ഉൾക്കൊള്ളുവാൻ ദാമ്പത്യത്തിന്റെ ആദ്യനാളുകളിൽ എത്ര മാനസികമായ പക്വത വന്നിട്ടുള്ളവർക്കും അത്ര എളുപ്പം സാദ്ധ്യമായി എന്നു വരികയില്ല. സാമ്പത്തിക നിലവാരത്തിലും, വിദ്യാഭ്യാസത്തിലും പിന്നോക്കം നിൽക്കുന്ന നമ്മുടെ സമൂഹത്തിലെ എല്ലാ കുടുംബങ്ങളിലും ഒന്നിനു പുറകെ ഒന്നായി സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ട്. അതിന്റെ കൂടെ സമ്പന്നർ ഉണ്ടാക്കിവച്ചിരിക്കുന്ന പല സാമൂഹ്യചടങ്ങുകളും ദരിദ്ര കുടുംബങ്ങളിൽ കൂടുതൽ വൈഷമ്യങ്ങൾ ഉണ്ടാക്കാനേ ഉപകരിച്ചിട്ടുള്ളു. വിവാഹം കഴിഞ്ഞുള്ള അടുക്കള കാണൽ, പ്രസവത്തിന് വിളിക്കുക, വിടുക, കുഞ്ഞിനെ കാണുക, 28 കെട്ടുക, പ്രസവം കഴിഞ്ഞു വിടുക (ഈ ചടങ്ങുകൾ പ്രാദേശികമായി വ്യത്യാസപ്പെട്ടിരിക്കാം) തുടങ്ങിയ സന്ദർഭങ്ങളെല്ലാം സമ്പന്നരെ സംബന്ധിച്ചിടത്തോളം സന്തോഷകരമെന്നു മാത്രമല്ല വിലപിടിപ്പുള്ള ആഭരണങ്ങളും, വീട്ടുപകരണങ്ങളും, കാഴ്ചവസ്തുക്കളും, പലഹാരങ്ങളുമൊക്കെ കൈമാറുന്നതിനുള്ള അവസരങ്ങളാണ്. ദരിദ്രരെ സംബന്ധിച്ചിടത്തോളം ഈ സന്ദർഭങ്ങളെല്ലാം തങ്ങളുടെ വേദനയും യാതനയും ഒന്നു കൂടി ആഴത്തിൽ രുചിച്ചറിയുന്നതിനും, മേലേക്കിടയിലുള്ളവർ ഉണ്ടാക്കിവെച്ച സാമൂഹ്യമര്യാദകൾ പാലിക്കാൻ കഴിയാതെ പോയാൽ അതു മുഖാന്തിരം ഉണ്ടാകുന്ന അപമാനം സഹിക്കാനും ബന്ധുക്കൾ തമ്മിൽ അകലാനുമേ ഉപകരിക്കുന്നുള്ളൂ. സമ്പന്നരുടെ സുഹൃത്തുക്കളായി തീർന്നിരിക്കുന്ന മനശാസ്ത്രജ്ഞന്മാരും സാമൂഹ്യശാസ്ത്രജ്ഞന്മാരും ബഹുഭൂരിപക്ഷം വരുന്ന ഈ സാധാരണക്കാരുടെ യാതനകളെ വേണ്ടത്ര പ്രതിഫലിപ്പിക്കുവാൻ ഒട്ടും തന്നെ താൽപ്പര്യം കാണിക്കുന്നില്ല. ഇവിടുത്തെ വാരികകളിലും, മാസികകളിലും പ്രത്യക്ഷപ്പെടുന്ന മനഃശാസ്ത്രലേഖനങ്ങൾ,

പ്രത്യേകിച്ച് കുടുംബജീവിത പ്രശ്നങ്ങളോട് ബന്ധപ്പെട്ടവ, സമൂഹത്തിലെ ഉന്നതന്മാരുടെയോ, അതിനു താഴെയുള്ളവരുടെയോ കാര്യങ്ങളെ മാത്രം പരാമർശിക്കുന്നവയായി തരംതാണിരിക്കുന്നു. അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും കുറിച്ച് കരുതലുള്ള സഭ, കുറച്ചുകൂടി സാധാരണക്കാരുടെ കുടുംബബന്ധങ്ങളേയും അവരുടെ പ്രശ്നങ്ങളേയും അപഗ്രഥിച്ച് പ്രബുദ്ധമായ ഉദ്ബോധനങ്ങൾ കൊടുക്കേണ്ടതാണ്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലുള്ള വ്യതിയാനം മൂലമേ ഈ പ്രശ്നങ്ങൾക്കെല്ലാം അന്തിമ പരിഹാരം ഉണ്ടാവുകയുള്ളൂ. എന്നിരുന്നാലും സഭാജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്ന വിശ്വാസികളിലെങ്കിലും അവരുടെ മനോഭാവത്തിൽ മാറ്റം വരുത്തുവാൻ കൂട്ടായും നിരന്തരമായുമുള്ള പ്രബോധനങ്ങൾക്കു കഴിയും. സമ്പന്നർ ഉണ്ടാക്കിവച്ചിട്ടുള്ള ആചാരമര്യാദകൾ അതേപടി പാലിക്കുവാൻ ദരിദ്രർ പരസ്പരം നിർബന്ധം പിടിക്കരുത്. തങ്ങളുടെ പങ്കാളിയുടെയും, അവരുടെ സാമ്പത്തിക പരിതസ്ഥിതിയേയും കുറിച്ച് മനസ്സിലാക്കി കരുതലോടെ ഇടപെടുവാൻ ക്രിസ്തീയ വിശ്വാസികൾക്കു സാധിക്കേണ്ടതാണ്. നമ്മുടെ ഇടവകകളിലെ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരുടെ കുടുംബപ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ ഈ വസ്തുതയുടെ നിജസ്ഥിതിയെപ്പറ്റി നാം ബോധവാന്മാരാകും. സ്ത്രീധനം തുടങ്ങി മറ്റോരോ സന്ദർഭങ്ങളിലും വേണ്ടപോലെ മറ്റേക്കൂട്ടർ പ്രവർത്തിച്ചില്ല എന്നതാണ് പല കുടുംബപ്രശ്നങ്ങളുടേയും അടിസ്ഥാനകാരണം എന്നു കാണാവുന്നതാണ്. ആദ്യപ്രസവത്തിലെ കുട്ടിക്ക് സ്വർണ്ണമാല ഇട്ടു വിട്ടില്ല എന്ന കാരണത്താൽ അതു കിട്ടുന്നതു വരെ ഭാര്യയെ വീട്ടിൽ പറഞ്ഞുവിട്ട അമ്മായിയമ്മയും, അതിനു കൂട്ടുനിൽക്കുന്ന ഭർത്താവും നമുക്ക് പരിചിതമായ യാഥാർത്ഥ്യങ്ങൾ തന്നെയാണ്. സ്നേഹവും, പരസ്പരമുള്ള കരുതലും കാണിക്കാത്ത ഈ കുടുംബബന്ധങ്ങളിൽ ക്രിസ്തീയമെന്നു പറയാൻ എന്താണുള്ളത്? യാഥാർത്ഥ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ക്രിസ്തീയ മൂല്യങ്ങൾ സാന്ദർഭികമായി പ്രതിഫലിപ്പിക്കേണ്ടത് എങ്ങനെയെന്ന് പ്രബോധിപ്പിക്കുവാൻ നമുക്കു കഴിയണമെങ്കിൽ നാം കുറച്ചുകൂടി താഴേക്ക് ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു. സാധാരണക്കാരന്റെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ മനഃശാസ്ത്രജ്ഞനേക്കാൾ ഇന്നാവശ്യം അവന്റെ വേദനയും യാതനയും ഉൾക്കൊള്ളാനാവുന്ന ഉത്തമ ഇടയന്മാരും നല്ല സ്നേഹിതന്മാരുമാണ്.

### ചോദ്യങ്ങൾ

1. ദമ്പതികളുടെ ആദ്യകാലഘട്ടത്തിലെ സംഘർഷങ്ങളുടെ ഉറവിടം കണ്ടെത്തുക?
2. സമ്പന്നവർഗ്ഗത്തിന്റെ സാമൂഹ്യാചാരങ്ങൾ മുറുകെപ്പിടിക്കുന്നതുമൂലം

സാധാരണക്കാർ അനുഭവിക്കേണ്ടി വരുന്ന മാനസിക വൈഷമ്യങ്ങൾ, അനുഭവങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുക?

## പാഠം 2

# അനുരഞ്ജനത്തിന്റെ മാർഗങ്ങൾ

❑ ആത്മീകതയുടെ സ്ഥാനം ❑ മാതാപിതാക്കളിൽ നിന്നുള്ള അകൽച്ച ❑ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ

പ്രഥമഘട്ടത്തിലെ സംഘർഷങ്ങളും അവയിൽ പാശ്ചാത്യ സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളും നമ്മുടെ സാഹചര്യത്തിലുള്ള അവയുടെ പ്രസക്തിയുമാണ് ഇതുവരെ ചിന്തിച്ചുവന്നത്. അവിടുത്തെ പഠനങ്ങളിൽ വെളിവായ ഒരു വസ്തുതയെക്കൂടി പരാമർശിച്ചുകൊണ്ട് നമ്മുടെ ജീവിത സാഹചര്യങ്ങളിലേക്കു തന്നെ ശ്രദ്ധ തിരിക്കാം.

### 4. കുടുംബ ബന്ധങ്ങൾ ഉറപ്പിച്ചു നിർത്തുന്നതിൽ ആത്മീകതയുടെ സ്ഥാനം

പൂർണ്ണമായും മതേതരമായിരിക്കുന്ന പാശ്ചാത്യരുടെ സാമൂഹ്യജീവിതത്തിൽ മതത്തിനും ആത്മീകതയ്ക്കും വലിയ സ്വാധീനം ഇല്ലാതായിട്ട് നാളുകൾ ഏറെയായി. വിവാഹങ്ങൾ, പള്ളികളിൽ വച്ചു നടക്കുന്നതിൽ എത്ര അധികമായി പള്ളിക്കു പുറത്തുവച്ചു നടക്കുന്നു. വിവാഹമോചനങ്ങളുടെ നിരക്കിൽ ഇവ തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ടെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. മതപരമായോ ആത്മീകമായോ യാതൊരു താല്പര്യവുമില്ലാത്ത ദമ്പതികളിൽ വിവാഹമോചനത്തെപ്പറ്റി ആലോചിക്കുവാനും ചിന്തിക്കുവാനും തീരുമാനമെടുക്കുവാനും എളുപ്പമുള്ളതായി കാണപ്പെടുന്നു. എന്നാൽ വിവാഹം പള്ളികളിൽ വെച്ചു നടക്കുക മാത്രമല്ല, പതിവായി ആരാധനയിൽ പങ്കെടുക്കുകയും ചെയ്യുന്ന ദമ്പതികളിൽ വിവാഹമോചനം അത്ര വേഗത്തിൽ നടക്കുന്നില്ല. പരസ്പരം വൈരുദ്ധ്യങ്ങൾ കണ്ടെത്തിയാൽ തങ്ങൾ നിത്യവും സമ്പർക്കം പുലർത്തുന്ന പട്ടക്കാരുടെ മുൻപാകെ പ്രശ്നങ്ങളെ അവതരിപ്പിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നു. പള്ളിയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ചുരുക്കം പേരിലേ ഈ പ്രക്രിയ നടക്കുന്നുള്ളു എങ്കിലും, അത് അവർക്കു പ്രയോജനപ്പെടുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ബഹുഭൂരിപക്ഷം പേരും ആത്മീക നിലവാരത്തിലേക്കു വരുന്നില്ല എന്നു മാത്രമല്ല മനശാസ്ത്രപരമായ സമീപനം കൊണ്ടു മാത്രം നീക്കുപോക്കുകൾ ഉണ്ടാക്കാമെന്ന്

പ്രതീക്ഷിച്ച് ആ വഴിക്കു നീങ്ങുന്നു. മനശാസ്ത്രപരമായ സമീപനങ്ങൾ കൊണ്ടുമാത്രം കുടുംബപ്രശ്നങ്ങൾ പരിഹരിക്കാമെന്നുണ്ടെങ്കിൽ, അവരുടെ വിദഗ്ധമായ സേവനം എല്ലാ തലങ്ങളിലും ലഭ്യമായ പാശ്ചാത്യസമൂഹത്തിൽ കുടുംബ ശിഥിലീകരണം എന്തുകൊണ്ട് ഇത്രയധികം വർദ്ധിച്ചു എന്നത് ചിന്തനീയമാണ്. മനശാസ്ത്ര പരിചിന്തനങ്ങളോടൊപ്പം ആത്മീയ വീക്ഷണം കൂടി ഉണ്ടായെങ്കിൽ മാത്രമേ സൗഭാഗ്യമായ കുടുംബജീവിതം ഉരുത്തിരിയുകയുള്ളൂ. പരസ്പര സ്നേഹം, ത്യാഗമനസ്ഥിതി, ദയ, പരോപകാരം, സഹാനുഭൂതി, ആത്മാർത്ഥത, വിശ്വസ്തത, സത്യസന്ധത, നീതിബോധം തുടങ്ങിയ അനേകം സദ്ഗുണങ്ങൾ ആർജിക്കുവാൻ ഒരുവന്റെ ആത്മീയ ജീവിതത്തിൽ കൂടി മാത്രമേ സാദ്ധ്യമാവൂ. ഈ കാര്യം ദമ്പതികൾ എപ്പോഴും ഓർത്തിരുന്നാൽ നന്ന്. ദമ്പതികളിലെ ആത്മീയ ഐക്യം പ്രതിസന്ധികളെ തരണം ചെയ്യുവാൻ അവരെ സഹായിക്കുന്നു എന്നുള്ളത് പാശ്ചാത്യരിൽ മാത്രമല്ല, എവിടെയും പ്രസക്തമായിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

## 5. മാതാപിതാക്കളിൽ നിന്ന് പെട്ടെന്നുള്ള അകൽച്ച

നമ്മുടെ സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ യുവദമ്പതികൾക്ക് ഏറ്റം രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഈ മേഖലയിലാണ്. വിവാഹത്തോടു കൂടി തന്റെ മകൻ തന്റെ പിടിയിൽ നിന്ന് എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നു എന്ന ചിന്ത മാതാപിതാക്കൾക്ക്, പ്രത്യേകിച്ച് മാതാവിന് വളരെ ഹൃദയവ്യഥയുണ്ടാക്കുന്നു. ഈ ഹൃദയവ്യഥയുടെ ഏറ്റക്കുറച്ചിലുകൾ അവരുടെതന്നെ ഭൂതകാല ജീവിതത്തോടു ബന്ധപ്പെട്ടായിരിക്കും നിലകൊള്ളുന്നത്. തന്റെ ഭർത്താവിനോട് ചേർന്ന് സ്വകാര്യജീവിതം യൗവനത്തിൽ ആസ്വദിച്ച മാതാവിന്, സ്വാഭാവികമായുണ്ടാകുന്ന ഈ നഷ്ടബോധം ഒരു പരിധി വരെ നിയന്ത്രിക്കാനാവുമായിരിക്കും. എന്നാൽ നമ്മുടെ പഴയ കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തടവറയിൽ ജീവിച്ച, പറയത്തക്കപോലെ ഭർത്താവുമായി സ്വകാര്യജീവിതം ആസ്വദിക്കാനാവാഞ്ഞ മാതാവിന്, തന്റെ മരുമകളുടെ സ്വാതന്ത്ര്യത്തിൽ അസൂയ തോന്നുവാനും, അതിന്റെ ഫലമായി വിലക്കുകൾ വെക്കുവാനും തയാറായി എന്നു വരാം. ഭർത്താവ് മരിച്ചുപോയ വിധവകളായ അമ്മമാർക്കും ഈ ചിന്ത ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. ഭർത്താവിനു ശേഷം തനിക്ക് ഏറ്റം തുണയായിരുന്ന തന്റെ മകൻ, തനിക്കു നഷ്ടപ്പെട്ടു എന്ന ചിന്തയുണ്ടായാൽ, ഒന്നുകിൽ അവർ നിരാശയിലേക്കും തദ്വാരാ ഒരു പിൻവാങ്ങലിലേക്കും നിഷ്ക്രമിച്ചു എന്നു വരാം. മറ്റു ചിലർ പ്രതികാര ബുദ്ധിയോടെ തിരിച്ചടിക്കുവാൻ ശ്രമിക്കും. മകനെയും മരുമകളെയും രണ്ടു തട്ടിൽ വീക്ഷിക്കുകയും, അവർ അങ്ങനെ രണ്ടായി നിൽക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യും. മരുമകളേക്കാൾ കൂടുതലായി മകന്റെ

കാര്യത്തിൽ എപ്പോഴും ശ്രദ്ധ കാണിക്കുകയും മകനെ എല്ലാ കാര്യത്തിലും പ്രകീർത്തിക്കുകയും ചെയ്യുന്ന അമ്മ പ്രത്യക്ഷത്തിലും പരോക്ഷത്തിലും മരുമകളെ കുറ്റപ്പെടുത്തുകയും ചെയ്യും. അമ്മയുടെ പ്രത്യേകമായ മാന സികാവസ്ഥയെപ്പറ്റി അറിയാതെ, മകൻ അമ്മയുടെ പക്ഷം ചേരുമ്പോൾ മരുമകൾ ആ വീട്ടിൽ അന്യയായി എന്നു മാത്രമല്ല, അവളുടെ ജീവിതം നരകതുല്യവുമാകുന്നു. നേരെ വിപരീതഫലങ്ങളും ഈ ശീതസമരത്തിൽ പ്രകടമാവാറുണ്ട്. അതായത് അമ്മായിയമ്മയുടെ മാനസികഭാവങ്ങളെ വേണ്ടവിധം മനസ്സിലാക്കാനോ, അഥവാ മനസിലായാൽ തന്നെ അത് വേണ്ടവിധത്തിൽ അംഗീകരിക്കാനോ തയാറാവാത്ത മരുമകൾ വിദഗ്ധ മായി തന്നെ ഇത്തരം സന്ദർഭങ്ങളെ ചൂഷണം ചെയ്യും. പൊതുവെ നീതി ബോധവും യുക്തിചിന്തയുമൊക്കെയുള്ള ഭർത്താവാണെങ്കിൽ അയാളെ അമ്മായിഅമ്മയുടെ അതിക്രമങ്ങളെ യുക്തിയുടെ ഭാഷയിൽ അവതരി പ്പിച്ച് അമ്മക്കെതിരെ തിരിപ്പിക്കാൻ ഭാര്യയും ശ്രമിക്കും. വികാരത്തിന്റെ ഭാഷ സ്വീകാര്യമായവർക്ക് ആ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കു വാനും ഭാര്യമാർ മടി കാണിക്കാറില്ല. അങ്ങനെ ഭർത്താവിനെ പൂർണ്ണ മായും തന്റെ പക്ഷത്തേക്കു തിരിപ്പിക്കാൻ ഭാര്യയ്ക്കു സാധിച്ചാൽ അമ്മാ യിയമ്മയുടെ ജീവിതം കഷ്ടാൽ കഷ്ടതരമായി. മകന്റെ വിവാഹത്തിന് മുൻപ് നൂറു നൂറു സ്വപ്നങ്ങളുമായി വാർദ്ധക്യത്തെ അവഗണിച്ച് ഓടി നടന്ന അമ്മായിയമ്മ വളരെ പരിക്ഷീണയാവുന്നു. മാനസികമായ ക്ഷീണം ആരോഗ്യത്തെ തകർത്തുകളയുന്നു. ആരോഗ്യം നഷ്ടപ്പെട്ട അമ്മ, മകനും മരുമകൾക്കും ഭാരമായിത്തീരാനും സാദ്ധ്യതയുണ്ട്. ഭർത്താവിന്റെ സഹോ ദരിമാരോ അനുജന്മാരോ ഒക്കെ ഈ അങ്കത്തട്ടിൽ അണിനിരന്നാൽ പോരാ ട്ടത്തിന് ചൂടും വാശിയുമേറും. ഒരേ സമയം പൂർണ്ണമായ വിധേയത്വത്തിൽ കുറഞ്ഞ ഒന്നു കൊണ്ടും തൃപ്തിപ്പെടാത്ത അമ്മയുടെയും ഭാര്യയുടെയും നടുവിൽ ഭർത്താവ് ധർമ്മസങ്കടത്തിലാവുന്നു. ചെകുത്താനും കടലിനും ഇടയിൽ എന്നപോലെയായിരിക്കും ഭർത്താവിന്റെ സ്ഥാനം. അമ്മയുടെ മുൻപിൽ വച്ച് ഭാര്യയെ വഴക്കുപറഞ്ഞിട്ട് രാത്രിയിൽ സഖ്യം കൂടുന്ന സമർത്ഥരായ ചില ഭർത്താക്കന്മാരുമുണ്ട്. എന്നാൽ അവരുടെ മൂടുപടം എടുത്തുമാറ്റപ്പെടുവാൻ അധികനാൾ വേണ്ടിവരികയില്ല. തന്നെയുമല്ല ആത്യന്തികമായി പ്രശ്നപരിഹാരം ഇതു മൂലം ഉണ്ടാവുകയില്ല. അമ്മാ യിയമ്മയും മരുമകളും പരസ്പര ധാരണയോടെ ഇടപെടുകയും സ്നേഹി ക്കുകയും ചെയ്യുന്ന അന്തരീക്ഷത്തിൽ മാത്രമേ കുടുംബജീവിതത്തിന്റെ സന്തുഷ്ടി ലഭിക്കുകയുള്ളു എന്നതിനാൽ അതിലേക്ക് എത്തിച്ചേരുവാൻ എല്ലാവരും വിട്ടുവീഴ്ചാ മനോഭാവത്തോടെ പ്രവർത്തിക്കുക എന്നതാണ് ആവശ്യമായിരിക്കുന്നത്. അതിലേക്ക് താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേ ശിക്കുന്നു.

### (a) കുടുംബ പ്രാർത്ഥന

“ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയിൽ പുലരും” (‘‘A family which prays together stays together’’) എന്ന ആപ്തവാക്യം ദമ്പതികളെ മാത്രം ഉദ്ദേശിച്ചുള്ളതല്ല. മാതാപിതാക്കൾ ഉൾപ്പെടെയുള്ളവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാർത്ഥനയാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിൽ വല്ലപ്പോഴും കലഹിക്കുമെന്നിരുന്നാലും ഒരുമിച്ചുള്ള പ്രാർത്ഥനയിൽ നിന്ന് ആർക്കും ഇളവു കൊടുക്കരുത്. ഇത് അലംഘനീയമായ നിലയിൽ എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും പരിപാലിക്കപ്പെടണം. ദൈവത്താൽ അസാദ്ധ്യമായത് ഒന്നുമില്ല എന്ന വിശ്വാസത്തിലേക്കു വന്നാൽ, പ്രശ്നപരിഹാരങ്ങൾ സംജാതമാകുന്ന സ്ഥിതിവിശേഷം ഉണ്ടായിവരും. പരിശുദ്ധാത്മാവ് എല്ലാവരുടെയും ഹൃദയങ്ങളിൽ പരിവർത്തിച്ച് കൂടുതൽ വിട്ടുവീഴ്ചാ മനോഭാവത്തിനും ത്യാഗമനസ്ഥിതിക്കും പരസ്പര സ്നേഹത്തിനുമുള്ള വാഞ്ഛ ഓരോരുത്തരുടെയും ഹൃദയത്തിൽ ജനിപ്പിക്കും. അതിനാൽ ദൈവത്തിനു പ്രവർത്തിക്കുവാൻ ആദ്യം അവസരം കൊടുക്കണം.

### (b) പ്രശ്നപരിഹാരത്തിനു ഭർത്താവ് (മകൻ) തന്നെ മുൻകൈ എടുക്കണം

അമ്മയോടും, ഭാര്യയോടും ഒരേസമയം അടുപ്പമുള്ള ആൾ തന്നെ മദ്ധ്യസ്ഥനായി വർത്തിക്കുന്നതാണ് നല്ലത്. പല ഭർത്താക്കന്മാരും ഈ ചുമതലയിൽ നിന്ന് ഒഴിഞ്ഞുമാറി, അവർ തമ്മിൽ അടിച്ചുകൊള്ളട്ടെ എനിക്കതിൽ ഇടപെട്ടിട്ട് കാര്യമില്ല എന്ന മനോഭാവത്തോടെ വർത്തിക്കുന്നത് നന്നല്ല. അഭിപ്രായഭിന്നതയുള്ള അമ്മായിയമ്മയും, മരുമകളും തമ്മിൽ നേരിട്ടുള്ള ഇടപെടലും സംഭാഷണവും കൂടുതൽ അവരെ തമ്മിൽ അകറ്റാൻ ഇടയാക്കും. ‘Put out the fire before it spreads.’ തീപ്പൊരി ആളിക്കത്താൻ തുടങ്ങുന്നതിനു മുൻപ് അത് അണയ്ക്കാനുള്ള പരിശ്രമങ്ങൾ ചെയ്തിരിക്കണം. അതിനുള്ള ഏറ്റവും വലിയ ചുമതല മകനു (ഭർത്താവ്) തന്നെയാണ്.

### (c) സംഭാഷണം ക്രിസ്തീയ മൂല്യങ്ങളിൽ ഊന്നിക്കൊണ്ടായിരിക്കണം

ഇത് പരമപ്രധാനമായ ഒരു സംഗതിയാണ്. തങ്ങളുടെ ചിന്താഗതിയോടു യോജിക്കാതെ പോയാൽ, ഭർത്താവിന്റെ (മകന്റെ) നിഷ്പക്ഷതയെ അമ്മയും, ഭാര്യയും ചോദ്യം ചെയ്യുകയും, മദ്ധ്യവർത്തി രണ്ടു പേർക്കും അനഭിമതനായിത്തീരുകയും ചെയ്യും. അതൊഴിവാക്കേണ്ടത് വളരെ ആവശ്യമാണ്. സംഭാഷണം ന്യായാന്യായങ്ങളിലേക്കു തിരിച്ചുവിട്ടാൽ

മദ്ധ്യവർത്തി വിധിതീർപ്പു കൽപ്പിക്കേണ്ടതായി വരും. ഒരു ഭാഗം തെറ്റാണെന്നു സ്ഥാപിച്ചാൽ മറുഭാഗം കൂടുതൽ ജ്വലിക്കാം. അതിനാൽ സംഭാഷണം ഒരിക്കലും ആ വഴിക്കു തിരിച്ചുവിടരുത്. ക്രിസ്തീയ മൂല്യങ്ങളുടെ ചുവടു പിടിച്ച് സംഭാഷിക്കുന്നതായിരിക്കും നന്ന്. മരുമകളോ, അമ്മായിയമ്മയോ, അതിക്രമം കാണിച്ചു എന്നു പരസ്പരം ആരോപണം ഉന്നയിച്ചാൽ 'ദൈവത്തെ മുൻനിർത്തി ക്ഷമിക്കാൻ നാം കടപ്പെട്ടവരല്ലേ' എന്ന മറുചോദ്യം ശാന്തമായി ഉന്നയിക്കുക. ഇത് ഏകപക്ഷീയമാവരുത്. ദൈവതിരുമുൻപാകെ നാം നിൽക്കുമ്പോൾ ഈ ചെയ്ത പ്രവർത്തി നീതീകരിക്കാനാവുമോ എന്ന് മറുചോദ്യവും ഒപ്പം ചോദിച്ചിരിക്കണം. ഇങ്ങനെ പരസ്പര സ്നേഹം, കരുതൽ, ക്ഷമ, പശ്ചാത്താപം, സഹിഷ്ണത, ത്യാഗമനസ്ഥിതി തുടങ്ങിയ നന്മകളിൽ ചാരിക്കൊണ്ടുള്ള സംഭാഷണമായിരിക്കും വാദപ്രതിവാദങ്ങളേക്കാൾ അധികം നല്ലത്.

### (d) പ്രകടമായ അതിക്രമങ്ങളെ ശാന്തമായും ഗൗരവമായും അപലപിക്കണം

ഇത് പ്രാവർത്തികമാക്കുവാൻ കുറച്ചു വൈഷമ്യം ഉണ്ടാവും. എന്നാലും ജീവിതവിജയത്തിന് ഇത് അത്യന്താപേക്ഷിതമാണ്. സാമ്പത്തിക പരാധീനത മൂലം അവകാശധനം (സ്ത്രീധനത്തിന്റെ മറുപേര്) മുഴുവൻ പറഞ്ഞ തീയതിക്കുള്ളിൽ കൊടുത്തുതീർക്കാൻ കഴിയാത്ത ചുറ്റുപാടിൽ അതു കിട്ടുന്നതുവരെ ഭാര്യയെ അവളുടെ വീട്ടിൽ കൊണ്ടാക്കണമെന്നുള്ള അമ്മയുടെ ഉപദേശം ഒരു ക്രിസ്തീയ യുവാവ് സ്വീകരിക്കയല്ല വേണ്ടത്. ദൈവത്തിനു നിരക്കാത്ത ഈ പ്രവൃത്തി ചെയ്യുവാൻ നിർബന്ധിക്കരുത് എന്ന് ശാന്തമായും ഗൗരവമായും അമ്മയോടു പറയുവാനുള്ള ധാർമ്മിക ശക്തി മകനുണ്ടായിരിക്കണം. അതുപോലെ സ്വാർത്ഥമതിയായ ഭാര്യ അമ്മായിയമ്മയെ ഏകയായി വിട്ടിട്ട് വേറെ മാറിത്താമസിക്കണമെന്ന് ആവശ്യപ്പെട്ടാൽ, അതും നീതിയല്ല എന്ന് ശക്തിയായി അവരെ പറഞ്ഞു മനസ്സിലാക്കാൻ ഭർത്താവിന് കഴിയണം. ജീവിതവ്യാപാരങ്ങളിൽ ഒരു ക്രിസ്തീയ മാനദണ്ഡം, കാപട്യമില്ലാതെ പിൻതുടരുവാൻ എല്ലാവർക്കും, പ്രത്യേകിച്ച് ഇത്തരം പരിതസ്ഥിതികളിൽ ഭർത്താക്കന്മാർക്കു കഴിഞ്ഞാൽ, അമ്മയും ഭാര്യയും അതു മനസ്സിലാക്കി പിന്നീട് വർത്തിച്ചുകൊള്ളും. അറിഞ്ഞോ അറിയാതെയോ ആരെയെങ്കിലും പ്രീണിപ്പിക്കാൻ ശ്രമിച്ചാൽ അതിന്റെ ആദ്യഘട്ടം സന്തോഷപ്രദമെന്നു തോന്നിയാലും അത് അധികം നീണ്ടുനിൽക്കാൻ ഇടയില്ല.

### (e) ബലഹീന വശത്തേക്കു കൂടുതൽ കരുണ കാണിക്കണം

ന്യായാന്യായങ്ങൾ എന്തുതന്നെയായാലും എല്ലാ വ്യക്തിബന്ധങ്ങളിലും ഈ അടിസ്ഥാനസത്യം സ്വീകരിക്കപ്പെടേണ്ടതാണ്. ചുങ്കക്കാര

ന്റെയും പാപിയുടെയും, ശമരിയാക്കാരിയുടെയും, വേശ്യാസ്ത്രീയുടെയും പാപങ്ങൾ കർത്താവ് ന്യായീകരിച്ചില്ലെങ്കിലും, സമൂഹത്തിലെ അവരുടെ ബലഹീനതയെ ഓർത്ത് അവരോടു കൂടുതൽ കരുണയോടെ വർത്തിക്കുന്നതായിട്ടാണ് നാം കാണുന്നത്. വിദ്യാഭ്യാസത്തിൽ പിന്നിലായിരിക്കുന്ന, വാർദ്ധക്യസഹജമായ ക്ഷീണവും പ്രയാസവും അനുഭവിക്കുന്ന, സ്വന്തമായി വരുമാനമില്ലാതെ എല്ലാക്കാര്യത്തിലും മക്കളെ ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കന്മാരോട്, അവരുടെ പെരുമാറ്റങ്ങളിലെ വൈകല്യങ്ങളെ പെരുപ്പിച്ചുകാട്ടാതെ സഹാനുഭൂതിയോടെ വീക്ഷിക്കുകയും കൂടുതൽ കരുണയോടെ അവരോട് ഇടപെടുകയുമാണ് യുവതലമുറ ചെയ്യേണ്ടത്. ഒരു പക്ഷേ അവരുടെ പെരുമാറ്റ വൈകല്യങ്ങളുടെ കാരണം അവരുടെ ബലഹീനാവസ്ഥ തന്നെ ആയിരിക്കും. എന്നാൽ ചില കുടുംബങ്ങളിൽ മാതാപിതാക്കൾ കുറച്ചുകൂടി ശക്തിയുള്ളവരായിരിക്കും. സ്വന്തമായ വരുമാനവും, ആരോഗ്യവും, വിദ്യാഭ്യാസ നിലവാരവും, ബന്ധുബലവുമൊക്കെ ഉന്നതമായിരിക്കുന്ന അവസ്ഥയിൽ, അതിനോടു കിടപിടിക്കാത്ത നിലവാരമാണ് മരുമകളുടേതെങ്കിൽ കൂടുതൽ പീഡിപ്പിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട്. സ്വന്ത വീട്ടിൽ നിന്നുള്ള സഹായമോ, മറ്റു സ്വന്ത വരുമാനമോ ഒന്നും ഇല്ലാത്ത പാവം പെൺകുട്ടി ഭർത്താവിനെ മാത്രം എല്ലാക്കാര്യത്തിലും ആശ്രയിച്ചു കഴിയേണ്ടിവരുന്നു. അങ്ങനെയുള്ള രംഗത്ത് അവളുടെ പ്രശ്നങ്ങളെ കൂടുതൽ സഹാനുഭൂതിയോടെ വീക്ഷിക്കുവാൻ ഭർത്താവിനും, മറ്റു കുടുംബാംഗങ്ങൾക്കും കഴിയണം. എന്നാൽ ഇത്തരത്തിൽ ബലഹീനരോടു കാണിക്കുന്ന സഹാനുഭൂതി മുതലെടുത്ത് കുഴപ്പം സൃഷ്ടിക്കുന്ന അവസ്ഥയും നിയന്ത്രിക്കപ്പെടേണ്ടതാണ്, ദൈവഭക്തിയും സാന്മാർഗിക നിഷ്ഠയുമൊക്കെ ഒത്തുചേർന്നാൽ അത്തരത്തിലുള്ള പ്രശ്നങ്ങളൊന്നും സൃഷ്ടിക്കപ്പെടുകയില്ല.

### (f) കുടുംബാംഗങ്ങൾക്കെല്ലാം താല്പര്യമുള്ള ഏതെങ്കിലും പ്രവർത്തി ഒരുമിച്ചു ചെയ്യുക

കുടുംബാംഗങ്ങൾ തമ്മിലുള്ള മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് ഇതു വളരെ സഹായകമായ ഒന്നായിരിക്കും. എപ്പോഴും ഭാര്യയും, ഭർത്താവും അല്ലെങ്കിൽ അവരുടെ കുഞ്ഞുങ്ങളെയും മാത്രം കൂട്ടി ഉല്ലാസയാത്രകൾ ചെയ്യുന്ന രീതി എത്ര വിശാലമനസ്കരായ മാതാപിതാക്കളിലും അസൂയയും സംഘർഷവും ജനിപ്പിക്കും. പ്രായമായവരെക്കൂടി ഉൾപ്പെടുത്തി വല്ലപ്പോഴും ഉല്ലാസയാത്ര പോകുന്നത് സന്തോഷപ്രദമായിരിക്കും. എപ്പോഴും വീട്ടിനുള്ളിൽ കഴിയാൻ നിർബന്ധിതരായവർക്ക് മക്കളോടും കൊച്ചുമക്കളോടും ചേർന്ന് പുറത്തുപോകുവാൻ അവസരം കിട്ടിയാൽ, പെട്ടെന്നു തന്നെ അതുവരെയുണ്ടായിരുന്ന അഭിപ്രായ ഭിന്നതകളെല്ലാം വിസ്മരിക്കപ്പെടുന്നതായി കാണാം. പാശ്ചാത്യരെപ്പോലെ ഒഴിവുകാല

സന്ദർശന പരിപാടികളൊന്നും സംഘടിപ്പിക്കുന്ന രീതിയിലേക്കു നമ്മുടെ സാധാരണക്കാർ എത്തിച്ചേർന്നിട്ടില്ല. പെട്ടെന്ന് പ്രായമുള്ളവരെ 'ഫാഷന്റെ' പേരിൽ അതിലേക്കൊന്നും എടുത്തു ചാടിക്കേണ്ടതുമില്ല. നമുക്ക് ചെയ്യാവുന്നത് പ്രായമുള്ളവർ ഇഷ്ടപ്പെടുന്ന ബന്ധുവീടുകളിലും തീർത്ഥാടന കേന്ദ്രങ്ങളിലുമൊക്കെ ഒരു സന്ദർശനം നടത്തുകയെന്ന താണ്. കുടുംബാംഗങ്ങളുടെ ഒരുമിച്ചുള്ള ഈ യാത്ര പലവിധത്തിൽ പ്രയോജനം ചെയ്യും. സ്വന്തമായി വാഹനവും മറ്റു സൗകര്യവുമുള്ള മേലേക്കിടയിലുള്ളവർക്കു മാത്രമേ ഇതൊക്കെ ആകാവൂ എന്ന് ആരും വിചാരിക്കേണ്ടതില്ല. ഓരോരുത്തരും നിത്യവും ആശ്രയിക്കുന്ന യാത്രാസൗകര്യങ്ങളൊക്കെ ഈ കാര്യത്തിലും പ്രയോജനപ്പെടുത്തിയാൽ മതി.

### (g) മറ്റാരുടെയെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അതും പ്രയോജനപ്പെടുത്തുവാൻ മടിക്കരുത്

ചിലപ്പോൾ വീട്ടിലെ മകനെക്കൊണ്ടു (ഭർത്താവ്) മാത്രം കുടുംബാംഗങ്ങളുടെ ഉരസലിന് ഒരു പരിഹാരം കണ്ടെത്തി എന്നിരിക്കയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നമ്മുടെ പ്രശ്നങ്ങളെയറിഞ്ഞ് അതു സമൂഹമദ്ധ്യത്തിൽ പ്രചരിപ്പിച്ച് മുതലെടുക്കാത്ത പക്വത വന്ന സ്നേഹിതരുടെയോ, ബന്ധുക്കളുടെയോ, മദ്ധ്യസ്ഥത ഈ കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്. ദൈവീകചിന്തയും നിർവ്യാജ സ്നേഹവും സഹാനുഭൂതിയും കാര്യങ്ങൾ വിവേചിച്ചറിയുവാൻ കഴിവുമുള്ളവരെ മാത്രമേ ഈ കാര്യത്തിൽ നാം ഇടപെടുത്താവൂ. നമ്മുടെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇടവകയിലെ വൈദികരെ കാര്യങ്ങൾ ധരിപ്പിച്ച് പ്രശ്നപരിഹാരത്തിൽ ഇടപെടുത്താവുന്നതാണ്. ദാമ്പത്യജീവിതത്തിന്റെ ആദ്യകാല സംഘർഷവുമായി ബന്ധപ്പെടുത്തിയാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ എല്ലാം പ്രസ്താവിച്ചതെങ്കിലും ഈ നിർദ്ദേശങ്ങൾ ആ ഒരു കാലഘട്ടത്തിലേക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടാ. ഇവ എല്ലായ്പ്പോഴും പ്രയോജനപ്പെടുന്നതു തന്നെയാണെന്നതിൽ സംശയമില്ല.

### ചോദ്യങ്ങൾ

1. 'അമ്മായിയമ്മ - മരുമകൾ സംഘർഷത്തിൽ, യുവഭർത്താവിന്റെ സ്ഥാനം ചെകുത്താനും കടലിനും ഇടയിൽ എന്ന പോലെയാണ്.' ഭർത്താവിന്റെ മാനസിക സംഘർഷം ഏതു വിധത്തിലാണെന്നു ചിത്രീകരിക്കുക.
2. കുടുംബാംഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളിലെല്ലാം തന്നെ ബലഹീനവശത്തോടു കരുണ കാണിക്കണം എന്ന പ്രമാണം മുറുകെപ്പിടിക്കാമോ? വിശദീകരിക്കുക.

3. അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളപ്പോൾ ക്രിസ്തീയമൂല്യം അടിസ്ഥാനപ്പെടുത്തി പ്രതികരിക്കുന്നത് എങ്ങനെ ആയിരിക്കണം?

## പാഠം 3

# പൂവണിയാത്ത സ്വപ്നങ്ങൾ

❑ ഭാവനയും യാഥാർത്ഥ്യവും ❑ കൊതിച്ചതും വിധിച്ചതും ❑ നിരുപാധികമായ സ്നേഹം ❑ വ്യാപ്തി എല്ലാ തലങ്ങളിലും

### ഭാവനയും യാഥാർത്ഥ്യവും

"ഭാവനയാണ് യാഥാർത്ഥ്യത്തേക്കാൾ നല്ലത്" ('Imagination is better than reality') എന്ന് ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ട്. ജീവിതം മുഴുവനായി ഈ യാഥാർത്ഥ്യം നിറഞ്ഞുനിൽക്കുന്നു എന്നത് സത്യമാണ്. ഓരോരുത്തരും പകൽ കിനാവുകളിലും സങ്കൽപ്പങ്ങളിലും നെയ്തെടുക്കുന്ന സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്. യുവതീയുവാക്കളെ സംബന്ധിച്ചിടത്തോളം വിവാഹജീവിതത്തെപ്പറ്റി നിറം പിടിപ്പിച്ച ഭാവനകൾ നെയ്തെടുക്കാത്തവരായി ആരും ഉണ്ടാവുകയില്ല. അഥവാ ഭാവനകൾക്കതീതമായ ബൗദ്ധികവ്യാപാരത്തിൽ എപ്പോഴും വിഹരിക്കുന്ന ബുദ്ധിജീവികളുടെ കുടുംബജീവിതങ്ങൾ സന്തുഷ്ടമായിരിക്കാൻ വളരെ പ്രയാസവുമായിരിക്കും. അതിനാൽ ഭാവന ഒരു പരിധി വരെ ആവശ്യവും കുടുംബജീവിതത്തിൽ നവംനവങ്ങളായ അനുഭൂതികൾ ആവിഷ്ക്കരിക്കുവാൻ പര്യാപ്തവുമാണ്. എന്നാൽ യാഥാർത്ഥ്യങ്ങൾക്കു നിരക്കാത്ത ഭാവനകളെ എന്നെന്നും താലോലിച്ചുകൊണ്ടിരുന്നാൽ അതു കുടുംബജീവിതത്തിൽ വലിയ അപസ്വരങ്ങൾക്കു വഴി തെളിക്കും. താഴെപ്പറയുന്ന സംഭവങ്ങൾ ഈ വസ്തുതയെ തെളിയിക്കുന്നതാണ്.

### കൊതിച്ചതും വിധിച്ചതും

ഊരും പേരും വെളിപ്പെടുത്താതെ, സംഭവിച്ച ഒരു കഥയാണ് ചുവടെ ചേർക്കുന്നത്. വായനാശീലമുള്ള, വിദ്യാസമ്പന്നയായ പെൺകുട്ടി തന്റെ വരൻ അമേരിക്കയിൽ നിന്നുള്ള ആളായിരിക്കണമെന്ന് മനസിൽ തീർച്ചപ്പെടുത്തി. സാമാന്യം സൗന്ദര്യമുള്ള, ബിരുദാനന്തരബിരുദധാരി, നാട്ടിലെ യുവാക്കളിൽ നിന്നു വന്ന പല ആലോചനകളും ഓരോ കാരണങ്ങൾ പറഞ്ഞ് വേണ്ടെന്നു വച്ചു. ഒടുവിൽ മാട്രിമോണിയൽ കോളത്തിൽ അമേരിക്കയിൽ നിന്നു അവധിക്കു വന്നു പോകുന്ന യുവാവിന്, അവിടേക്കു

പോകുവാൻ താൽപ്പര്യമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനക്കു ക്ഷണിച്ചുകൊണ്ടുള്ള പരസ്യം യുവതി തന്നെ മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തി. മകളുടെ ഇംഗിതം അറിഞ്ഞ മാതാപിതാക്കൾ ഉടൻ തന്നെ ആലോചനയും തുടങ്ങി. പെണ്ണുകാണലും ചെറുക്കൻകാണലും മുറപോലെ നടന്നു. അമേരിക്കൻ മോഡലിൽ ഗംഭീരമായി വിവാഹവും കഴിഞ്ഞു. അമേരിക്ക സ്വപ്നം കണ്ട പെൺകുട്ടിയും വീട്ടുകാരും ചെറുക്കന്റെ വിദ്യാഭ്യാസയോഗ്യതയോ അവിടുത്തെ ജോലിയോ ഒന്നും അന്വേഷിക്കാൻ മെനക്കിട്ടില്ല. ഏകദേശം ഒരു വർഷത്തിനു ശേഷം വിസായുമൊക്കെ ശരിയാക്കി അമേരിക്കയിൽ ചെന്നു. മോടിയായി വസ്ത്രധാരണം ചെയ്ത് രാവിലെ ഓഫീസിലേക്കു യാത്ര തിരിക്കുന്ന ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്റെ സ്ഥാനത്ത് വെറും സാധാരണ (കാഷ്വൽ) വസ്ത്രധാരണം നടത്തി, സൂപ്പർമാർക്കറ്റിൽ സെയിൽസ്മാനായി ജോലിക്കു പോകുന്ന ഭർത്താവിനെ കണ്ടപ്പോൾ ഭാര്യയുടെ മനസ്സിൽ ഒരുൾക്കിടിലം തോന്നി. അധികം താമസിയാതെ മറ്റൊരു യാഥാർത്ഥ്യവും മനസ്സിലാക്കി കഴിഞ്ഞപ്പോൾ പെൺകുട്ടി മടുത്തുപോയി. എം. എ. ബിരുദധാരിയായ അവൾക്ക് ഭർത്താവിന്റെ പെട്ടിക്കുള്ളിൽ സൂക്ഷിച്ചുവച്ചിരുന്ന അയാളുടെ രണ്ട് എസ്. എസ്. എൽ. സി. ബുക്കുകൾ ഒരുമിച്ചു കണ്ടപ്പോൾ വിദൂരമായ നാട്ടിലിരുന്ന് തേങ്ങിക്കരയാനേ കഴിഞ്ഞുള്ളു.

പങ്കാളിയുടെ രൂപലാവണ്യത്തെക്കുറിച്ച് അധികം പ്രതീക്ഷ വച്ചു പുലർത്തുന്നവരുണ്ടാകാം. യാഥാർത്ഥ്യം അതേപടി ആവാതെ വരുമ്പോൾ അങ്ങനെയുള്ളവർ വിഷമിക്കുന്ന സന്ദർഭങ്ങൾ ധാരാളമാണ്. ഉയർന്ന ഉദ്യോഗസ്ഥനെങ്കിലും, തന്റെ നിറം കറുപ്പായതിനാൽ സ്വയം മതിപ്പു തോന്നുവാൻ ഒരാൾക്കു കഴിഞ്ഞതേയില്ല. തന്റെ നിറം സ്വല്പം കൂടി വെളുത്തതായിരുന്നെങ്കിൽ എന്ന് അയാൾ ചിന്തിച്ചു. ഭാര്യയോടൊപ്പം പൊതുവേദികളിൽ പ്രത്യക്ഷപ്പെടേണ്ട അയാൾ തന്റെ ഭാര്യയെങ്കിലും തീർച്ചയായും നല്ല നിറമുള്ളവളായിരിക്കണമെന്ന് മനസ്സിൽ നിരൂപിച്ചു. ആയിടെ അയാൾക്ക് ഒരു വിവാഹാലോചനയും വന്നെത്തി. താൻ പ്രതീക്ഷിച്ചതിലധികമായ എല്ലാക്കാര്യങ്ങളും പ്രതിശ്രുത വധുവിലുണ്ട്. വിദ്യാഭ്യാസം, കുലമഹിമ, അവകാശധനം, ബന്ധുബലം, തന്നെപ്പോലെ ഉയർന്ന ഉദ്യോഗം തുടങ്ങി പലതും. കൂട്ടത്തിൽ ഒരു കുറവു മാത്രം, താൻ പ്രതീക്ഷിച്ചത്ര നിറവും സൗന്ദര്യവുമില്ല പെൺകുട്ടിക്ക്. ഒടുവിൽ ആ കാര്യത്തിന് ഒരു ഒത്തുതീർപ്പിനു മുതിർന്ന ആ യൗവനക്കാരന്റെ വിവാഹം ഭംഗിയായി നടന്നു. പൊതുവെ ദാമ്പത്യജീവിതം സന്തുഷ്ടമായിരുന്നെങ്കിലും ഭാര്യയ്ക്ക് അല്പം കൂടി നിറവും സൗന്ദര്യവും ഉണ്ടായിരുന്നെങ്കിൽ എന്ന് സ്വകാര്യമായി ഭർത്താവ് ചിന്തിക്കാതിരുന്നില്ല. എന്നാൽ കുടുംബജീവിതത്തിൽ എന്തെങ്കിലും അപസ്വരങ്ങൾ ഉണ്ടാക്കുവാൻ തക്ക

വിധത്തിൽ ആ ചിന്തകൾ വളർന്നില്ല. കുറെ നാൾ കഴിഞ്ഞ് ഭാര്യ ഗർഭി ണിയായി. തന്റെ കുഞ്ഞെങ്കിലും തന്നെപ്പോലെ കറുത്തതാകരുതെന്ന് അയാൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. അതിനുവേണ്ടി പ്രാർത്ഥിക്കുകയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ തന്നേക്കാൾ കറുത്ത ഒരു കുട്ടിക്കാണ് ഭാര്യ ജന്മം നൽകിയത്. സൗന്ദ ര്യവും കമ്മി. ഇതയാളെ വല്ലാതെ തളർത്തിക്കളഞ്ഞു. ഭാര്യയേയും കുഞ്ഞി നെയും യഥോചിതം സ്നേഹിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. ഒടുവിൽ അയാൾ മനശാസ്ത്രജ്ഞനെ സമീപിക്കേണ്ടിവന്നു. അബോധമനസ്സ് അനാവരണം ചെയ്തപ്പോൾ, ഭാവനയും യാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തക്കേടുകളെപ്പറ്റി ബോദ്ധ്യപ്പെട്ടു. ഒടുവിൽ യാഥാർത്ഥ്യവുമായി നിരന്നുപോകുവാൻ തയ്യാറായതോടുകൂടി മാനസിക സംഘർഷത്തിൽ നിന്ന് വിമുക്തമാവുകയും ചെയ്തു.

ഈ തരത്തിൽ ചെറുതും വലുതുമായ പ്രശ്നങ്ങൾ എല്ലാ ദമ്പതി കൾക്കും ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരും. ഭാര്യാ - ഭർത്താക്ക ന്മാരുടെ പെരുമാറ്റശൈലികൾ, അമ്മായിയമ്മ - അപ്പന്മാരുടെ സമീപന രീതികൾ, ഓരോ കുടുംബത്തിന്റെയും പ്രത്യേകമായ ചുറ്റുപാടുകൾ, ഇവ യിലൊക്കെയും പ്രകടമായ അന്തരങ്ങൾ വന്നുചേരുക സ്വാഭാവികം മാത്രം. ഒരിക്കലും ഭാവനയിലുള്ളതു യാഥാർത്ഥ്യത്തിൽ പ്രതീക്ഷിച്ചുകൂടാ. യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാതെ ഇപ്പോഴും ഭാവനയിൽ വിഹരി ക്കുന്നവർക്ക് കൂടുതൽ വൈഷമ്യങ്ങൾ ഉണ്ടാകും. യുവദമ്പതികൾ ഈ വൈതരണിയെ എങ്ങനെ അതിജീവിക്കാമെന്നതിനെപ്പറ്റി ചുരുക്കമായി ചില കാര്യങ്ങൾ ഇനി പ്രസ്താവിക്കട്ടെ.

1. ഈ പ്രശ്നത്തിനുള്ള ഒരു പരിഹാര മാർഗ്ഗം വിവാഹത്തിനു വേണ്ടി യുള്ള ഒരുക്കത്തെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ പ്രസ്താവിച്ചിട്ടുണ്ട്. അതാ യത് തനിക്കു യാതൊരുവിധത്തിലും പൊരുത്തം ഉണ്ടാക്കാനാവാത്ത സംഗതിയെക്കുറിച്ച് ശരിയായ ഉൾക്കാഴ്ച നേരത്തെതന്നെ ഉണ്ടാവുകയും, അതിന്റെ സാഫല്യം ഈ ബന്ധത്തിൽക്കൂടി സാദ്ധ്യമാണെന്ന് വിവാഹ ത്തിനു മുൻപ് ഉറപ്പുവരുത്തുകയും ചെയ്തിരിക്കണം. വിദേശയാത്ര ചെയ്യാ നാഗ്രഹിക്കുന്ന പെൺകുട്ടി, കുടിപ്പള്ളിക്കൂടം അദ്ധ്യാപകനെ വിവാഹം കഴിച്ചാൽ തന്റെ ആഗ്രഹനിവർത്തിക്കുള്ള സാദ്ധ്യത വിരളമാണെന്ന് നേര ത്തെതന്നെ കണക്കുകൂട്ടാൻ സാദ്ധ്യമാണല്ലോ. ഇതുപോലെ ഭാവനയും യാഥാർത്ഥ്യവും തമ്മിൽ എത്രമാത്രം പൊരുത്തപ്പെടുവാൻ സാധിക്കും എന്ന് കാലേക്കൂട്ടി ചിന്തിക്കുക.

2. എത്രമാത്രം കണക്കുകൂട്ടൽ നടത്തിയാലും, മനുഷ്യന്റെ ചിന്തയ്ക്കും, യുക്തിക്കും, ബുദ്ധിക്കുമൊക്കെ പരിമിതികളുണ്ട്. അതിനാൽ യാദൃ ച്ഛികമായോ, നമ്മുടെ കണക്കുകൂട്ടലുകളുടെ പിഴവിന്റെ ഫലമായോ,

നാമാഗ്രഹിക്കാത്ത നിലയിൽ പലതും സംഭവിച്ചിരിക്കാം. ഒടുവിൽ ആ യാഥാർത്ഥ്യങ്ങളെ അംഗീകരിച്ച് അതുമായി ചേർന്നുപോകുവാൻ ദൈവാ ശ്രയബോധത്തോടെ പരിശ്രമിക്കുകയാണ് ആവശ്യമായിരിക്കുന്നത്. വിവാ ഹത്തിന്റെ കൗദാശികമായ അടിസ്ഥാനവും പവിത്രതയും വിശ്വാസവും എല്ലാം പരിഗണിക്കുമ്പോൾ ചെറിയ കാര്യങ്ങൾക്കുവേണ്ടി വിവാഹ മോചനം കാംക്ഷിക്കുന്നതും ശരിയല്ലല്ലോ. വളരെ അപൂർവ്വമായ സന്ദർഭ ങ്ങളിൽ അത് ആവശ്യമായി വന്നേക്കാം. പങ്കാളി കുടുംബജീവിതത്തിന് പറ്റാത്ത വിധത്തിൽ മന്ദബുദ്ധിയോ അല്ലെങ്കിൽ ഗുരുതരമായ മാനസിക രോഗിയോ ആണെങ്കിൽ അത്തരത്തിലുള്ള ഒരു സമീപനത്തിന് ന്യായീ കരണം കണ്ടെത്താനാവുമായിരിക്കാം. വിവാഹം കഴിഞ്ഞ് മറുനാട്ടിൽ ചെന്നപ്പോൾ, ഭർത്താവിന് വേറെ കാമുകി ഉണ്ടെന്നു മനസ്സിലാക്കി വിവാഹ ബന്ധത്തിൽ നിന്ന് വേർപിരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള സന്ദർഭങ്ങ ളുമുണ്ടാകാം. ഇത്തരം അപൂർവ്വമായ കേസുകളൊഴിച്ചാൽ വിവാഹമോച നത്തെപ്പറ്റി ചിന്തിക്കുന്നത് ഒട്ടും ആശാസ്യമല്ല. മാറ്റാനാവാത്ത യാഥാർത്ഥ്യ വുമായി പൊരുത്തപ്പെട്ടുപോകുവാൻ ശ്രമിക്കുന്നതാണ് ഉചിതം. അതിനു ദമ്പതികളെ സഹായിക്കുന്ന ഒരു സമീപനരീതി കണ്ടെത്തണം.

### 3. നിരുപാധികമായ സ്നേഹം (Unconditional Love)

മുകളിൽ പറഞ്ഞ പ്രശ്ന സന്ദർഭങ്ങളിൽ മാത്രമല്ല എല്ലാ വ്യക്തിബന്ധ ങ്ങളും മെച്ചമാക്കുവാൻ നിരുപാധികമായ സ്നേഹം നമ്മെ സഹായിക്കും. ഈ നിരുപാധിക സ്നേഹത്തിന്റെ ഉറവിടം നമ്മുടെ കർത്താവു തന്നെ യാണ്. നമുക്ക് ഇഷ്ടപ്പെടുന്ന നന്മകൾ അഥവാ ഗുണങ്ങൾ അന്യരിൽ കണ്ടെത്തിയെങ്കിലെ നാം മറ്റുള്ളവരെ സ്നേഹിക്കുകയുള്ളു. അതാണ് ലോകസ്നേഹം അല്ലെങ്കിൽ ഉപാധികൾ വെച്ചുള്ള സ്നേഹം. “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പി ക്കുന്നു” (റോമ. 5:8). പാപികളെ, നിങ്ങൾ മാനസാന്തരപ്പെട്ടു വന്നാൽ നിങ്ങളെ സ്വീകരിക്കാം എന്നതല്ലായിരുന്നു ക്രിസ്തുവിന്റെ സമീപനം. നിങ്ങളുടെ പാപാവസ്ഥയിൽ തന്നെ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു; അതിനാൽ ഇനി നിങ്ങൾ പാപം ചെയ്യരുത് എന്നതായിരുന്നു ക്രിസ്തു വിന്റെ പ്രബോധനം. ശമര്യാക്കാരി സ്ത്രീയോടും വേശ്യാവൃത്തിയിൽ പിടി ക്കപ്പെട്ടവളോടും എല്ലാം കർത്താവ് ഈ രീതി അവലംബിച്ചതായി നമ്മൾ സുവിശേഷത്തിൽ വായിക്കുന്നു. ഇതിന്റെ പ്രതിഫലനം കുടുംബബന്ധ ങ്ങളിലുണ്ടായാൽ പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ ഇല്ല തന്നെ.

ദമ്പതികൾ ഇപ്രകാരം ചിന്തിക്കുക. അനേകം യുവാക്കളിൽ നിന്ന് ഈ ആളിനെ മാത്രം ദൈവം എനിക്ക് ഭർത്താവായി നിശ്ചയിച്ചു. അതുപോലെ

ഭർത്താവും അനേകം തരുണികളിൽ നിന്ന് ഈ പെൺകുട്ടിയെ മാത്രം ദൈവം എനിക്കു തുണയായിട്ടു തന്നു. ഇനി എന്തു തന്നെ കുറവുകൾ കണ്ടെത്തിയാലും അതൊന്നും കണക്കിലെടുക്കാതെ കുറവുകളോടു കൂടി തന്നെ ഞാൻ പങ്കാളിയെ സ്നേഹിക്കും, മാത്രമല്ല, അവരുടെ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ജീവിത ചുറ്റുപാടുകളെയും അതിന്റെ ഗുണദോഷങ്ങൾ കണക്കിലെടുക്കാതെ ഞാൻ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യും. ഇങ്ങനെയൊരു മനോഭാവം ഭാര്യയും - ഭർത്താവും വളർത്തിയെടുത്താൽ അവരുടെ കുടുംബജീവിതം സൗഭാഗ്യാവസ്ഥയിൽ എത്തിച്ചേരുന്നതിന് ദൈവം തന്നെ അവരുടെ ഇടയിൽ പ്രവർത്തിച്ചുകൊള്ളും. പറയുന്നതുപോലെ അത്ര എളുപ്പത്തിൽ പ്രായോഗികമാക്കാനൊക്കുകയില്ല. എന്നാൽ നിശ്ചയദാർഢ്യവും, നിരന്തരമായ പരിശ്രമവും പ്രാർത്ഥനയും ദമ്പതികളെ ആ നിലവാരത്തിലെത്തിക്കും.

ബലഹീനതകളോടു കൂടി മറ്റുള്ളവരെ സ്നേഹിക്കുവാൻ കഴിയുന്നില്ല എന്നുള്ളതാണ് വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുത്താനാവാത്തതിന്റെ പ്രധാന കാരണം. വാർദ്ധക്യത്തിലായ മാതാപിതാക്കളുടെ പെരുമാറ്റരീതികളും സംഭാഷണശൈലികളുമൊന്നും, വിദ്യാസമ്പന്നയായ പച്ചപരിഷ്ക്കാരി മരുമകൾക്ക് പിടിച്ചു എന്നു വരികയില്ല. കൃത്രിമം കലർത്തിയിട്ടില്ലേ എന്നു തോന്നുമാറുള്ള മരുമകളുടെ ഇടപെടലുകളിൽ മാതാപിതാക്കളും സംതൃപ്തരല്ല. എന്നാൽ നിരുപാധികമായ ഒരംഗീകാരത്തിന് ഇരുകൂട്ടരും തയാറായാൽ സംഘർഷം ഒഴിവാക്കാൻ സാധിക്കും. പ്രകടമായ എല്ലാ തിന്മകളോടും ചേർന്നുപോകണം എന്ന് ഇതിനർത്ഥമില്ല. അവ ശാന്തമായി ബോദ്ധ്യമാക്കികൊടുക്കുന്നതിനെക്കുറിച്ച് മുൻപു തന്നെ സൂചിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ മറ്റുള്ളവരെ, തെറ്റുകൾ തിരുത്തി നന്മയിലേക്കു വളരാൻ സഹായിക്കുന്നതിന്റെ തന്നെ പ്രഥമപടി, അവരെ ബലഹീനതകളോടു കൂടി സ്നേഹിക്കുക എന്ന തത്വത്തിൽ അടങ്ങിയിരിക്കുന്നു. അതിനാൽ തിന്മയോടുള്ള നിരപ്പായി ഇതിനെ വ്യാഖ്യാനിക്കാൻ സാദ്ധ്യമല്ല.

അലോരസപ്പെടുത്തുന്ന പൂർവ്വകാലാനുഭവങ്ങൾ മറക്കുന്നതിനും ഇതു മൂലം ദമ്പതികൾക്കു സാധിക്കുന്നു. ഭാര്യാ - ഭർത്താക്കന്മാരുടെ പൂർവ്വകാലാനുഭവങ്ങളിൽ അനാശാസ്യമായ പലതും കാണുമായിരിക്കാം. യുവതീ - യുവാക്കന്മാരായിരിക്കുമ്പോൾ നേരംപോക്കിനു വേണ്ടി വളർത്തിയെടുത്ത പ്രേമബന്ധങ്ങളും, ചിലപ്പോൾ കടുത്ത പ്രേമവും, മറ്റു ചിലപ്പോൾ അനാശാസ്യബന്ധങ്ങളും (ചുരുക്കം പേരിൽ) എല്ലാം ഭൂതകാലത്തിന്റെ ചവറ്റുകുട്ടയിൽ കണ്ടെത്തിയെന്നു വരാം. ആ ചപ്പുചവറുകൾ വിവാഹത്തിനു മുൻപു തന്നെ കത്തിച്ചുകളയുകയായിരിക്കും നല്ലത്. അവയിൽ ഒന്നും എടുത്തു വായിക്കാതിരിക്കയായിരിക്കും ഉത്തമം. സൗഭാഗ്യദാമ്പത്യ ജീവിതത്തിന് ഒരു വിധത്തിലും ആവശ്യമില്ലാത്ത ഇത്തരം

കാര്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്നതും അത് പരസ്പരം കുത്തിചോദിക്കുന്നതും നന്നല്ല. ബാലചാപല്യമെന്നതു പോലെ ദമ്പതികളിലും ചിലപ്പോൾ ചാപല്യങ്ങൾ പ്രകടമാകാറുണ്ട്. എല്ലാവരാലും ആകർഷിക്കപ്പെട്ടിരുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എന്ന് സ്ഥാപിക്കാനോ ഉള്ളുതുറന്ന് എല്ലാം പങ്കിടുന്ന ആത്മാർത്ഥമായ കൂട്ടാളി ആണെന്ന് വരുത്തിത്തീർക്കാനോ ഉള്ള ശ്രമത്തിൽ ആരും ആവശ്യപ്പെടാതെ തന്നെ ദമ്പതികൾ പൂർവ്വകാലാനുഭവങ്ങൾ പൊടിപ്പും തൊങ്ങലും ചേർത്തു പങ്കാളിയെ പറഞ്ഞു ധരിപ്പിക്കാറുണ്ട്. 'കടിക്കുന്ന പട്ടിയെ കാശു കൊടുത്തു വാങ്ങി'യെന്നതുപോലുള്ള അനുഭവമായിരിക്കും ഇതിന്റെ പരിണിതഫലം. വിവാഹത്തിനു മുൻപു യാതൊരു അനാശാസ്യ ബന്ധങ്ങളിലും ഏർപ്പെട്ടിട്ടില്ല എന്നു തെളിയിക്കാൻ ഒരു നവ വരൻ ഒരിക്കൽ ശ്രമം നടത്തി. മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും അത്യാവശ്യമായി ഒരു ബന്ധുവിന്റെ മരണവീട്ടിൽ പോയപ്പോൾ താനും യൗവനയുക്തയായ വേലക്കാരിയും ഒരുമിച്ച് ആ രാത്രിയിൽ വീട്ടിൽ കഴിഞ്ഞു എന്നതാണ് കഥാസാരം. വേലക്കാരി പ്രലോഭിപ്പിച്ചിട്ടു കൂടി താൻ അവയെ ചെറുത്തുനിന്നു എന്ന ഭാഗം കൂടി കേട്ടപ്പോൾ ഭർത്താവിന്റെ ധാർമ്മികനിഷ്ഠയെ അഭിനന്ദിക്കാനല്ല നവവധുവിനു തോന്നിയത്. മറിച്ച് ഇയാൾ വല്ല അബദ്ധവും കാണിച്ചിരിക്കാനാണ് സാദ്ധ്യത എന്ന നിഗമനത്തിലേക്കാണ് ഷേക്സ്പിയറിന്റെ ഭാഷയിലെ ചപലയായ സ്ത്രീ എത്തിച്ചേർന്നത്. ഒടുവിൽ കർത്താവിന്റെയും ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയെല്ലാം നാമത്തിൽ ആണയിട്ടു സത്യം ചെയ്യിച്ച ശേഷമാണത്രേ നവവധു ഒന്നാശ്വസിച്ചത്. ആ സ്നേഹിതൻ നേരിട്ടു പറഞ്ഞ ഈ കാര്യം അനേകർക്കു ബാധകമായിരിക്കാൻ സാദ്ധ്യതയുണ്ട്. നിരുപാധിക സ്നേഹത്തിന്റെ വ്യാപ്തി ഉൾക്കൊണ്ടാൽ ഈ പ്രശ്നവും എളുപ്പത്തിൽ പരിഹരിക്കാം.

ദമ്പതികളുടെ പൂർവ്വകാലാനുഭവങ്ങളിലേക്ക് ആവശ്യത്തിലധികം കടന്നുചെല്ലുവാൻ ആരും ശ്രമിക്കരുത്. അഥവാ സ്നേഹിതരിൽ നിന്നോ, പരദൂഷണക്കാരിൽ നിന്നോ വല്ലതും കേൾക്കാനിടയായാൽ അതിന് ഒട്ടുമേ പ്രാധാന്യം നൽകരുത്. സത്യമെന്ന വിധത്തിൽ വസ്തുതകൾ അവതരിപ്പിക്കപ്പെട്ടാലും ബലഹീനതകളോടു കൂടിത്തന്നെ ദൈവം എനിക്കു തന്ന പങ്കാളിയെ ഞാൻ സ്നേഹിക്കും എന്ന മനോഭാവത്തിൽ ഉറച്ചു നിന്നാൽ ഒരു ശക്തിക്കും അവരുടെ ഐക്യത്തെ തകർക്കുവാൻ സാധിക്കുകയില്ല.

## നിരുപാധിക സ്നേഹം എല്ലാ തലങ്ങളിലും

ഭാര്യ, ഭർത്താവിനെയും, ഭർത്താവ് ഭാര്യയേയും നിരുപാധികമായി സ്നേഹിക്കുകയും എന്നാൽ കുടുംബാംഗങ്ങളെയും കുടുംബത്തെ തന്നെയും പരസ്പരം പുച്ഛിക്കുന്ന രീതി ചിലരിലെങ്കിലും കണ്ടുവരാറുണ്ട്.

ഭർത്താവിനെ ജീവനുതുല്യം സ്നേഹമാണ്. എന്നാൽ ഭർത്താവിന്റെ വീടിനേയും, വീട്ടുകാരേയും ഭാര്യക്കു വെറുപ്പാണ്. അതുപോലെ തിരിച്ചും സംഭവിക്കാം. ഇത് ക്രിസ്തീയ സ്നേഹത്തിന്റെ പ്രതിഫലനമല്ല, മറിച്ച് വൈരാഗ്യചിന്ത കലർന്നുള്ള സ്നേഹമാണ്. ഭാര്യയും ഭർത്താവും എന്ന നിലയിൽ താന്താങ്ങളുടെ കടപ്പാടുകൾ ഭംഗിയായി നിർവഹിക്കുന്നു എന്ന് സമൂഹത്തെ ഗ്രഹിപ്പിക്കാനുള്ള പ്രവണതയാണ് ഇതിന്റെ പിന്നിലുള്ളത്. പൊതുശത്രുവിനെതിരായി ഒരുമിച്ചുനിൽക്കുന്നതിനുള്ള ഐക്യമല്ലാതെ യഥാർത്ഥ ക്രിസ്തീയ സ്നേഹം ഇവിടെ ദർശിക്കാനാവുകയില്ല. ക്രിസ്തീയ സ്നേഹം, ജീവിതത്തിന്റെ എല്ലാ വ്യാപാരങ്ങളിലും പ്രകടമാവണം. ഒരു ദിശയിൽ മാത്രം അതിനെ ഒതുക്കിനിർത്താൻ സാദ്ധ്യമല്ല. അതിനാൽ നിരുപാധിക സ്നേഹത്തിന്റെ ഒഴുക്ക് ഭാര്യാ ഭർത്താക്കന്മാരിൽ മാത്രം പരിമിതപ്പെടുത്താതെ, കുടുംബാംഗങ്ങളെ മുഴുവൻ ആനന്ദിപ്പിക്കുന്ന പരിമളതൈലം പോലെ, എല്ലാവരിലേക്കും വ്യാപിപ്പിക്കണം. കുടുംബാംഗങ്ങൾ തമ്മിൽ നിരുപാധിക സ്നേഹം പങ്കിടുന്ന കുടുംബമാണ് ഭൂമിയിലെ പറുദീസ.

### ചോദ്യങ്ങൾ

1. ഭാവനയും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം കുടുംബ സൗഭാഗ്യത്തെ എപ്രകാരം പ്രതികൂലമായി ബാധിക്കുന്നു എന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുക.
2. നിരുപാധികമായ സ്നേഹം സൗഭാഗ്യ ദാമ്പത്യജീവിതത്തെ ഏതെല്ലാം വിധത്തിൽ പരിപോഷിപ്പിക്കുന്നു?
3. ദമ്പതികളുടെ പൂർവ്വകാലാനുഭവങ്ങൾ പങ്കിടുന്നതിലെ അപാകത വ്യക്തമാക്കുക.

## പാഠം 4

# നവാതിഥിയെ സ്വീകരിക്കാനുള്ള ഒരുക്കം

❑ കുടുംബം പൂർണ്ണതയിൽ എത്തുന്നു ❑ ആദ്യത്തെ കുഞ്ഞ് എപ്പോൾ വേണം ❑ ക്ഷണിക്കപ്പെട്ട അതിഥി ❑ സ്ത്രീസമത്വം ആദ്യം സ്ത്രീകളിൽ ആരംഭിക്കണം ❑ ഗർഭപരിപാലനം

ദാമ്പത്യജീവിതത്തിന്റെ ആദ്യകാലഘട്ടത്തിലുണ്ടാകാവുന്ന മിക്കവാറും സംഘർഷങ്ങളെ മുൻപാഠങ്ങളിൽ വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്.

അതുകൂടാതെ ദാമ്പത്യജീവിതത്തിൽ ഉണ്ടാകാവുന്ന മറ്റനവധി പ്രശ്നങ്ങൾ ഉണ്ട്. അവയിൽ ചിലതിനെപ്പറ്റി പിന്നാലെ പ്രതിപാദിച്ചുകൊള്ളാം. എന്നാൽ ആദ്യഘട്ടത്തിൽ തന്നെ സുപ്രധാനമായ മറ്റൊരു കാര്യവും നടക്കുന്നുണ്ട്. അതായത് ഒരു കുഞ്ഞിന്റെ ആഗമനം.

## കുടുംബം പൂർണ്ണതയിലെത്തുന്നു

ഒരു കുഞ്ഞിനെ കൂടി ലഭിച്ചുകഴിയുമ്പോഴാണ് കുടുംബജീവിതത്തിന് പൂർണ്ണതയുണ്ടാവുന്നത് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഭാര്യയും ഭർത്താവും കൂടിച്ചേരുമ്പോൾ ദമ്പതികളേ ആവുന്നുള്ളു. ഒരു കുഞ്ഞു കൂടി വന്നുചേരുമ്പോഴാണ് യഥാർത്ഥത്തിൽ കുടുംബം സംജാതമാവുന്നത്. സ്നേഹം എന്ന വികാരത്തിന് ത്രികോണത്തിനെന്നപോലെ മൂന്നു കോണുകൾ ഉണ്ടായിരിക്കണമെന്നാണ് പൊതുവെ പണ്ഡിതമതം. വിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്നേഹത്തിന്റെ പൂർണ്ണത ത്രീത്വത്തിലാണ്. കുടുംബവും അതിന്റെ മാതൃകയിൽ തന്നെ സങ്കല്പിച്ചിരിക്കുന്നത് സ്നേഹത്തിന്റെ വ്യാപാരത്തെ എടുത്തുകാട്ടുവാനാണ്. പരസ്പരം സ്നേഹം പങ്കിടുന്ന ദമ്പതികൾക്ക് ഒരുമിച്ച് സ്നേഹിക്കുവാൻ ഒരു കുഞ്ഞിനെക്കൂടി ലഭിക്കുമ്പോൾ സാധിക്കുന്നു.

കുടുംബത്തിൽ കുഞ്ഞുങ്ങളുടെ സ്ഥാനം എന്തായിരിക്കണം എന്നതിനെപ്പറ്റി മുൻപു തന്നെ സൂചിപ്പിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുവാനുള്ള ഭാഗ്യം ദമ്പതികൾക്കു തന്നിരിക്കുന്നതിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ അവർ ദൈവത്തെ സ്തോത്രം ചെയ്യണം.

## ആദ്യത്തെ കുഞ്ഞ് എപ്പോൾ വേണം?

ഈ ചോദ്യം ദമ്പതികൾ ബോധപൂർവ്വം ഉന്നയിച്ച് ഉത്തരം കണ്ടെത്തുന്നതിന് സാവകാശം ലഭിക്കാതെ വിവാഹത്തിന്റെ ആദ്യവർഷം തന്നെ കുഞ്ഞുങ്ങളെ ലഭിക്കുന്ന പതിവാണ് മുൻപുണ്ടായിരുന്നത്. ഇപ്പോഴും അങ്ങനെ സംഭവിക്കാറുണ്ട്. എന്നാൽ പാശ്ചാത്യ സാമൂഹ്യജീവിതം ഇതിനു കടകവിരുദ്ധമായ ചിത്രം നൽകുന്നുണ്ട്. അതായത് 'Childless Marriage' എന്നാണ് അതിന്റെ പേര്. കുഞ്ഞുങ്ങൾ ആവശ്യമില്ലാത്ത വിവാഹ ജീവിതം. ദമ്പതികൾ തമ്മിലുള്ള സ്വകാര്യജീവിതം ആസ്വദിക്കുന്നതിന് മക്കൾ ഒരു തടസ്സമായിട്ട് വഴിപിഴച്ച ആ സമൂഹം കണക്കാക്കുന്നു. ദൈവത്തിനും ആത്മീകതക്കും സ്ഥാനം കണ്ടെത്താത്ത തികച്ചും ലൗകീകരായവർ ഇതും ഇതിലപ്പുറവും വരുത്തിക്കൂട്ടിയെന്നിരിക്കും. മക്കൾ ഉണ്ടാകണമെന്ന് നിർബന്ധിക്കരുത് എന്ന് നേരത്തെ ഉടമ്പടി എഴുതിവച്ചിട്ടാണത്രേ ഇക്കൂട്ടർ കുടുംബജീവിതത്തിൽ പ്രവേശിക്കുന്നത്.

ദൈവകൃപയാൽ ഈ സാന്മാർഗികാധപതനം നമ്മുടെ സമൂഹത്തെ ബാധിച്ചിട്ടില്ലെങ്കിലും അതിന്റെ സ്വാധീനം നമ്മിലും ഉണ്ടായിക്കൊണ്ടിരിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വകാര്യ ദാമ്പത്യജീവിതം കൂടുതൽ ആസ്വദിക്കുന്നതിനു വേണ്ടി കുഞ്ഞുങ്ങൾ തൽക്കാലം വേണ്ട എന്നു തീരുമാനിക്കുന്ന യുവദമ്പതികൾ നമ്മുടെ ഇടയിലും ഉണ്ടായി വരുന്നുണ്ട്. ഈ സമീപനം ദൈവമക്കൾക്ക് ചേർന്നതല്ല എന്ന് അസന്നിഗ്ധമയി പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. ദൈവത്തോടു പ്രതിബദ്ധതയില്ലാത്ത കേവലമായ ഭോഗാസക്തി വിശ്വാസികളുടെ ഇടയിൽ നിന്ന് തീർച്ചയായും തുടച്ചുമാറ്റേണ്ടതാണ് (ആറു മാസമോ, ഒരു വർഷമോ, ഒക്കെ മാറ്റിവക്കുന്നതിനെയല്ല ഇവിടെ അപലപിക്കുന്നത്. മറ്റനുകൂല സാഹചര്യങ്ങളുണ്ടായിട്ടും നാലും അഞ്ചും വർഷത്തേക്കുള്ള നീക്കിവെപ്പിനെയാണ് ഉദ്ദേശിച്ചിട്ടുള്ളത്). എന്നാൽ മറ്റു ചില കാരണങ്ങളാൽ ആദ്യത്തെ പ്രസവം ദീർഘിപ്പിക്കേണ്ടതായി വന്നേക്കാം. ഈ കാര്യത്തിൽ ദമ്പതികളുടെ പ്രത്യേകമായ ജീവിത സാഹചര്യങ്ങളാണ് തീരുമാനമെടുക്കുന്നതിന്റെ അടിസ്ഥാന മാനദണ്ഡമായിരിക്കേണ്ടത്. ഭാര്യയുടെ ആരോഗ്യനിലവാരം, സാമ്പത്തിക ഭദ്രത, ഉദ്യോഗ സംബന്ധമായ പ്രശ്നങ്ങൾ, പൂർത്തിയാക്കാത്ത വിദ്യാഭ്യാസം തുടങ്ങി അനേകം ജീവിതപ്രശ്നങ്ങൾ വിവേകപൂർണ്ണമായ ഒരു തീരുമാനം എടുക്കുന്നതിന് ദമ്പതികൾ പരിഗണിക്കുന്നതിൽ തെറ്റില്ല. തൽക്കാലം കുഞ്ഞുങ്ങൾ വേണ്ട എന്നു തീരുമാനിക്കുന്ന ദമ്പതികൾ ഏതു തരത്തിലുള്ള കുടുംബാസൂത്രണ രീതിയാണ് അവലംബിക്കേണ്ടത് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. അവയെപ്പറ്റി ചുരുക്കമായി പിന്നാലെ പ്രതിപാദിക്കാം.

## ക്ഷണിക്കപ്പെട്ട അതിഥി

ക്ഷണിക്കപ്പെട്ട അതിഥിക്ക് വീട്ടിൽ നൽകുന്ന സ്വീകരണവും ക്ഷണിക്കപ്പെടാത്ത അതിഥിക്കു നൽകുന്നതും തമ്മിൽ പ്രകടമായ അന്തരം സാമൂഹ്യജീവിതത്തിൽ നാം ദർശിക്കാറുണ്ടല്ലോ. അതുപോലെ ഗർഭസ്ഥശിശുവിന്റെ അവസ്ഥയിലും, പിന്നീട് പുറത്തുള്ള വളർച്ചയുടെ കാലഘട്ടത്തിലും, ക്ഷണിക്കപ്പെട്ടതും, ക്ഷണിക്കപ്പെടാത്തതും തമ്മിലുള്ള അന്തരം വലിയ സ്വാധീനം ചെലുത്തുന്നുണ്ട് എന്ന് എല്ലാ മനശാസ്ത്രജ്ഞന്മാരും ഇന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാൽ ഗർഭോൽപ്പാദനം യാദൃശ്ചിക സംഭവമാകരുത് എന്ന് അവർ നിഷ്കർഷിക്കുന്നു. ഈ നിബന്ധന പാലിക്കപ്പെട്ടാൽ വളരെ നല്ലത്. എന്നാൽ ദമ്പതികൾക്ക് അജ്ഞാതമായ കാരണങ്ങളാൽ തങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്ന സമയത്ത് ഗർഭോൽപ്പാദനം നടന്നില്ലെന്നു വരാം. മറ്റു ചിലരിൽ തങ്ങളുടെ കണക്കുകൂട്ടലിലുള്ള പാകപ്പിഴകൾ മൂലമോ ശാരീരിക വ്യതിയാനങ്ങൾ മൂലമോ തങ്ങൾ ആഗ്രഹിക്കാത്ത സമയത്ത് ഉൽപ്പാദനം നടന്നിരിക്കാം.

രണ്ടായാലും ആദ്യശിശുവിനെ ഗർഭത്തിൽ ഉരുവായി എന്നറിയുന്ന നിമിഷം മുതലെങ്കിലും, അതിനെ സ്വാഗതം ചെയ്യുന്ന മനോഭാവം ദമ്പതികൾ സ്വീകരിച്ചിരിക്കണം.

തീരെ പ്രതീക്ഷിച്ചിരിക്കാത്ത സന്ദർഭങ്ങളിൽ ഗർഭോൽപ്പാദനം നടന്നതിൽ പരിദേവിക്കുന്ന കുറെപ്പേരെയെങ്കിലും നമ്മുടെ ചുറ്റുപാടും കണ്ടെത്താൻ കഴിയും. പ്രധാനമായ രണ്ടു കാര്യങ്ങളാണ് അവരെ അലട്ടാറുള്ളത്.

1. യാഥാസ്ഥിതിക കുടുംബങ്ങളിൽ നിന്നു വന്നിട്ടുള്ള പെൺകുട്ടികൾ ആവശ്യമില്ലാത്ത ഒരു കുറ്റബോധത്തിന് അടിമകളായിത്തീരാറുണ്ട്. അതായത് "വിവാഹം കഴിഞ്ഞതിന്റെ പത്താം മാസത്തിൽ തന്നെ പ്രസവിക്കുന്നത് നാണക്കേടല്ലേ? അപ്പന്റെയും, അമ്മയുടെയും, സഹോദരങ്ങളുടെയും മുഖത്ത് എങ്ങനെ നോക്കും", ഇങ്ങനെ പോകുന്നു അവരുടെ ആകുലചിന്തകൾ. ആ പെൺകുട്ടികളുടെ പ്രായത്തിലുള്ള കൂട്ടുകാരികൾ കല്യാണം കഴിക്കാത്തവരുണ്ടെങ്കിൽ അവർ നേരിട്ടുതന്നെ ഒരു പക്ഷേ 'നാണക്കേടായല്ലോ' എന്ന് കമന്റും പാസാക്കിയെന്നിരിക്കും. ഇതും കൂടി കേൾക്കാനിടയായാൽ പെൺകുട്ടിയുടെ ആധിയും വ്യാധിയും വർദ്ധിക്കുന്നു. മാനസികസംഘർഷം അധികരിക്കുമ്പോൾ, ഗർഭഛിദ്രത്തെ ഏറ്റം അധികം ഭയക്കുകയും, വെറുക്കുകയും ചെയ്തിരുന്ന പെൺകുട്ടി, അങ്ങനെയായാലോ എന്നു പോലും ചിന്തിച്ചുപോകുവാൻ സാദ്ധ്യതയുണ്ട്. തങ്ങളുടെ മാനസികാവസ്ഥ ഭർത്താവിനോടു പോലും തുറന്നുപറയാതെ വൈഷമ്യം അനുഭവിക്കുന്നതിന് ഇത് ഇടയാക്കുന്നു. അമ്മയോടോ, മൂത്ത സഹോദരിമാരോടോ, മറ്റു പക്വത വന്ന സ്ത്രീകളോടോ തങ്ങളുടെ വികാരവിചാരങ്ങൾ തുറന്നുപറയുവാൻ ഇക്കൂട്ടർ മടികാണിച്ചാൽ കാര്യങ്ങൾ കൂടുതൽ കുഴപ്പത്തിലാകും. ഛർദ്ദി പോലുള്ള പ്രകടമായ വൈഷമ്യങ്ങൾ കൂടി ഇല്ലാതിരുന്നാൽ, ഗർഭോൽപ്പാദനത്തെപ്പറ്റി മറ്റാരും, പ്രത്യേകിച്ചും കുടുംബാംഗങ്ങൾ അറിയാതെപോവുകയും, അതുവഴി ആദ്യസമയങ്ങളിൽ കിട്ടേണ്ട ശ്രദ്ധയും പരിചരണവും നഷ്ടമാവുകയും ചെയ്യുന്നു. ഇങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ പെൺകുട്ടി, തന്റെ വികാരവിചാരങ്ങൾ അമ്മയോടും, ഭർത്താവിനോടുമെങ്കിലും പങ്കിടണം. ദൈവവും, സഭയും, സമൂഹവും അറിഞ്ഞ് അവൾക്കു നൽകിയ ഭർത്താവിൽ നിന്നു ലഭിച്ച സന്തതിയെ ഓർത്ത് ലജ്ജിക്കുവാനല്ല, ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടതെന്ന് അമ്മ ശക്തിയായി ഉദ്ബോധിപ്പിക്കണം. ആവശ്യമില്ലാത്ത കുറ്റബോധമാണ് ചില പെൺകുട്ടികൾ ഈ കാര്യത്തിൽ ഉൾക്കൊള്ളുന്നത് എന്നു കാണുവാൻ സാധിക്കും. ഈ പ്രവണതയെ നിരുൽസാഹപ്പെടുത്തേണ്ടത് വളരെ ആവശ്യമായിരിക്കുന്ന ഒന്നാണ്.

2. സമ്പന്നവിഭാഗത്തിന്റെ സാമൂഹ്യാചാരങ്ങൾ താഴേക്കിടയിലുള്ള വർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനെപ്പറ്റി മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. താര തമ്യേന സാമ്പത്തികവിഷമം അനുഭവിക്കുന്നവർ വിവാഹം കഴിഞ്ഞാലു ടനെ ഗർഭിണികളാകാൻ ആഗ്രഹിക്കുന്നില്ല. കാരണം അവരുടെ സാമ്പ ത്തിക ഞെരുക്കം തന്നെ. നമ്മുടെ സമൂഹത്തിൽ പെൺകുട്ടികളുടെ ആദ്യത്തെ പ്രസവം അവളുടെ വീട്ടുകാരുടെ ഉത്തരവാദിത്വത്തിലായിരി ക്കുക എന്ന ഒരു രീതിയുണ്ട്. പെൺകുട്ടിയുടെ അമ്മയുടെ ശുശ്രൂഷയും പരിചരണവും, സ്വന്തം വീട്ടിലെ അന്തരീക്ഷവും ഗർഭിണിക്ക് കൂടുതൽ മാനസികോല്ലാസം പകരും എന്ന ഒരു നല്ല വശം അതിന്റെ പിന്നിലുണ്ട്. എന്നാൽ വളരെ ചെലവുള്ള ഒരേർപ്പാടായതിനാൽ താഴേക്കിടയിലുള്ള വർക്ക് ഈ സംവിധാനം വളരെ വൈഷമ്യമുണ്ടാക്കുന്നു. പ്രസവത്തിനു വിളിച്ചുകൊണ്ടുപോകുമ്പോൾ, മരുമകന് സ്വർണ്ണമാലയും ഒക്കെ ഇടുക എന്ന രീതി കേരളത്തിലങ്ങോളമിങ്ങോളം നടപ്പുണ്ടോ എന്നറിയില്ല. മിക്ക യിടത്തും സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ ഈ രീതി നടപ്പു ണ്ടെന്ന് തോന്നുന്നു (മരുമകനെ പരോക്ഷമായി അഭിനന്ദിക്കയായിരിക്കാം. എന്തോ? എന്താണിതിന്റെ അർത്ഥം, എങ്ങനെ ഈ ചടങ്ങു വന്നു എന്നൊക്കെ കണ്ടുപിടിക്കുന്നത് രസകരമായിരിക്കും). ഈ ചടങ്ങും ഇപ്പോ ഴത്തെ രീതിയനുസരിച്ച് ആശുപത്രിയിൽ വെച്ചുള്ള പ്രസവവും ഒക്കെ പണച്ചെലവുള്ള സംഗതികളാകയാൽ, ഞെരുക്കം അനുഭവിക്കുന്നവർക്ക് സന്തോഷമായി ഗർഭസ്ഥശിശുവിനെ സ്വാഗതം ചെയ്യാനാവുന്നില്ല. ഈവക കാര്യങ്ങളിലൊക്കെ വിട്ടുവീഴ്ചാമനോഭാവത്തോടും, ക്രിസ്തീയ സ്നേഹ ത്തോടും ഭാര്യാവീട്ടുകാരോട് ഇടപെടുവാൻ ഭർത്താവിന്റെ വീട്ടുകാർക്ക് കഴിയേണ്ടതാണ്. എന്നാൽ ക്രിസ്തീയ മൂല്യങ്ങളൊന്നും ഇന്നുള്ള ഈവക ബന്ധങ്ങളിൽ അനുവർത്തിക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഉള്ള വർ കൊടുക്കട്ടെ, ഇല്ലാത്തവരെ വിഷമിപ്പിക്കരുത് എന്ന ഒരു നില വ രണം. ഗർഭസ്ഥശിശു, പൂർണ്ണആരോഗ്യത്തിൽ വളരുവാൻ നല്ല ഒരു മാന സികാവസ്ഥ അമ്മമാർക്ക് ലഭിക്കുവാനായി ഏവരും പരിശ്രമിക്കണം. സാമൂഹ്യ ചടങ്ങുകളേക്കാൾ ഗർഭസ്ഥശിശുവിനാണ് നാം പ്രാധാന്യം നൽകേണ്ടത്. ഈ ചടങ്ങുകൾക്കെല്ലാം സ്ത്രീകളാണ് അമിതപ്രാധാന്യം നൽകുന്നത് എന്നതിനാൽ കൂട്ടത്തിൽ ഒരു കാര്യം കൂടി ഇവിടെ ചേർത്തു പറയുന്നത് ഉചിതമെന്നു തോന്നുന്നു. കൂടുതലായ വിശകലനം ആവശ്യ മായിരിക്കുന്ന ഒരു വസ്തുതയെപ്പറ്റി പൊതുവായ ഒരു പരാമർശനം മാത്രമേ ഇവിടെ നടത്തുന്നുള്ളൂ.

## സ്ത്രീ സമത്വം ആദ്യം സ്ത്രീകളിൽ തന്നെ ആരംഭിക്കണം

നമ്മുടെ സമൂഹം ഇപ്പോഴും പുരുഷമേധാവിത്വത്തിനനുകൂലമായിട്ടു ള്ളതാണ് എന്നു കാണുവാൻ വിഷമമില്ല. സ്ത്രീക്കും പുരുഷനും

മേധാവിത്വമില്ലാത്ത ക്രിസ്തീയ സ്നേഹത്തിലധിഷ്ഠിതമായ ദാമ്പത്യബന്ധമാണ് വിശ്വാസികൾക്ക് അനുയോജ്യമായിട്ടുള്ളത്. സ്ത്രീ സമത്വവാദികളുടെ (ഫെമിനിസ്റ്റ്) പ്രക്ഷോഭണങ്ങൾ നമ്മുടെ സമൂഹത്തിലും ആരം ഭിച്ചിട്ടുണ്ട്. എന്നാൽ പുരുഷനോടൊപ്പമോ ചിലപ്പോൾ പുരുഷനേക്കാളും സ്വാതന്ത്ര്യമനുഭവിക്കുന്ന സമ്പന്നവർഗത്തിന്റെ ഇടയിലേക്കല്ലാതെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാൻ അവർക്ക് ഇന്നും കഴിഞ്ഞിട്ടില്ല. നമുക്ക് മനസ്സിലാക്കാവുന്ന വസ്തുത സ്ത്രീകളെ പീഢിപ്പിക്കുന്നവരിൽ മുൻപിൽ നിൽക്കുന്നത് സ്ത്രീകൾ തന്നെയാണ് എന്നുള്ളത് ഒരു വിരോധാഭാസമായി തോന്നും. എന്നാൽ യാഥാർത്ഥ്യം അതു തന്നെയാണ്. നമ്മുടെ ക്രിസ്തീയ ഭവനങ്ങളിൽ തന്നെ സ്ത്രീധനം ബാക്കിനൽകാത്തതിന്റെ പേരിലും, മുൻപു സൂചിപ്പിച്ച വിധത്തിലുള്ള ചടങ്ങുകൾ ശരിയായി നിർവഹിക്കാത്തതിന്റെ പേരിലും മരുമകൾ പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ അതിന്റെ ചുക്കാൻ പിടിക്കുന്നത് അമ്മായിയമ്മ എന്ന സ്ത്രീ തന്നെയായിരിക്കും. പീഢനം ഏൽക്കുന്ന അമ്മായിയമ്മയും അതേറ്റുവാങ്ങുന്നത് മരുമകൾ എന്ന സ്ത്രീയിൽ നിന്നുതന്നെയാണ്. സമൂഹത്തെ മാറ്റിമറിക്കുന്ന പ്രക്രിയ ഫെമിനിസ്റ്റ് പ്രസ്ഥാനക്കാരൊക്കെ നടത്തിക്കൊള്ളട്ടെ. തൽക്കാലം നമ്മുടെ ഇടവകകളിലെ ക്രിസ്തീയ ഭവനങ്ങളിൽ ഒന്നുകൂടി നല്ല ഒരു അന്തരീക്ഷം സംജാതമാക്കപ്പെടേണ്ടിയിരിക്കുന്നു. സ്ത്രീസമാജത്തിനുമൊക്കെ വളരെ കാര്യങ്ങൾ ഈ രംഗത്ത് ചെയ്യുവാൻ കഴിയും.

ഗർഭസ്ഥശിശുവിനെ സ്വാഗതം ചെയ്യാൻ വിമുഖത കാട്ടുന്നതിന്റെ കാരണങ്ങളിൽ പ്രധാനമായതാണ് ഇവിടെ വിശകലനം ചെയ്തത്. ഇതു കൂടാതെ ചെറിയ അനേകം കാരണങ്ങളുമുണ്ടാവാം. ഏതെങ്കിലും പരീക്ഷകൾ എഴുതുവാനുള്ള സമയം, പ്രസവസമയത്ത് ഭർത്താവ് അടുത്തു കാണുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യം, ചെറ്റക്കുടിലിൽ താമസിക്കുന്നവർക്ക് പേടിപ്പെടുത്തുന്ന കാലവർഷവും പേമാരിയും, (പ്രസവം നടക്കേണ്ടത് ഇടവപ്പാതിയുടെ നാളുകളിലാവാം) എന്നു തുടങ്ങി ചെറുതും വലുതുമായ കാര്യങ്ങൾ അലോസരപ്പെടുത്തുന്നതുണ്ടായി വരും. മുൻകൂട്ടി കാണാൻ കഴിയുന്ന കാര്യങ്ങളെ നേരത്തേതന്നെ കാണാൻ സാധിക്കേണ്ടതായിരുന്നു. ഏതായാലും അതൊന്നും പറ്റാത്ത സ്ഥിതിയിൽ മറിച്ചും, തിരിച്ചും ചിന്തിക്കാതെ ആദ്യത്തെ കുഞ്ഞിനെ ഏറ്റുവാങ്ങുവാൻ സന്തോഷത്തോടെ തയ്യാറാകണം. ഏതെങ്കിലും സാഹചര്യത്തിൽ ഗർഭഛിദ്രം ആവശ്യമായി വന്നാൽത്തന്നെയും, അത് ആദ്യത്തെ കുഞ്ഞിന്റെ കാര്യത്തിൽ ഒരിക്കലും ഉണ്ടാവരുത് (മറ്റുള്ള സന്ദർഭത്തിൽ ആകാം എന്ന് ഇതിനർത്ഥമില്ല). വൈദ്യശാസ്ത്രവും ആ ഒരു പ്രക്രിയയെ നിരുൽസാഹപ്പെടുത്തുകയാണ് ചെയ്യുന്നത്. അധാർമ്മികതയിൽ ജീവിക്കുന്ന പാശ്ചാത്യ

വനിതകൾ പോലും, വിവാഹത്തിന് മുമ്പ് തനിക്ക് ആദ്യം ഉരുവായ ശിശുവിനെ നശിപ്പിക്കാൻ ഇഷ്ടപ്പെടാതെ പൂർണ്ണവളർച്ചയെത്തി പ്രസവിക്കുന്നതായും ആ കുഞ്ഞുങ്ങളെ വളർത്തുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. റ്റീനേജ് മദേഴ്സ് (Teenage Mothers) എന്ന ഈ കൂട്ടരെക്കുറിച്ചുള്ള മനഃശാസ്ത്രപഠനങ്ങൾ വെളിച്ചത്തുകൊണ്ടുവന്ന ഒരു വസ്തുത ഇതാണ്. അതായത്, സ്ത്രീയുടെ സാന്മാർഗ്ഗികനിലവാരം എന്തു തന്നെയായാലും, തന്റെ ഗർഭത്തിൽ ഉരുവാകുന്ന ആദ്യത്തെ ശിശുവിനോട് ഒരു പ്രത്യേക മമത ഉണ്ടെന്നുള്ളതാണ്. അത് എന്തു തന്നെയായാലും നമ്മുടെ വനിതകൾ എന്തുകൊണ്ടും പാശ്ചാത്യരേക്കാൾ ഉയർന്ന സാന്മാർഗ്ഗിക നിലവാരത്തിലുള്ളവരാണ്. അവർക്ക്, വിവാഹബന്ധത്തിൽ നിന്നു ലഭിക്കുന്ന ആദ്യ ശിശുവിനെ, എത്രമാത്രം അപ്രതീക്ഷിതമായിരുന്നാൽ പോലും സ്വീകരിക്കാൻ ഒട്ടും മടിക്കേണ്ട.

### ഗർഭപരിപാലനം

ഇതേപ്പറ്റി ദീർഘമായി പ്രതിപാദിക്കുവാൻ ഇവിടെ ഒരുമ്പെടുന്നില്ല. തന്നെയുമല്ല പുസ്തകങ്ങളും, മാസികകളും എന്തെല്ലാം എഴുതിക്കൂട്ടിയാലും ദമ്പതികളുടെ വിദ്യാഭ്യാസ, സാമ്പത്തിക, സാംസ്ക്കാരിക ചുറ്റുപാടുകൾ നിയന്ത്രിക്കുന്നതിനനുസരിച്ചേ കാര്യങ്ങൾ നീങ്ങുകയുള്ളൂ. പിന്നെ പൊതുവായി ഗർഭിണിയെ സംബന്ധിച്ചിടത്തോളം ആവുന്നതും മാനസികവും ശാരീരികവുമായ സ്വസ്ഥത ലഭിച്ചിരിക്കണം. അകാരണമായ ഭീതിയും, ആധിയും, അനുകൂലചിന്തകളും അകറ്റി മനസ്സ് ഉല്ലാസപ്രദമായിരിപ്പാൻ തക്കവണ്ണം ഭർത്താവും കുടുംബാംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം, മറ്റുള്ളവരുടെ സാഹചര്യങ്ങളുമായി തുലനം ചെയ്തുകൊണ്ട്, അവർക്കുള്ള പരിമിതികളെക്കുറിച്ച് നിരാശപ്പെടാനിടയാകരുത്. തങ്ങൾക്കുള്ള സാഹചര്യങ്ങളിൽ എത്രയും മെച്ചമായി കാര്യങ്ങൾ നീക്കുന്നതിനുള്ള പ്രായോഗികമായ വഴികൾ അന്വേഷിക്കണം. ഓരോരുത്തരുടെ ശാരീരികാരോഗ്യവും പ്രത്യേകരീതികളും കണക്കിലെടുത്ത് ഈ കാര്യത്തിൽ പരിചയസമ്പന്നരായ ഡോക്ടറന്മാർ തരുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക. നല്ല ഒരു പങ്ക് സാമാന്യബുദ്ധി കൊണ്ടും ഉൾക്കൊള്ളാവുന്നതാണ്. സാദ്ധ്യമാകുന്ന പക്ഷം പ്രസവസമയത്ത് ഭർത്താക്കന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നാൽ വളരെ നല്ലത്. ഗർഭിണിയുടെ മനസ്സ് ദൈവികചിന്തകളിലും, നന്മപ്രവൃത്തികളിലും വ്യാപരിച്ചാൽ ഗർഭസ്ഥശിശുവിന് അത് ഉണർവ്വും ഉൻമേഷവും ഏറെ നൽകും.

### ചോദ്യങ്ങൾ

1. ആദ്യത്തെ കുഞ്ഞിനെ സ്വീകരിക്കാൻ ദമ്പതികൾ എങ്ങനെയെല്ലാം ഒരുങ്ങണം?

2. ഗർഭപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
3. സ്ത്രീസമത്വവാദം സ്ത്രീകളിൽ ആരംഭിക്കണം എന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായം എന്ത്?

## പാഠം 5

# ഒരു കുഞ്ഞു പിറക്കുന്നു

❑ ജനനം ❑ ആദ്യത്തെ കൺമണി ആണായിരിക്കണം ❑ മാമോദീസാ ❑ കുടുംബബന്ധങ്ങളിലെ ക്രമീകരണങ്ങൾ ❑ വിദ്വേഷമുളവാക്കുന്ന സ്വാർത്ഥത ❑ അമ്മയുടെ സാന്നിദ്ധ്യം ആവശ്യമായ കുഞ്ഞ്

**ജനനം**

സാധാരണയായി ഈ കാലത്ത് പ്രസവങ്ങൾ ആശുപത്രിയിലാണല്ലോ നടക്കാറുള്ളത്. വൈദ്യശാസ്ത്രം പുരോഗമിച്ചെങ്കിലും പ്രസവം എന്നുള്ളത് സാധാരണസ്ത്രീകളെ സംബന്ധിച്ച് ഒരു പേടിസ്വപ്നമായി നിലകൊള്ളുന്നു. വൈദ്യപുരോഗതി ഇല്ലാത്ത മുൻ കാലഘട്ടത്തിൽ ഉണ്ടായിരുന്നതിൽ എത്ര അധികമായി ഈ പേടിയും ഭയവും വർദ്ധിച്ചു എന്ന യാഥാർത്ഥ്യം കണക്കിലെടുക്കുമ്പോൾ, ഏതോ സാരമായ തകരാറുകൾ എവിടെയോ സംഭവിച്ചിരിക്കുന്നതായി കണക്കാക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ ലാഭം വർദ്ധിപ്പിക്കുവാൻ തക്കം നോക്കിയിരിക്കുന്ന ആതുരാലയങ്ങളിലെ ചികിത്സാ സമ്പ്രദായങ്ങളാണോ, കൂടുതൽ സുഖം അന്വേഷിക്കുന്ന ആധുനികവനിത വീട്ടുജോലികൾ വഴി ശരീരത്തിനുണ്ടാവുന്ന വ്യായാമവുമൊക്കെ ഒഴിവാക്കുന്നതുകൊണ്ടാണോ, പ്രത്യേകമായ ഭക്ഷണരീതികളാണോ, വർദ്ധിച്ചുവരുന്ന മാനസികസംഘർഷങ്ങളാണോ, അതോ മൗലികമായി ദൈവത്തിൽനിന്നും തദ്വാരാ പ്രകൃതിയിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുന്ന മനുഷ്യപ്രകൃതിയാണോ എന്താണ് കാരണമായിരിക്കുന്നത് എന്ന് ദീർഘമായ അന്വേഷണത്തിൽനിന്നേ വ്യക്തമായി വരികയുള്ളൂ. ഏതായാലും സ്വാഭാവികമായി നടക്കേണ്ട ഒരു പ്രക്രിയ, കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് വാസ്തവമാണ്. അത് എന്തായാലും നവാതിഥിയെ സ്വീകരിക്കുന്നതെങ്ങനെ എന്നു നോക്കാം.

**ആദ്യത്തെ കൺമണി ആണായിരിക്കണം**

അമ്മയ്ക്കും കുഞ്ഞിനും അസുഖമൊന്നുമില്ലാതെ സുഖമായി പ്രസവം

നടന്നു എന്നറിയുന്നതു കൊണ്ട്, സാധാരണ വിശ്വാസികൾക്ക് സന്തോഷം പൂർണ്ണമാവുകയോ, ദൈവത്തെ സ്തോത്രം ചെയ്യുവാൻ സാധിച്ചു എന്നോ വരികയില്ല. കുട്ടി പുരുഷപ്രജയാണോ എന്നറിയണം. പുരുഷപ്രജയാണെങ്കിൽ മാതാപിതാക്കളുടെയും ബന്ധുമിത്രാദികളുടെയും മുഖം ഒന്നുകൂടി തെളിയും. സ്തോത്രഗീതം പാടിയില്ലെങ്കിലും ചുണ്ടിൽ ഉരുവിടും. പെൺകുട്ടിയാണെങ്കിൽ അത്രവേഗം സന്തോഷപ്രകടനം ഉണ്ടാവുകയില്ല (നല്ല ഒരുപങ്ക് ഈ കാര്യത്തിൽ അപവാദമായിരിക്കാം, ഭൂരിപക്ഷം എന്നു കണക്കാക്കിയാൽ മതി). കുട്ടി ആണോ, പെണ്ണോ എന്നറിഞ്ഞു കഴിഞ്ഞാൽ ഉടനെയുള്ള അന്വേഷണം കുഞ്ഞിന്റെ നാളെന്ത് എന്നാണ്? ജനനസമയത്തെ രാശിയും മുഹൂർത്തവും എല്ലാം കണ്ടുപിടിച്ച് ഉടനെ ജോത്സ്യനെ വിളിച്ച് ജാതകം എഴുതിക്കുന്നവരുടെ സംഖ്യ കുറഞ്ഞുവരുന്നെങ്കിലും ഇല്ലാതില്ല. ഇതൊക്കെ കാണുമ്പോൾ, വിശ്വാസികളിൽ നല്ല ഒരു പങ്കും ഇപ്പോഴും ദൈവത്തെയും, മാമോനെയും ഒരുമിച്ചു സേവിക്കുന്നവരാണ് എന്നു തോന്നിപ്പോകും. ജോത്സ്യത്തിന്റെയും ജാതകത്തിന്റെയും ന്യായാന്യായങ്ങൾ എന്തുതന്നെ ആയിരുന്നാലും ഒരു യഥാർത്ഥ വിശ്വാസി അതന്വേഷിച്ചു പോകേണ്ട കാര്യം ഉണ്ടോ? അമ്മയുടെ ഗർഭത്തിൽ ഉരുവാക്കിയ ദൈവം ആ നിമിഷം മുതൽ നമ്മെ വളർത്തുകയും, പരിപാലിക്കുകയും ചെയ്യുന്നതിനാൽ, ആ സ്നേഹവാനായ ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മേത്തന്നെ ഭരമേൽപ്പിച്ചു കൊടുക്കാനല്ലേ ഒരു വിശ്വാസിക്കു ചെയ്യുവാനുള്ളത്? ഒരു വിശ്വാസിയുടെ ജീവിതം, ദൈവികകരങ്ങളിലാണോ, അതോ ജോത്സ്യന്റെ താളിയോലകളിലെ എഴുത്തിലും, നക്ഷത്രങ്ങളുടെ ഉയർച്ച താഴ്ചയിലും ദോഷപ്രതിവിധിക്കു വേണ്ടി അയാൾ ചെയ്യുന്ന പൂജാകർമ്മങ്ങളിലുമാണോ സുരക്ഷിതമായിരിക്കുന്നത്? കുട്ടി ആണായാലും പെണ്ണായാലും, ഏതു നാളിൽ ജനിച്ചാലും ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പിനെ കണ്ട് നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുവാൻ ഒരു വിശ്വാസിക്കു കഴിയേണ്ടതാണ്. മഹാകവി രവീന്ദ്രനാഥ ടാഗോർ പറഞ്ഞത് എത്രയോ അന്വർത്ഥമാണ്. 'ഓരോ നവജാതശിശുവിന്റെ പുഞ്ചിരിയിലും, ഈശ്വരൻ ഇനിയും ഈ ലോകത്തെ സ്നേഹിക്കുന്നു എന്ന സന്ദേശം അടങ്ങിയിരിക്കുന്നു' എന്നി പ്രകാരം അദ്ദേഹം പ്രസ്താവിച്ചു. സമൂഹവും, സംസ്ക്കാരവും രൂപപ്പെടുത്തിയ മാമൂൽ ചിന്തകളുടെയും ആചാരങ്ങളുടെയും തടവറയിൽ നിന്ന് വിശ്വാസികൾ ഇന്നും സ്വതന്ത്രരായിട്ടില്ലെന്നുള്ളത് അത്യന്തം പരിതാപകരമാണ്. കുടുംബജീവിതത്തിൽ ക്രിസ്തീയമൂല്യങ്ങൾ തേടുന്നവർക്ക്, മുകളിൽപ്പറഞ്ഞ അന്ധവിശ്വാസങ്ങളെ കണ്ടില്ലെന്നു നടിക്കാനോ, എതിർക്കാതിരിക്കാനോ സാദ്ധ്യമല്ല തന്നെ.

## മാമോദീസാ

ചില പ്രദേശങ്ങളിൽ സാമൂഹ്യാചാരപ്രകാരം കുഞ്ഞിന്റെ അരയിൽ 28–ാം ദിവസം ചരടു കെട്ടുമെങ്കിലും, അതിന് ആത്മീയപ്രാധാന്യം ഒന്നും തന്നെയില്ല. സഭാവിശ്വാസികളെ സംബന്ധിച്ച് കുഞ്ഞിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനമായ ഘട്ടം മാമോദീസായാണ്. പുത്രസ്വീകാര്യത്തിനർഹനായി/അർഹയായി വീണ്ടും ജനിക്കുന്നസമയം കുഞ്ഞിന്റെ ജീവിതത്തിലെ അസുലഭമായ ഒരു മുഹൂർത്തമാണ്. മാമോദീസായുടെ വേദശാസ്ത്രപരമായ അർത്ഥവും വ്യാപ്തിയും മറ്റു പുസ്തകങ്ങളിൽ ആധികാരികമായി വിവരിച്ചിട്ടുള്ളതിനാൽ അതിലേക്കു കടക്കുന്നില്ല. ക്രിസ്തീയ കുടുംബത്തിൽ ജനിക്കുന്ന പൈതൽ, ക്രിസ്തീയ വിശ്വാസത്തിൽ – സഭാസംസർഗത്തിൽക്കൂടി – വളരണമെന്ന് മാതാപിതാക്കൾ ബോധപൂർവ്വം ആഗ്രഹിക്കുകയും, അങ്ങനെ വളർത്താമെന്ന് മദ്ധ്യസ്ഥൻ കൂടി ചുമതലപ്പെട്ട് പ്രതിജ്ഞയെടുക്കുന്ന പ്രധാനപ്പെട്ട അവസരമാണ് മാമോദീസാ. എന്നാൽ ക്രിസ്തീയ കുടുംബങ്ങളുടെ മൂല്യത്തകർച്ച ഇന്നത്തെ അവരുടെ വിവാഹ നടത്തിപ്പുകളുടെ രീതിയിൽ ആരംഭിക്കുന്നു എന്ന് മുൻപൊരിക്കൽ സൂചിപ്പിച്ചത് ഇവിടെയും എടുത്തുപറയേണ്ടത് ആവശ്യമായിരിക്കുന്നു. വിവാഹത്തിലെന്ന പോലെ, അതിന്റെ ആത്മീയ അർത്ഥത്തെക്കാൾ സാമൂഹ്യമായ മാനങ്ങൾക്ക് പ്രാധാന്യം കൈവന്നിരിക്കുന്നത് മാമോദീസായിലും സംഭവിച്ചിരിക്കുന്നു. സമ്പന്നർക്ക് ആഡംബരപൂർണ്ണമായ ഒരാഘോഷത്തിന്റെ സമയമാണ് മാമോദീസായെങ്കിൽ, പാവപ്പെട്ടവർക്ക് ഇതൊരു വഴിപാട് ചടങ്ങും. രണ്ടിലും ആത്മീകമെന്നു പറയുന്നത് ഒരുപോലെ നഷ്ടപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ മറ്റൊരു പ്രവണത കൂടി അടുത്തകാലത്ത് വർദ്ധിച്ചുവന്നിരിക്കുന്നു. ചില തീർത്ഥാടനകേന്ദ്രങ്ങളിലേക്കു മാമോദീസാക്കാരുടെ കൂട്ടത്തോടെയുള്ള പ്രയാണം. ആത്മീകവർദ്ധനവിനു വേണ്ടിയുള്ള ദാഹമല്ല ഈ കൂട്ടരെ അവിടേക്കെത്തിക്കുന്നത്. അജ്ഞരായവർ നേർച്ചകൾ നേരുന്നതുവഴിയും, മറ്റനേകം പേർ ആത്മീയ – ഭൗതികാനുഗ്രഹങ്ങൾ വലിയ കഷ്ടപ്പാടുകൾ കൂടാതെ ചുളുവിൽ നേടാമെന്നുള്ള വ്യഗ്രതയിലുമാണ് ഈ മാതിരി സന്നാഹങ്ങൾക്കു മുതിരുന്നത്. നിരന്തരമായ കുടുംബപ്രാർത്ഥനയും, നോമ്പും ഉപവാസവും, ആത്മാർത്ഥമായ കൂദാശാനുഭവങ്ങളും, പരോപകാരപ്രദമായ പുണ്യജീവിതവും ഒക്കെ അനുവർത്തിച്ച് ആത്മീയജീവിതം വളർത്തിയെടുക്കുക വളരെ ദുഷ്കരമാകയാൽ നല്ല ഒരു വിഭാഗം വിശ്വാസികൾ എളുപ്പവഴിയിലേക്കു തിരിഞ്ഞിരിക്കുന്നതല്ലേ ഈ തീർത്ഥാടനപാത എന്ന് ബലമായും സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ, കൗദാശികസംസർഗത്തിൽക്കൂടി വിശ്വാസികൾ ഉത്തരവാദിത്വബോധമുള്ളവരായി ആത്മീകജീവിതം വളർത്തിയെടുക്കുവാൻ സഭാനേതൃത്വം ശക്തമായി പ്രബോധി

പ്പിക്കുകയും, കുറുക്കുവഴികളെ നിരുൽസാഹപ്പെടുത്തുകയും ചെയ്യണം. അനേകം വിശ്വാസികളുടെയും, കുടുംബങ്ങളുടെയും ജീവിതത്തിൽ തീർത്ഥാടനത്തിന് വലിയ സ്ഥാനം നൽകിവന്നിരിക്കുന്നതിനാൽ ശരിയായ മാർഗനിർദ്ദേശങ്ങൾ ആ വഴിക്കും നൽകേണ്ടിയിരിക്കുന്നു. മാമോദീസാ യെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചുവന്നത്. വ്യക്തിയുടെ ആത്മീയ ജീവിതം കരുപ്പിടിപ്പിക്കുന്നതിൽ മാമോദീസായ്ക്കുള്ള വലിയ സ്ഥാനം മനസ്സിലാക്കി, നവജാതശിശുവിനെ വീണ്ടും ജനനസ്നാനത്തിനും പുത്ര സ്വീകാര്യത്തിനും, പരിശുദ്ധാത്മാഭിഷേകത്തിനുമായി കൊണ്ടുവരുവാൻ കുടുംബാംഗങ്ങൾക്ക് പ്രത്യേകിച്ച്, മാതാപിതാക്കൾക്ക് കഴിയേണ്ടതാണ്.

## കുടുംബബന്ധങ്ങളിൽ ക്രമീകരണം ആവശ്യം

ഒരു അതിഥിക്കു നമ്മുടെ വീട്ടിൽ രാപാർക്കാൻ അവസരം ഉണ്ടാക്കു ന്നുവെങ്കിൽ അതിനനുസരിച്ച് ആഭ്യന്തരമായ ക്രമീകരണങ്ങൾ ആവശ്യ മായി വരുമെന്ന് നമുക്കറിയാം. അതുപോലെ ദാമ്പത്യവല്ലരി പൂക്കുന്ന തിനു മുൻപുതന്നെ, കുഞ്ഞിനെ സ്വീകരിക്കത്തക്കവണ്ണം മാനസികമായി ചില ക്രമീകരണങ്ങൾ ദമ്പതികൾ വരുത്തിയിരിക്കണം. ദമ്പതികളുടെ ജീവിതത്തിലെ ഏറ്റം വലിയ സംഘർഷാത്മകമായ ഒരു കാലഘട്ടമായി ട്ടാണ് പാശ്ചാത്യമനശാസ്ത്രജ്ഞന്മാർ ഇതിനെ ചിത്രീകരിച്ചിട്ടുള്ളത്. സ്വകാര്യജീവിതം ആസ്വദിക്കാനാവാതെ വരുമ്പോൾ ദമ്പതികൾ അസം തൃപ്തരും നിരാശരുമായിത്തീരാറുണ്ടെന്ന് നമ്മുടെയിടയിൽ പ്രസിദ്ധീക രിക്കപ്പെട്ടിട്ടുള്ള ചില മനശാസ്ത്രലേഖനങ്ങളിലും വായിച്ചിട്ടുണ്ട്. ഇതിന്റെ ആഘാതം ഏറ്റവും കൂടുതൽ ഏൽക്കുന്നത് പിതാവിലായിരിക്കുമത്രേ. മാതാവിന്റെ ശ്രദ്ധ മുഴുവൻ കുഞ്ഞിലേക്കു മാറ്റപ്പെടുന്നതോടു കൂടി, പിതാവ് അവഗണിക്കപ്പെട്ടു എന്നു തോന്നലുണ്ടാകുവാനും അതിനു കാര ണമായ കുഞ്ഞിനോടു വെറുപ്പു തന്നെയുണ്ടാകുമെന്നുമൊക്കെ അവർ തട്ടിവിട്ടിട്ടുണ്ട്. ഈ ചിന്താഗതിയിൽ കുറെ അതിഭാവുകത്വം കലർന്നി ട്ടുണ്ട്. പാശ്ചാത്യരുടെ സാമൂഹ്യജീവിതത്തിൽ രൂപപ്പെടുത്തിയ മനശാസ്ത്രപാഠങ്ങൾ അതേപടി നാം സ്വീകരിക്കണമെന്നില്ല. ദമ്പതിക ളുടെ സ്വകാര്യജീവിതത്തിന് അവിടെ പരമപ്രാധാന്യം നൽകിയിരിക്കുന്നു എന്നതാണ് വസ്തുത (മക്കളില്ലാ വിവാഹത്തേപ്പറ്റി മുൻപ് സൂചിപ്പിച്ചു വല്ലോ). ആ സാഹചര്യത്തിൽ പിറക്കുന്ന കുഞ്ഞിനെ ചെറിയ ശല്യമായി ത്തന്നെ അവരിൽ പലരും കണക്കാക്കിയെന്നിരിക്കും (കൊച്ചുകുഞ്ഞിന്റെ കരച്ചിൽ അസഹ്യമായപ്പോൾ അതിനെ മേശവലിപ്പിൽ ഇട്ടു പൂട്ടിയ മനു ഷ്യാധമനായ പിതാവിനെ ലണ്ടനിലെ ഒരു കോടതി ജീവപര്യന്തം തട വിന് വിധിച്ചതിനെപ്പറ്റി അവിടെയായിരുന്നപ്പോൾ വായിച്ചു. മാതാവു വന്ന് മേശവലിപ്പ് തുറന്നുകണ്ടപ്പോൾ കുഞ്ഞു മരിച്ചു കഴിഞ്ഞിരുന്നു). കുഞ്ഞു ങ്ങൾക്കുള്ള സ്ഥാനം അവിടെ അപ്രധാനമാണ്. എന്നാൽ നമ്മുടെ

സാംസ്ക്കാരികമൂല്യം ആ തരത്തിലുള്ള ഒന്നല്ല. സ്വകാര്യജീവിതത്തിന്റെ ആസ്വാദ്യത ഒട്ടും കാര്യമായി നാം ഗണിച്ചില്ല എന്ന പോരായ്മ നമുക്കുണ്ടെങ്കിലും, കുടുംബത്തിൽ കുഞ്ഞുങ്ങൾക്കുള്ള സ്ഥാനം നാം വലുതായി തന്നെ എപ്പോഴും കണ്ടിരുന്നു. സത്യത്തിൽ കുഞ്ഞുങ്ങളെക്കൂടാതെ കുടുംബജീവിതം എന്തെന്ന് നാം സങ്കൽപ്പിച്ചിട്ടു കൂടിയില്ല. അതുകൊണ്ട് പാശ്ചാത്യർ കാണുന്നതുപോലെ നമ്മുടെ കുഞ്ഞുങ്ങളെ ഒരു ശല്യമായോ, നമ്മുടെ ആസ്വാദനത്തിന്റെ തടസ്സക്കാരനായോ നാം കാണാൻ വഴിയില്ല. മറിച്ച് കൊച്ചുകുഞ്ഞിന്റെ നിർവ്യാജവും നിഷ്ക്കളങ്കവുമായ പുഞ്ചിരിയിൽ ലയിച്ച് നിർവൃതിയടയുന്ന യുവദമ്പതികൾ കുഞ്ഞിന്റെ രണ്ടു കവിളത്തും ചിലപ്പോൾ മറ്റാരുമില്ലെങ്കിൽ പരസ്പരവും ചൂടുചുംബനങ്ങളർപ്പിക്കാനാവും ഒരുമ്പെടുക.

## സ്വാർത്ഥത വിദ്വേഷമുളവാക്കും

എന്നാൽ കുഞ്ഞിന്റെ ആഗമനം ഒരു തരത്തിലും വൈഷമ്യം ഉളവാക്കുകയില്ല എന്നതല്ല ഈ പറഞ്ഞതിന്റെ അർത്ഥം. ചുരുക്കം ചിലരിൽ (ഭർത്താക്കന്മാരിൽ) ഉൽക്കടമായ ഭാവവ്യത്യാസങ്ങൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. അതായത് പൊതുവെ സ്വന്തകാര്യങ്ങൾക്കെല്ലാം ഭാര്യയെ ആശ്രയിച്ചുവന്ന മടിയനായ ഭർത്താവ്, തന്റെ സുഖം മാത്രം അന്വേഷിക്കുന്ന സ്വാർത്ഥതയുള്ളവർ, അമിത ഭോഗാസക്തിയുള്ളവർ, തുടങ്ങിയവർക്കെല്ലാം ഭാര്യയുടെ പരിചരണം മുൻപത്തെപോലെ ലഭിക്കാതെ വരുമ്പോൾ വിമ്മിട്ടമുണ്ടാവും. തങ്ങളുടെ വ്യക്തിത്വത്തിന്റെ ഈ ബലഹീനതയെ സ്വയം മനസ്സിലാക്കി അതിനെ അതിജീവിക്കാനുള്ള ദൈവകൃപ പ്രാപിക്കുകയാണ് വിശ്വാസിയായ ഭർത്താവ് ചെയ്യേണ്ടത്. തൽക്കാല സംഘർഷത്തെ മാത്രമല്ല, തുടർന്നുള്ള ദാമ്പത്യജീവിതത്തിലും വരാവുന്ന ഇത്തരം അസൗകര്യങ്ങൾ പ്രശ്നഹേതുക്കളായി മാറാതിരിക്കുവാൻ, വ്യക്തിത്വത്തിലെ ഈ തിരുത്തലുകൾ സഹായിക്കും. തന്നെയുമല്ല, ഒരു ക്രിസ്തീയവിശ്വാസിയെ സംബന്ധിച്ചിടത്തോളം, വാങ്ങുന്നതിലല്ല കൊടുക്കുന്നതിലാണ് യഥാർത്ഥ സന്തോഷം സ്ഥിതിചെയ്യുന്നതെന്ന് ഓർക്കുക. സ്വാർത്ഥനായി സുഖിക്കുന്നതിലല്ല, നിസ്വാർത്ഥനായി ത്യാഗമനുഭവിക്കുന്നതിലാണ് ജീവിതവിജയം സ്ഥിതിചെയ്യുന്നത്. ഇത് അടിസ്ഥാനപ്രമാണമായി സ്വീകരിച്ചിരിക്കുന്ന ദമ്പതികൾക്ക് താൽക്കാലികമായുണ്ടാകുന്ന ബുദ്ധിമുട്ടുകളൊന്നും വലിയ പ്രശ്നങ്ങളായിത്തീരാൻ ഇടയില്ല.

## ആദ്യവർഷം കുഞ്ഞിന് അമ്മയുടെ സാന്നിദ്ധ്യം അത്യാവശ്യം

സർവ്വ ജന്തുജാലങ്ങളിൽ വെച്ച് ദീർഘമായ ശൈശവം മനുഷ്യക്കുഞ്ഞിന്റേതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സകലത്തിനെയും നിയന്ത്രിക്കുവാൻ ദൈവം അധികാരം കൊടുത്തിട്ടുള്ള മനുഷ്യൻ, തന്റെ

ശൈശവത്തിൽ എത്രയധികം നിസ്സഹായനായി കാണപ്പെടുന്നു. അജയ്യനായ മനുഷ്യന്റെ നിലനിൽപ്പ് എപ്പോഴും തനിക്കു ചുറ്റുമുള്ള സമൂഹത്തെ മാത്രം ആശ്രയിച്ചുള്ളതാണെന്ന് ബോദ്ധ്യപ്പെടുത്തുവാനായിരിക്കും ഈ നീണ്ടകാലയളവിലേക്കുള്ള നിസ്സഹായാവസ്ഥ. മാതാപിതാക്കളുടെ, പ്രത്യേകിച്ചും മാതാവിന്റെ സഹായത്തോടെയാണ് കുഞ്ഞ് ഈ നിസ്സഹായാവസ്ഥയെ തരണം ചെയ്യുന്നത്. കുഞ്ഞിന്റെ ആരോഗ്യകരമായ വ്യക്തിത്വവളർച്ചയ്ക്ക് ആദ്യത്തെ ഒരു വർഷമെങ്കിലും നിശ്ചയമായും അമ്മയുടെ സാന്നിദ്ധ്യം ആവശ്യമാണെന്ന് മനഃശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മാറി വരുന്ന സാമൂഹ്യ, സാമ്പത്തിക ചുറ്റുപാടുകൾ, കുഞ്ഞിന്റെയും, അമ്മയുടെയും ഈ ന്യായമായ അവകാശത്തെ ഹനിക്കുകയാണ് ചെയ്യുന്നത് എന്ന് ഒരു സാമൂഹ്യപ്രവർത്തക ഈയിടെ അഭിപ്രായപ്പെടുകയുണ്ടായി. വിദൂരദേശങ്ങളിൽ ജോലി സമ്പാദനത്തിനു പോയവരിൽ മാത്രമല്ല, നാട്ടിൽ ജോലി ചെയ്യുന്നവരിൽ നിന്നായാലും കുഞ്ഞിനു വേണ്ട പരിചരണം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആദ്യത്തെ ഒരു വയസ്സിനുള്ളിൽ കുഞ്ഞിന്, അമ്മയുമായി അധികം ശാരീരികസമ്പർക്കം ആവശ്യമായിരിക്കുന്നു. അമ്മയുടെ മാറിൽ നിന്ന് മുലപ്പാൽ കുടിക്കുന്നതോടൊപ്പം, അമ്മയുടെ ഹൃദയമിടിപ്പുകൾ കൂടി ഏറ്റുവാങ്ങുന്ന, കുഞ്ഞ് അവാച്യമായ ആനന്ദനിർവൃതിയടയുന്നു. കുഞ്ഞിന് ശാരീരിക പോഷണത്തോടൊപ്പം മാനസികോല്ലാസവും ലഭിക്കുന്നു. സുരക്ഷിതത്വബോധവും, രോഗപ്രതിരോധശക്തിയും എല്ലാം ഈ മാതൃ-ശിശുബന്ധത്തിൽകൂടി ലഭ്യമാവുന്നു എന്ന് ശിശുവിദഗ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മുലപ്പാലിൽ അടങ്ങിയ രോഗപ്രതിരോധശക്തിക്ക് പകരം നിൽക്കാൻ കുഞ്ഞിനെ സഹായിക്കുന്ന മറ്റൊരു ഭക്ഷണ-പാനീയവും ഇല്ലെന്ന് അതേപ്പറ്റി അറിയാവുന്നവർ എല്ലാം ലോകത്തോടായി വിളിച്ചുപറഞ്ഞിട്ടുണ്ട്. ശാരീരികവടിവു നഷ്ടപ്പെടുമെന്ന് വിചാരിച്ച് കുഞ്ഞുങ്ങളെ മുലയൂട്ടാൻ വിസമ്മതിച്ച അമ്മമാർ ഇടക്കാലത്ത് അധികമുണ്ടായി. എന്നാൽ പത്രങ്ങളും മാസികകളും ഈ ഒരു കാര്യത്തിൽ ഒരുമിച്ച് പ്രചാരണം നടത്തിയതിന്റെ ഫലമായി അത്തരം അമ്മമാരുടെ മനോഭാവത്തിൽ മാറ്റമുണ്ടായിരിക്കണം. മുമ്പു സൂചിപ്പിച്ച, കുഞ്ഞുങ്ങളേക്കാളധികം ദമ്പതികളുടെ സ്വകാര്യജീവിതാസ്വാദനത്തിന് പ്രാധാന്യം നൽകിയ പാശ്ചാത്യരുടെ കുടുംബജീവിതശൈലിയിൽ ഇവിടെയും കുറേപ്പേർ ആകൃഷ്ടരായി എന്നതാണ് ഈ മൂല്യത്തകർച്ചയുടെ കാരണം. കുഞ്ഞുങ്ങളെ ശരിക്കും മുലയൂട്ടി വളർത്തുന്ന നമ്മുടെ പൈതൃകസംസ്ക്കാരം തന്നെ ഉത്തമം.

വിദൂരങ്ങളിൽ ജോലിചെയ്യാൻ നിർബന്ധിതരായവരും, നാട്ടിൽ പണിയെടുക്കുന്ന ഉദ്യോഗസ്ഥകളും ന്യായമായും ഈ കാര്യത്തിന് ഒരു പ്രതിവിധി അന്വേഷിക്കും. ഒറ്റവാക്കിൽ മറുപടി കണ്ടെത്താൻ വിഷമമാണ്.

രാവിലെ പോയി വൈകിട്ട് വീട്ടിൽ മടങ്ങിവരുന്ന ഉദ്യോഗസ്ഥകളായ വീട്ടമ്മമാർ, ദിവസത്തിന്റെ ബാക്കിസമയങ്ങളിലും, ഒഴിവുദിനങ്ങളിലും കൂടുതൽ സമയം കുഞ്ഞുങ്ങളുമായി കഴിച്ചുകൂട്ടുവാൻ ശ്രദ്ധിക്കുക. വിദൂരങ്ങളിലൊക്കെ ജോലിയായിരിക്കുന്നവർ തങ്ങൾക്ക് പ്രസവസമയത്ത് കൂടുതൽ അവധി ലഭ്യമാകുന്നവിധത്തിൽ ക്രമീകരിക്കുക, അല്ലെങ്കിൽ ചുരുങ്ങിയപക്ഷം, ആയമാരുടെ പരിചരണത്തിൽ നിന്നുയർന്ന് ഉത്തരവാദിത്വത്തോടെ കുഞ്ഞിനെ പരിചരിക്കുവാൻ കഴിയുന്ന സ്ത്രീകളെ കണ്ടെത്തുക. വല്യമ്മച്ചിമാർ ആ ചുമതലയെടുക്കുമെങ്കിൽ, അമ്മ കഴിഞ്ഞാൽ കുഞ്ഞിന് ഏറ്റവും അധികം ഉപകരിക്കുന്നത് അവർ തന്നെയായിരിക്കും. സാമ്പത്തികമായി വലിയ ക്ലേശമില്ല; സാമാന്യമായി മറ്റുള്ളവരോടൊപ്പം കഴിഞ്ഞുകൂടാനുള്ള വകകൾ ഒക്കെ സമ്പാദിച്ചിട്ടുണ്ടെങ്കിൽ, കുഞ്ഞുങ്ങൾക്കുവേണ്ടി ജോലി ഉപേക്ഷിച്ചാലും വേണ്ടില്ല. അതിൽക്കൂടി നഷ്ടമാവുന്നതിലധികം പിൽക്കാലത്ത് ഉത്തമരായ കുഞ്ഞുങ്ങൾ നികത്തിക്കൊള്ളും.

## അശുദ്ധിയെപ്പറ്റിയുള്ള തെറ്റായ ധാരണകൾ

മറ്റൊരു കാര്യം കൂടി ഇവിടെ ചേർത്തു പരാമർശിക്കുന്നത് ആവശ്യമെന്നു തോന്നുന്നു. ആർത്തവകാലത്തും, പ്രസവം കഴിഞ്ഞും പള്ളിയിൽ പോവുന്നതിനെക്കുറിച്ചൊക്കെ ഒട്ടനവധി തെറ്റിധാരണകൾ നമ്മുടെ സ്ത്രീകളുടെ ഇടയിൽ ഇന്നും നിലനില്ക്കുന്നുണ്ട്. ഇത് എവിടെ നിന്നുണ്ടായി എന്ന് നാം പരിശോധിക്കുമ്പോൾ തന്നെ ഈ ധാരണകളുടെ നിരർത്ഥകത നമുക്ക് ബോദ്ധ്യമാവുന്നതാണ്. വേദപുസ്തകത്തിലെ പുതിയനിയമത്തെക്കുറിച്ചു പോലും വലിയ ഗ്രാഹ്യമില്ലാതിരുന്ന നമ്മുടെ പൂർവ്വീകർ ലേവ്യാ പുസ്തകത്തിലെ ശുദ്ധാശുദ്ധ നിയമങ്ങളെക്കുറിച്ച് കേട്ടിരിക്കാൻ കൂടി ഇടയില്ല (മലയാളം പരിഭാഷയൊക്കെ വളരെ വൈകിയാണല്ലോ ഉണ്ടായത്). ഇന്നും വേദപുസ്തകം ശ്രദ്ധയോടെ പഠിച്ചവർക്കു മാത്രമേ പഴയനിയമത്തിലെ ഈവക പ്രമാണങ്ങളെക്കുറിച്ച് അറിവുണ്ടാകയുള്ളൂ. ഈ പരിതസ്ഥിതിയിൽ നമ്മുടെ സാധാരണ സ്ത്രീകളുടെ അശുദ്ധിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളെല്ലാം നമ്മുടെ ചുറ്റുപാടുമുള്ള ഹിന്ദുക്കളുടെ 'തീണ്ടൽ, തൊടീൽ' നിയമങ്ങളിൽ നിന്നു വന്നിരിക്കാനാണ് സാദ്ധ്യത. അതിന് ക്രിസ്തീയമായി യാതൊരടിസ്ഥാനവുമില്ല. ആർത്തവവും, പ്രസവവുമെല്ലാം ആത്യന്തികമായി സൃഷ്ടികർമ്മത്തിൽ പങ്കുചേരാൻ സ്ത്രീക്കു പ്രത്യേകമായി ദൈവം നൽകിയ പ്രകൃതിധർമ്മത്തിന്റെ ഭാഗമാണ്. ആ പ്രകൃതിധർമ്മത്തിൽ എന്തെങ്കിലും അശുദ്ധി ആരോപിക്കുവാൻ ആരാലും സാദ്ധ്യമല്ല. അതിനാൽ ആർത്തവകാലത്തും പ്രസവശേഷവും പള്ളിയിൽ പോകുന്നതിന് യാതൊരു വിലക്കും വെച്ചിട്ടില്ല എന്ന് സ്ത്രീകൾ അറിഞ്ഞിരിക്കേണ്ടതാണ്. പിന്നെ ഈ സമയങ്ങളിലൊക്കെ

ശാരീരികക്ഷീണമോ മറ്റു വൈഷമ്യങ്ങളോ അനുഭവപ്പെടുന്നെങ്കിൽ അതറിഞ്ഞ് സ്വയം തീരുമാനങ്ങളെടുത്താൽ മതി. വി. കുർബാന അനുഭവിക്കുന്നതിനും ആത്മീകമായ ഒരുക്കമാണ് പ്രധാനം. കൈക്കൂലി വാങ്ങുന്നവർക്കും, മായം ചേർക്കുന്നവർക്കും, ചൂഷകർക്കും, മർദ്ദിതർക്കും, മറ്റു സാമൂഹ്യദ്രോഹം ചെയ്യുന്നവർക്കും ഒക്കെയാണ് ആരാധനയിൽ സംബന്ധിക്കുമ്പോൾ അശുദ്ധി തോന്നേണ്ടത്. അല്ലാതെ, പ്രകൃതിധർമ്മം നിർവഹിക്കുന്ന മാതാവും ഋതുമതിയും തങ്ങൾ അശുദ്ധരാണെന്ന് യാതൊരു വിധത്തിലും ചിന്തിക്കേണ്ടയാവശ്യമില്ല.

### ചോദ്യങ്ങൾ

1. ആദ്യത്തെ കുഞ്ഞിന്റെ ജനനത്തോടനുബന്ധിച്ച് സമൂഹം വച്ചുപുലർത്തുന്ന ആചാരക്രമങ്ങളിലും മനോഭാവത്തിലും ക്രിസ്തീയമല്ലാത്തത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുക?
2. പാശ്ചാത്യവും ഭാരതീയവുമെന്ന നിലയിൽ മനുഷ്യമനസ്സുകളെക്കുറിച്ച് ഈപാഠത്തിൽ പ്രതിപാദിച്ച വ്യത്യാസങ്ങളേവ? ഈ വ്യത്യാസങ്ങൾ ശരിയായിട്ടുള്ളതാണോ എന്ന് നിങ്ങളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുക.
3. അമ്മയുടെ സാന്നിദ്ധ്യം കുഞ്ഞിന് ആദ്യവർഷം അത്യന്താപേക്ഷിതമാണ് എന്നു പറയപ്പെടുന്നതിന്റെ കാരണങ്ങൾ ഏവ?

## പാഠം 6

# ഒരേ സമയം പിതാവും മകനും

❑ സദാചാരങ്ങളിലെ അശാസ്ത്രീയത ❑ അടുത്തകുട്ടി എപ്പോൾ വേണം? ❑ 3 –4 വയസ്സിന്റെ അന്തരം അഭികാമ്യം ❑ ദമ്പതികളിൽ പ്രകടമായ മാറ്റം ❑ വാർദ്ധക്യത്തിലെത്തിയവരോടുള്ള കടപ്പാട് ❑ വൃദ്ധഭവനങ്ങൾ ആശാസ്യമോ?

### സാമൂഹ്യാചാരങ്ങളിലെ അശാസ്ത്രീയത

താൻ ഒരു കുഞ്ഞിന്റെ പിതാവായി എന്ന ബോധം ഉടനെ ചിലർ ഉൾക്കൊണ്ടു എന്നിരിക്കയില്ല. എന്നാൽ ആദ്യത്തെ കുഞ്ഞു വളർന്നു തുടങ്ങി, അടുത്ത കുഞ്ഞിന്റെ  വരവാകുമ്പോഴേക്കും ദാമ്പത്യത്തിന്റെ ശൈശവാവസ്ഥ കടന്നു കൗമാരത്തിലേക്കു പ്രവേശിക്കുന്നു എന്നു

പറയാം. നമ്മുടെ സാമൂഹ്യാചാരങ്ങളിൽ ചിലതിലെങ്കിലും ഒരു അശാസ്ത്രീയത കടന്നുകൂടിയിട്ടില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. അതായത് ആദ്യത്തെ കുട്ടിക്കു കിട്ടുന്ന ശ്രദ്ധയും പരിചരണവും അടുത്തതിന് ലഭിക്കാതെ പോകുന്നു. ചില ചടങ്ങുകൾ ആദ്യത്തെ കുട്ടിക്കുവേണ്ടി മാത്രം ഉള്ളതാണ്. ആദ്യത്തെ കുട്ടിയെക്കാണാൻ സന്ദർശകർ അനവധി, സമ്മാനങ്ങൾ നിരവധി. സാമ്പത്തികസ്ഥിതി അനുസരിച്ച് ചടങ്ങുകളുടെ വർണ്ണപ്പകിട്ട് ഏറിയും കുറഞ്ഞുമിരിക്കുമെന്നു മാത്രം. ആദ്യത്തെ കുട്ടിയുടെ മാമോദീസാ, പിറന്നാളാഘോഷങ്ങൾ തുടങ്ങിയവ എല്ലാം കെങ്കേമമായി നടത്തപ്പെടും. ആദ്യത്തെ കുട്ടിയുടെ വളർച്ചയുടെ ഓരോഘട്ടവും പ്രത്യേകം നിരീക്ഷിക്കപ്പെടുകയും ചെയ്യും. ഇതിൽ ഒന്നും അതിൽതന്നെ തെറ്റു പറയാനാവുകയില്ല. എന്നാൽ അടുത്ത ഒന്നോ രണ്ടോ കുട്ടികൾ കൂടി ഉണ്ടാവുമ്പോഴത്തെ അവസ്ഥയെക്കുറിച്ചു കൂടി ദമ്പതികൾ നേരത്തെ കരുതിയിരിക്കുകയും, അതിനുവേണ്ടി മാനസികമായി ഒരുങ്ങുകയും ചെയ്യണം.

### അടുത്ത കുട്ടി എപ്പോൾ വേണം

കൃത്യമായ മാർഗനിർദ്ദേശം തരാൻ ഇന്നത്തെ സാഹചര്യത്തിൽ ആർക്കും ഒക്കുകയില്ല. അഥവാ നിർദ്ദേശങ്ങൾ തന്നാൽ തന്നെ പാലിക്കപ്പെടുവാൻ ദമ്പതികൾക്കു തന്നെ നിയന്ത്രണാതീതമായ കാരണങ്ങളാൽ സാധിക്കുകയുമില്ല. ഗൾഫ് പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന അനേകരുടെയും ജീവിതാനുഭവങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. ജോലിക്കും, അവധിക്കുമൊക്കെ യാതൊരു ക്ലിപ്തതയുമില്ലാത്ത അവരുടെ ജീവിതാനുഭവങ്ങൾ ഒരു മനഃശാസ്ത്രജ്ഞന്റെയും മാർഗനിർദ്ദേശങ്ങളുടെ ചിട്ടകളിൽ ഒതുക്കിനിർത്താനാവുകയില്ല. ഗൾഫ് സംസ്ക്കാരം എന്നു തന്നെ പറയപ്പെടുന്ന ഒന്ന് ഇവിടെ രൂപപ്പെട്ടിട്ടുണ്ടല്ലോ. ഭാരതത്തിന്റെ, സാമ്പത്തിക സംവിധാനത്തിൽ ഒരുനാളും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ സ്വപ്നം കാണാനാവാത്ത അനേകായിരം സാധാരണക്കാർക്കും ദാരിദ്ര്യത്തിൽ കഴിഞ്ഞവർക്കും ഒരു ഉയിർത്തെഴുന്നേൽപ്പ് സാദ്ധ്യമായത് ഈ ഗൾഫ് പ്രയാണത്തിൽ നിന്നാണ്. അത് അതിന്റെ ഏറ്റവും നല്ല ഒരു വശമായി സ്ഥിതി ചെയ്യുമ്പോൾ, നമുക്ക് ചിരപരിചിതമായിരുന്ന കുടുംബസംവിധാനങ്ങളിൽ വലിയ ആഘാതമേൽപ്പിച്ചു എന്ന ദുഃഖകരമായ ഒരു മറുവശം കൂടിയുണ്ട്. വാർദ്ധകൃത്തിലെത്തിയ മാതാപിതാക്കളെ ശുശ്രൂഷിക്കാനാളില്ലാതെ വരുന്നതും, ദമ്പതികൾ തമ്മിൽ ദീർഘകാലം അകന്നു താമസിക്കേണ്ടിവരുന്നതും, കുഞ്ഞുങ്ങൾക്കു മാതാപിതാക്കളുടെ സാന്നിദ്ധ്യം നഷ്ടപ്പെടുന്നതുമെല്ലാം നമ്മുടെ ഈ പ്രത്യേക സാഹചര്യത്തിന്റെ അനിവാര്യമായ ദൂഷ്യഫലങ്ങളാണ്. അനാശാസ്യബന്ധങ്ങൾ വർദ്ധിക്കുന്നതിനും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിക്കൊണ്ടുള്ള യുവ

തലമുറയുടെ വഴിപിഴച്ച പോക്കിനുമൊക്കെയുള്ള ഒരു പ്രധാന കാരണം കുടുംബസംവിധാനത്തിൽ ക്രമാനുഗതമായിട്ടല്ലാതെയുണ്ടായ പെട്ടെന്നുണ്ടായ മാറ്റത്തിന്റെ ഫലങ്ങളാണ് എന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വിഷയങ്ങളെപ്പറ്റിയൊക്കെ ആധികാരികമായ പഠനങ്ങൾ നടത്തി ദമ്പതികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ സഭക്കു കഴിയേണ്ടതാണ്. കാലാനുസൃതമായ ഇത്തരം നിർദ്ദേശങ്ങൾ ആത്മീയതലങ്ങളിൽ നിന്നു ലഭിക്കാത്തതു മൂലം, പ്രത്യേകമായി മൂല്യപ്രതിബദ്ധതയൊന്നുമില്ലാത്ത സെക്കുലർ ലോകത്തിന്റെ നിഗമനങ്ങളോട് വിശ്വാസികൾ യോജിച്ചുപോവുകയാണ് പതിവ്. ആനുകാലികമായ ഇത്തരം കുടുംബപ്രശ്നങ്ങളോട് ക്രിസ്തീയ മൂല്യാധിഷ്ഠിതമായ പ്രതികരണം ഇനിയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള ഒരു പ്രതികരണം ഈ പാഠത്തിന്റെ ഒടുവിൽ ചേർത്തുകൊള്ളാം. അതേപ്പറ്റി വായനക്കാർക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്താനുള്ള സ്വാതന്ത്ര്യം ഇപ്പോഴേ വിട്ടുതന്നിരിക്കുന്നു.

### 3 – 4 വയസിന്റെ അന്തരം അഭികാമ്യം

അടുത്ത കുട്ടി എപ്പോൾ വേണമെന്നൊക്കെ നിശ്ചയിക്കുന്നത് ദമ്പതികളുടെ ചുറ്റുപാടുകളെക്കൂടി ആശ്രയിച്ചാണ് എന്നുള്ളത് മുകളിൽ പറഞ്ഞ വിശകലനത്തിനു ശേഷം പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. എങ്കിലും 3 – 4 വയസ്സ് ആദ്യ കുട്ടിക്കാകുമ്പോഴേക്കും അടുത്ത കുട്ടിയുണ്ടാവുന്നത് നന്നായിരിക്കുമെന്ന് പ്രായോഗിക ജീവിതാനുഭവങ്ങളും, മനഃശാസ്ത്രതത്വങ്ങളും പഠിപ്പിക്കുന്നു. കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ. മേൽനിശ്ചയിച്ച പ്രായപരിധി ദമ്പതികൾ കണക്കുകൂട്ടിയിരുന്നെങ്കിലും, അതു സാധിക്കാതെ അപ്രതീക്ഷിതമായി രണ്ടാം വർഷത്തിലും, മൂന്നാം വർഷത്തിലുമൊക്കെ അടുത്ത പ്രജ ഉരുവായി എന്നിരിക്കാം. അമിതമായ കുറ്റബോധമോ, നിരാശയോ, വിഷമമൊന്നും ഈ കാര്യത്തിൽ അപ്പോൾ ഉണ്ടാകരുത്. അടുത്തടുത്ത പ്രായത്തിൽ രണ്ടു കുഞ്ഞുങ്ങളെ വളർത്തുന്നതിന് അൽപ്പം ബുദ്ധിമുട്ടുകളേറും. അത് സന്തോഷത്തോടെ സഹിച്ചുകൊള്ളാം എന്ന ഒരു മാനസിക നിലവാരത്തിലേക്ക് ദമ്പതികൾ എത്തിച്ചേർന്നാൽ, വഹിക്കുന്ന ചുമടിന്റെ ഭാരം അൽപ്പമെങ്കിലും കുറവുള്ളതായി തോന്നും. നേരെ മറിച്ച്, ഇപ്പോൾ വേണ്ടായിരുന്നു എന്ന ചിന്തയോടെ, നാളെയേ അമിതമായ ഉത്ക്കണ്ഠയോടെ വീക്ഷിക്കുന്നവർ, തങ്ങൾക്കു തന്നെയും, ഗർഭസ്ഥശിശുക്കൾക്കും ദോഷമേ ചെയ്യാൻ ഇടയുള്ളൂ.

അഭികാമ്യമായിട്ടുള്ളത് 3 – 4 വയസ്സിലുള്ള അന്തരമാണെന്നു സൂചിപ്പിച്ചുവല്ലോ. മലമൂത്രവിസർജ്ജനം തുടങ്ങി പല കാര്യങ്ങളും തനിയെ ചെയ്യുവാൻ ഇതിനോടകം മൂത്തകുട്ടി പ്രാപ്തി നേടുന്നു. കുട്ടിയുടെ

ബന്ധങ്ങൾ മാതാപിതാക്കളിൽ നിന്നും വികസിച്ച് മറ്റു കുടുംബാംഗങ്ങളിലും, സമപ്രായക്കാരിലുമൊക്കെ എത്തിച്ചേരുന്നു. ആരും കൂട്ടില്ലെങ്കിലും, കളിപ്പാട്ടങ്ങളിലോ, മറ്റു സ്വന്തമായ കളികളിലോ ആനന്ദം കണ്ടെത്താൻ ഈ പ്രായക്കാർക്കു കഴിയുന്നു. അമ്മയും അപ്പനും കൂടാതെ തന്നെ ഉത്തരവാദപ്പെട്ട മറ്റുകുടുംബാംഗങ്ങളോടൊത്ത് പുറത്തു യാത്രചെയ്യുവാനുമൊക്കെ പരിശീലിപ്പിക്കുന്നത് നല്ലതാണ്. എന്തുകൊണ്ടെന്നാൽ മാതാപിതാക്കളുടെ പ്രത്യേകിച്ചു അമ്മയുടെ സാമീപ്യം എപ്പോഴും തനിക്ക് ആവശ്യമില്ലെന്ന അവസ്ഥയിലേക്ക് കുട്ടി എത്തിച്ചേർന്നാൽ അടുത്ത കുഞ്ഞിനു വേണ്ടി ആവശ്യമായ ശ്രദ്ധയും പരിചരണവും നീക്കിവെയ്ക്കുവാൻ അമ്മക്കു സാധിക്കും. ഈ നിലയിലേക്കെത്തിക്കുവാനുള്ള പരിശീലനം ആദ്യത്തെ കുഞ്ഞിന് ആദ്യം മുതൽ നൽകിയിരിക്കണം. എന്നിരുന്നാലും തനിക്കു കിട്ടേണ്ട സ്നേഹവും പരിചരണവും മറ്റൊരാൾ പിടിച്ചുപറ്റുന്നത് അത്രവേഗം അവർ അംഗീകരിച്ചു എന്നു വരികയില്ല. ആദ്യത്തെ കുട്ടിക്കു മാത്രമായി നടത്തപ്പെടുന്ന ചടങ്ങുകളുടെ പ്രസക്തി ഇവിടെയാണു നമുക്കു ബോധ്യമാവുന്നത്. ചടങ്ങുകൾ ഇല്ലാത്തതിനെപ്പറ്റി പരാതിപ്പെടുവാൻ അടുത്തുവരുന്നവർ തയ്യാറാകും എന്നതല്ല ഇതിലെ അപകടം. പിന്നെയോ മാതാപിതാക്കളുടെയും ബന്ധുജനങ്ങളുടെയും പ്രത്യേക പരിചരണങ്ങളിലും തനിക്കു മാത്രമായി പല സന്ദർഭങ്ങളിലും നൽകപ്പെട്ട വിലപ്പെട്ട സമ്മാനങ്ങളിലും, പിറന്നാൾ ആഘോഷങ്ങളിലുമൊക്കെ (മറ്റു പ്രായമായ കുടുംബാംഗങ്ങളുടെ പിറന്നാൾ ആഘോഷമായി അധികം പേരും കൊണ്ടാടാറില്ലല്ലോ) ഒരു പ്രത്യേകവിധത്തിൽ ആകർഷണീയമായി തോന്നിയ കുഞ്ഞ് കുടുംബത്തിൽ താനാണ് V.I.P. എന്ന ധാരണ സ്വയം സൃഷ്ടിച്ചെടുക്കുന്നു. കൊച്ചുകുഞ്ഞിനോട്, മാതാവും മറ്റെല്ലാവരും കാണിക്കുന്ന വാൽസല്യത്തിൽ വളരെ വേഗം അസംതൃപ്തിയും, അസഹിഷ്ണുതയും പ്രകടിപ്പിക്കുന്നത് കുഞ്ഞിന്റെ ഈ പ്രത്യേക മാനസികഭാവമാണ്. ഇത് മാറ്റിയെടുക്കാൻ മാതാപിതാക്കൾ, പ്രത്യേകിച്ച് അമ്മമാർ നേരത്തെ പരിശ്രമിക്കേണ്ടതാണ്. വീർത്ത വയറ്റിലെ, കുഞ്ഞിനെ ചൂണ്ടിക്കാണിച്ച് പിറക്കുമ്പോൾ ആ കുഞ്ഞിന് മോന്റെ/മോളുടെ പ്രത്യേകം സ്നേഹവാത്സല്യങ്ങൾ ആവശ്യമുണ്ടെന്ന് സംഭാഷണത്തിൽക്കൂടി ബോദ്ധ്യപ്പെടുത്തണം. താൻ കുഞ്ഞായിരുന്നപ്പോൾ കിട്ടിയ എല്ലാ സൗകര്യങ്ങളും കൊച്ചുകുഞ്ഞിനും കിട്ടേണ്ടതാണെന്ന് അറിയിച്ചിരിക്കണം. ഉദാഹരണത്തിന്, അമ്മയുടെ മുലപ്പാൽ കുടിക്കുന്ന കൊച്ചുകുഞ്ഞിനെ ദേഷ്യത്തോടെ തൊഴിക്കാനും ചവിട്ടാനും മൂത്തകുട്ടി മുതിർന്നു എന്നു വരാം. അത് തനിക്കു മാത്രം അവകാശപ്പെട്ടത് എന്നാണ് അവന്റെ ധാരണ. നേരെ മറിച്ച് കുഞ്ഞായിരുന്നപ്പോൾ മോൻ/മോൾ മുല കുടിച്ചതുപോലെ കൊച്ചുകുഞ്ഞിനും നൽകണം എന്നും അതിന്റെ ആവശ്യകതയുമൊക്കെ കുഞ്ഞുങ്ങൾക്കു മനസിലാവുന്ന ഭാഷയിൽ പറഞ്ഞുകൊടുക്കാനും അമ്മമാർ

മടിക്കരുത്. അതോടൊപ്പം, അടുത്ത കുട്ടി ആകുന്നതോടു കൂടി മോന്റെ/മോളുടെ സ്ഥാനം ഒന്നും കുറഞ്ഞുപോയിട്ടില്ല എന്നും, നേരെമറിച്ച് ചാച്ചൻ/ചേച്ചി എന്ന ഒരു പുതിയ സ്ഥാനം കൂടി ലഭ്യമായിരിക്കുന്നു എന്നും അറിയിക്കണം. കൊച്ചുകുഞ്ഞിന്റേതായ നിലയിൽ, സംഭാഷണത്തിൽ മൂത്തകുട്ടിയെ ചാച്ചൻ/ചേച്ചി എന്നൊക്കെ ചേർത്തുപറയുന്നതും അവർക്ക് സന്തോഷപ്രദമായിരിക്കും. അടുത്ത കുഞ്ഞ് ഒരു വിധത്തിലും തന്റെ എതിരാളിയല്ല എന്നു ബോദ്ധ്യമായാൽ അവരുടെ എല്ലാ സംരക്ഷണവും കൂടി താൻ ഏറ്റുകൊള്ളാം എന്നു പറയുന്ന അവസ്ഥയിലേക്ക് അവർ എത്തിച്ചേർന്നുകൊള്ളും. സാമാന്യബുദ്ധിയോടു കൂടി കാര്യങ്ങൾ തൻമയത്വമായി കൈകാര്യം ചെയ്യാൻ പരിശീലിച്ച ദമ്പതികൾക്ക് ഇതും വലിയ പ്രശ്നകാരണമാവുകയില്ല. കൊച്ചുകുഞ്ഞിനു ലഭിക്കാത്ത അവസരങ്ങൾ മൂത്ത കുഞ്ഞിനു നൽകുവാൻ പിതാക്കന്മാർ പ്രത്യേകം തയ്യാറായാൽ അതും അവരുടെ മാനസികനില ശരിപ്പെടുത്തുവാൻ സഹായിക്കും. പള്ളിയാരാധനയ്ക്കും, പെരുന്നാളിനും, പ്രസംഗത്തിനും കൊണ്ടുപോകുന്നതും ബന്ധുവീടു സന്ദർശനവും, ആവുമെങ്കിൽ ചില ഒഴിവുകാല സന്ദർശന പരിപാടികളുമൊക്കെ വീട്ടിലെ പ്രധാനി ഇപ്പോഴും ഞാൻ തന്നെയാണ് എന്ന ചിന്ത ഉറപ്പാക്കുവാൻ അവരെ സഹായിക്കും. പുതിയ സാഹചര്യങ്ങളെ നേരിടുവാൻ അവർക്കു വലിയ ബുദ്ധിമുട്ടുണ്ടാവുകയില്ല.

## ദമ്പതികളിൽ പ്രകടമായ മാറ്റം

“എനിക്കു പ്രാരാബ്ധമായി, കുഞ്ഞുങ്ങൾ രണ്ടായി. ഇനി എന്റെ കാര്യങ്ങൾ ഞാൻ നോക്കേണ്ടതല്ലേ?” മാതാപിതാക്കളോടൊപ്പം താമസിക്കുവാൻ നിർബന്ധിതനായ മകൻ (ഇപ്പോൾ രണ്ടു കുഞ്ഞുങ്ങളുടെ പിതാവ്) ചോദിച്ചു തുടങ്ങുന്ന ചോദ്യമാണ് ഇത്. കുഞ്ഞുങ്ങൾ രണ്ടാവുന്നതിനു മുമ്പ് ഇത് ചോദിക്കുന്നവരും ഉണ്ടാകാം. ആദ്യപ്രസവം കഴിയുമ്പോൾ തന്നെ മിക്ക ഭാര്യമാരും ഈ കാര്യം ഭർത്താവിനെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കും. ആദ്യം അത്ര ഗൗരവമായി കണക്കാക്കാത്ത ഭർത്താവും, രണ്ടാമത്തെ കുഞ്ഞു കൂടി ആയിക്കഴിയുമ്പോൾ ഈ ബോധോദയം എവിടെനിന്നോ ഉൾക്കൊള്ളുന്നു. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്ന പ്രക്രിയയിൽ വീടുമാറ്റമൊക്കെ സമാധാനമായി ചിലയിടങ്ങളിൽ നടന്നു എന്നു വരാം. മറ്റു ചിലപ്പോൾ കുടുംബാംഗങ്ങളുമായി ഇടർച്ചയ്ക്കും ഇതു ഹേതുവായിത്തീരാം. വളരെ നിർഭാഗ്യകരമായ അവസ്ഥയിലേക്ക് വാർദ്ധക്യത്തിലായ മാതാപിതാക്കളെ ഏകരായി തള്ളിവിടുന്ന സ്ഥിതിവിശേഷവും ഇതിന്റെ പരിണിതഫലമായിട്ടുണ്ടാവാം. എല്ലാ കുടുംബങ്ങളിലും ഒരേ രീതിയിലായിരിക്കയില്ല ഇതിന്റെ ആവിർഭാവവും പര്യവസാനവും.

## വാർദ്ധകൃത്തിലെത്തിയ മാതാപിതാക്കളോടുള്ള കടപ്പാട്

ആനുകാലികപ്രശ്നങ്ങളോടു ക്രിസ്തീയ മൂല്യത്തിലധിഷ്ഠിതമായ പ്രതികരണങ്ങൾ രൂപപ്പെടുത്തണം എന്ന് മുമ്പ് രേഖപ്പെടുത്തിയപ്പോൾ, അതിൽ ഉൾപ്പെടുത്തണമെന്ന് മനസ്സിൽ നിരൂപിച്ച ഒരു വിഷയമാണ് ഇത്. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളോടുള്ള മനോഭാവത്തിൽ ഇന്ന് പ്രകടമായ ഒരു മാറ്റം ദർശിക്കാനുണ്ട്. ഈ മാറ്റം ക്രിസ്തീയ മൂല്യങ്ങൾക്കനുസരിച്ചാണോ എന്ന് സ്വയം പരിശോധന നടത്തേണ്ടിയിരിക്കുന്നു. രോഗത്തിലും, ശാരീരിക ബലഹീനതയിലും, മറ്റെല്ലാ മാനസിക വിഷമതകളിലും കഴിയുന്ന വാർദ്ധക്യത്തിലെത്തിയവരുടെ ആവശ്യങ്ങൾ ഇന്ന് ഒട്ടും പരിഗണനാർഹമല്ല. ഈ അവഗണനക്ക് ന്യായീകരണം കണ്ടെത്തുന്നതോ, ഭാര്യയുടെ ജോലി, പട്ടണങ്ങളിലെ ഷോപ്പിംഗ് സൗകര്യം, കുട്ടികളുടെ പഠനസൗകര്യം തുടങ്ങിയ മുടന്തൻ ന്യായങ്ങളിലാണ്. ഇന്നത്തെ സമൂഹം ഈ യൗവനക്കാരുടെ മുടന്തൻന്യായങ്ങൾക്ക് അംഗീകാരം നൽകുന്നു എന്നതാണ് ഏറെ പരിതാപകരം. ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം എന്നീ പ്രാഥമികാവശ്യങ്ങൾ ഒരുവന്റെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്. അതിനുവേണ്ടിയുള്ള പോരാട്ടത്തിൽ, വാർദ്ധക്യത്തിലെത്തിയവരെ മറന്നുപോകുന്നെങ്കിൽ എന്തെങ്കിലും ന്യായീകരണം കണ്ടെത്താമായിരുന്നു. പ്രാഥമികാവശ്യങ്ങളല്ല, ജീവിതത്തിന്റെ ആഡംബരങ്ങളും, സുഖഭോഗങ്ങളും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾക്കിടയിലാണ് ഇന്നുള്ള ബഹുഭൂരിപക്ഷം വാർദ്ധക്യത്തിലെത്തിയവർ അവഗണിക്കപ്പെട്ടിരിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. ബലമുള്ളതു നിലനിൽക്കട്ടെ എന്ന പ്രമാണം ('Survival of the Fittest') കാടിന്റേതല്ലാതെ, പരിഷ്കൃതമെന്ന് അഭിമാനിക്കുന്ന ഒരു സംസ്ക്കാരത്തിനു ചേർന്നതാണോ? കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഈ മൂല്യച്യുതിക്കെതിരെ പോരാടുവാൻ സഭക്കും, വിശ്വാസികൾക്കും ബാദ്ധ്യതയുണ്ട്. ഈ മൂല്യച്യുതിയുടെ ആഴം ഈയിടെ ഒരു കുടുംബപ്രശ്നം കൈകാര്യം ചെയ്തപ്പോൾ ഒന്നു കൂടി ബോദ്ധ്യമായി. ഹൃദ്രോഗിയായ ഭർത്താവ്; വീട്ടിലുള്ള മകൻ ചെറിയ ഒരു ഉപജീവനമാർഗവുമായി കഴിയുന്നു. ഭാര്യക്ക് ദൂരെയുള്ള ആശുപത്രിയിൽ ഉടനെ ഒരു ഓപ്പറേഷനു പോകണം. ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. മറ്റേക്കണ്ണിനും, ഉടനെ ഓപ്പറേഷൻ നടത്തിയില്ലെങ്കിൽ കാഴ്ച നഷ്ടപ്പെടുമെന്നുള്ള സ്ഥിതിയിലായി. ഓപ്പറേഷന് കൂടെപ്പോകാൻ ആരുമില്ല. അമ്മയുടെ കാര്യമല്ലേ, കെട്ടിച്ചുവിട്ടതെങ്കിലും മകൾ സഹായത്തിനെത്തുമെന്ന് ആശയോടെ പ്രതീക്ഷിച്ചു. പക്ഷെ ഫലം നിരാശാജനകമായിരുന്നു. നേരംവെളുക്കുമ്പോൾ 3 വയസ്സുള്ള കുഞ്ഞിനെ എൽ. കെ. ജി. യിൽ വിടേണ്ടതുകൊണ്ട് വരാൻ നിവൃത്തിയില്ല എന്നായിരുന്നു മറുപടി. ഹൃദ്രോഗിയായ ഭർത്താവ്, കൂടെപ്പോകുവാൻ

തയ്യാറായെങ്കിലും ഭാഗ്യവശാൽ ദൂരെയുള്ള ഒരു മകൻ ഉടനെ എത്തിച്ചേർന്നതുകൊണ്ട് ആ കുടുംബം തൽക്കാല പ്രതിസന്ധിയിൽ നിന്ന് രക്ഷപെട്ടു. വാർദ്ധക്യത്തിലെത്തിയവർ ജീവശ്വാസത്തിനു പിടയുമ്പോൾ കുഞ്ഞിനെ എൽ. കെ. ജി. യിൽ വിടേണ്ടതുകൊണ്ട് അവരെ പരിചരിക്കുവാൻ നേരമില്ല എന്ന നില വന്നാൽ, ആ കുടുംബത്തിന് എന്താണ് ക്രിസ്തീയനിലവാരം? ഒരു കുടുംബത്തിന്റെ ആത്മീകനിലവാരം, ആ വീട്ടിലെ വാർദ്ധക്യത്തിലെത്തിയവരോടും, വേലക്കാരോടും, മറ്റു കുടുംബാംഗങ്ങൾ എങ്ങനെ പെരുമാറുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത് എന്നുള്ളത് ഒരു സത്യം തന്നെ.

### വൃദ്ധഭവനങ്ങൾ ആശാസ്യമോ?

വാർദ്ധക്യത്തിലെത്തിയവർ അവഗണിക്കപ്പെടുന്നതിന് ഉടനെ ഒരു പരിഹാരം കണ്ടെത്തിയിരിക്കുന്നു. പാശ്ചാത്യരുടേതുപോലെ നമ്മുടെ നാട്ടിലും വൃദ്ധഭവനങ്ങൾ ആരംഭിക്കുകയല്ല വേണ്ടത്. അനാഥരേയും, വിധവമാരേയും സംരക്ഷിക്കുന്നതിനല്ലല്ലോ ഈ വൃദ്ധഭവനങ്ങൾ. 'വീടിനേക്കാൾ വലിയ പടിപ്പുര' എന്നു പറഞ്ഞതുപോലെ തങ്ങളുടെ കുഞ്ഞുങ്ങൾ തങ്ങളേക്കാളും പഠിപ്പിലും, ഉദ്യോഗനിലവാരത്തിലും സമ്പത്തിലുമൊക്കെ വളരെ വലുതായപ്പോൾ മാതാപിതാക്കൾക്കു നൽകുന്ന പ്രത്യുപകാരമാണ് എയർകണ്ടീഷൻഡ് വൃദ്ധഭവനങ്ങളിലെ താമസം. അന്ധമായ പാശ്ചാത്യാനുകരണമല്ലാതെ അതിന്റെ പിന്നിൽ യാതൊരു ക്രിസ്തീയമൂല്യവും കണ്ടെത്താൻ കഴിയുന്നില്ല. പാശ്ചാത്യദേശങ്ങളിലെ തന്നെ രാജകുടുംബങ്ങളിലെയോ, പ്രഭുകുടുംബങ്ങളിലെയോ കുലീന കുടുംബങ്ങളിലെയോ, ആത്മീകനിലവാരം പുലർത്തുന്ന കുടുംബങ്ങളിലെയോ ആരെയും തന്നെ വൃദ്ധമന്ദിരങ്ങളിൽ കൊണ്ട് പാർപ്പിക്കാറില്ല. പാശ്ചാത്യരുടെ സാംസ്കാരിക നിലവാരം നിശ്ചയിക്കുന്നതിന്റെ അളവുകോലായി എടുത്തിട്ടുള്ളത് ഈ പറഞ്ഞ വിഭാഗങ്ങളുടെ മര്യാദകളെ ആസ്പദമാക്കിയാണ്. അല്ലാതെ തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന എപ്പിക്കൂറിയൻ സിദ്ധാന്തം ജീവിതവ്യതമാക്കിയവരുടെ ശൈലികളാണോ ഒരു ക്രിസ്തീയസമൂഹം അനുകരിക്കേണ്ടത്? വ്യക്തിയുടെ സ്വാതന്ത്ര്യം പരമപ്രധാനമായ നന്മയായി കാണുന്ന പാശ്ചാത്യ മുതലാളിത്ത വ്യവസ്ഥിതി ജന്മം നൽകിയ സമൂഹത്തിൽ, വ്യക്തിയുടെ താൽക്കാലികമായ ഉൽക്കർഷത്തിനുവേണ്ടി എല്ലാ ബന്ധങ്ങളേയും, അത് എത്രമാത്രം പവിത്രമായിരുന്നാലും തട്ടിമാറ്റുന്നതിൽ തെറ്റില്ല (ഗർഭഛിദ്രം, സ്വവർഗ്ഗഭോഗം, സ്വവർഗ്ഗവിവാഹം, മക്കളില്ലാവിവാഹം എന്നീ ഘട്ടങ്ങളും പിന്നിട്ട് പങ്കാളിയേ ഇനി വേണ്ട അതിനു പകരം യാന്ത്രികമായി ചലിക്കുന്ന പാവകളൊക്കെ മതി കൂട്ടിന് എന്ന നിലവാരത്തിൽ വരെ എത്തിയിരിക്കുന്നു). ഈ മൂല്യമാണ് വൃദ്ധഭവനങ്ങളുടെ സ്ഥാപനത്തിന്റെ പിന്നിലുള്ളത് എന്നറിയുമ്പോൾ, ക്രിസ്തീയ

വിശ്വാസികൾക്ക് എങ്ങനെ അതിനോട് യോജിക്കാനാവും? തങ്ങൾക്കുള്ള സുഖസൗകര്യങ്ങളും, പച്ചപ്പുൽപ്പുറങ്ങളിലെ വാസവും അല്പസ്വല്പം നഷ്ടപ്പെടുത്തുന്നതിലുള്ള വൈഷമ്യമല്ലേ, ഈ വൃദ്ധമാതാപിതാക്കളെ, വൃദ്ധഭവനങ്ങളിൽ എത്തിക്കാനുള്ള ആവേശത്തിന്റെ പിന്നിലുള്ളത്? അതോ അവർക്കു സന്തോഷമുണ്ടാക്കുവാൻ അവർ ആവശ്യപ്പെട്ടു ചെയ്യുന്നതോ? “നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക” (പുറ: 20:12). ഈ കല്പനക്ക് യാതൊരൊഴിവും ആരും വരുത്തിയിട്ടില്ല. ‘മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ. അതു ന്യായമല്ലോ” (എഫേ: 6:1) എന്ന് പൗലോസ് ശ്ലീഹായും അരുളിച്ചെയ്യുന്നു. നമ്മുടെ കർത്താവു തന്നെ ക്രൂശിന്റെ ചുവട്ടിൽ തന്റെ മാതാവിനെ, വി. യോഹന്നാനെ ഏല്പിക്കുന്നതു കാണുന്നു. ഒരു വിശ്വാസിക്ക് തന്റെ മാതാപിതാക്കളെ എങ്ങനെ വൃദ്ധഭവനങ്ങളിൽ അയയ്ക്കാൻ മനസ്സുവരും? ഏറെയായാൽ എൺപതു സംവൽസരമായേക്കാവുന്ന ഈ താൽക്കാലിക ജീവിതത്തിലെ പേരിനും പ്രശസ്തിക്കും സമ്പത്തിനും വേണ്ടി, വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ ബലിയാടുകളാക്കുന്നത് ഒട്ടും ശരിയല്ല എന്നു തന്നെയാണ് ഇവിടുത്തെ പക്ഷം. ഉന്നതമായ മൂല്യങ്ങൾക്കുവേണ്ടി കുറച്ചു കഷ്ടനഷ്ടങ്ങൾ സഹിക്കുക എന്നല്ലാതെ വേറെ എളുപ്പമാർഗമൊന്നുമില്ല. വൃദ്ധഭവനങ്ങൾ ഈ പ്രശ്നത്തിനൊരു പരിഹാരമല്ല. കുടുംബബന്ധങ്ങൾ വളരെ സജീവമായിരിക്കുന്ന നമ്മുടെ സാമൂഹ്യ പശ്ചാത്തലത്തിൽ (കുടുംബയോഗങ്ങൾ ധാരാളമായി ഇന്നു നടക്കുന്നുണ്ടല്ലോ. അവ പൊങ്ങച്ചം പ്രകടിപ്പിക്കാനുള്ള വേദികളാകരുത്). കുടുംബയോഗങ്ങൾ ഈ മാതിരി പ്രശ്നങ്ങൾ കൈകാര്യം ചെയ്യണം. വളരെ ന്യായമായ കാരണങ്ങളാൽ മാതാപിതാക്കളെ മക്കൾക്ക് ശുശ്രൂഷിക്കുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ, കഴിവും മനസ്സുമുള്ള ഉറ്റബന്ധുക്കൾ മുന്നോട്ടു വരണം. വൃദ്ധഭവനങ്ങളിലേക്കു നീങ്ങുന്നതിനു മുമ്പ് നമ്മുടെ സാഹചര്യത്തിൽ ചെയ്യാവുന്ന ഒരു ക്രമീകരണമാണ് ഇത്. ഇതൊക്കെ സാധിക്കണമെങ്കിൽ ക്രിസ്തീയ വിശ്വാസത്തിന് സ്വന്തജീവിതത്തിലും കുടുംബജീവിതത്തിലും ഒരു സ്വാധീനമുണ്ടായിരിക്കണം. തങ്ങളുടെ സ്വത്തുക്കൾ, സ്വന്തക്കാരേക്കാൾ അന്യരു കൈകാര്യം ചെയ്താൽ മതി എന്ന സ്വാർത്ഥത മുമ്പിൽ നിൽക്കുമ്പോൾ, കുടുംബയോഗത്തെ ഒന്നും ഈ ചുമതല ഏൽപ്പിക്കുവാൻ സാദ്ധ്യമായിവരികയില്ല. വൃദ്ധഭവനങ്ങൾ തന്നെ ഇവിടെ ഉണ്ടായിവരും. പക്ഷേ അതിനെ ക്രിസ്തീയമെന്ന് വിശേഷിപ്പിക്കുന്നതിൽ വളരെ അപാകതയുണ്ട്.

### ചോദ്യങ്ങൾ

1. രണ്ടാമത്തെ കുട്ടിയെ സ്വീകരിക്കത്തക്കവിധം ആദ്യകുട്ടിയെ എങ്ങ

നെയെല്ലാം മാനസികമായി ഒരുക്കണം?

2. വാർദ്ധക്യത്തിലെത്തിയവരോടുള്ള കടപ്പാടുകൾ നിർവഹിക്കുന്നതിലെ ക്രിസ്തീയമൂല്യം കണ്ടെത്തുക?

3. "വാർദ്ധക്യത്തിലെത്തിയവർ അവഗണിക്കപ്പെടാതിരിപ്പാൻ വൃദ്ധഭവനങ്ങൾ സ്ഥാപിച്ചാൽ മതി" എന്നുള്ള ചിന്താഗതിയോട് നിങ്ങളുടെ പ്രതികരണം എന്താണ്? ഈ വിഷയത്തെപ്പറ്റി കൂട്ടായി ചർച്ച ചെയ്തു തീരുമാനിക്കുക?

# യൂണിറ്റ് 4

# കുടുംബത്തിന്റെ ക്രിസ്തീയവൽക്കരണം

## പാഠം 1

## സൗഭാഗ്യ ദാമ്പത്യത്തിനു വേണ്ടിയ വിലപ്പെട്ട ഉപാധികൾ

❑ ആശയവിനിമയത്തിലെ വിടവുകൾ ❑ പങ്കിടുന്ന പ്രതീക്ഷകളും ആഗ്രഹങ്ങളും ❑ കുടുംബബന്ധങ്ങളിലെ വൈരുദ്ധ്യങ്ങൾ ❑ ഭിന്ന അഭിരുചികൾ ❑ ക്രിസ്തീയ കാര്യവിചാരകത്വബോധം ❑ പ്രായം വരുത്തുന്ന അനിവാര്യമായ മാറ്റങ്ങളെക്കുറിച്ചുള്ള അറിവ്

ദാമ്പത്യജീവിതത്തിലെ ആദ്യകാല സംഘർഷങ്ങളെക്കുറിച്ച് അല്പം ദീർഘമായ പ്രതിപാദനം നേരത്തെ നൽകുവാൻ കഴിഞ്ഞു. അതുപോലെ ഓരോ ഘട്ടത്തിലെയും പ്രശ്നങ്ങളെപ്പറ്റി പ്രത്യേകം പരാമർശിക്കുവാൻ വിസ്താരഭീതി അനുവദിക്കുന്നില്ല. എന്നാൽ എല്ലാ ഘട്ടത്തിലും പൊതുവായി ഉണ്ടാകാവുന്ന പ്രശ്നഹേതുക്കളെക്കുറിച്ച് ചുരുക്കമായ പ്രതിപാദനം ദമ്പതികൾക്കു സ്വയം മനസ്സിലാക്കാനുപകരിക്കുന്നവയാകയാൽ അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

### 1. ആശയവിനിമയത്തിലെ വിടവുകൾ (Communication Gap)

എല്ലാ വ്യക്തിബന്ധങ്ങളിലും ഉലച്ചിൽ തട്ടാവുന്ന ഒന്നാണ് ആശയവിനിമയത്തിലെ വിടവുകൾ. ദാമ്പത്യജീവിതത്തിലുടനീളം ഇതിന്റെ അതിപ്രസരം ഉണ്ടായി എന്നിരിക്കാം. എന്നാൽ അതേപ്പറ്റി മനസ്സിലാക്കി കഴിഞ്ഞാൽ ഈ അപാകത ഒഴിവാക്കുന്നതിന് ഒട്ടും തന്നെ ബുദ്ധിമുട്ടുണ്ടായിരിക്കുകയില്ല. ആശയവിനിമയത്തിലെ വിടവ് എന്നാൽ എന്താണ്? നമ്മുടെ മനസ്സിലിരുപ്പ് നാം വെളിപ്പെടുത്താതെ തന്നെ നമ്മുടെ സ്നേഹിതരോ, പങ്കാളിയോ അറിഞ്ഞിരിക്കണം അല്ലെങ്കിൽ അറിയുന്നുണ്ട് എന്ന് തെറ്റായി ധരിച്ച് ഇടപെടുമ്പോൾ ഉണ്ടാകുന്ന കുഴപ്പങ്ങളെയാണ് കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് എന്നു പറയുന്നത്. വിദൂരബന്ധം ഉള്ളവർ തമ്മിൽ ഇതത്രയും അനുഭവപ്പെട്ടിരിക്കയില്ല. കാരണം അപരന്റെ വികാരവിചാരങ്ങളെ ഉൾക്കൊള്ളുവാൻ അവർ ബാദ്ധ്യസ്ഥരല്ലല്ലോ. അടുത്തവർ തമ്മിലാണ് ഈ പിശക് സംഭവിക്കുവാൻ കൂടുതൽ സാദ്ധ്യത. വൈകിട്ട് ഒരുമിച്ച് സിനിമക്കു പോകാമെന്ന് നേരത്തെ വാക്കു കൊടുത്ത ഭർത്താവ്,

വാക്കു പാലിക്കാനായി ചെറിയ കള്ളം പറഞ്ഞ് ഓഫീസിൽ നിന്നു സ്കൂട്ട റിൽ വീട്ടിലേക്കു യാത്രയാവുന്നു. നിർഭാഗ്യമെന്നു പറയട്ടെ, പതിവില്ലാതെ അന്ന് സ്കൂട്ടർ കേടാവുന്നു. നന്നാക്കിയെടുക്കുന്ന ബുദ്ധിമുട്ടും സമയം അതിക്രമിക്കുന്നതുമൊക്കെ കാരണം ഭർത്താവിന്റെ സമനില തെറ്റി. താൻ കള്ളം പറഞ്ഞതിന്റെ ശിക്ഷയായിരിക്കാം ഈ പതിവില്ലാത്ത തകരാറിന്റെ കാരണം എന്ന് ചിന്തിക്കുന്ന ഭർത്താവ് വിഷാദമൂകനാകുന്നു. ഭർത്താവിന് സംഭവിച്ച കാര്യത്തെപ്പറ്റി വീട്ടിൽ അറിയാതിരിക്കുന്ന ഭാര്യ, ഭർത്താവിനെ കാത്തുകാത്തിരുന്ന് അക്ഷമയാകുന്നു. ഒടുവിൽ വൈകിയെത്തിയ ഭർത്താ വിനോട് അതിന്റെ കാര്യം അന്വേഷിക്കാനുള്ള സമചിത്തത ഭാര്യയോ, തന്നെ കാത്തിരുന്ന ഭാര്യയോട്, താമസിച്ചുപോയതിന്റെ കാരണം ചോദി ക്കാതെ പറയാനുള്ള ഔചിത്യം ഭർത്താവോ കാണിക്കാൻ സാധിക്കാതെ ഇരുവരും പരസ്പരം വിദ്വേഷഭാവം പ്രകടിപ്പിക്കുന്നു. അനന്തരഫലമോ ആശയവിനിമയം ഒട്ടും നടക്കാതെ ഭാര്യ അടുക്കളജോലിയിലേക്കും, ഭർത്താവ് പത്രപാരായണത്തിലേക്കും; അങ്ങനെ അവരവരുടെ ലോകത്തി ലേക്കു തിരിയുന്നു. ഈ പ്രക്രിയ കൂടെക്കൂടെ ആവർത്തിക്കാൻ ഇടയാ യാൽ പരസ്പരം തെറ്റിദ്ധാരണയും സംശയവും മുൻവിധിയും എല്ലാം വർദ്ധിച്ച് ബന്ധങ്ങൾ വളരെ വിഷമമായിത്തീരാൻ സാദ്ധ്യതയുണ്ട്. എന്തു കൊണ്ട് എന്റെ പ്രശ്നങ്ങൾ കൂടെയുള്ളവർ മനസ്സിലാക്കുന്നില്ല എന്ന താണ് ഓരോരുത്തരും പരസ്പരം ചോദിക്കുന്നത്. മനസ്സിലിരുപ്പ് എന്തു കൊണ്ട് തുറന്നു പറഞ്ഞുകൂടാ എന്നുള്ളതാണ് അതിന്റെ മറുപടി. നമ്മുടെ വികാരവിചാരങ്ങൾ മറ്റുള്ളവർ താനെ മനസ്സിലാക്കിക്കൊള്ളുമെന്നു വിചാ രിച്ചാൽ, നാം മനസ്സിൽ വിചാരിക്കുന്നതല്ല അവർ ധരിക്കുന്നത് എന്നതാണ് അതിന്റെ പരിണിത ദൂഷ്യഫലം. മുകളിൽ പറഞ്ഞ സംഭവത്തിൽ, ഭർത്താവ് താമസിച്ചുവന്നതിനെക്കുറിച്ച് ഭാര്യയുടെ മനോധർമ്മത്തിൽ നിന്നും വിര ചിച്ച് എടുക്കുന്നത് യാഥാർത്ഥ്യവുമായി പുലബന്ധം കാണാത്ത കാരണ മായിരിക്കും. ഓഫീസിൽ നിന്നും വന്ന വഴി ബന്ധുക്കളെ സന്ദർശി ച്ചെന്നോ, കൂട്ടുകാരുമായി ചീട്ടുകളിച്ചിരുന്നു എന്നോ ബാറിൽ കയറിയെ ന്നുമൊക്കെ പലതും ചിന്തിച്ചിരിക്കാം. ഈ ചിന്തകൾ കൂടുതൽ ദൂഷ്യ ഫലം വിളിച്ചുവരുത്തുകയേ ഉള്ളൂ. ഉള്ള സംഗതികൾ സത്യസന്ധമായി പരസ്പരം തുറന്നുപറയുവാൻ ദമ്പതികൾ തയ്യാറായാൽ അനേകം പ്രശ്ന ങ്ങൾ താനെ പരിഹൃതമായിക്കൊള്ളും. ദമ്പതികൾ, അന്യോന്യം കാര്യ ങ്ങൾ തുറന്നു ചർച്ച ചെയ്യാൻ എത്ര സമയം എടുക്കുന്നു എന്നുള്ളത് അവരുടെ അടുപ്പത്തെ കണക്കാക്കുന്ന ഒരു അളവുകോലാണ്.

### 2. പ്രതീക്ഷകളും ആഗ്രഹങ്ങളും കൂടി പങ്കിട്ടിരിക്കണം

മുൻപറഞ്ഞ കാര്യത്തോടു ചേർന്നുവരുന്നതാണ് ഇത്; അൽപ വ്യത്യാസം മാത്രം. സംഭവിച്ചുകഴിഞ്ഞ കാര്യത്തെപ്പറ്റിയുള്ള തുറന്ന

പങ്കിടീലാണ് മുൻ അനുഭവത്തിൽ ചൂണ്ടിക്കാട്ടിയത് എങ്കിൽ, ഇനി വരാനുള്ള കാര്യങ്ങളെക്കുറിച്ച് മുൻകൂട്ടിക്കണ്ട് ആശയാഭിലാഷങ്ങൾ അന്യോന്യം പ്രകടിപ്പിക്കുന്നതും നല്ലതായിരിക്കും. ഭാര്യയുടെ പിറന്നാൾ സമ്മാനത്തിന് നല്ല ഒരു സാരി വാങ്ങിത്തരാമെന്ന് ഭർത്താവ് അറിയിക്കുന്നു. തന്നെക്കുറിച്ച് ഭർത്താവിന് കരുതലുള്ളതിൽ ഭാര്യ അതീവ സന്തുഷ്ടയാവുന്നു. തനിക്ക് ഏറ്റം മതിപ്പായി തോന്നിയ സാമാന്യം വില പിടിപ്പുള്ള സാരിയുമായി വൈകിട്ട് ഭർത്താവ് എത്തിച്ചേരുന്നു. വിടർന്ന പുഞ്ചിരി ആഹ്ലാദമായി മാറുന്നതു കാണാൻ ഭാര്യയുടെ മുഖത്തേക്കു നോക്കിയ ഭർത്താവിന് മറിച്ചുള്ള വിഷാദഭാവമാണ് ദർശിക്കാൻ കഴിഞ്ഞത്. നേരത്തെ പറയേണ്ടിയിരുന്ന കാര്യം ഇപ്പോൾ ഭാര്യ പുറത്തുവിട്ടപ്പോൾ മ്ലാനതയുടെ കാര്യം ഭർത്താവിന് പിടികിട്ടി. അതായത് ഭാര്യക്ക് ഏറ്റവും ഇഷ്ടപ്പെട്ട കളർ 'മെറൂൺ' ആയിരുന്നു. ഭർത്താവ് കൊണ്ടുവന്നതാകട്ടെ തനിക്ക് ഒട്ടും മതിപ്പില്ലാത്ത പച്ച. മനസിലിരുന്ന കാര്യം തക്കസമയത്തു പറയാഞ്ഞതു മൂലം വെറുതെ ഒരു ആഹ്ലാദ മുഹൂർത്തം വിരസമാക്കിക്കളഞ്ഞു. നാം നിസാരമെന്നു വിചാരിക്കുന്ന ചില കാര്യങ്ങൾ മറ്റുള്ളവർക്ക് വളരെ വിലപ്പെട്ടതായിരിക്കും. അതിനാൽ ഉള്ളിലെ ആഗ്രഹങ്ങളും പ്രതീക്ഷകളും അന്യോന്യം തുറന്നു പറയുന്നതിൽ ഒട്ടും മടി വിചാരിക്കരുത്. അടുക്കളയിലെ ഭക്ഷണവിഭവങ്ങൾ തയാറാക്കുന്ന ചെറിയ കാര്യം മുതൽ, മക്കളുടെ ഭാവികാര്യങ്ങൾ ഉറപ്പിക്കുന്നതു വരെയുള്ള എല്ലാക്കാര്യങ്ങളിലും തങ്ങളുടെ ഉള്ളിലെ പ്രതീക്ഷകൾ തുറന്നു പങ്കിടണം. പ്രതീക്ഷകൾ എല്ലാ അർത്ഥത്തിലും സാഫല്യമടയുവാൻ സാധിച്ചു എന്നിരിക്കയില്ല. എന്നാൽ ദമ്പതികൾക്ക് അന്യോന്യം ഏറ്റം അടുത്തു മനസിലാക്കുവാൻ ഈ പങ്കിടൽ ഉപകരിക്കുന്നതാണ്.

### 3. കുടുംബ ബന്ധങ്ങളിലെ വൈരുദ്ധ്യങ്ങൾ

ചില കുടുംബങ്ങളിൽ, ഭാര്യാഭർത്താക്കന്മാരുടെ ഉദ്യോഗ വിദ്യാഭ്യാസ നിലവാരവും സ്വഭാവശൈലിയുമൊക്കെ ഒരുമിച്ചു ചേർന്നുപോകുവാൻ വളരെ അനുയോജ്യമായ ഒന്നായിരിക്കും. എന്നാൽ ഭർത്താവിന്, തന്റെ വീട്ടുകാരെ എന്ന പോലെ ഭാര്യവീട്ടുകാരെ സ്നേഹിക്കുവാൻ കഴിയുന്നില്ല. അതുപോലെ ഭാര്യക്കും. ചെറിയ കുടുംബങ്ങളായി (Nuclear Family) പട്ടണങ്ങളിൽ ചേക്കേറി താമസിക്കുന്നവർക്കും വിശാലമായ കുടുംബത്തിൽ നിന്ന് ഒറ്റപ്പെട്ട് കഴിയുന്നവർക്കും ഇതൊരു പ്രശ്നമായിരിക്കയില്ല. എന്നാലും മറുനാട്ടിൽ താമസിക്കുന്ന ഭർത്താവ് സ്വന്തം വീട്ടിലേക്കു ക്രിസ്മസ് സന്ദേശം അയക്കുമ്പോൾ ഒരു ചെക്കു കൂടി അയക്കുവാൻ മറക്കാറില്ല. ഭാര്യാ വീട്ടുകാർക്ക് ക്രിസ്തുമസ് സന്ദേശം മാത്രം. വഴക്കുണ്ടാകേണ്ട എന്നു കരുതി ഭാര്യ മൗനം ഭജിച്ചാലും ഉള്ളിൽ ലാവ തിളച്ചുമറിയാതിരിക്കില്ല. മറ്റേതെങ്കിലും സന്ദർഭത്തിൽ പൊട്ടിത്തെറിക്കാനും

സാദ്ധ്യതയുണ്ട്. ഈ ഘടകവും നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകമായ ഒരു വൈശിഷ്ട്യത്തിൽ പെടുന്നതു തന്നെയാണ്. രണ്ടു വ്യക്തികൾ എന്നുള്ളതിനേക്കാൾ, രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ബന്ധമായിട്ടാണ് വിവാഹത്തെ നാം ഇപ്പോഴും കാണുന്നത്. ഭർത്താവിന്റെ വീട്ടുകാരെ സൽക്കരിക്കാൻ ശുഷ്കാന്തി കാണിക്കുന്ന ഭാര്യ അറിയാതെ തന്നെ ഭർത്താവിന്റെ ഹൃദയത്തിലേക്കു പറ്റിച്ചേരുകയാണ്. അതുപോലെ ഭാര്യവീട്ടുകാരെ സ്വീകരിക്കുന്നതിലുള്ള താല്പര്യം ഭർത്താവിനേയും അറിയാതെ ഭാര്യയിലേക്കു കൂടുതൽ അടുപ്പിക്കുന്നതാണ്. ബാലൻസ് തെറ്റാതെ രണ്ടു കുടുംബങ്ങളിലെ അംഗങ്ങളോടും വിശാലമായി, സ്നേഹപരമായി ഇടപെടുവാൻ കഴിയുന്നത് ദമ്പതികളുടെ ഉന്നതമായ സാംസ്കാരിക നിലവാരത്തേയും ആത്മീയ വളർച്ചയെയുമാണ് വിളിച്ചറിയിക്കുന്നത്. ഏകപക്ഷീയമായ ബന്ധപ്പെടലും ആത്മാർത്ഥതയും, എത്ര ഐക്യമുള്ള ദമ്പതികളിലും കുറെ കഴിഞ്ഞെങ്കിലും വിള്ളലുണ്ടാക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വികാരപരമായ സ്നേഹത്തിന് വലിയ സ്ഥാനമുണ്ടായിരുന്ന ദമ്പതികളുടെ ആദ്യകാലത്തിൽ, ഒരു ഭാര്യ ചെറുതും വലുതുമായ പല നുണകൾ പറഞ്ഞ് ഭർത്താവിനെ, അയാളുടെ വീട്ടുകാരിൽ നിന്നുമകറ്റി. സ്വന്തം അമ്മയെ കാണുന്നതു പോലും ഇഷ്ടമല്ലാത്ത അവസ്ഥയിലേക്ക് അയാളുടെ മാനസികനില ചെന്നെത്തി. ദമ്പതികളുടെ ജീവിതം ഒട്ടൊക്കെ സന്തുഷ്ടമായിക്കഴിഞ്ഞു. നാളുകളും കുറെ കഴിഞ്ഞു. പെട്ടെന്നൊരു ദിവസം അമ്മയുടെ ആകസ്മികമായ വേർപാടിന്റെ വാർത്തയറിയിച്ചു. അന്നേരം വലിയ ദുഃഖമൊന്നും മകന് തോന്നിയില്ലെങ്കിലും, മൃതശരീരം ദർശിച്ച്, ശവസംസ്കാരം കഴിഞ്ഞപ്പോൾ മുതൽ, മകന്റെ മനസിന് വല്ലാത്ത വേദന. നൊന്തുപ്രസവിച്ച് പാലൂട്ടി വളർത്തിയ അമ്മയോടുള്ള കടപ്പാടുകൾ നിർവഹിക്കാനാവാഞ്ഞതിലുള്ള വേദന ആ മകനെ തളർത്തിക്കളഞ്ഞു. അതിനു കാരണമായ ഭാര്യയോട് അടങ്ങാത്ത ദേഷ്യവും വെറുപ്പും. ഒടുവിൽ ഇടവകയിലെ വൈദികൻ ഇടപെട്ട്, പ്രശ്നങ്ങൾ ഉള്ളുതുറന്ന് സംസാരിക്കുകയും, അമ്മയുടെ 40-ാം അടിയന്തിരവും മറ്റു ചടങ്ങുകളും ആ മകന്റേതു മാത്രമായ ചെലവിൽ നടത്തിച്ച് അൽപസ്വൽപം കടപ്പാടുകൾ തീർത്തു എന്ന് മകനിൽ ബോദ്ധ്യമുണ്ടാക്കിയ ഒരു സംഭവം നേരിട്ടറിയാം. ന്യായാന്യായങ്ങൾ എന്തു തന്നെയായാലും, രണ്ടു കുടുംബങ്ങളോടും ഒരുപോലെ സ്നേഹബന്ധം പാലിച്ചുകൊണ്ടു പോകുന്നതാണ് എല്ലാ വിധത്തിലും നല്ലത്. പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളിലും രണ്ടു കുടുംബങ്ങളിലേയും വേണ്ടപ്പെട്ടവരെ പങ്കെടുപ്പിച്ചിരിക്കണം.

### 4. അസ്വസ്ഥത ജനിപ്പിക്കുന്ന വ്യത്യസ്തമായ അഭിരുചികൾ

രണ്ടു വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നു വരുന്ന വ്യക്തികൾ ദാമ്പത്യജീവിതത്തിൽ ഒന്നായിച്ചേരുന്നു എങ്കിലും തങ്ങളുടെ ആളത്വത്തെ

കരുപ്പിടിപ്പിച്ച വ്യത്യസ്ത സാഹചര്യത്തിന്റെ സമ്മർദ്ദങ്ങൾ ഇപ്പോഴും നില നിന്നിരിക്കാം. കാർഷികപ്രധാനമായ ഗ്രാമീണാന്തരീക്ഷത്തിൽ ജീവിച്ച പെൺകുട്ടിയുടെ ആചാരാനുഷ്ഠാനങ്ങൾ അഭിരുചി ഇവയൊക്കെയും ആ അന്തരീക്ഷത്തിനു ചേർന്നതാകാം. വേഷവിധാനം, പെരുമാറ്റശൈലി, ഭക്ഷ ണരീതി തുടങ്ങി അനേകം കാര്യങ്ങളിൽ ഈ വ്യത്യാസം അനുഭവപ്പെടാം. പട്ടണജീവിതം, മറ്റു പലതുമായിരിക്കാം പെൺകുട്ടിയിൽ നിന്നു പ്രതീ ക്ഷിക്കുന്നത്. പതുക്കെ ഒരു മാറ്റമേ അവളിൽ ഭർത്താവ് പ്രതീക്ഷിക്കാവൂ! അതുപോലെ ശീലിച്ച കാര്യങ്ങൾ ഒന്നും തന്നെ മാറ്റാൻ സാദ്ധ്യമല്ല എന്ന നിർബന്ധബുദ്ധി പെൺകുട്ടിയും കൈവെടിഞ്ഞാൽ സാവധാനത്തിൽ ചേർന്നുപോകുവാൻ പ്രയാസമുണ്ടാകയില്ല. അഭിരുചികളിലെ വ്യത്യാസം, അഭിപ്രായ സംഘർഷമുണ്ടാക്കുന്ന അനേകം മേഖലകൾ എല്ലാ ദമ്പതി കളുടെയും ജീവിതത്തിൽ കാണും. കൃഷിയിൽ താല്പര്യമുള്ള ഭാര്യ, ബിസിനസിൽ താല്പര്യമുള്ള ഭർത്താവ്, സിനിമയിൽ താല്പര്യമുള്ള ഭാര്യ, രാഷ്ട്രീയത്തിൽ കമ്പമുള്ള ഭർത്താവ്, ചെറുകഥ, നോവൽ ഇത്യാദി വിഷയങ്ങളിൽ താല്പര്യമുള്ള ഭാര്യ, ശാസ്ത്ര - സാങ്കേതിക വിഷയങ്ങ ളെക്കുറിച്ച് മാത്രം വായിക്കുന്ന ഭർത്താവ്, മാംസഭുക്കായ ഭാര്യ, സസ്യ ഭുക്കായ ഭർത്താവ്, അതുപോലെ തിരിച്ചും, ഇങ്ങനെ അഭിരുചികളിലെ വ്യത്യാസം അനേകതലങ്ങളിൽ ചൂണ്ടിക്കാട്ടുവാൻ കഴിയും. കൂട്ടായ സൗഭാഗ്യാവസ്ഥയ്ക്കും, തങ്ങളുടെ പൊതുവായ ഉത്തരവാദിത്വ നിർവ ഹണത്തിനും കോട്ടംതട്ടാത്ത നിലയിൽ ഒരു പരിധി വരെ ഈ വക കാര്യ ങ്ങളിൽ അന്യോന്യം സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നതാണ്. ഈ വഴിയുണ്ടാകാവുന്ന ഭിന്നതകൾ വർദ്ധിക്കാതിരിക്കാൻ ദമ്പതികളെ സഹാ യിക്കുന്നത് പരസ്പരം അംഗീകരിച്ചുകൊണ്ടുള്ള ഉൾഭരണ സ്വാതന്ത്ര്യം എന്ന് ഇതിനെ വിശേഷിപ്പിക്കാം. ബന്ധങ്ങൾ ബന്ധനങ്ങളായി മാറാതി രിക്കാൻ ഈ സ്വാതന്ത്ര്യബോധം ദമ്പതികളെ സഹായിക്കുന്നു.

### 5. ക്രിസ്തീയ കാര്യവിചാരകത്വബോധം

സമയം, പണം ഇവ ചെലവഴിക്കുന്നതിനെപ്പറ്റി പക്വമായ നിലവാരം ദാമ്പത്യത്തിലേക്കു കടക്കുന്നതിനു മുമ്പു തന്നെ രൂപപ്പെടുത്തണമെന്ന് മുന്നമേ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ദമ്പതികൾ ആർജ്ജിച്ചിരിക്കുന്ന ശീല ത്തിലുള്ള അന്തരം അവരിൽ ഭിന്നതയുളവാക്കുവാൻ മതിയായവയാണ്. ധനസമ്പാദനം, ഭാര്യയോ, ഭർത്താവോ അതുമല്ലെങ്കിൽ രണ്ടുപേരും കൂടി നടത്തിയാലും, ധനം ധൂർത്തടിക്കുന്നതും ദുർവ്യയം ചെയ്യുന്നതും നന്നല്ല. ക്രിസ്തീയ മൂല്യങ്ങൾക്കു നിരക്കുന്ന രീതിയിൽ മുൻഗണനാക്രമങ്ങൾ വെച്ചുകൊണ്ടുള്ള ഒരു ബജറ്റ് (എഴുതി തയ്യാറാക്കിയില്ലെങ്കിലും) ഭാര്യാ ഭർത്താക്കന്മാർ ഒരുമിച്ച് രൂപീകരിക്കുകയും, ചെലവുകൾ അതിന്റെ അടി സ്ഥാനത്തിൽ ആയിരിക്കുകയും ചെയ്യുന്നത് വളരെ നന്ന്. മാസവരുമാന

ത്തിൽ നിന്ന് ഒരു നിശ്ചിതതുക പ്രയാസപ്പെടുന്നവരേയും, കഷ്ടപ്പെടുന്നവരേയും സഹായിക്കുന്നതിന് നിശ്ചയമായും നീക്കിവച്ചിരിക്കണം. ദശാംശം തന്നെ നീക്കിവച്ചാൽ അത് ഏറ്റവും ഉത്തമം. 'ശിഷ്യൻ എന്നു വെച്ചു ഈ ചെറിയവരിൽ ഒരുവന് ഒരു പാനപാത്രം പച്ചവെള്ളം മാത്രം കുടിപ്പാൻ കൊടുക്കുന്നവനു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു' (മത്താ: 10:42). കർത്താവ് ഉറപ്പിച്ചു പ്രഖ്യാപിച്ച ഈ കാര്യം അൽപമെങ്കിലും കുടുംബജീവിതത്തിൽ അനുവർത്തിക്കാൻ വിശ്വാസികൾക്കു കഴിയുന്നില്ല എങ്കിൽ, അത്തരക്കാരുടെ കുടുംബജീവിതങ്ങളെ ക്രിസ്തീയമെന്ന് വിശേഷിപ്പിക്കുവാൻ പ്രയാസം. പണം ചെലവഴിക്കുന്നതിന്റെ മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിലൊക്കെ ദമ്പതികൾ തമ്മിൽ അഭിപ്രായഭിന്നതയുണ്ടാവാം. സ്വന്തമായി വരുമാനമില്ലാത്ത ഭാര്യമാർ തങ്ങളുടെ അഭിപ്രായങ്ങൾ ഭർത്താക്കന്മാർ അവഗണിക്കുന്നതു കാണുമ്പോൾ അതേപ്പറ്റി തെറ്റായി ധരിക്കുവാനും സാദ്ധ്യതയുണ്ട്. തങ്ങൾക്കു വരുമാനമില്ലാത്തതിന്റെ പേരിൽ ശിക്ഷിക്കപ്പെടുകയാണെന്ന് അവർക്കു തോന്നലുണ്ടായാൽ അതു മൂലമുള്ള വിദ്വേഷവും അസംതൃപ്തിയും മറ്റോരോ സന്ദർഭങ്ങളിലും വേറെ വിധത്തിൽ പ്രത്യക്ഷപ്പെടും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഭാര്യയുടെ വികാരങ്ങൾ മുറിപ്പെടാതിരിപ്പാൻ ഭർത്താവ് പ്രത്യേകം ശ്രദ്ധിക്കണം.

അതുപോലെ പുരുഷന് മുൻഗണന നൽകിയിരിക്കുന്ന ഈ സമൂഹത്തിൽ ഭാര്യ ജോലിക്കാരിയെങ്കിൽ ഒരു പ്രത്യേകതരം മാനസികസ്വഭാവത്തിന് ഭർത്താവും, ചിലപ്പോൾ അമ്മായിഅമ്മ തുടങ്ങിയവരും അടിമകളായിത്തീരാം. അതായത് ഭാര്യ, സ്വന്തമായ വരുമാനമുള്ളവളാകയാൽ തന്റെ പിടിയിൽ ഒതുങ്ങുകയില്ലെന്നും, തന്നെ ധിക്കരിക്കുമെന്നും, ജോലിയുടേതായ ഒരു ഗർവ്വും അഹങ്കാരവുമൊക്കെ അവളിൽ ഉണ്ടെന്നുമുള്ള ഒരു തെറ്റായ ധാരണ. ഒന്നാം തീയതി കിട്ടുന്ന ശമ്പളം കണക്കു പറഞ്ഞ് തന്നെ ഏൽപ്പിക്കണമെന്ന് ഭർത്താവ് ശഠിക്കുന്നതിന്റെ പിന്നിലെ ഒരു പ്രധാനകാരണം ഇതാവാം. അവൾ പൂർണ്ണമായും തന്റെ വരുതിയിൽ തന്നെയാണോ എന്ന് പരീക്ഷിക്കാനുള്ള 'ടെസ്റ്റ് ഡോസാ'യിരിക്കും ഈ കർശനമായ നിബന്ധന. ഈ മനോഭാവമുള്ള ഭർത്താവും, ഭർത്താവിന്റെ ബലഹീനത മനസ്സിലാക്കാതെയുള്ള ഭാര്യയുടെ പ്രതികരണവും ഒത്തുചേർന്നാൽ സൗഭാഗ്യമായ ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കാനുള്ള സാദ്ധ്യത വിരളമായിരിക്കും. അക്ഷരാർത്ഥത്തിൽ, സ്വന്തമായ വരുമാനത്തിന്റെ പേരിൽ ഭർത്താവിനോടും, വീട്ടുകാരോടും ഊറ്റംകൊള്ളുന്ന ഭാര്യമാരും ഉണ്ടാകാം. ഇവരൊക്കെ കുടുംബത്തിന്റെ സന്തുഷ്ടിയും സമാധാനവും സ്വയം നശിപ്പിച്ചുകളയുകയാണ് ചെയ്യുന്നത്. ക്രിസ്തീയ കാര്യവിചാരകത്വബോധമില്ലാതെ, സമ്പത്തിന്റെ ക്രയവിക്രയങ്ങളിലും,

വർദ്ധനവിലും മാത്രം ഉന്നംവെക്കുന്ന ദമ്പതികൾക്ക് ഒരുനാളും സൗഭാഗ്യ ക്രിസ്തീയ കുടുംബജീവിതം ആസ്വദിക്കാനാവില്ല. ശാബതിനെക്കുറിച്ച് കർത്താവ് പഠിപ്പിച്ചിട്ടുള്ളത് ധനത്തിന്റെ കാര്യത്തിലും അന്വർത്ഥമാണ്. ധനം മനുഷ്യനു വേണ്ടിയായിരിക്കണം; അല്ലാതെ മനുഷ്യജീവിതം ധന സമ്പാദനത്തിനു വേണ്ടി മാത്രമാകരുത്.

## 6. പ്രായം ദമ്പതികളിൽ വരുത്തുന്ന അനിവാര്യമായ മാറ്റങ്ങളെക്കുറിച്ച് പരസ്പരം അറിഞ്ഞിരിക്കണം

ദാമ്പത്യത്തിന്റെ ആദ്യകാലഘട്ടങ്ങളിലെ വൈകാരിക പ്രധാനമായ അടുപ്പത്തിന്റെ ചൂട് എല്ലാക്കാലവും ഒരുപോലെ നിലനിന്നു എന്നു വരികയില്ല. വൈകാരികതയും, ശാരീരിക ബന്ധവുമൊക്കെ കുറയുന്ന നാളുകളിലും ദമ്പതികളുടെ മാനസികഅടുപ്പം വർദ്ധിച്ചിരിക്കും എന്നാണ് ഉത്തമ സൗഭാഗ്യ കുടുംബജീവിതത്തിന്റെ സ്വഭാവമായി പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇതിന് അപവാദങ്ങൾ ഉണ്ടാവാം. ദമ്പതികൾ തമ്മിൽ തന്നെയുള്ള പ്രായത്തിന്റെ അന്തരവും, കാര്യമായി പ്രായത്തിന് അന്തരമില്ലെങ്കിലും വ്യക്തിതാല്പര്യങ്ങളിലുള്ള പ്രത്യേകമായ ശ്രദ്ധയും അവർ അറിയാതെ തന്നെ രണ്ടു ദിശകളിലേക്ക് അവരെ തള്ളിവിട്ടു എന്നിരിക്കും.

പാശ്ചാത്യരുടെ മനശാസ്ത്ര വിശകലനത്തിൽ ഭാര്യമാരെക്കുറിച്ച് ഇപ്രകാരം ഒരു ചിന്ത വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഭാര്യ – മാതാവ് – വീണ്ടും ഭാര്യ എന്ന റോളിലേക്കു മടങ്ങിവരും എന്ന് അവർ ചൂണ്ടിക്കാട്ടുന്നു. അതായത് ഭാര്യയുടെ ധർമ്മം ആദ്യകാലങ്ങളിൽ ശരിയാംവണ്ണം നിർവഹിച്ച ശേഷം, പതുക്കെ അവർ അമ്മയുടെ ജീവിതശൈലികളിലേക്കു നീങ്ങുന്നു. കുഞ്ഞുങ്ങളെ പരിപാലിക്കുക എന്നതാണ് ഈ ഘട്ടത്തിൽ അമ്മയുടെ പ്രധാന ശ്രദ്ധ. ഭർത്താവിനോടു ഈ ഘട്ടത്തിൽ പ്രത്യേകിച്ചു പിണക്കമോ, വഴക്കോ ഒന്നും തന്നെ തോന്നുകയില്ല. കുഞ്ഞുങ്ങളെ പരിചരിക്കുന്ന പ്രക്രിയ ഭാര്യ മുഴുവനായി ഏറ്റെടുത്ത സ്ഥിതിക്ക്, തല്ക്കാലം തനിക്കൊന്നും ചെയ്യാനില്ല എന്ന മട്ടിൽ ഭർത്താവും തന്റെ കൂട്ടുകാരും ഉദ്യോഗവും, ബിസിനസും, വിനോദങ്ങളുമൊക്കെയായി മറ്റൊരു ലോകത്തേക്കു നിഷ്ക്രമിക്കുന്നു. ഭർത്താവിനും, ഭാര്യയോട് പ്രത്യേകിച്ച് പിണക്കമോ വഴക്കോ ഒന്നുമില്ല. കാലം മാറി, ഭാര്യക്ക് 40–45 വയസ് ആകുമ്പോഴേക്കും കുഞ്ഞുങ്ങൾ കാര്യപ്രാപ്തിയിലേക്കു എത്തിച്ചേരുന്നു. മാതാവിന്റെ പ്രത്യേകമായ പരിചരണം ഇനി ആവശ്യമില്ലാത്ത ഒരു ഘട്ടം വന്നപ്പോൾ ഇതുവരെ പൂർണ്ണമായും അമ്മയായി മാറിയ സ്ത്രീക്ക് വീണ്ടും ഭാര്യയുടെ റോളിലേക്കു മടങ്ങിവരാൻ അദമ്യമായ ഒരാഗ്രഹം. പക്ഷേ അപ്പോഴേക്കും ഭർത്താവ് തന്നിൽ നിന്നും വളരെ അകലെയായ യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ ഒരു വല്ലാത്ത വൈഷമ്യം. 'THE EMPTY NEST

SYNDROME'* എന്നാണ് പാശ്ചാത്യർ ഭാര്യയുടെ ഈ മാനസിക നില വാരത്തിന് നൽകിയിരിക്കുന്ന പേര്. കുറേപേരിലെങ്കിലും ഈ പറഞ്ഞതിന് സാംഗത്യം ഉണ്ടാകാൻ വഴിയുണ്ട്.

അതുപോലെ ആർത്തവ വിരാമത്തിന്റെ കാലഘട്ടവും (MENOPAUSE) സ്ത്രീകളിൽ വലിയ മാനസിക സംഘർഷം ഉണ്ടാക്കും എന്നൊക്കെ പാശ്ചാത്യരെ അനുകരിച്ചെഴുതിയിട്ടുള്ള പലരുടെയും ലേഖനങ്ങളിലൊക്കെ സൂചിപ്പിച്ചിട്ടുണ്ട്. ലൈംഗികാസ്വാദനവും, ശരീരവടിവും രൂപലാവണ്യവുമൊക്കെ വളരെ പ്രധാനമായി കരുതിയ നമ്മുടെ സമൂഹത്തിലെ കുറെ സ്ത്രീകളിൽ ഇത് വാസ്തവമായിരിക്കാം. എന്നാൽ ആർത്തവം ഒരു ശല്യമായും ബുദ്ധിമുട്ടായും കരുതിയ (അങ്ങനെയായിരിക്കണമെന്ന് ഇവിടെ വിവക്ഷിക്കുന്നില്ല) നമ്മുടെ സംസ്ക്കാരത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകളും തങ്ങളുടെ ശാരീരികപ്രക്രിയയെ സ്വാഗതം ചെയ്യാനാണ് സാദ്ധ്യത. ഏതായാലും ശാസ്ത്രീയമായ അന്വേഷണരീതി അവലംബിച്ച് നിഗമനങ്ങളിലെത്തിച്ചേരുന്നതിനെയല്ലാതെ നമുക്കന്യമായ ഒരു സംസ്ക്കാരത്തിൽ രൂപപ്പെട്ട എല്ലാറ്റിനെയും കണ്ണുമടച്ച് അതുപോലെയാണ് ഇവിടെയും എന്ന് അംഗീകരിക്കുന്ന നില നമ്മുടെ ബൗദ്ധികതയ്ക്ക് ഒട്ടും ചേർന്നതല്ല. നമുക്കില്ലാത്തതും ആവശ്യമില്ലാത്തതുമായ ചിന്തകളും, ഭാവനകളും, വികാരങ്ങളും വിരചിച്ചെടുത്ത് അസ്വസ്ഥമാനസരായിത്തീരാൻ, ഇവിടുത്തെ കച്ചവടമാസികകളും പത്രങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പ്രതികൾ വർദ്ധിപ്പിച്ച് ലാഭമുണ്ടാക്കാൻ അവർക്കു സാധിക്കുന്നുണ്ടെങ്കിലും തെറ്റായ ധാരണകളും വിവരങ്ങളും ഏറ്റുവാങ്ങി വിഷലിപ്തമായിരിക്കുന്ന നമ്മുടെ യുവതലമുറയെ വീണ്ടെടുക്കുവാൻ സഭയ്ക്കും, ആത്മീക പ്രസ്ഥാനങ്ങൾക്കും കഴിയേണ്ടതാണ്.

ഇതുപോലെ ഈ പട്ടികയിൽ പരാമർശിക്കാത്ത ഒട്ടനവധി കാര്യങ്ങൾ ദമ്പതികളുടെ ജീവിതത്തിൽ സംഭവിക്കാം. പ്രശ്നഹേതുക്കളായ ചില ഘടകങ്ങളെ ഇവിടെ പരാമർശിച്ചിട്ടുള്ളൂ. ഇവിടെ ഓർത്തിരിക്കേണ്ട പ്രധാനതത്വം പങ്കാളിയുടെ ജീവിതത്തിൽ വിരസതയും ശൂന്യതാബോധവും അനുഭവപ്പെടുന്നുണ്ടോ എന്ന് ഭാര്യ, ഭർത്താവിനെക്കുറിച്ചും, ഭർത്താവ് ഭാര്യയെക്കുറിച്ചും ഉള്ളിൽ അന്വേഷിച്ചിരിക്കണം എന്നുള്ളതാണ്. അസംതൃപ്തിയുടെ ബാഹ്യലക്ഷണമാണ് ശൂന്യതയും വിരസതയും. അത് പങ്കാളിയിൽ ദർശിച്ചാൽ കൂടുതൽ കരുതലോടെ ഇടപെടുകയും പ്രശ്ന കാരണങ്ങൾ കണ്ടുപിടിച്ച് ഒരുമിച്ച് പരിഹാരം കണ്ടെത്താൻ സാദ്ധ്യമാവും.

---

* R. E. O. White, ''*A Guide to Pastoral Care*'' Bell and Bain Limited, Glasgow, U. K., 1984, p. 151.

### ചോദ്യങ്ങൾ

1. കുടുംബജീവിതം എല്ലാ കാലത്തും സന്തോഷപ്രദമായിരിക്കുവാൻ ദമ്പതികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
2. ഭാര്യ, ഭർത്താവിന്റെ വീട്ടുകാരെയും ഭർത്താവ്, ഭാര്യവീട്ടുകാരെയും ഇഷ്ടപ്പെടാതെ വന്നാൽ, ദമ്പതികളിൽ അതു സൃഷ്ടിക്കുന്ന പ്രശ്ന ങ്ങളെപ്പറ്റി യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുക?
3. ദമ്പതികളിൽ പ്രായം വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് പാശ്ചാത്യർ എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭി പ്രായം വ്യക്തമാക്കുക?

## പാഠം 2

# ശിശുപരിപാലനം ക്രൈസ്തവ കുടുംബങ്ങളിൽ

❑ ആദ്ധ്യാത്മിക ശിക്ഷണം ❑ ഇപ്പോഴത്തെ നില ❑ കുടുംബത്തിലെ പരിശീലനം ❑ ആത്മീകതയുടെ പ്രകടനം ❑ മാതാപിതാക്കളുടെ സംഭാ ഷണശൈലിയിൽ ❑ ശിക്ഷണത്തിൽ ആദ്യം മുതലുള്ള ശ്രദ്ധ ❑ വിമർശ നത്തേക്കാൾ പ്രോത്സാഹനം ആവശ്യം ❑ എല്ലാവർക്കും ബാധകമായ നിയമങ്ങൾ ❑ മനഃശാസ്ത്രപരമായ അടിത്തറ

### ആദ്ധ്യാത്മിക ശിക്ഷണം ഇന്ന്

"പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും, പത്ഥ്യോപദേശത്തിലും പോറ്റിവളർത്തുവിൻ" (എഫേ. 6:4, കൊലോ: 3:21). പ. പൗലോസ് ശ്ലീഹായുടെ ഈ പ്രബോധനം പ്രായോ ഗിക ജീവിതത്തിൽ എങ്ങനെയെല്ലാം ഉൾക്കൊള്ളണം എന്ന് ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച ദമ്പതികൾ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ക്രിസ്തീയ കുടുംബജീവിതം നയിക്കാനാഗ്രഹിക്കുന്ന ദമ്പതികൾക്ക് ഇന്നുള്ള ഏറ്റവും വലിയ പ്രശ്നമാണ് കുഞ്ഞുങ്ങളെ ദൈവഭയത്തിലും നല്ല സ്വഭാവത്തിലും എങ്ങനെ വളർത്തിക്കൊണ്ടുവരാമെന്നുള്ളത്? വ്യവ സ്ഥാപിതവും സംഘടനാപരവുമായ നിലയിൽ നമ്മുടെ സൺഡേസ്കൂൾ അദ്ധ്യയനം വളരെ വികാസം പ്രാപിച്ചതിൽ സന്തോഷിക്കുവാൻ വകയുണ്ട്. ഒരു പരിധി വരെ ആത്മീയശിക്ഷണം കൊച്ചുതലമുറക്ക് നൽകുവാൻ

അതു മൂലം കഴിയുന്നുണ്ട്. എന്നാൽ അവിടെയും ഇന്നുള്ള ചില ഊന്ന ലുകൾക്കു മാറ്റം വരേണ്ടതുണ്ടെന്ന് തോന്നുന്നു. ദൈവത്തെക്കുറിച്ചും, സഭയെക്കുറിച്ചും, വിശ്വാസം, സഭാചരിത്രം തുടങ്ങിയവയെക്കുറിച്ചും ബുദ്ധിപരമായ അറിവു നൽകുകയും, ആ അറിവ് എത്രത്തോളം വിദ്യാർ ത്ഥികൾ ഗ്രഹിച്ചു എന്നു പരിശോധിക്കുകയും, സഹപാഠ്യ മൽസരങ്ങൾ വിദ്യാർത്ഥിനീ – വിദ്യാർത്ഥികൾക്ക് കൂടുതൽ ആകർഷണീയമായിരിക്കു കയും ചെയ്തിരിക്കുന്ന ഇന്നത്തെ രീതി തുടർന്നുപോകുന്നത് അഭിലഷ ണീയമായിരിക്കുമോ? ദൈവ ഭയഭക്തി, നീതിബോധം, സത്യസന്ധത, ആത്മീയനിഷ്ഠകൾ (പ്രാർത്ഥന, നോമ്പ്, ഉപവാസം, വി. കുമ്പസാരം, വി. കുർബ്ബാന തുടങ്ങിയവ) വ്യക്തിത്വത്തിന്റെ ഭാഗമാക്കിത്തീർക്കുന്ന അനുഭവം, സാമൂഹ്യപ്രതിബദ്ധത എന്നീ കാര്യങ്ങളിൽ ഒരു ക്രൈസ്തവ സംസ്കാരം ജീവിതത്തിൽ ആർജ്ജിക്കുവാൻ ഇന്നുള്ള വിദ്യാഭ്യാസം സഹായിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തണം. ധനിക – ദരിദ്ര വർഗങ്ങളിലെ നല്ലൊരു വിഭാഗം കുഞ്ഞുങ്ങൾ സൺഡേസ്കൂളിൽ പോകുന്നില്ല എന്നതാണ് പരമാർത്ഥം. ആദ്യത്തെ കൂട്ടർ ഇതിനെല്ലാം അതീതരാണ്. ആത്മീയതയുടെ ഉന്നതമായ പടവുകൾ കയറ്റിപ്പറ്റിയവർ, സഭയേയും പള്ളികളേയും ഭരിക്കുക എന്നതാണ് അവരുടെ പ്രധാന ചുമ തല. മറ്റേക്കൂട്ടർ, ദൈവത്തെ വിളിച്ചാലും ഇല്ലെങ്കിലും തങ്ങളുടെ വൃത്തി ഹീനമായ കൂരകളിലേയും അഴുക്കുചാലുകളിലേയും ജീവിതത്തിന് കാര്യ മായ വ്യതിയാനം ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്ന് നിരാശാചിന്ത യോടെ ഭാവിയെ നോക്കിക്കാണുന്നവർ. ഈ രണ്ടു വിഭാഗങ്ങളുടെ ഇട യിലേക്കും സഭയുടെ സംഘടിതമായ ആത്മീയശിക്ഷണം വേണ്ടപോലെ ഇറങ്ങിച്ചെന്നിട്ടില്ല. മിക്കവാറും ഇടത്തരക്കാരാണ് പിന്നെയും ആത്മീയ തയ്ക്കുവേണ്ടി കുറെ സമയം നീക്കിവയ്ക്കുന്നത്. അതും അത്ര ഗൗരവ മായി നിർവഹിക്കപ്പെടുന്നുണ്ട് എന്നു തോന്നുന്നില്ല. മൂന്നു വയസ്സിൽ എൽ. കെ. ജി. യിൽ വിടുന്ന കുട്ടിയെ സൺഡേസ്കൂളിൽ വിടുമ്പോൾ ആറേഴു വയസ്സായിരിക്കും. പരീക്ഷ അടുക്കുമ്പോഴും, ട്യൂഷനു പോകുമ്പോഴും, ഞായറാഴ്ച പള്ളിയാരാധനകളിൽ നിന്നും സൺഡേസ്കൂളിൽ നിന്നും ഒഴിവുണ്ട്. വളർന്നുവരുന്ന തലമുറയുടെ ആത്മീയനിലവാരം കരുപ്പിടിപ്പി ക്കുന്നതിൽ മുതിർന്ന തലമുറ കാണിക്കുന്ന ഈ അലംഭാവത്തിന്റെ അനി വാര്യമായ ദൂഷ്യഫലങ്ങൾ വരുംകാലങ്ങളിൽ നാം അനുഭവിക്കാതിരിക്ക യില്ല. കുഞ്ഞുങ്ങളെ ആത്മീകനിലവാരത്തിൽ വളർത്തണം എന്നാഗ്രഹി ക്കുന്നവർ നിലവിലുള്ള ആത്മീകപ്രസ്ഥാനങ്ങളെ പ്രയോജനപ്പെടുത്തു ന്നതിനുപരി താഴെപറയുന്ന കാര്യങ്ങൾ കൂടി ഗൗരവമായി ശ്രദ്ധിച്ചിരി ക്കണം.

### 1. ആത്മീയനിഷ്ഠകൾ കുടുംബത്തിൽ പരിപാലിക്കണം

കുടുംബപ്രാർത്ഥന, നോമ്പ്, ഉപവാസം തുടങ്ങിയ കാര്യങ്ങളിൽ മാതാപിതാക്കളുടെയും മറ്റു കുടുംബാംഗങ്ങളുടേയും നിഷ്ഠകൾ, കുഞ്ഞുങ്ങൾക്ക് കണ്ടുപഠിക്കത്തക്കവണ്ണം പരിപാലിച്ചിരിക്കണം. ഇവയെക്കുറിച്ച് വേറെയും പരാമർശങ്ങൾ സാന്ദർഭികമായി നടത്തിയിട്ടുള്ളതുകൊണ്ട് കൂടുതൽ ഇവിടെ വിശദീകരിക്കുന്നില്ല.

### 2. കുടുംബത്തിലെ ആത്മീയാന്തരീക്ഷം മാതാപിതാക്കളുടെ സംഭാഷണങ്ങളിലും ശൈലിയിലും

ഒരു വീട്ടിലെ പ്രായമുള്ളവരുടെ സംഭാഷണവും, മറ്റുള്ളവരെപ്പറ്റിയുള്ള അവരുടെ നിരൂപണങ്ങളും, മറ്റുള്ളവരോടുള്ള എതിർപ്പും വിദ്വേഷവും പ്രകടിപ്പിക്കുന്നതിനുപയോഗിക്കുന്ന ശൈലികളുമൊക്കെ, ആ വീടിന്റെ ആത്മീകാന്തരീക്ഷം വെളിപ്പെടുത്തുന്ന ഏറ്റവും നല്ല അളവുദണ്ഡാണ്. സംഭാഷണങ്ങളിലെ നിശബ്ദനായ കേൾവിക്കാരനായും, തീൻമേശയിലെ കാണപ്പെടാത്ത അതിഥിയുമൊക്കെയായി കർത്താവിനെ ചിത്രീകരിച്ചുകൊണ്ടുള്ള ഫലകങ്ങൾ തൂക്കിയിട്ട മുറിയിൽ ഇരുന്നുകൊണ്ടാണ് ക്രിസ്തീയ വിശ്വാസികളിൽ ഒരു നല്ല പങ്കും, അയൽവാസികളേയും, ബന്ധുമിത്രാദികളേയും, ഇടവകജനങ്ങളേയും, അച്ചനേയും, മറ്റു നേതാക്കന്മാരെയും എല്ലാം വിമർശനവിധേയമാക്കുന്നത്. ദൈവഭക്തി, അതിന്റെ സദ്ഫലങ്ങൾ, അന്യരുടെ നന്മയെ പ്രകീർത്തിച്ചുകൊണ്ടുള്ള പരിചിന്തനങ്ങൾ, സ്നേഹം, വിശ്വാസം, പ്രത്യാശ തുടങ്ങിയവയെ അധികരിച്ചുകൊണ്ടുള്ള സംഭാഷണശകലങ്ങൾ കുഞ്ഞുങ്ങളിൽ നന്മ വളർത്താനുള്ള അദമ്യമായ പ്രേരണ വളർത്തും. നേരെ മറിച്ച് ചുറ്റുമുള്ള അന്ധകാരത്തെ പെരുപ്പിച്ചുകാട്ടിക്കൊണ്ടുള്ള അധമമായ സംഭാഷണരീതി, വളർന്നുവരുന്ന തലമുറയെ, ഇരുട്ടിന്റെ മറവിൽ ഓടി ഒളിക്കേണ്ടതിനുള്ള വഴികളേക്കുറിച്ച് ചിന്തിപ്പിക്കുവാനേ ഉപകരിക്കുകയുള്ളൂ. മറ്റുള്ളവരെക്കുറിച്ച് ഇടിച്ചുതാഴ്ത്തി പറയുകയും, തങ്ങളെക്കുറിച്ച് പൊങ്ങച്ചം പറയുന്നതുമൊക്കെ ഭാവിയിൽ കുഞ്ഞുങ്ങൾക്കു ദോഷമായേ വരികയുള്ളൂ. അയൽവാസികൾ, ബന്ധുമിത്രാദികൾ, സഭ, സമൂഹം തുടങ്ങി എല്ലാറ്റിനോടും ഉത്തമവും അല്ലാത്തതുമായ മനോഭാവം കുഞ്ഞുങ്ങളിൽ ജനിപ്പിക്കുന്നതിന്റെ ഏറ്റം പ്രധാന ഉപാധി, മാതാപിതാക്കളുടെ വീട്ടിലെ സംഭാഷണരീതികളാണെന്ന് ഓർക്കുന്നത് നന്ന്.

### 3. ശിക്ഷണത്തിൽ ആദ്യം മുതൽ ശ്രദ്ധിക്കണം

പഴയനിയമത്തിൽ പ്രത്യക്ഷപ്പെട്ട നിർഭാഗ്യവാനായ ഒരു പിതാവാണ് പുരോഹിതനായ ഏലി. ഏലിയെക്കുറിച്ച് യഹോവാ ശമുവേലിനോട്

ഇപ്രകാരം അരുളിച്ചെയ്തു. "അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്തായ്ക കൊണ്ടു ഞാൻ അവന്റെ ഭവനത്തിനു എന്നേക്കും ശിക്ഷ വിധിക്കും എന്നു ഞാൻ അവനോട് കല്പിച്ചിരിക്കുന്നു" (1 ശമു. 3:13). ഏലിയുടേയും പുത്രന്മാരുടെയും ദൗർഭാഗ്യകരമായ അന്ത്യം നമ്മിൽ സഹതാപമുണർത്തുമെങ്കിലും തക്ക സമയത്തു അവൻ മക്കളെ ശാസിച്ചില്ല എന്ന കുറ്റം ഇന്നും വിശ്വാസികളായ മാതാപിതാക്കൾക്കു വലിയ പാഠം നൽകുന്നു. കുഞ്ഞുങ്ങളെ അമിതമായി സ്നേഹിക്കുന്ന മാതാപിതാക്കൾ "എല്ലാം വളരുമ്പോൾ ശരിയായിക്കൊള്ളും" എന്ന മട്ടിൽ ഗൗരവമായ കുറ്റങ്ങൾക്കു പോലും ശിക്ഷണം നൽകാതെ വിടുന്ന പ്രവണത വളരെയധികം ദോഷം വരുത്തിവെയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെയുള്ളവർക്കുള്ള ഉഗ്രമായ താക്കീത് ജ്ഞാനികളിൽ ജ്ഞാനിയായവൻ നമുക്ക് മുന്നമെ നൽകിയിരിക്കുന്നു. "വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെക്കുന്നു. അവനെ സ്നേഹിക്കുന്നവനോ, ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു" (സദൃശ്യ. 13:24). രണ്ടും മൂന്നും വയസായ കുഞ്ഞുങ്ങളെ വടി കൊണ്ട് തല്ലണം എന്ന ആക്ഷരീകമായ വ്യാഖ്യാനമല്ല ഇവിടെ നൽകേണ്ടത്. പിന്നെയോ കുഞ്ഞുങ്ങളുടെ ശാരീരികവും, മാനസികവുമായ വളർച്ചയ്ക്കനുസരിച്ചുള്ള ശിക്ഷണരീതികൾ ചെറുപ്പം മുതലെ നൽകിയിരിക്കണം എന്നാണ് വിവക്ഷ. കുഞ്ഞുങ്ങളോടുള്ള വാത്സല്യം നിമിത്തം ആവശ്യമായ ശിക്ഷണം പിന്നത്തേക്കു മാറ്റി വെക്കരുതെന്ന് സാരം. എന്നാൽ വിവേചനാരഹിതമായ ക്രൂരമായ ശിക്ഷണം നൽകണമെന്ന് ഇതിനർത്ഥമില്ല. ഗുണത്തേക്കാൾ അധികം അത് ദോഷം ചെയ്യും. തങ്ങളുടെ തന്നെയോ മറ്റുള്ളവരുടെയോ നേർക്കുള്ള ദേഷ്യം ശമിപ്പിക്കുവാനായി കുഞ്ഞുങ്ങളെ ആരും ശിക്ഷിക്കരുത്. പിന്നീട് പരിഹരിക്കാനാവാത്ത പല പ്രശ്നങ്ങളും ഇതു മൂലം ഉരുത്തിരിയും. കുറ്റബോധത്തിനടിമയാകുന്ന മാതാപിതാക്കൾ ഇത്തരം സന്ദർഭങ്ങളിൽ കുഞ്ഞുങ്ങളെ പ്രായശ്ചിത്തമായി അധികമായി വാത്സല്ലിക്കുകയും, ആ പരിലാളനയിൽ സന്തോഷിക്കുന്ന കുഞ്ഞ് വീണ്ടും അനുസരണക്കേടുകൾ കാണിച്ച് ആദ്യം ശാരീരികവേദനയും പിന്നെ മാനസിക സന്തോഷവും ക്ഷണിച്ചുവരുത്തുന്ന ഒരു പ്രക്രിയയിലേക്കുനീങ്ങിപ്പോവുമെന്ന് മനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത് എന്തു തന്നെയായാലും വിവേചനാരഹിതമായ ക്രൂരശിക്ഷകൾ കുഞ്ഞിന്റെ ശരീരത്തിനും മനസ്സിനും ഒരുപോലെ ദോഷം ചെയ്യുമെന്നുള്ളതിനാൽ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

### 4. വിമർശനത്തേക്കാൾ പ്രോത്സാഹനമാണ് ആവശ്യം

ശിക്ഷകൾ നൽകത്തക്ക തെറ്റുകൾ കുഞ്ഞുങ്ങളിൽ നിന്നുണ്ടാവാമെങ്കിലും ഒരു കുഞ്ഞിന്റെ വളർച്ചയിൽ ഏറ്റം കൂടുതൽ അവന് / അവൾക്ക്

ലഭിച്ചിരിക്കേണ്ടത് പ്രോത്സാഹനങ്ങളാണ്. എന്നാൽ ഈ തത്ത്വം വേണ്ട പോലെ അറിയാത്ത മാതാപിതാക്കൾ എപ്പോഴും അവരെ വിമർശിക്കുന്നതിൽക്കൂടി അവരുടെ കഴിവുകൾ വളർത്തിക്കൊണ്ടുവരാമെന്ന് പ്രതീക്ഷിക്കുന്നു. ഉദാഹരണത്തിന് പഠിക്കാൻ മോശമായ വിദ്യാർത്ഥിയെക്കുറിച്ച്, അവൻ മണ്ടനാണ്, മടിയനാണ്, ഒന്നിനും കൊള്ളുകയില്ല എന്നൊക്കെ എപ്പോഴും ബന്ധുമിത്രാദികളോടും അയൽവാസികളോടും പരാമർശിക്കുന്നത് സാധാരണ കേട്ടുവരാറുള്ള ഒന്നാണ്. യഥാർത്ഥത്തിൽ മാതാപിതാക്കൾ ഇതല്ല ആഗ്രഹിക്കുന്നത് എങ്കിലും കൂടെക്കൂടെ ഇതു കേൾക്കേണ്ടി വരുന്ന മകനോ, മകളോ തങ്ങൾ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ തൃപ്തിയടഞ്ഞ് മുന്നോട്ടുപോകുവാനാണ് സാദ്ധ്യത. നേരെമറിച്ച് അവരിലുള്ള കഴിവുകളെയും നന്മകളെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞാൽ ശരിയായ വളർച്ച തന്നെ അവരിൽ ഉണ്ടാകും. വ്യക്തിത്വ വളർച്ച സാധാരണ നിലയിൽ ആയിരിക്കുവാൻ താഴെ പറയുന്ന മനശാസ്ത്ര സത്യങ്ങളും നമ്മെ സഹായിക്കും.

1. ചുരുക്കം ചില ബുദ്ധിജീവികളും (Genius) കുറെ മന്ദബുദ്ധികളും ഒഴിച്ചാൽ ബഹുഭൂരിപക്ഷം പേരും ശരാശരി I.Q.* നിലവാരത്തിൽപ്പെട്ടവരാണ്. അവരിൽ ആരെയും മണ്ടന്മാരെന്ന് വിശേഷിപ്പിക്കുന്നത് ഒട്ടും ശരിയല്ല.

2. ശരാശരി ബുദ്ധിയുടെ നിലവാരത്തിൽ നിൽക്കുന്നവർ സമൂഹത്തിന്റെ പല തട്ടുകളിലായി വളർത്തപ്പെടുകയും, താഴ്ത്തപ്പെടുകയും ചെയ്യുന്നതിന്റെ അടിസ്ഥാനം ഓരോരുത്തർക്കും ലഭിക്കുന്ന അവസരങ്ങളാണ്. ഉദാഹരണമായിപ്പറഞ്ഞാൽ ഭീമമായ ക്യാപ്പിറ്റേഷൻ ഫീസ് കൊടുക്കാൻ കഴിവുള്ള മിനിമം മാർക്കുകാരും, സംവരണാനുകൂല്യമുള്ള അതിൽ താഴെ മാർക്കുകാരും, എഞ്ചിനിയറും, ഡോക്ടറുമൊക്കെ ആവുന്നത് തങ്ങളുടെ പഠിത്തത്തിന്റെ കഴിവല്ല, മറ്റനുകൂലമായ സാഹചര്യങ്ങളാണ് പ്രധാനം എന്ന് വിളിച്ചറിയിക്കുന്നില്ലേ?

3. ഇന്ന വിഷയങ്ങളിൽ ഇത്ര ശതമാനം മാർക്കു വാങ്ങിക്കുന്നവർ മിടുക്കന്മാരും, അതിൽ താഴെയുള്ളവർ മണ്ടന്മാരുമാണെന്നുള്ള വേർതിരിവിന് യാതൊരു ശാസ്ത്രീയാടിസ്ഥാനവുമില്ല.

4. വ്യക്തികളെ തമ്മിൽ അവരുടെ കഴിവുകളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുന്നതും ശരിയല്ല. അഭിരുചികളിൽ വ്യത്യാസമുണ്ട്. പ്രസംഗിക്കാൻ കഴിവുള്ളവന് സംഗീതത്തിൽ വാസനയുണ്ടാവില്ല. പഠിക്കാൻ

---

* I. Q. അഥവാ Intelligent Quotient എന്നു പറയുന്നത് ബുദ്ധിയുടെ അളവിനെയാണ്.

കഴിവുള്ളവന് കളികളിൽ താൽപര്യമില്ല. അതുപോലെ തിരിച്ചും. ചിലർക്കു സയൻസ് വിഷയങ്ങൾ പഥ്യം. മറ്റുചിലർക്ക് ആർട്ട്സ് വിഷയങ്ങൾ. സമൂഹത്തിന്റെ താളക്രമങ്ങൾ, ഗതിവിട്ടുപോകാതിരിക്കണമെങ്കിൽ വ്യത്യസ്ത കഴിവുകളെ സമന്വയിപ്പിക്കാൻ കഴിഞ്ഞിരിക്കണമല്ലോ. തെറ്റായ സമ്പദ്ഘടനകൾ കൊണ്ടും, മൂല്യാവിഷ്ക്കാരം കൊണ്ടും ചില ഘടകങ്ങൾ സുപ്രധാനവും, മറ്റുചിലത് അപ്രധാനവുമായിത്തീരുന്നു. സുപ്രധാനഘടകങ്ങൾ നമ്മുടേതായിത്തീരണം എന്ന് ആഗ്രഹിക്കാമെങ്കിലും അത് കിട്ടിയേ തീരൂ എന്ന് ശഠിക്കുന്നത് ക്രിസ്തീയമാണോ? തങ്ങളുടെ കുഞ്ഞുങ്ങൾ സമൂഹത്തിലെ ചേരിതിരിവുകളിൽ അപ്രധാന രംഗത്തായി പോവുമെന്നുള്ള പേടികൊണ്ടല്ലേ, നാമാഗ്രഹിക്കാത്തതെങ്കിലും അവൻ/അവൾ മണ്ടനായിപ്പോയി എന്ന വിധിതീർപ്പിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നത്.

5. മാതാപിതാക്കളുടെ ജീവിതമാകുന്ന പരീക്ഷണശാലയിലെ 'ഗിനിപിഗുകള്'ല്ല (ലാബറട്ടറി പരീക്ഷണത്തിനു വേണ്ടിയുള്ള പന്നിക്കുഞ്ഞുങ്ങൾ) അവരുടെ കുഞ്ഞുങ്ങൾ. സമൂഹമദ്ധ്യത്തിൽ, മാതാപിതാക്കൾക്ക് പൊങ്ങച്ചം പറയുവാനും, വലിപ്പം കാട്ടാനും, പണ്ടു തന്നെ അവഗണിച്ചവർക്കെതിരെ കുഞ്ഞുങ്ങളിൽ കൂടി പകവീട്ടാനും അറിഞ്ഞും അറിയാതെയുമുള്ള ശ്രമത്തിൽ ബലിയാടുകളാവാൻ കുഞ്ഞുങ്ങളുടെ ജീവിതം വിട്ടുകൊടുക്കരുത്. അവരുടെ കഴിവുകൾ വ്യത്യസ്തം. അവരുടെ ലോകം വിഭിന്നം. ആ ലോകത്തിൽ ദൈവത്തിന്റെ പൈതൽ ദൈവഹിതം അറിഞ്ഞു പ്രവർത്തിക്കാനും, ദൈവഇഷ്ടം നിർവഹിക്കാനും അവരെ പ്രാപ്തരാക്കുക എന്നതാണ് ക്രൈസ്തവ ദമ്പതികളുടെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള ധർമ്മം. അതുചെയ്യണമെങ്കിൽ മാതാപിതാക്കളുടെ ആത്മനിഷ്ടാപരമായ വിമർശനങ്ങളേക്കാൾ, വസ്തുനിഷ്ടമായി കുഞ്ഞുങ്ങളുടെ കഴിവുകളേയും, സാദ്ധ്യതകളേയും വിലയിരുത്തിക്കൊണ്ടുള്ള പ്രോത്സാഹനം ആണ് ഏറെ ആവശ്യം. ഭൗതികജീവിതത്തിൽ അവൻ എന്തു നേടി എന്നതിനേക്കാൾ ക്രിസ്തീയമൂല്യങ്ങൾ മക്കൾ എത്രമാത്രം സ്വായത്തമാക്കി എന്ന ചോദ്യത്തിന് വിശ്വാസികളായ മാതാപിതാക്കന്മാർ ഊന്നൽ നൽകണം.

### 5. കുടുംബത്തിലെ നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമായിരിക്കണം

ചില കുടുംബങ്ങളിൽ യാതൊന്നിനും ഐക്യരൂപമില്ല. പ്രായമുള്ളവർക്ക് ഒരു നിയമം, ഭർത്താവിന് വേറെ നിയമം, ഭാര്യയ്ക്ക് മറ്റൊന്ന്. ഈ അന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾക്ക് യാതൊരു മൂല്യത്തെക്കുറിച്ചും സ്ഥിരത സങ്കൽപ്പിക്കുവാൻ കഴിയുകയില്ല. അല്ലെങ്കിൽ തന്നെ എല്ലാ മൂല്യങ്ങളും കാലദേശ സംസ്ക്കാരങ്ങൾക്കനുസരണമായി ആപേക്ഷികത

യിലാണ്, അവയുടെ നിലനിൽപ്പെന്ന് ഘോഷിക്കുന്ന സെക്കുലർ യുഗത്തിലാണ് നാം ജീവിക്കുന്നത്. ആ ചിന്താഗതിക്ക് ആക്കം കൂട്ടുന്ന വിധത്തിലാണ് ഇന്ന് മിക്ക കുടുംബങ്ങളിലെയും മൂല്യാവിഷ്ക്കരണം. സന്ധ്യാപ്രാർത്ഥന പോലും കുഞ്ഞുങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ വളർത്തപ്പെടുന്നവർ, പ്രായമാകുമ്പോൾ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല, എന്ന് ചെറുപ്പത്തിൽ തന്നെ തീരുമാനിക്കുന്നതായി കാണാം. നേരെമറിച്ച് കുടുംബാംഗങ്ങൾ എല്ലാ പ്രായത്തിലുള്ളവരും ഒരുമിച്ചു പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ, ഏതു പ്രായത്തിലുള്ളവർക്കും ഇതാവശ്യമാണെന്നുള്ള ചിന്ത അപ്പോഴെ കൊച്ചുകുഞ്ഞുങ്ങളിൽ ഉരുവായി തുടങ്ങുന്നു. “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല” എന്ന സത്യം പൂർണ്ണമായി ഈ സാഹചര്യത്തിലേ നിറവേറ്റപ്പെടുകയുള്ളൂ. ‘പുകവലിയും മദ്യപാനവും കുഞ്ഞുങ്ങളായിരിക്കുമ്പോൾ പാടില്ല. പ്രായമാവുമ്പോൾ അതൊക്കെ ആവാം’ എന്ന സന്ദേശമല്ലേ കുറേ മാതാപിതാക്കന്മാരെങ്കിലും അവരുടെ മക്കൾക്ക് കൈമാറുന്നതും, അവർ ഏറ്റുവാങ്ങുന്നതും. അതിനാൽ ആർക്കും ഇളവുകൊടുക്കാതെ ക്രിസ്തീയമൂല്യങ്ങൾ കുടുംബാന്തരീക്ഷത്തിൽ എല്ലാവരും പാലിക്കണം എന്നു തീരുമാനിച്ചാലേ ഇളംതലമുറക്ക് മൂല്യാവിഷ്ക്കാരത്തിന് അത് പ്രയോജനപ്പെടുകയുള്ളൂ.

## 6. വേദശാസ്ത്രസത്യങ്ങൾ ഉൾക്കൊള്ളാൻ ഒരു മനഃശാസ്ത്രപരമായ അടിത്തറ

മനഃശാസ്ത്രം, ദൈവശാസ്ത്രത്തിനപ്പുറമായ ഒരു സ്ഥാനത്തുകൊണ്ട് പ്രതിഷ്ഠിക്കപ്പെട്ടു എന്ന് ആരും ഈ തലക്കെട്ടു കണ്ട് ചിന്തിച്ചുപോകരുത്. മറ്റൊരു യാഥാർത്ഥ്യമാണ് ഇവിടെ വെളിപ്പെടുത്തുവാൻ ശ്രമിക്കുന്നത്. അതായത് ഭൂമിയിൽ പിറന്ന്, പിച്ച വെച്ചു നടന്നുതുടങ്ങുന്ന കൊച്ചുകുഞ്ഞിന് തന്റെ അറിവും, അനുഭവവും രൂപപ്പെടുത്തുന്ന ഒരു കേന്ദ്രബിന്ദു ഇന്ദ്രിയഗോചരമായ തന്റെ ചുറ്റുപാടുകളിൽ ഉണ്ടായിരിക്കണം. മറ്റ് എല്ലാ കാര്യങ്ങളിലുമെന്ന പോലെ ആത്മീയവളർച്ചയും ആ ബിന്ദുവിൽ കേന്ദ്രീകരിച്ചുകൊണ്ടാണ് കുഞ്ഞ് സ്വായത്തമാക്കുന്നത്. സുരക്ഷിതത്വം എന്തെന്ന് വാക്കുകളിലും ആശയങ്ങളിലും കൂടി മനസ്സിലാക്കുന്നതിന് എത്രയോ മുമ്പ്, കൊച്ചുകുഞ്ഞ് അത് തന്റെ അമ്മയുടെ മാറിൽ നിന്നനുഭവിച്ചുകഴിഞ്ഞു. സ്നേഹം, കരുതൽ, വിശ്വാസം, സുരക്ഷിതത്വബോധം തുടങ്ങി അനേകം കാര്യങ്ങൾ കുഞ്ഞ് മനസ്സിലാക്കിത്തുടങ്ങുന്നത്, മാതാപിതാക്കളിൽ നിന്ന് നേരിട്ടുള്ള അനുഭവത്തിൽ നിന്നാണ്. ഇത് ആത്മീയകാര്യത്തിലും ഒരുപോലെ ബാധകമാണ്. മാതാപിതാക്കളുടെ സ്നേഹം ഏറ്റുവാങ്ങാനാവാത്ത കുഞ്ഞ്, ദൈവസ്നേഹത്തെക്കുറിച്ച് പിൽക്കാലങ്ങളിൽ വളരെ പഠിക്കാൻ ഇടയായാലും, അനുഭവത്തിലെ അപൂർണ്ണത

എപ്പോഴും അവനെ പ്രതികൂലമായി ബാധിച്ചിരിക്കും. വെറുതെയല്ല ഒരു കാലത്ത് ക്രൈസ്തവരാഷ്ട്രങ്ങളായി അറിയപ്പെട്ടിരുന്ന പാശ്ചാത്യ നാടുകളിൽ ദൈവത്തെ വേണ്ടാത്ത ഒരു തലമുറ കഴിഞ്ഞ ദശകങ്ങളിൽ ഉണ്ടായി വന്നത്. നിരുപാധികമായ സ്നേഹം, പെറ്റമ്മയിൽ നിന്നും, പിതാവിൽ നിന്നും രുചിച്ചറിയാനാവാത്തവർ, ദൈവസ്നേഹത്തെ ഉൾക്കൊള്ളാനുള്ള കഴിവ് ജന്മനാ നഷ്ടപ്പെടുത്തിയെങ്കിൽ അത്ഭുതത്തിനവകാശമില്ല. ഈ സത്യം നമ്മുടെ കുടുംബങ്ങളിലെ മാതാപിതാക്കളുടെയും കണ്ണുതുറപ്പിക്കുമെന്ന് പ്രത്യാശിക്കാം.

**ചോദ്യങ്ങൾ**

1. ശിശുപരിപാലനത്തിൽ ക്രൈസ്തവ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
2. കുടുംബത്തിലെ ആത്മീകാന്തരീക്ഷവും മാതാപിതാക്കളുടെ സംഭാഷണശൈലിയും തമ്മിൽ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
3. കുഞ്ഞുങ്ങളുടെ വ്യക്തിത്വവളർച്ചക്ക് വിമർശനത്തേക്കാൾ പ്രോത്സാഹനമാണാവശ്യം എന്നു പറയുന്നതെന്തുകൊണ്ട്?

## പാഠം 3

# മാറ്റങ്ങളുടെ ലോകത്തിൽ മാറ്റമില്ലാത്ത സ്ത്രീധനസമ്പ്രദായം

❑ വേദശാസ്ത്രപരമായ അടിസ്ഥാനമില്ല ❑ ക്രിസ്തീയ സഭകളുടെ പരോക്ഷമായ പ്രോൽസാഹനം ❑ നിലവിലുള്ള സമ്പദ്ഘടനയുടെ സൃഷ്ടി ❑ ക്രിസ്തീയവിശ്വാസം മൂലമുള്ള മൂല്യസംസ്ക്കരണം ❑ മൂല്യസംസ്ക്കരണത്തിൽ സഭയുടെ ധർമ്മം

**ആമുഖം**

മാറ്റങ്ങൾ മാത്രം യാഥാർത്ഥ്യമായിരിക്കുന്ന ലോകത്തിൽ മാറ്റപ്പെടാതെ നിലകൊള്ളുന്ന ചില സംവിധാനങ്ങളുണ്ട്. അവകൾ മാറ്റപ്പെടേണ്ടതു തന്നെയാണെന്നുള്ള ഉറച്ച ആക്രോശങ്ങൾക്കിടയിൽ തന്നെ അതുകൾ സുരക്ഷിതമായി നിലകൊള്ളുന്നു എന്നു മാത്രമല്ല സമൂഹമദ്ധ്യത്തിൽ ഏറെ ആഴത്തിൽ വേരുറപ്പിച്ചിരിക്കുന്നു എന്നത് ഒരു വിരോധാഭാസമായി തന്നെ തോന്നാം. അതിലൊന്നാണ് സ്ത്രീധന സമ്പ്രദായം. സാമൂഹ്യ,

സാംസ്ക്കാരിക, സാമ്പത്തിക ചുറ്റുപാടും അതിൽ തന്നെ സാമ്പത്തിക മെന്ന ഘടകവുമാണ് ക്രിസ്തീയ മൂല്യങ്ങളേക്കാൾ അധികം ഇന്നത്തെ കുടുംബസംവിധാനത്തെ സ്വാധീനിച്ചിരിക്കുന്നത് എന്ന ചിന്ത ഭംഗ്യന്ത രേണ മറ്റു പല സന്ദർഭങ്ങളിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിന്റെ ഉത്തമ ഉദാഹരണമാണ് സ്ത്രീധനമെന്ന സമ്പ്രദായം. എത്ര ദൈവഭയമുള്ള കുടും ബങ്ങളായാലും വിവാഹബന്ധത്തിന് 'സമ്പത്ത്' ഏറ്റം പ്രധാന മാന ദണ്ഡമായിരിക്കുന്നതിൽ യാതൊരപാകതയും ദർശിക്കാത്തത്, ക്രിസ്തീയ വിശ്വാസവും മൂല്യബോധവും നമ്മിൽ ചെലുത്തിയിട്ടുള്ള സ്വാധീനം തുലോം പരിമിതമാണെന്നല്ലേ വിളിച്ചറിയിക്കുന്നത്? സമ്പദ്ഘടനയും, സാംസ്ക്കാരിക മൂല്യങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ഈ വിഷയ ത്തെപ്പറ്റി ആഴത്തിലുള്ള വിശകലനങ്ങളിലേക്കു കടക്കാതെ ഉപരിപ്ലവ മായി മാത്രം കുറെ ചിന്തകൾ ഇവിടെ കുറിക്കാം. കൂട്ടത്തിൽ പറയട്ടെ, 'സ്ത്രീധന' മെന്ന ഇവിടുത്തെ പരാമർശം ഇഷ്ടപ്പെടാത്ത കുറച്ചുപേരെ ങ്കിലും കാണുമായിരിക്കും. എന്തുകൊണ്ടെന്നാൽ നിയമം മൂലം അതു കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതിനെ നിരോധിച്ചിരിക്കയാണല്ലോ. തൂമ്പായെ തൂമ്പായെന്നു തന്നെ വിളിക്കുക (Call a spade a spade) എന്ന പ്രമാണമനുസരിച്ച്, നിയമം എന്തനുശാസിച്ചാലും നിലവിലുള്ള യാഥാർത്ഥ്യം പരിഗണിക്കുമ്പോൾ ആ വാക്കു തന്നെ ഉപയോഗിക്കുന്ന താണ് ആശയവിനിമയത്തിനു സൗകര്യപ്രദം. വളരെ എളുപ്പത്തിൽ എത്തി ച്ചേരാവുന്ന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

### 1. സ്ത്രീധന സമ്പ്രദായത്തിന് വേദപുസ്തകപരമായോ വേദ ശാസ്ത്രപരമായോ അടിസ്ഥാനം ഒന്നുമില്ല

വളരെ വിസ്തൃതമായി കിടക്കുന്ന വേദപുസ്തക വ്യാഖ്യാന - വേദ ശാസ്ത്ര വിചിന്തന പാരാവാരത്തിൽ മുങ്ങിത്തപ്പിയാൽ ഒരിടത്തും സ്ത്രീധ നത്തെപ്പറ്റിയുള്ള പരാമർശം കാണുകയില്ല. പുരുഷമേധാവിത്വമുള്ള യഹൂദ പാരമ്പര്യത്തിൽ പോലും സ്ത്രീയെ നേടുവാൻ വേണ്ടി അങ്ങോട്ടു വല്ലതും ചെയ്തിട്ടുള്ളതായേ കാണുന്നുള്ളൂ. ഇസഹാക്കിന് ഭാര്യയെ അന്വേഷിച്ചു പോയ അബ്രഹാമിന്റെ ദൂതൻ, റിബേക്കാക്ക്, 'അര ശേക്കൽ തൂക്കമുള്ള ഒരു പൊൻമൂക്കൂത്തിയും, അവളുടെ കൈക്കിടുവാൻ പത്തു ശേക്കൽ തൂക്ക മുള്ള രണ്ടു പൊൻവളയും കൊടുത്തു' എന്നു നാം വായിക്കുന്നു (ഉല്പ. 24: 22: & 30). ഏഴേഴു വർഷങ്ങൾ വീതം ലാബാന്റെ ആടുകളെ മേയിച്ച തിനു ശേഷം യാക്കോബ് ലേയയേയും, റാഹേലിനേയും വിവാഹം കഴി ച്ചതും, അതെ പ്രക്രിയ തന്നെ അനുവർത്തിച്ച് മോശ യിത്രോവിന്റെ മകൾ സിപ്പോറയെ വിവാഹം കഴിച്ചതുമൊക്കെ പരിഗണിക്കുമ്പോൾ ഭാര്യാ സമ്പാദനത്തിനു വേണ്ടി അങ്ങോട്ടു വല്ലതും ചെയ്തുകൊടുക്കുന്ന പാര മ്പര്യമാണ് പഴയനിയമത്തിൽ നാം ദർശിക്കുന്നത്. പുതിയനിയമത്തിൽ

വിവാഹബന്ധങ്ങൾക്കു വേണ്ടിയുള്ള കൊടുക്കൽ വാങ്ങലിനെപ്പറ്റി യാതൊരു പരാമർശനവും നടത്തുന്നതേയില്ല. സഭാപാരമ്പര്യങ്ങളിലും ഇതിന് യാതൊരടിസ്ഥാനവും കണ്ടെത്താൻ സാധിച്ചിട്ടില്ല. പാരമ്പര്യങ്ങളിലെ മൂല്യങ്ങൾ മുറുക്കെപ്പിടിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്ന സഭ, പാരമ്പര്യങ്ങളില്ലാത്ത, ക്രൈസ്തവ പൈതൃകത്തിന് അന്യമായതിനെ തിരസ്ക്കരിക്കണമെന്നുള്ള ശക്തമായ പ്രബോധനം വേണ്ടവിധത്തിൽ നൽകിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഭാരതത്തിലെയും കേരളത്തിലെയും പുരോഗമനപ്രസ്ഥാനങ്ങൾ സ്ത്രീധന സമ്പ്രദായത്തിനെതിരെ ശക്തമായി പ്രതികരിക്കാൻ തുടങ്ങിയിട്ടും കേരളത്തിലെ ക്രൈസ്തവസഭകൾ ഇപ്പോഴും വേണ്ട ഗൗരവത്തിൽ അതിനെ നിരുൽസാഹപ്പെടുത്തിയിട്ടില്ല. അതിന്റെ കാരണം നാം അന്വേഷിച്ചുചെല്ലുമ്പോൾ നാം നേരിടുവാൻ മടിക്കുന്ന മറ്റൊരു യാഥാർത്ഥ്യത്തിലേക്കാണ് ചെന്നുചേരുന്നത്.

### 2. പരോക്ഷമായെങ്കിലും ക്രിസ്തീയസഭകൾ സ്ത്രീധനസമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചിരുന്നു

ഇതു തുറന്ന് സമ്മതിക്കുവാൻ നമുക്ക് മടിയാണെങ്കിലും നമ്മുടെ പള്ളികളിലെ ഏറ്റം പ്രധാനമായ ധനാഗമമാർഗ്ഗം വിവാഹത്തോടനുബന്ധിച്ച് നിർബന്ധമായി നാം ഈടാക്കിയിരുന്ന വരുമാനമാണെന്നുള്ളത് നിഷേധിക്കുവാൻ നമുക്ക് സാധിക്കുമോ? പരോക്ഷമായെങ്കിലും ഈ സമ്പ്രദായത്തെ അംഗീകരിക്കുകയും അതിനെ സാധൂകരിക്കുകയും ചെയ്യുക എന്നതല്ലേ ഈ നടപടികളുടെ അർത്ഥം. കൊള്ളമുതലിന്റെ പങ്ക് സ്വീകരിക്കുന്നത് പാപമാണെങ്കിൽ അനീതിയുള്ള ഒരു വ്യവസ്ഥിതിയുടെ ഭാഗമായിത്തീർന്നിരിക്കുന്ന ഈ സമ്പ്രദായത്തെ മറ പിടിച്ച് അതിന്റെ പേരിൽ സംഭാവനകൾ നിർബന്ധമായി പിരിക്കുന്നതും പാപമല്ലേ? ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നു. ഈ സമ്പ്രദായം അനീതിപരമെന്ന് എങ്ങനെ സ്ഥാപിക്കാം എന്നുള്ള ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. കുടുംബത്തെക്കുറിച്ച് വേദപുസ്തകത്തിലും, സഭാപാരമ്പര്യങ്ങളിലും രൂപംകൊണ്ട എല്ലാ ചിന്തകളിലും സ്ത്രീധന സമ്പ്രദായത്തിന് യാതൊരു അടിസ്ഥാനവും ഇല്ല എന്നതാണ്, ഇത് അനീതിപരമാണെന്ന് സ്ഥാപിക്കുന്നതിന്റെ പ്രധാന അടിസ്ഥാനം. എങ്കിൽ ഇതെങ്ങനെ രൂപം കൊണ്ടു എന്നതായിരിക്കാം അടുത്ത ചോദ്യം. അതിന്റെ മറുപടിയിലേക്കു കടക്കാം.

### 3. നിലവിലുള്ള സമ്പദ്ഘടനയുടെ സൃഷ്ടിയാണ് സ്ത്രീധന സമ്പ്രദായം

നമ്മുടെ സമൂഹം കടന്നുവന്ന ഫ്യൂഡൽ, മുതലാളിത്ത സമ്പദ്ഘടനയിൽ എപ്പോഴും സ്ത്രീക്കു രണ്ടാം സ്ഥാനമേ നൽകിയിരുന്നുള്ളൂ. ആ സമൂഹത്തിൽ സ്ത്രീ എപ്പോഴും, പുരുഷന്റെ സ്വകാര്യസ്വത്തും,

സംരക്ഷിക്കപ്പെടേണ്ട വസ്തുക്കളിൽപ്പെട്ട ഒരു 'സാധനവു'മായിരുന്നു. സ്ത്രീയെ സംരക്ഷിക്കുന്നതിന് അവന് നൽകിവന്ന പ്രതിഫലമാണ് കാലാന്തരത്തിൽ സ്ത്രീധനമെന്ന പേരിൽ രൂപാന്തരപ്പെട്ടത്. ഈ സമ്പദ്ഘടനയ്ക്ക് സമൂഹത്തിന്റെ മേലുള്ള സ്വാധീനത്തിന് ഉടവു തട്ടുമ്പോഴെ, ആത്യന്തികമായി ഈ സമ്പ്രദായവും കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് മാറ്റങ്ങൾക്കു വിധേയമാവുകയുള്ളു. സമ്പദ്ഘടനയിലുള്ള ഒരു പൊളിച്ചെഴുത്താണ് ആത്യന്തിക പരിഹാരമാർഗ്ഗം. ഈ നിലപാടിനോടു യോജിക്കാത്തവർ കാണും. എന്നാൽ നിയമം മൂലം നിരോധിക്കപ്പെട്ടു എന്നു മാത്രമല്ല ക്രിമിനൽക്കുറ്റമായി കരുതപ്പെട്ടിട്ടു കൂടി ഈ സമ്പ്രദായം എത്ര ശക്തമായി ഇന്നും സമൂഹമദ്ധ്യേ, നിയമത്തെ പല്ലിളിച്ചുകാട്ടി എന്തുകൊണ്ട് നിലനിൽക്കുന്നു എന്ന് ശാന്തമായി അവർ ചിന്തിക്കുക, അപ്പോൾ ഒരു കാര്യം വ്യക്തമാകും. സ്വകാര്യസ്വത്ത് നിലനിർത്താനും, സമ്പത്ത് പരിധിയില്ലാതെ കുന്നുകൂട്ടിവയ്ക്കാനുള്ള അവകാശവും അത് സ്വന്തം മക്കൾക്കു മാത്രമായി പങ്കുവെയ്ക്കാനുള്ള സ്വാതന്ത്ര്യവും ഭരണഘടനാനുസൃതമായി ഉറപ്പുനൽകിയിട്ടുള്ള നമ്മുടെ രാജ്യത്ത് സ്ത്രീധനമെന്നത്, അവകാശധനമായി മാറുമെന്നതൊഴിച്ചാൽ, വലിയ പ്രയോജനമുണ്ടാകയില്ലെന്ന് സാമൂഹ്യയാഥാർത്ഥ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. പെൺമക്കൾക്ക്, അപ്പന്റെ സ്വത്തിൽ തുല്യ അവകാശമുണ്ടെന്ന് സ്ഥാപിച്ചതോടുകൂടി സമ്പന്നവിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് പ്രയോജനമുണ്ടാകാം. സ്ത്രീപുരുഷ സമത്വം നിയമപരമായി അംഗീകരിക്കപ്പെട്ടു എന്നാശ്വസിക്കുകയും ചെയ്യാം. 'കോരന് പിന്നെയും കുമ്പിളിൽ കഞ്ഞി' എന്നു പറഞ്ഞതുപോലെ സ്ത്രീധനസമ്പ്രദായം എന്നും ബുദ്ധിമുട്ടുണ്ടാക്കിയിട്ടുള്ള ഇടത്തരക്കാർക്കും, പാവപ്പെട്ടവർക്കും ഇതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടാവാൻ പോകുന്നില്ല. സമ്പദ്ഘടനയിലുള്ള മാറ്റവും, സ്ത്രീയുടെയും പുരുഷന്റെയും നിലയും വിലയും ഒരുപോലെ അംഗീകരിക്കപ്പെടുന്ന ഉയർന്ന സാംസ്കാരിക മൂല്യവും ഉരുത്തിരിഞ്ഞു വരുന്ന ഘട്ടത്തിലേ ഈ വ്യവസ്ഥിതിയുടെ ദൂഷ്യഫലങ്ങൾ മുഴുവനായി പരിഹരിക്കാനാവൂ. സമ്പദ്ഘടനയെ മാത്രം അടിസ്ഥാനപ്പെടുത്തി, സ്ത്രീകൾ സാമ്പത്തിക സ്വാതന്ത്ര്യം നേടിയാൽ ഈ വ്യവസ്ഥിതിയുടെ ദൂഷ്യഫലങ്ങൾ ഇല്ലാതായിക്കൊള്ളും എന്നു വാദിക്കുന്നവർ കണ്ടേക്കാം. ഇപ്പോൾ തന്നെ ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് വിവാഹക്കമ്പോളത്തിൽ കൂടുതൽ നിലയും വിലയും ഉണ്ടായിത്തുടങ്ങിയിട്ടുണ്ടല്ലോ. ഈ മാറ്റത്തിന്റെ പിന്നിലും, സ്ത്രീയിൽ കൂടി ലഭ്യമാകുന്ന സമ്പത്തിനോടുള്ള ആകർഷണം പ്രധാനമായിരിക്കുന്നു എന്ന യാഥാർത്ഥ്യം കണക്കിലെടുക്കുമ്പോൾ സമൂഹത്തിന്റെ മൂല്യബോധത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല എന്നു ദർശിക്കുവാൻ ഒട്ടുമേ വിഷമമില്ല. ഒരുമിച്ചു കിട്ടുന്ന ഒരു തുകയ്ക്കു പകരം മാസാമാസം ശമ്പളവും, ഇൻക്രിമെന്റും ആനുകൂല്യങ്ങളും, പെൻഷനും

എല്ലാം കണക്കു കൂട്ടുമ്പോൾ വളരെ കൂടുതൽ ലാഭം. ധനത്തിന്റെ ക്രയ വിക്രയ രീതിക്കു മാറ്റം വന്നു എന്നല്ലാതെ അടിസ്ഥാനപരമായ വ്യതിയാനം ഒന്നും ഈ പ്രക്രിയയിലും സംഭവിച്ചിട്ടില്ല. അതുകൊണ്ടാണ് സ്ത്രീയെയും, പുരുഷനേയും, അവർ ആർജ്ജിച്ചിരിക്കുന്ന സമ്പത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്താതെ, അവരുടെ വ്യക്തിത്വങ്ങളെ മാനിക്കുന്ന സാംസ്ക്കാരികമൂല്യം കൂടി കൈവരിക്കണമെന്ന് പ്രത്യേകം എടുത്ത് സൂചിപ്പിച്ചത്.

മുകളിൽ പറഞ്ഞ കാര്യത്തിന് വേറെയും ചില സാംഗത്യങ്ങളുണ്ട്. വിവാഹബന്ധങ്ങൾക്ക് സമ്പത്ത് പ്രധാന ഘടകമായിരിക്കുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ അതിന്റെ ദൂഷ്യഫലങ്ങൾ സ്ത്രീകളെ മാത്രമല്ല ബാധിക്കുന്നത്. സമ്പത്തില്ലാത്ത പുരുഷന്മാർക്കും ഇതു പ്രതികൂലമായി ബാധിക്കും. പുരുഷമേധാവിത്വത്തിന് അനുകൂലമായ സാമൂഹ്യപശ്ചാത്തലമായതു കൊണ്ട് അവന്റെ അവശതകൾ സ്ത്രീയുടേതിനോടു തുല്യമായി ആരും ഗണിക്കുന്നില്ല എന്നേയുള്ളൂ. സ്ഥായിയായി വരുമാനമില്ലാത്തതിന്റെ പേരിൽ വിവാഹം കഴിക്കാൻ ധൈര്യപ്പെടാത്തവരും അങ്ങനെയുള്ളവർക്കു പെണ്ണിനെ കൊടുക്കുവാൻ മടിക്കുന്നവരും നമ്മുടെ സമൂഹത്തിൽ അനവധിയുണ്ട്. സമ്പദ്ഘടന മാത്രമാണ് ഈ കുഴപ്പങ്ങൾക്കു കാരണമെങ്കിൽ സമ്പത്തില്ലാത്ത സ്ത്രീയും പുരുഷനും ഒരുപോലെ ഇവിടെ അവശത അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതല്ലേ? അതിൽ സ്ത്രീയെ മാത്രം എന്തുകൊണ്ട് വളരെ അവശത അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു? അതിനുത്തരമാണ് നാം മുകളിൽ ദർശിച്ചത്. അനീതിയായ സമ്പദ്ഘടനയോടൊപ്പം, സ്ത്രീക്കെതിരായി വിവേചനം കല്പിച്ചിരിക്കുന്ന സാംസ്കാരിക മൂല്യങ്ങളും അവരുടെ നിലയെ കൂടുതൽ വഷളാക്കിയിരിക്കുന്നു എന്നതാണ് പരമാർത്ഥം. പൂർണ്ണമായും സ്ഥിതിസമത്വവാദികളായിട്ടുള്ളവർ ഈ നിലപാട് അംഗീകരിക്കാൻ സാദ്ധ്യതയില്ല. സാംസ്കാരികമൂല്യങ്ങളും, സമ്പദ്ഘടനയുടെ മാത്രം സൃഷ്ടിയാണെന്ന് അവർ എപ്പോഴും വാദിക്കും. കാൾ മാർക്സിന്റെ വീക്ഷണത്തിൽ സമൂഹത്തിന്റെ എല്ലാ ഘടകങ്ങളെയും നിയന്ത്രിക്കുന്നത് സമ്പത്താണ്. Economic Determination of Society എന്ന സിദ്ധാന്തം ആക്ഷരീകമായി അംഗീകരിക്കുന്നതിൽ നിന്നാണ് ഈ ചിന്താഗതി ഉടലെടുക്കുന്നത്. എന്നാൽ ലോകചരിത്രവും, മാർക്സിസത്തിന്റെയും തന്നെ വളർച്ചയിലുള്ള വ്യതിയാനങ്ങളും, ഈ വസ്തുത അംഗീകരിക്കുന്നില്ല എന്നു വിളിച്ചറിയിക്കുന്നുണ്ട്. നൂറ്റാണ്ടുകളായി ഒരു ജനതയുടെ സംസ്കാരത്തിൽ ലയിച്ചുചേർന്ന മൂല്യങ്ങളെ അപ്പാടെ നിർമാർജ്ജനം ചെയ്യുവാൻ മാറിവരുന്ന സമ്പദ്ഘടനകൾക്കു സാദ്ധ്യമല്ല എന്ന് മാർക്സിസം പരീക്ഷണ വിധേയമാക്കിയ സോവിയറ്റു റഷ്യയിലേയും ചൈനയിലേയും സംഭവങ്ങൾ

അടിക്കടി തെളിയിച്ചു തരുന്നു. മുതലാളിത്തത്തിന്റെ സൃഷ്ടിയായ ദൈവങ്ങളും മതങ്ങളും, വ്യവസ്ഥിതിയുടെ മാറ്റത്തിൽ ഇല്ലാതെയായിക്കൊള്ളും എന്നു വിചാരിച്ചെങ്കിലും സംഭവിച്ചത് അങ്ങനെയല്ല. മാറുന്ന സമ്പദ്ഘടനയിലും ജനതയുടെ സാംസ്കാരിക മൂല്യങ്ങൾ നല്ല ഒരു പങ്കും നശിക്കാതെ നിലകൊള്ളും എന്നു ചൂണ്ടിക്കാട്ടുവാൻ ഇതു കൂടാതെ മറ്റു പലതുമുണ്ട്. തൽക്കാലം അതിലേക്കു കടക്കുന്നില്ല.

## 4. ക്രിസ്തീയ വിശ്വാസം നിലവിലുള്ള മൂല്യങ്ങളെ സംസ്കരിക്കണം

സമ്പദ്ഘടനയ്ക്കും സാംസ്കാരിക മുല്യങ്ങൾക്കും സമൂഹത്തിൽ വ്യത്യസ്തമായ സ്വാധീനമുണ്ടെന്ന് ഉറപ്പിക്കാൻ ഇവിടെ പ്രത്യേകമായ ഒരു കാരണമുണ്ട്. അതായത് രാഷ്ട്രത്തിന്റെ ശക്തമായ നിയമങ്ങളെയും, സമ്പദ്ഘടനകളുടെ ഇരുമ്പുവേലിക്കെട്ടുകളേയും മാറ്റിമറിക്കാൻ വൻപിച്ച ബഹുജന മുന്നേറ്റങ്ങളും, അതേത്തുടർന്നുള്ള ഭരണമാറ്റവും ഒക്കെ അനിവാര്യമാണ്. അത്തരത്തിലുള്ള ഒരു പ്രക്രിയ ഏറ്റെടുക്കുവാൻ ഭാരതത്തിലെ ക്രിസ്തീയസഭകൾക്കൊന്നും പ്രാപ്തിയില്ല. എന്നാൽ ആ മാറ്റത്തെ സഹായിക്കുവാനും പ്രോൽസാഹിപ്പിക്കുവാനും ഒരു പരിധി വരെ സഭകൾക്കു കഴിഞ്ഞിരിക്കണം. ആ പ്രക്രിയയോടൊപ്പം സഭയ്ക്ക് എളുപ്പം ചെയ്യാവുന്ന കാര്യം വിശ്വാസികളുടെ മൂല്യബോധത്തെ ഒരു ക്രൈസ്തവ നിലവാരത്തിലേക്കെത്തിക്കുവാൻ പരിശ്രമിക്കുക എന്നതാണ്. എന്തുകൊണ്ടെന്നാൽ അടിച്ചമർത്തപ്പെട്ട വ്യവസ്ഥിതികൾക്കുള്ളിൽപ്പോലും വ്യക്തികൾക്കും, കുടുംബങ്ങൾക്കും, ഇടവകകൾക്കും ചെയ്യാവുന്ന അനേകം നന്മകളുണ്ട്. അത് ഉയർത്തിപ്പിടിച്ചുകൊണ്ടു വേണം സമ്പദ്ഘടന, രാഷ്ട്രം ഇവയുടെ പുനർനിർമ്മാണത്തിൽ പങ്കുചേരാൻ. ഒരു ഉദാഹരണത്തിൽ നിന്ന് ഇത് വ്യക്തമാക്കാമെന്നു തോന്നുന്നു. സ്ത്രീധനസമ്പ്രദായം തന്നെയെടുക്കാം. ഇടത്തരക്കാരെയും ഇതു വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടല്ലോ. എന്നാൽ അതിന്റെ ഒരു കാരണം മൂല്യനിർണ്ണയത്തിൽ അവർക്കു വന്ന പാകപ്പിഴയാണെന്നു കാണാം. ഉണ്ണാനും ഉടുക്കാനും വകയില്ലാത്തവരല്ല ഇവിടുത്തെ ഇടത്തരക്കാർ. അര ലക്ഷം മുതൽ ഒന്നും രണ്ടും ലക്ഷം വരെ അവകാശധനം കൊടുക്കുന്നവർ ഈ കൂട്ടത്തിൽ കാണും. 5 ലക്ഷം കിട്ടണമെന്ന് അവകാശവാദമുന്നയിക്കുന്ന വിഭാഗവുമായി ബന്ധം പിടിക്കണമെന്ന് ഇവർ നിർബന്ധം പുലർത്തുമ്പോഴാണ് സ്ത്രീധനക്കാര്യം ഈ കൂട്ടർക്കു വലിയ പ്രശ്നമായിട്ടനുഭവപ്പെടുന്നത്. നേരെമറിച്ച് സ്വഭാവഗുണവും സാമാന്യം ജീവിക്കുവാൻ സൗകര്യവും ഒത്തിണങ്ങിയ സാധാരണക്കാരുമായിട്ടുള്ള ബന്ധത്തിന് ഈ കൂട്ടർ മനസ്സുവെച്ചാൽ തങ്ങൾക്ക് ഉള്ളതുകൊണ്ട് എല്ലാം സംതൃപ്തമായി ചെയ്യുവാൻ സാധിക്കും. കടം വാങ്ങിയും വിറ്റും, കടപ്പെടുത്തിയും ആവശ്യമില്ലാത്ത ദുരഭിമാനത്തിന്റെ

പേരിൽ തങ്ങളുടെ സാഹചര്യങ്ങളിൽ ഒതുങ്ങാത്തതിനെ കൂട്ടുപിടിക്കാൻ ശ്രമിച്ചാൽ കൂടുതൽ വൈഷമ്യങ്ങൾ ഉണ്ടാകാനാണ് സാധ്യത. വളരെ ഗൗരവമായി കണ്ട പ്രശ്നത്തെ ലാഘവമായ ഒരു പരിഹാര നിർദ്ദേശത്തിൽ ഒതുക്കി എന്നാരും ചിന്തിക്കരുത്. അനീതിയുള്ള ഘടനകൾ നിലവിലുള്ളപ്പോഴും വിശ്വാസികൾ അവരുടെ കുടുംബജീവിതത്തിൽ ക്രൈസ്തവമൂല്യങ്ങൾ കടത്തിവിടാൻ ശ്രമിച്ചാൽ ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ആ വഴിക്ക് സാധിക്കും എന്നു ചൂണ്ടിക്കാട്ടുകയായിരുന്നു. അതിനെ സഹായിക്കുവാനുള്ള കർമ്മപരിപാടികളാണ് സഭയും, സമൂഹവും, ആവിഷ്കരിക്കേണ്ടത്. സ്ത്രീധന സമ്പ്രദായം ആരു വിചാരിച്ചാലും ഒരു ദിവസം കൊണ്ട് നിൽക്കാൻ പോകുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്ന സാമൂഹ്യവിശകലനത്തിന്റെ വെളിച്ചത്തിൽ, ശക്തമായ പ്രബോധനം നൽകുവാൻ സഭയ്ക്കു സാധിക്കണം. അവ ചുവടെ ചേർക്കുന്നു.

### 5. മൂല്യസംസ്കരണത്തിൽ സഭയുടെ ധർമ്മം

1. സ്ത്രീധന സമ്പ്രദായത്തിന് ആത്മീകമായ അടിത്തറ ഒന്നും ഇല്ലെന്ന് വിശ്വാസികളെ ശക്തിയായി പഠിപ്പിക്കണം.

2. വിവാഹത്തിന്, സമ്പത്ത് ഏറ്റവും അടിസ്ഥാന മാനദണ്ഡമായി സ്വീകരിക്കുന്നത് ക്രൈസ്തവ മൂല്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന ബോധം വിശ്വാസികളിൽ ജനിപ്പിക്കണം.

3. സമ്പത്താർജ്ജിക്കുന്നത് ആത്മീകവളർച്ചയുടെ അടയാളമാണെന്നും, കുടുംബജീവിതത്തിന്റെ സന്തുഷ്ടി കൂട്ടിവെക്കുന്ന സമ്പത്തിന് മേലാണെന്നുള്ള ഇപ്പോഴത്തെ തെറ്റായ ചിന്താഗതി തിരുത്തപ്പെടുവാൻ തക്കവണ്ണം ശക്തമായ പ്രബോധനങ്ങൾ നൽകണം. പുതിയനിയമത്തിൽ സമ്പത്ത് വാഗ്ദാനം ചെയ്തത് കർത്താവോ, അപ്പോസ്തോലന്മാരോ ആരുമല്ല പിശാച് മാത്രമാണെന്നുള്ള സത്യം ഓർക്കുക. പിശാച് കർത്താവിനോടു "വീണു എന്നെ നമസ്ക്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്ന് അവനോടു പറഞ്ഞു" (മത്തായി 4:9). പിശാചല്ലാതെ ആരും ഈ ഉറപ്പ് പുതിയനിയമത്തിൽ നൽകിയിട്ടില്ല. തന്നെയുമല്ല സമ്പത്തുകൊണ്ട് കുടുംബജീവിതത്തിന്റെ സന്തുഷ്ടി ഉറപ്പുവരുത്താനാവുകയില്ല എന്ന് പാശ്ചാത്യരുടെ ഇപ്പോഴത്തെ സാമൂഹ്യജീവിത നിലവാരം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു.

4. വിവാഹബന്ധത്തിന്റെ പേരിലുള്ള കൊടുക്കൽ വാങ്ങലിനെ പരോക്ഷമായി അംഗീകരിക്കുന്ന ഇടവകകളിലെ രീതി അതായത് വിവാഹവരുമാനം നിർത്തൽ ചെയ്യുക. സുപ്രീംകോടതിവിധി യഥാർത്ഥത്തിൽ കൂടുതൽ പ്രയാസമുണ്ടാക്കിയത് ഇടവകകളെയാണെന്ന് വിലപിക്കുമ്പോൾ

നല്ലതല്ലാത്ത ഈ വ്യവസ്ഥിതി തുടർന്നുപോകണമായിരുന്നു എന്നു തന്നെ യല്ലേ ഉള്ളിൽ പറയുന്നത്? സഭയുടെയും, ഇടവകകളുടെയും ക്രിസ്തീയ സാക്ഷ്യ നിർവഹണത്തിൽ ഈ നിർബന്ധിത വരുമാനം പല തടസങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ഉടനെ നിർത്തലാക്കണമെന്ന് ഈ പറഞ്ഞതിനർത്ഥമില്ല. ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് അത് ഇല്ലാതെയാകത്തക്കവണ്ണം ഇപ്പോഴെ പരിപാടികൾ ആവിഷ്ക്കരിക്കണം. മാസവരി, സ്വമേധയാ ദാനം, ദശാംശം ഇവ നൽകാൻ വിശ്വാസികളെ പ്രേരിപ്പിച്ചാൽ കാലക്രമേണ ഈ നിർബ ന്ധിത വിവാഹവരുമാനം വേണ്ടെന്നു വെക്കാം. സ്ത്രീധന സമ്പ്രദായം നിന്നാലും ഇല്ലെങ്കിലും അക്രൈസ്തവമായ വിലപേശലിൽ സഭക്കും, ഇട വകക്കും യാതൊരു പങ്കും ഇല്ല എന്ന് ധൈര്യമായി പ്രഘോഷിക്കുവാൻ സഭക്കു സാധിക്കുമല്ലോ. വിവാഹത്തെ സംബന്ധിച്ച് സഭയുടെ നിയമ ങ്ങൾ (കുറി തുടങ്ങിയ കാര്യങ്ങളിൽ) വിശ്വാസികളിൽ ഉണ്ടാക്കുന്ന പ്രയാ സങ്ങൾ കുറച്ചൊന്നുമല്ല. കുടുംബബന്ധങ്ങളിൽ പോലും ഇതു വലിയ ഉലച്ചിൽ ഉണ്ടാക്കാറുണ്ട്. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ വ്യാപ്തി ഭൂഗോളം മുഴുവനായി വികസിക്കുമ്പോൾ പ്രാദേശികതലത്തിൽ അത് ചുരു ങ്ങിപ്പോകുന്നു എന്നത് വിരോധാഭാസമെങ്കിലും യാഥാർത്ഥ്യം തന്നെ. ഏതായാലും നിർബന്ധിത വരുമാനം വാങ്ങാത്ത അവസ്ഥയിൽ സഭയുടെ നിയമങ്ങൾ അർത്ഥവത്തായി വിശ്വാസികൾക്ക് വിശദീകരിച്ചു കൊടുക്കു വാൻ കുറെക്കൂടി സാവകാശം ലഭിക്കുന്നു. ചുമതലക്കാർ എന്തു വിശദീ കരണം നൽകിയാലും 'പണം വേണം. കുറി തരികയില്ല' എന്ന പ്രമാണ ത്തിന്റെ പൊരുൾ ബഹുഭൂരിപക്ഷം വരുന്ന വിശ്വാസികൾക്ക് ഇന്നും മന സ്സിലായിട്ടില്ല.

5. മറ്റു സാഹചര്യങ്ങൾ എല്ലാം ഇഷ്ടമായ സ്ഥിതിക്ക് സ്വത്തിന്റെ പേരിൽ മാത്രം വിവാഹം നടക്കാതെ പോകരുത് എന്നു തീരുമാനിക്കാ നുള്ള ക്രിസ്തീയമൂല്യം വിശ്വാസികൾ ആർജ്ജിച്ചിരിക്കണം.

6. ജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങൾ സ്വയം നിർവഹിക്കാൻ പ്രാപ്തിയുള്ള ആദർശസമ്പന്നരും ക്രിസ്തീയസാക്ഷ്യവുമുള്ള യുവതീ – യുവാക്കൾ സ്വത്തിനെ അഗണ്യകോടിയിലേക്കു തള്ളിമാറ്റി പങ്കാളികളെ സ്വീകരിപ്പാൻ തയ്യാറാകണം.

7. അവസാനത്തേതെങ്കിലും ഒട്ടും അപ്രധാനമല്ലാത്തത്. പെൺ മക്കൾക്ക് പിതൃസ്വത്തിൽ ആൺമക്കളോടൊപ്പം തുല്യമായ അവകാശം നൽകിയിരിക്കണം എന്നുള്ളത് ക്രിസ്തീയ കുടുംബങ്ങൾ നിശ്ചയമായും പാലിച്ചിരിക്കണം. ഇത്രയുമൊക്കെ കാര്യങ്ങൾ ചെയ്യാൻ സഭയ്ക്കും, ഇട വകകൾക്കും ക്രിസ്തീയമൂല്യബോധമുള്ള വിശ്വാസികൾക്കും കഴിഞ്ഞാൽ, ചുരുങ്ങിയപക്ഷം സഭാവിശ്വാസികളിലെങ്കിലും കാര്യമായ പരിവർത്തനം

വരുത്തുവാൻ കഴിയും. അതിനായുള്ള പരിശ്രമങ്ങൾ ആരംഭിക്കുവാൻ നാം ഇനിയും അമാന്തിക്കരുത്.

### ചോദ്യങ്ങൾ

1. നിലവിലുള്ള സമ്പദ്ഘടനയുടെ സൃഷ്ടി മാത്രമാണോ സ്ത്രീധന സമ്പ്രദായം? അത് എങ്ങനെ ആവിർഭവിച്ചു എന്നതിനെപ്പറ്റി മറ്റ് ആധാരങ്ങൾ ഉപയോഗിച്ച് വിശദമായി പഠിക്കുക.
2. സമ്പദ്ഘടനയിൽ നിന്ന് അന്യമായി മൂല്യങ്ങളെ സംസ്ക്കരിക്കാനാവുമോ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.
3. വിവാഹവരുമാനം വാങ്ങുന്നത് സ്ത്രീധനസമ്പ്രദായത്തെ പരോക്ഷമായെങ്കിലും അംഗീകരിക്കുകയാണ്, നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.
4. സ്ത്രീധനസമ്പ്രദായം അംഗീകരിക്കപ്പെട്ട സമൂഹത്തിൽ കുടുംബബന്ധങ്ങളിൽ ഒരു ക്രിസ്തീയ മൂല്യം കണ്ടെത്താനാവുമോ? ചർച്ച ചെയ്യുക.

## പാഠം 4

# പ്രേമവിവാഹങ്ങളും കുടുംബ സംവിധാനവും

❑ പ്രേമത്തിലൂടെ വിവാഹത്തിലേക്ക് ❑ കുടുംബസംവിധാനം ആവശ്യം ❑ കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് സഭയുടെ നിലപാടുകൾ ❑ പ്രായോഗിക നിർദ്ദേശങ്ങൾ ❑ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ

### പ്രേമത്തിലൂടെ വിവാഹബന്ധത്തിലേക്ക്

വിവാഹത്തിനുള്ള ഒരുക്കത്തെപ്പറ്റി പ്രതിപാദിച്ചപ്പോൾ 'പ്രേമവിവാഹം ആശാസ്യമോ' എന്നുള്ള ചോദ്യം ഉന്നയിക്കുകയും അതേപ്പറ്റി പിന്നീട് സൂചിപ്പിക്കാം എന്ന് വ്യക്തമാക്കിയതിന്റെ വെളിച്ചത്തിൽ, അതിനെക്കുറിച്ചുകൂടി ചുരുക്കമായി വിവരിക്കട്ടെ. സംഭവിച്ച ഒരു കാര്യം രേഖപ്പെടുത്തിക്കൊണ്ട് കൂടുതൽ പരിചിന്തനങ്ങളിലേക്കു കടക്കാം. യാഥാസ്ഥിതിക കുടുംബങ്ങളിൽ നിന്നുള്ള രണ്ടു യുവതീയുവാക്കൾ പ്രേമബദ്ധരായി, ക്രിസ്തീയ വിശ്വാസികളെങ്കിലും രണ്ടു സഭകളിൽപ്പെട്ടവർ. ഉന്നതബിരുദധാരികളായ കമിതാക്കളിൽ, യുവാവിന് നല്ല ഒരു ജോലി കരഗതമായി.

യുവതിക്കും, ഉദ്യോഗലബ്ധിക്കു വളരെ സാദ്ധ്യതകളുണ്ട്. പ്രേമവിവാഹത്തോടുള്ള അന്ധമായ എതിർപ്പും, സഭാവ്യത്യാസവും ചൂണ്ടിക്കാണിച്ച് പെൺകുട്ടിയുടെ വീട്ടുകാർ ഈ വിവാഹത്തെ തീരെ അനുകൂലിച്ചില്ല. യുവാവിന്റെ നിർബന്ധം കാരണം, അയാളുടെ വീട്ടുകാർ അല്പം സമ്മതം നല്കി. മാതാപിതാക്കളെ ധിക്കരിക്കാനാവാത്ത പെൺകുട്ടി, പക്ഷേ യുവാവിനോടുള്ള സ്നേഹത്തെ ഒരു നാളും തള്ളിപ്പറഞ്ഞില്ല. വ്യത്യസ്ത സഭകളിലെങ്കിലും, ദൈവസന്നിധിയിൽ പ്രശ്നപരിഹാരത്തിനു വേണ്ടി സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥനയിൽ ശരണപ്പെടുന്ന ഉയർന്ന ഒരു ആത്മീകനിലവാരവും ആരംഭഘട്ടത്തിൽ ദൃശ്യമായിരുന്നു. ആത്മീകമായ നിലയിൽ പ്രശ്നപരിഹാരം തേടിയ കമിതാക്കൾ, മാതാപിതാക്കളേയോ, സമൂഹത്തെയോ ധിക്കരിച്ച് രജിസ്റ്റർ വിവാഹത്തെപ്പറ്റിയൊന്നും ചിന്തിക്കുക കൂടി ചെയ്യാതെയുള്ള പക്വത പ്രകടിപ്പിച്ചു. രണ്ടു വീട്ടുകാരെയും അറിയാവുന്ന ഒരു മദ്ധ്യസ്ഥനെ യുവാവ് സമീപിച്ച് ഈ കാര്യത്തിൽ സഹായം തേടി. കുടുംബങ്ങളുടെ സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക നിലവാരം, കമിതാക്കളുടെ വിദ്യാഭ്യാസം, ക്രിസ്തീയ വിശ്വാസം തുടങ്ങി പല കാര്യങ്ങളിലും ഐക്യരൂപം കണ്ടെത്തിയതിനാലും, സഭാവ്യത്യാസം സംബന്ധിച്ച് ഒരു ധാരണയിൽ എത്തിച്ചേരാൻ കമിതാക്കൾക്ക് സാധിക്കുമെന്നതു കൊണ്ടും ഇത് ആലോചിക്കുന്നതിൽ തെറ്റില്ല എന്ന് മദ്ധ്യസ്ഥനായി ക്ഷണിക്കപ്പെട്ട ആളിനും തോന്നി. യുവാവും യുവതിയും വളരെ താല്പര്യത്തിൽ തന്നെയാണെന്നു കൂടി ഉറപ്പുവരുത്തിയ മദ്ധ്യസ്ഥൻ, വളരെ എതിർപ്പ് പറഞ്ഞ പെൺകുട്ടിയുടെ വീട്ടുകാരോട് ഇത് ആലോചനാവിഷയമാക്കുന്നതാണ് നല്ലത് എന്നു സൂചിപ്പിച്ചു. വിദ്യാസമ്പന്നയായ പെൺകുട്ടിക്ക് ഇതിലുള്ള താല്പര്യം യാഥാസ്ഥിതികരായ മാതാപിതാക്കൾ മനസ്സിലാക്കിയതിലും അധികമാണെന്നും ധരിപ്പിക്കാൻ മദ്ധ്യസ്ഥനു കഴിഞ്ഞതിനാൽ പെൺകുട്ടിയുടെ വീട്ടുകാർ ആലോചനയ്ക്ക് തയ്യാറായി. അന്യോന്യം വീടു സന്ദർശനങ്ങൾ നടന്നു. പ്രേമത്തിൽ തുടങ്ങിയെങ്കിലും, മാതാപിതാക്കളുടെയും സമൂഹത്തിന്റെയും ആശീർവാദത്തോടെ തന്നെ കുടുംബജീവിതത്തിൽ പ്രവേശിക്കാമെന്ന് കമിതാക്കൾ ആഗ്രഹിച്ചെങ്കിലും അത് നടക്കുകയുണ്ടായില്ല. പെൺകുട്ടിയുടെ വീട്ടുകാർ വാഗ്ദാനം ചെയ്തതിൽ വളരെയധികം തുക സ്ത്രീധനമായി പ്രതീക്ഷിച്ച യുവാവിന്റെ വീട്ടുകാർ, ആ ഒറ്റ കാര്യത്തിൽ പിണങ്ങി മാറുകയാണുണ്ടായത്. വിദ്യാസമ്പന്നതയും, കാര്യപ്രാപ്തിയും (സ്വന്തമായി നല്ല വരുമാനമുള്ളതിന്റെ പേരിൽ) ക്രിസ്തീയ മൂല്യബോധവും ഒക്കെയുണ്ടെന്ന് തോന്നിപ്പിച്ച യുവാവ് വീട്ടുകാരുടെ തീരുമാനത്തെ ധിക്കരിക്കാനോ, മറികടക്കാനോ ആവാതെ, അവർ നിശ്ചയിച്ച മറ്റൊരു വിവാഹം കഴിച്ചു. കുടുംബത്തിന്റെ നിരുപാധിക സ്നേഹവും, പിന്തുണയും, ദൈവകൃപയും ലഭ്യമായതിനാൽ പെൺകുട്ടി തകർന്നുപോയില്ല. ഇങ്ങനെ പ്രണയബന്ധങ്ങളുടെ ഒരു

സ്ഥിതിവിവരക്കണക്ക് എടുക്കാമെങ്കിൽ, വെളിപ്പെടുന്ന വസ്തുതകളിൽ ചിലത് ദുഃഖകരവും മറ്റു ചിലത് രസാവഹവുമായിരിക്കും. അല്പായുസ്സുകളായ പ്രേമബന്ധങ്ങളാണ് ബഹുഭൂരിപക്ഷവും, കലാലയങ്ങളിൽ ആരംഭിക്കുന്ന ഒട്ടുമുക്കാലും പ്രണയങ്ങൾ, മദ്ധ്യവേനലവധിയോടെ, അല്ലെങ്കിൽ, പങ്കാളികളിൽ ഒരാളിന്റെ കലാലയ വിദ്യാഭ്യാസം അവസാനിക്കുന്നതോടെ ഇല്ലാതെയാവുന്നു. ചുരുക്കം ചിലത് കമിതാക്കളിൽ നിന്ന് വികസിച്ച് കുടുംബാംഗങ്ങളുടെ ആലോചനയിൽ എത്തുമ്പോഴേക്കും തകർന്നു പോകുന്നു. വിവാഹം നടക്കുന്ന ബന്ധങ്ങളിൽ നല്ല ഒരു പങ്ക്, കുടുംബജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളിൽ തട്ടി പൂർണ്ണമായോ, ഭാഗികമായോ തകരുന്നു. വളരെ ചുരുക്കം വിവാഹങ്ങൾ ആത്യന്തികമായി സന്തോഷത്തോടെ നിലനിൽക്കുന്നു. സാമൂഹ്യയാഥാർത്ഥ്യം ഇതാണെങ്കിലും പ്രേമവിവാഹങ്ങൾ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരാനാണ് സാദ്ധ്യത. ഒരുമിച്ചുള്ള വിദ്യാഭ്യാസം, ജോലി, സ്വന്തം വീടിനു വെളിയിൽ വ്യാപരിക്കുവാൻ സ്ത്രീകൾക്ക് ലഭിച്ചിരിക്കുന്ന കൂടുതൽ അവസരങ്ങൾ, രക്ഷിതാക്കൾ ക്രമീകരിക്കുന്ന വിവാഹത്തിന്റെ പരിമിതിയും, പാരമ്പര്യത്തോടുള്ള നിഷേധാത്മകത്വവുമൊക്കെ പ്രേമവിവാഹങ്ങൾ വർദ്ധിക്കുന്നതിനനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുകയാണ്. എന്നാൽ ക്രിസ്തീയ വിശ്വാസികൾ യുക്തമായും, പക്വമായും ആലോചിച്ച് തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകമായ ചില നിഗമനങ്ങൾ മാത്രം ചുവടെ ചേർക്കാം. പ്രേമവിവാഹങ്ങൾ ആശാസ്യമോ എന്ന ചോദ്യത്തിന് ഖണ്ഡിതമായി ഒരു മറുപടി ഒറ്റ വാക്കിൽ പറയാൻ സാദ്ധ്യമല്ല.

1. വിവാഹത്തെക്കുറിച്ചുള്ള കാനോനികമായ നിയമങ്ങളൊഴിച്ചാൽ 'പ്രേമവിവാഹത്തിന്' പ്രത്യേകമായ ഒരു വിലക്കും സഭയുടെ ഭാഗത്തു നിന്നു വെച്ചിട്ടില്ല. അതായത് ഒരു സഭാവിശ്വാസി കാനോനികമായി നിയമതടസ്സമില്ലാത്ത മറ്റൊരു വിശ്വാസിയുമായി പ്രണയത്തിലായാൽ അതിനു വിലക്കു കല്പിക്കാൻ സഭയ്ക്ക് ആവുകയില്ല. കാനോനിക നിയമങ്ങൾ പ്രണയവിവാഹങ്ങൾക്കും അല്ലാത്തതിനും ഒരുപോലെ ബാധകമാണെന്നു ചുരുക്കം.

2. സമൂഹത്തിന്റെ വിലക്കുകളാണ് പ്രേമവിവാഹങ്ങൾക്ക് എന്നും കൂടുതൽ ഭീഷണിയുയർത്തിയിട്ടുള്ളത്. നമ്മുടെ സാംസ്കാരിക പശ്ചാത്തലത്തിൽ വിവാഹം ഇന്നും രണ്ടു വ്യക്തികൾ തമ്മിൽ മാത്രമല്ല രണ്ടു കുടുംബങ്ങൾ തമ്മിൽക്കൂടിയുള്ളതാണ്. കുടുംബത്തിന്റെയും, സമൂഹത്തിന്റെയും മുഴുവനായ ആശീർവാദത്തോടെ നടത്തപ്പെടുന്ന വിവാഹങ്ങളിൽ പോലും, അപസ്വരങ്ങൾ കാണപ്പെടുന്നു എങ്കിൽ, കുടുംബത്തിന്റെയും, സമൂഹത്തിന്റെയും, പിൻബലമില്ലാതെ വ്യക്തികൾ മാത്രം ബന്ധപ്പെടുന്ന വിവാഹങ്ങളിൽ അഭിപ്രായഭിന്നതകൾക്കും, സ്വരച്ചേർച്ചയില്ലായ്മയ്ക്കും

സാദ്ധ്യതകൾ കൂടുതലുണ്ട്. അല്പം സാഹസികത തന്നെ ഇത്തരം ബന്ധങ്ങളിലേർപ്പെടുന്നവർക്ക് ഉണ്ടായിരിക്കണം.

3. 'പ്രേമത്തിന്' കണ്ണില്ല എന്നൊരു പഴഞ്ചൊല്ലുണ്ട്. അതായത് പ്രണയബദ്ധരാകുന്നവർ അന്യോന്യം അനുഭൂതികളുടെ നാളുകളിൽ പലതും കാണുകയില്ല. വിവാഹത്തിനു ശേഷം വെളിപ്പെട്ടുവരുന്ന അത്തരം കണ്ടെത്തലുകൾ കൈകാര്യം ചെയ്യാൻ ദമ്പതികൾ തന്നെ വിഷമിക്കേണ്ടി വരും. ഉദാഹരണമായി പറഞ്ഞാൽ, രണ്ടു മതത്തിൽപ്പെട്ടവർ, പ്രേമിച്ചു. രജിസ്റ്റർ വിവാഹം കഴിച്ചു. സാമ്പത്തിക പരാശ്രയം കൂടാതെ ജീവിക്കുവാൻ കഴിവുള്ളതിനാൽ കുഴപ്പങ്ങൾ കൂടാതെ മുന്നോട്ടുനീങ്ങി. ഒടുവിൽ കുഞ്ഞു ജനിച്ചപ്പോൾ പേരിടുന്നതിൽ തർക്കം, മതപരമായ ബന്ധം ഏതാണെന്നു തീരുമാനിക്കുന്നതിൽ അഭിപ്രായവ്യത്യാസം. ഇങ്ങനെ ചെറുതും വലുതുമായ അഭിപ്രായവ്യത്യാസങ്ങളുണ്ടാകാനിടയുള്ള സ്രോതസുകളെപ്പറ്റി പ്രണയബദ്ധരായ യൗവനക്കാർ അജ്ഞരായിരിക്കും. അത് പ്രായോഗിക ജീവിതത്തിൽ പിന്നീട് വലിയ പ്രയാസങ്ങൾ ഉണ്ടാക്കും.

4. ചില പ്രണയജോഡികൾ, വിവാഹത്തിനു മുമ്പു തന്നെ ലൈംഗികത കൂടി ആസ്വദിച്ചെന്നിരിക്കും. ക്രിസ്തീയ സദാചാരമൂല്യങ്ങൾക്കു നിരക്കാത്ത ഈ പ്രവർത്തിക്കു ഗുരുതരമായ ഭവിഷ്യത്തുക്കൾ പിന്നീടുണ്ടാകും. ചുരുക്കം സാഹചര്യങ്ങളിലെങ്കിലും അവിഹിതഗർഭം പേറുവാൻ യുവതികൾക്കിടയാക്കിയിട്ടുണ്ട്. സന്തുഷ്ടമായ ഒരു കുടുംബജീവിതം അങ്ങനെയുള്ളവർക്ക് ഒരു വിദൂരസ്വപ്നം തന്നെയായി എന്നും നിലകൊള്ളും. അത്രയ്ക്കു ശാരീരികവും മാനസികവും, ധാർമ്മികവുമായ പ്രശ്നങ്ങൾ അതു വരുത്തിവെയ്ക്കുന്നുണ്ട്. അങ്ങനെയൊന്ന് സംഭവിച്ചില്ലെങ്കിൽ പോലും, ആസ്വദിക്കേണ്ടതു മുഴുവൻ ആസ്വദിച്ചവർ, കുടുംബജീവിതത്തിൽ കൂടുതൽ ശൂന്യതയും, വിരസതയും നേരത്തേതന്നെ ക്ഷണിച്ചുവരുത്തുകയാണ്. പ്രേമബന്ധങ്ങളും, വിവാഹങ്ങളും സാമൂഹികാംഗീകാരം നേടിയിരിക്കുന്ന പാശ്ചാത്യ സമൂഹത്തിൽ പോലും, വിവാഹത്തിനു മുമ്പുള്ള ലൈംഗികവേഴ്ചയും, അറിവും, ആഗ്രഹവും കൂടാതെയുള്ള ഗർഭധാരണവും, അവരുടെ കുടുംബബന്ധങ്ങളിൽ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒന്നായി കണ്ടെത്തിയിട്ടുണ്ട്. അതിനാൽ പ്രേമബന്ധങ്ങളിൽ വരാവുന്ന ഈ അപകടത്തെപ്പറ്റി നമ്മുടെ സമൂഹത്തിലുള്ളവർ കൂടുതൽ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. ഏതെങ്കിലും കാരണവശാൽ പ്രേമബദ്ധരായിത്തീർന്നവർ, വിവാഹത്തിനു മുമ്പ് ഒരു തരത്തിലുള്ള ശാരീരികവേഴ്ചക്കും അവസരം ഉണ്ടാക്കരുത് (ഭവിഷ്യത്തുകളെപ്പറ്റി മുമ്പും സൂചിപ്പിച്ചിട്ടുള്ളതിനാൽ കൂടുതൽ വിശദീകരിക്കുന്നില്ല).

5. സാമ്പത്തിക ഭദ്രതയില്ലായ്മ എല്ലാ കുടുംബബന്ധങ്ങളിലും വൈഷമ്യങ്ങൾ സൃഷ്ടിക്കാറുണ്ട്. പ്രേമവിവാഹങ്ങളിൽ അതുണ്ടാക്കുന്ന

ഉലച്ചിലും, സംഘർഷവും വളരെ അധികമാണ്. ദമ്പതികൾ പരസ്പരം കുറ്റപ്പെടുത്തി വഴക്കുണ്ടാക്കുന്ന നിലവാരത്തിലേക്കെത്താൻ ധാരാളം വഴികളുണ്ട്.

രക്ഷിതാക്കളുടെ ആലോചനപ്രകാരം, നടക്കുന്ന ക്രമീകൃത വിവാഹരീതി കുറ്റമറ്റതാണെന്നോ, പ്രേമവിവാഹങ്ങൾ എല്ലാം തന്നെ പരാജയമാണെന്നോ ആരും ഇവിടെ അർത്ഥമാക്കേണ്ടതില്ല. നിലവിലുള്ള യാഥാർത്ഥ്യങ്ങളെ  വിശദമാക്കാൻ ശ്രമിച്ചു എന്നേയുള്ളൂ. ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ ഈ വിശകലനങ്ങൾ നമ്മെ സഹായിക്കട്ടെ. സാമൂഹ്യാംഗീകാരം കൂടി നേടിയെടുക്കാവുന്ന നിലയിലുള്ള പ്രേമബന്ധങ്ങൾ വിജയിക്കുവാൻ സാദ്ധ്യതയുണ്ട്. വിശ്വാസഐക്യം, സാംസ്ക്കാരിക നിലവാരം, സാമ്പത്തികഭദ്രത, വൈകാരികപക്വത, ആത്മസംയമനം (വിവാഹം വരെയും യാതൊരുവിധ ശാരീരികബന്ധത്തിലേർപ്പെടാതിരിക്കുക) വിദ്യാഭ്യാസനിലവാരം ഇവയൊക്കെയും പ്രേമവിവാഹങ്ങൾ വിജയിക്കുന്നതിന് എന്നും അനുകൂലമായ ഘടകങ്ങൾ തന്നെയാണ്.

### കുടുംബസംവിധാനം

നമ്മുടെ പൂർവ്വികരുടെ വിശ്വാസവും, പാരമ്പര്യവും എത്ര ശ്രേഷ്ഠമായിരുന്നാലും അവരുടെ പരിചിന്തനങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത അനേകം വിഷയങ്ങളെപ്പറ്റി ഇന്നുള്ള വിശ്വാസികൾക്ക് തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. ആ വിഭാഗത്തിലുള്ള ഏറ്റം പ്രധാനമായ ഒന്നാണ് കുടുംബാസൂത്രണം അഥവാ കുടുംബസംവിധാനം. കാലാകാലങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ ഈവക കാര്യങ്ങളിൽ നൽകിയിട്ടില്ലാത്ത, നമ്മുടെ സഭയുടെ പശ്ചാത്തലത്തിൽ വിശ്വാസികൾക്ക് തങ്ങളുടെ യുക്തിയേയും, ബുദ്ധിയേയും, മനസാക്ഷിയേയുമൊക്കെ ആശ്രയിക്കാതെ നിർവാഹമില്ല. മറ്റു പല കാര്യങ്ങളിലുമെന്ന പോലെ, സമൂഹത്തിൽ മറ്റുള്ളവർ എന്തു ചെയ്യുന്നു എന്ന് രഹസ്യമായെങ്കിലും അന്വേഷിച്ച് ഒരു തീരുമാനമെടുക്കുകയാണ് പതിവ്. ക്രിസ്തീയമായ മൂല്യങ്ങൾ ഈ വക കാര്യങ്ങളിൽ അനുവർത്തിക്കേണ്ടത് എന്താണെന്ന് നിർദ്ദേശിക്കുവാൻ, ആനുകാലിക പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന സഭയ്ക്ക് കഴിയണം. ഔദ്യോഗികമായി അങ്ങനെ ഒന്നില്ലാത്ത സാഹചര്യത്തിൽ, വിശ്വാസികളുടെ തീരുമാനങ്ങളെ രൂപപ്പെടുത്തുവാൻ, ഒരു പക്ഷേ സഹായകമാക്കാവുന്ന ചില ആശയങ്ങളെ താഴെക്കൊടുക്കുന്നു.

### കുടുംബസംവിധാനം ആവശ്യം

ജനസംഖ്യാപെരുപ്പം, തൊഴിലില്ലായ്മ, ജനിക്കുന്ന ഓരോ കുട്ടിക്കും നിലനില്പിന് ആവശ്യമായ ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, വൈദ്യസഹായം ഇവ ലഭ്യമാകുന്നതിലുള്ള ഇന്നത്തെ പരിമിതികൾ

എന്നിവ കണക്കിലെടുക്കുമ്പോൾ, ദമ്പതികൾക്ക് കുഞ്ഞുങ്ങളുടെ അംഗ സംഖ്യയെ പരിമിതപ്പെടുത്തേണ്ടത് ന്യായമായിട്ടുള്ളതു തന്നെ. സമ്പദ് വ്യവസ്ഥിതിയുടെ വിതരണത്തിലുള്ള അപാകതയാണ് ഇന്നുള്ള പട്ടിണിക്ക് കാരണമെന്നും, 'വാ കീറിയവൻ എല്ലാവർക്കും വയറ്റിനു കൊടുത്തുകൊള്ളും' എന്നുള്ള ന്യായത്തിൽ യാതൊരു സന്താനനിയന്ത്രണവും ആവശ്യമില്ല എന്നും വാദിക്കുന്ന കടുത്ത യാഥാസ്ഥിതികരുടെ നിലപാട്, സമ്പന്നർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയില്ലെങ്കിലും, പാവങ്ങൾക്ക് കടുത്ത വൈഷമ്യങ്ങൾ സൃഷ്ടിക്കും. എന്നാൽ യാഥാർത്ഥ്യം മറ്റൊരു ചിത്രം വരച്ചു കാട്ടുന്നു. അധികം കുഞ്ഞുങ്ങളെ വളർത്താൻ കഴിവുള്ള സമ്പന്നർ അംഗ സംഖ്യ പരിമിതപ്പെടുത്തുമ്പോൾ, ദരിദ്രവിഭാഗം കൂടുതൽ ജന്മങ്ങൾ നൽകി തങ്ങൾക്കു തന്നെയും, സമൂഹത്തിനും, രാഷ്ട്രത്തിനും കൂടി ഭാരം വർദ്ധിപ്പിക്കുന്നു. ഈ ശോചനീയമായ വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ കുടുംബാസൂത്രണം ആവശ്യം തന്നെ എന്ന നിഗമനത്തിൽ എത്തിച്ചേരാതിരിക്കയില്ല. അതിനുള്ള മാർഗത്തെക്കുറിച്ചാണ് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത്.

### ലൈംഗിക ബന്ധങ്ങളിലുള്ള സഭയുടെ വിലക്കുകൾ കർശനമായി പാലിക്കുക

നോമ്പു കാലങ്ങളിൽ (ബുധൻ, വെള്ളിയുൾപ്പെടെ) ദമ്പതികൾ ശാരീരികബന്ധത്തിൽ ഏർപ്പെടാതിരുന്നാൽ മതി മറ്റൊരു കൃത്രിമ നിയന്ത്രണവും ദൈവമക്കൾക്ക് ആവശ്യമില്ല, എന്ന് ചിലരെങ്കിലും പ്രസ്താവിച്ചു കേട്ടിട്ടുണ്ട്. ഇതിനോടു യോജിക്കുവാൻ സാധ്യമല്ല. സാധാരണഗതിയിൽ മറ്റു തകരാറൊന്നുമില്ലാത്ത സ്ത്രീയുടെ ഉൽപ്പാദനക്ഷമതയുള്ള നാളുകളിൽ ഒരു പ്രാവശ്യം പുരുഷൻ ബന്ധപ്പെട്ടാൽ മതി പ്രജനനം നടക്കാൻ. സ്ത്രീയുടെ ആർത്തവചക്രത്തിൽ, സഭയുടെ വിലക്കുകൾ ഇല്ലാത്ത ഉല്പാദനക്ഷമതയുള്ള ദിനങ്ങൾ എത്രയെത്ര ഉണ്ടാവുമെന്ന് മനസ്സിലാക്കാൻ സാമാന്യജ്ഞാനം മതി, അതിനാൽ ഈ വാദഗതിക്ക് പ്രസക്തിയില്ലെന്ന് വേഗത്തിൽ വ്യക്തമാകും.

### കത്തോലിക്കാസഭയുടെ നിലപാട്

ഇതിനെക്കുറിച്ച് വ്യക്തമായ നിയമങ്ങൾ ഉണ്ടാക്കിയിട്ടുള്ള പാശ്ചാത്യസഭകളുടെ നിലപാടൊന്നു പരിശോധിക്കാം. സന്തത്യുൽപ്പാദനത്തിനു വേണ്ടി മാത്രമാണ് വിവാഹം എന്ന് ആദ്യം പഠിപ്പിച്ച കത്തോലിക്കാസഭ കൃത്രിമ മാർഗങ്ങൾക്കെല്ലാം എതിരായ ശക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഓനാന്റെ പ്രവൃത്തിയിൽ (ഉൽപ: 38:8–10 വായിക്കുക) രണ്ടു തെറ്റുകളാണ് പാശ്ചാത്യസഭയുടെ വിശുദ്ധനായ ആഗസ്റ്റിനോസ് ചൂണ്ടിക്കാട്ടിയത്. (1) ലേവ്യധർമ്മം നിർവഹിക്കാഞ്ഞതിനൊപ്പം

ഗർഭധാരണം തടഞ്ഞു എന്നതും ഗുരുതരമായ തെറ്റായി ആഗസ്റ്റിനോസ് മനസ്സിലാക്കി. പിന്നീട് തോമസ് അകിനാസും പ്രകൃതിനിയമത്തെ (Natural Law) ആസ്പദമാക്കി എല്ലാ കൃത്രിമമാർഗങ്ങളെയും നിരോധിക്കുകയാണുണ്ടായത്. എന്നാൽ ലൈംഗികബന്ധം, കുഞ്ഞുങ്ങൾക്കുവേണ്ടി മാത്രം എന്ന നിലപാടിൽ ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. അതോടൊപ്പം ദൈവം തന്നിട്ടുള്ള വിവേചനാശക്തി ഉപയോഗിച്ച് കുഞ്ഞുങ്ങളുടെ അംഗസംഖ്യയെ പരിമിതപ്പെടുത്തുന്നതിനും ദമ്പതികൾക്ക് സഭ അനുവാദം നൽകിയിരിക്കുന്നു. എന്നാൽ അതിനുവേണ്ടി ശാസ്ത്രീയമായ ഗർഭനിരോധന മാർഗങ്ങൾ സ്വീകരിക്കുന്നതിന് ഔദ്യോഗികസഭ വിശ്വാസികളെ അനുവദിച്ചിട്ടില്ല. ഗർഭഛിദ്രം ഒരു കാരണവശാലും സഭ അംഗീകരിച്ചിട്ടില്ല. വന്ധ്യംകരണം, താൽക്കാലികമായോ, പൂർണ്ണമായോ അപൂർവ്വം ചില സാഹചര്യങ്ങളിൽ അനുവദിക്കാം; അതായത് ആരോഗ്യം പരിരക്ഷിക്കുന്നതിന് അത് അത്യാവശ്യമാണെന്നു തെളിയിക്കപ്പെടുമ്പോൾ മാത്രം. പ്രകൃതിയുടെ മാർഗ്ഗം ആർത്തവചക്ര ക്രമീകരണമാകയാൽ (Rhythm Method) അത് സ്വീകരിക്കുന്നതാണ് ഏറ്റവും അഭികാമ്യമെന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നു.

### എന്താണ് 'റിഥം മെത്തേഡ്'?

സാധാരണ 28 – 30 ദിവസങ്ങൾക്കുള്ളിൽ കൃത്യമായി ആർത്തവം വരുന്ന സ്ത്രീകളിൽ ഏകദേശമായി 14 –ാമത്തെ ദിവസം അണ്ഡവാഹിനിയിൽ, അണ്ഡം, ബീജത്തെ സ്വീകരിപ്പാനായി നിക്ഷേപിക്കപ്പെടുന്നു. 72 മണിക്കൂർ അഥവാ മൂന്നു ദിവസത്തേക്കു സജീവമായിരിക്കുന്ന ഈ അണ്ഡത്തോട്, ബീജം സംയോജിക്കപ്പെട്ടെങ്കിലേ പ്രജനനം നടക്കുകയുള്ളൂ. അതിനാൽ ആ ദിവസങ്ങളിൽ ലൈംഗികബന്ധം നിശ്ചയമായും ഒഴിവാക്കുക എന്നതാണ് ആർത്തവചക്ര ക്രമീകരണത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ശരീരത്തിന്റെ ഊഷ്മാവ് അളന്നുമൊക്കെ അണ്ഡം നിക്ഷേപിക്കപ്പെടുന്ന ശരിയായ സമയം കണ്ടുപിടിക്കാമെന്ന് ശാസ്ത്രം പറയുന്നുണ്ടെങ്കിലും അനേകരുടെയും പ്രായോഗികജീവിതത്തിൽ അതൊന്നും ഒത്തുവരികയില്ല. അണ്ഡം രൂപപ്പെടുന്ന സമയത്തെപ്പറ്റി നിശ്ചയമായ അറിവില്ലാത്തതുകൊണ്ട് സാധാരണയായി ആർത്തവം കഴിഞ്ഞുള്ള ആദ്യത്തെ പത്തു ദിവസങ്ങൾ സുരക്ഷിതകാലമായും പിന്നീടുള്ള ഏഴു മുതൽ പത്തു വരെയുള്ള ദിവസങ്ങൾ ഉൽപ്പാദനകാലമായും വീണ്ടും അടുത്ത പത്തു ദിവസങ്ങൾ സുരക്ഷിതകാലമായും കണക്കുകൂട്ടിയിരിക്കുന്നു. ഉൽപ്പാദനകാലം, ഒഴികെയുള്ള സമയത്ത് ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ പ്രജനനം നടക്കുകയില്ല. സ്ത്രീയിൽ ആർത്തവം ക്രമമായിട്ടുണ്ടാകുകയും, ആത്മസംയമനത്തോടെ പരസ്പരം ബന്ധപ്പെടുവാൻ കഴിയുകയും ചെയ്യുന്ന ദമ്പതികൾക്ക് ഇത് ഏറ്റം

ഫലപ്രദമായ മാർഗമാണെന്നുള്ളതിൽ സംശയമില്ല.

കത്തോലിക്കാസഭയുടെ ഈ നിലപാടിനേക്കാൾ കുറച്ചു കൂടി അയവുള്ള സമീപനമാണ് പ്രൊട്ടസ്റ്റന്റുകാരുടേത്. ആംഗ്ലിക്കൻ സഭയുടെ ലാംബത്ത് കോൺഫറൻസുകളും, മറ്റ് എക്യുമെനിക്കൽ സമ്മേളനങ്ങളും ഇതേപ്പറ്റി പല തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതിൽ ഒന്നായ 'മാൻഡ് ഫീൽഡ് റിപ്പോർട്ട്' (2) ഇപ്രകാരം ചൂണ്ടിക്കാട്ടുന്നു. ഭാര്യാ – ഭർത്താക്കന്മാരുടെ ഐക്യത്തിനും യോജിപ്പിനും, വിവാഹബന്ധത്തിൽ പരമ പ്രാധാന്യം നൽകുന്നതിനാൽ, അവരുടെ പരസ്പരമുള്ള കൂട്ടായ്മയ്ക്കും, ആത്മശരീര, മനസ്സുകൾക്കും തകരാറുണ്ടാകാത്ത വിധത്തിൽ ശാസ്ത്രീയമായ സംവിധാനങ്ങൾ ദമ്പതികൾ സ്വീകരിക്കുന്നതിന് അവർക്കെതിർപ്പില്ല. അപകടകരമല്ലാത്ത ഗർഭനിരോധനമാർഗങ്ങൾ ദമ്പതികൾക്കു സ്വീകരിക്കാം. കാര്യമായ ആരോഗ്യപ്രശ്നങ്ങൾ അമ്മയ്ക്കുണ്ടാവുന്നത് ഒഴിവാക്കാനായി ഗർഭഛിദ്രം അനുവദിക്കാം. എന്നാൽ എന്നത്തേക്കുമുള്ള വന്ധ്യംകരണം പ്രോത്സാഹിക്കപ്പെടുന്നില്ല. 1959 –ൽ ഇറങ്ങിയ ഈ പ്രഖ്യാപനത്തിൽ നിന്ന് വളരെ ദൂരം അവർ മുന്നോട്ടു പോയിട്ടുണ്ട്. വന്ധ്യംകരണവും, ഗർഭഛിദ്രവും ഒക്കെ അനുവദനീയമായ മട്ടിൽ ലാഘവമായി കാണുന്ന നിലപാട് അവരിൽ ഇന്ന് ശക്തിപ്പെട്ടിരിക്കുകയാണ്. കത്തോലിക്കരുടെയും, പ്രൊട്ടസ്റ്റന്റുകാരുടെയും മദ്ധ്യത്തിലുള്ള ഒരു നിലപാടായിരിക്കും കരണീയമായിട്ടുള്ളത്.

1. ആത്മസംയമനവും, ആർത്തവചക്ര ക്രമീകരണം മൂലവും പൂർണ്ണമായ വിധത്തിൽ കുടുംബാസൂത്രണം സാദ്ധ്യമെങ്കിൽ വിശ്വാസികൾക്ക് അതായിരിക്കും ഏറ്റം നന്ന്. ദൈവം തന്ന ഒരു ശക്തിവിശേഷത്തെ താൽക്കാലികമായോ, എന്നത്തേക്കുമായോ നശിപ്പിച്ചു എന്നുള്ള ചിന്ത ചിലരിലെങ്കിലും ഉണ്ടാകാനിടയുണ്ട്. ആ തരത്തിലുള്ള ഉത്കണ്ഠയൊക്കെ ഈ രീതി അവലംബിക്കുന്നവർക്ക് ഒഴിവാക്കാൻ സാധിക്കും.

എന്നാൽ പ്രായോഗിക ജീവിതത്തിൽ എല്ലാ ദമ്പതികൾക്കും ഇത് അപ്പാടെ അനുവർത്തിക്കാൻ കഴിയുകയില്ല. ദീർഘകാലത്തെ അവധിക്കു ശേഷം സംയോജിക്കുന്ന ദമ്പതികളിലും അതുപോലെ മറ്റു പല വിധ സന്ദർഭങ്ങളിലും, ഈ നിഷ്ഠ കാത്തുസൂക്ഷിക്കുവാൻ പ്രയാസമായിരിക്കും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ദമ്പതികൾ പരസ്പരം കൂട്ടായി പ്രാർത്ഥനയോടെ, ഉത്തരവാദിത്വത്തോടെ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു തീരുമാനമെടുക്കണം.

2. (a) താൽക്കാലികമായിട്ടുള്ളതിനേക്കാൾ ആത്യന്തികമായിട്ടുണ്ടാവുന്ന ഗുണദോഷങ്ങൾ കണക്കിലെടുത്തിരിക്കണം.

(b) ഗർഭനിരോധനം സാദ്ധ്യമാവുമെന്ന് പൂർണ്ണമായും ഉറപ്പുവരുത്തിയിരിക്കണം.

(c) സ്വീകരിക്കുന്ന ഉപാധികൾ മൂലം ലൈംഗികജീവിതത്തോട് ദമ്പതികൾക്ക് കൂട്ടായോ ഒറ്റയ്ക്കോ വിരക്തിയും വെറുപ്പും ഉണ്ടാകാനിടയാകരുത്.

(d) ഭാര്യാ - ഭർത്താക്കന്മാരുടെ ആരോഗ്യത്തെ ഒരു വിധത്തിലും ഹനിക്കാത്ത ഉപാധികൾ ആയിരിക്കണം.

(e) ഈ കാര്യത്തിൽ ആരുടെയും പ്രലോഭനങ്ങൾക്ക് കീഴടങ്ങി പെട്ടെന്ന് തീരുമാനമെടുക്കരുത്. പ്രത്യേകിച്ചും ഗർഭനിരോധനം എന്നത്തേക്കുമായിട്ടു തന്നെയാകുന്ന അവസ്ഥയിൽ കൂടുതൽ ഗൗരവമായി ചിന്തിച്ചിരിക്കണം.

കുടുംബാസൂത്രണം രണ്ടു തലങ്ങളിലാണ് നടക്കുന്നത്. ഒന്ന് ശാശ്വതമായിട്ടുള്ളതും മറ്റത് താൽക്കാലികമായതും. പുരുഷനിൽ 'വാസക്ടമി' എന്നും സ്ത്രീയിൽ 'റ്റ്യൂബക്ടമി' എന്നുമാണ് ശാശ്വതമായ നിരോധനത്തിനുവേണ്ടിയുള്ള ശസ്ത്രക്രിയകളുടെ പേരുകൾ. ഉറകൾ (CONDOMS), ഗുളികകൾ (Pills), ഗർഭാശയത്തിൽ നിക്ഷേപിക്കുന്ന വിവിധ ഉപകരണങ്ങൾ (കോപ്പർറ്റി, ലൂപ്പ് മുതലായവ Intra Uterine Devices) എന്നിവയാണ് സാധാരണയായി താൽക്കാലിക ഗർഭനിരോധനോപാധികൾ. ഇവയൊന്നും നൂറു ശതമാനവും കുറ്റമറ്റതാണെന്നു പറഞ്ഞുകൂടാ. പലരിലും ഇതിന്റെ പ്രവർത്തനം പലവിധത്തിലായി കാണപ്പെടുന്നുമുണ്ട്. അതിനാൽ നാം നിത്യവും സമ്പർക്കം പുലർത്തുന്ന (കുടുംബ ഡോക്ടറുണ്ടെങ്കിൽ നന്ന്) വിദഗ്ധ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രമായിരിക്കണം മുകളിൽ പറഞ്ഞതിൽ അനുയോജ്യമായ ഏതെങ്കിലും ഒരുപാധി സ്വീകരിക്കുക. വൈദഗ്ധ്യത്തോടൊപ്പം ക്രിസ്തീയമൂല്യങ്ങൾ കൂടി ഒത്തിണങ്ങിയ ഡോക്ടറാണെങ്കിൽ വിശ്വാസികൾക്ക് അങ്ങനെയുള്ളവരിൽ നിന്ന് ഏറ്റം പ്രയോജനപ്രദമായ നിലയിൽ മാർഗ്ഗനിർദ്ദേശം ലഭിക്കുവാൻ സാദ്ധ്യതയുണ്ട്.

**ചോദ്യങ്ങൾ**

1. പ്രേമവിവാഹങ്ങളുടെ ഗുണദോഷങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുക? ഏവർക്കും അവലംബിക്കാവുന്ന പുതിയ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുക.
2. കുടുംബാസൂത്രണ മാർഗങ്ങൾ അവലംബിക്കുന്നതിനെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക?

   (കുടുംബസംവിധാനത്തെപ്പറ്റി കൂടുതൽ പ്രായോഗികമായ അറിവു നേടിയവർ മറ്റുള്ളവരെ പക്വമായ നിലയിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുക)

## പാഠം 5

# ക്രിസ്തീയ കുടുംബത്തിനുള്ള ചില വെല്ലുവിളികൾ

❑ വിവാഹമോചനം എന്തുകൊണ്ട് പാടില്ല ❑ അടിസ്ഥാന പ്രമാണങ്ങൾ ❑ മദ്യപാനം - ദൂഷ്യങ്ങളും പ്രതിവിധികളും

ദാമ്പത്യജീവിതത്തിൽ ഉണ്ടാകാവുന്ന പല പ്രശ്നങ്ങളെക്കുറിച്ചും മുമ്പു തന്നെ പ്രതിപാദിച്ചുകഴിഞ്ഞു. എന്നാൽ അവയിൽ വേർതിരിക്കപ്പെടാവുന്നതും, ഒറ്റപ്പെട്ടു നിലകൊള്ളുന്നതുമായതിനെയാണ് ഈ പാഠത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിവാഹമോചനം, മദ്യമയക്കുമരുന്നുകളോടുള്ള ആസക്തി, ഇവയെക്കുറിച്ച് ചുരുക്കമായിട്ടെങ്കിലും ക്രിസ്തീയ ദമ്പതികൾ മനസിലാക്കേണ്ടിയിരിക്കുന്നു.

### 1. വിവാഹമോചനം

പാശ്ചാത്യസമൂഹത്തിൽ ഏറ്റം അധികം പ്രശ്നം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒന്നാണ് വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളുടെ നിരക്ക്. ഇംഗ്ലണ്ടിൽ 1911 -ൽ 650 വിവാഹമോചനങ്ങൾ നടന്നു എങ്കിൽ 1951 -ൽ അത് 28, 767 ആയി ഉയർന്നു. 1971 -ൽ 74,400 ആയിരുന്നത് 1980 ആയപ്പോഴേയ്ക്കും 1,48,200 ആയി ഉയർന്നു.* ഇപ്പോൾ അതിലും എത്രയോ അധികമായി വർദ്ധിച്ചിരിക്കാനാണ് സാദ്ധ്യത. പാശ്ചാത്യനാടുകളിലെ സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് ശരാശരി മൂന്നിൽ ഒന്നു വിവാഹങ്ങൾ മോചനത്തിൽ കലാശിക്കുന്നു എന്നാണ്. അമേരിക്കയിലെ ചില പട്ടണങ്ങളിൽ അതിന്റെ നിരക്ക് 40 മുതൽ 50 ശതമാനം വരെ എത്തിയിട്ടുണ്ടത്രേ. വ്യക്തികളായും, സമൂഹമായും ദൈവസന്നിധിയിൽ നിന്നുള്ള അകൽച്ച, ഭൗതിക സുഖഭോഗാസക്തി, സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം, ഗർഭനിരോധന മാർഗ്ഗങ്ങളും, ഗർഭഛിദ്രവും അനുവദനീയമായ സാഹചര്യത്തിലുണ്ടായ സാന്മാർഗ്ഗിക മൂല്യത്തകർച്ച, തുടങ്ങി അനേകം കാര്യങ്ങൾ ഇതിന്റെ കാരണമായി ചൂണ്ടിക്കാട്ടുന്നുണ്ട്. ഒരിക്കൽ വിവാഹമോചനത്തിൽ അവസാനിച്ചവർ അവിടം കൊണ്ട് നിൽക്കത്തില്ല എന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ഒന്നിനു പിറകെ ഒന്നായി പല വിവാഹങ്ങളിലും ഏർപ്പെടുന്ന അവർ ദാമ്പത്യസുഖത്തേക്കാൾ അധികം ദുഃഖവും, പ്രയാസവും, മാനസിക സംഘർഷങ്ങളും ഏറ്റുവാങ്ങുന്നു എന്നാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. അധികം പേരെ ഹൃദ്രോഗം തുടങ്ങി അനേകം ഗുരുതരമായ രോഗങ്ങൾക്കടിമയാക്കുന്നു. വിവാഹമോചനം നേടിയവരിൽ രോഗപ്രതിരോധശക്തി കുറഞ്ഞുവരുന്നതായും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതിലൊക്കെ പരിതാപകരമായ അവസ്ഥ കുഞ്ഞുങ്ങളു

ടേതാണ്. അമ്മയപ്പന്മാരുടെ സ്നേഹം ഒരുമിച്ച് അനുഭവിക്കാനാവാതെ ബാല്യത്തിൽ തന്നെ ശൂന്യതയും വിരസതയും ഉൾക്കൊള്ളാൻ വിധിക്കപ്പെട്ടവർ വളർന്നു വരുമ്പോൾ, കൂടുതൽ അക്രമാസക്തിയുള്ളവരും, മദ്യ - മയക്കുമരുന്നുകൾക്ക് അടിമപ്പെടുവാൻ വേഗത്തിൽ സാദ്ധ്യതയുള്ളവരും, മാനസിക രോഗികളുമായിത്തീരുന്നു. വിവാഹമോചനമെന്നത് രണ്ടു വ്യക്തികളിൽ മാത്രം ഒതുങ്ങിനിൽക്കാതെ സമൂഹത്തെ മുഴുവനായി ബാധിക്കുന്ന പ്രശ്നമായി വളർന്നിരിക്കുന്നു. ഭാഗ്യവശാൽ അത്തരത്തിലുള്ള ഒരു മൂല്യച്യുതി നമ്മുടെ നാട്ടിൽ ഉണ്ടായിട്ടില്ല. എന്നാൽ പാശ്ചാത്യ ജീവിതശൈലി അന്ധമായി അനുകരിച്ചാൽ അനതിവിദൂരഭാവിയിൽ ഈ വൈകല്യങ്ങളൊക്കെയും ഇവിടെയും എത്തിച്ചേരും. 40% പേർ പട്ടിണി രേഖയ്ക്കു താഴെ അധിവസിക്കുന്ന ഭാരതത്തിന് താങ്ങാവുന്നതിലധികമായ ഭാരമായിരിക്കും അത്.

സമ്പന്നരെ പരിപോഷിപ്പിക്കുന്നതും, ദരിദ്രരെ കൊടുംപട്ടിണിയിലേക്കും തള്ളിവിടുന്ന അനീതിയുള്ള സമ്പദ്ഘടനയിലും നമ്മുടെ സാമൂഹ്യജീവിതം ഞെങ്ങിഞെരുങ്ങി ഈ വിധമെങ്കിലും കടന്നുപോവുന്നത് ഇവിടുത്തെ സാംസ്ക്കാരിക മൂല്യങ്ങളുടെ ഔന്നത്യവും അതിൽതന്നെ പൊതുവേ കെട്ടുറപ്പുള്ള കുടുംബബന്ധങ്ങൾ മൂലവുമാണ് (സതിയനുഷ്ഠാനം, സ്ത്രീകളോടുള്ള വിവേചനം തുടങ്ങിയ കാര്യങ്ങൾ ഇവിടെ വിസ്മരിക്കുന്നില്ല). എന്നാൽ വിഹിതസന്താനങ്ങളെക്കൂടി തീറ്റിപോറ്റാനുള്ള സമ്പദ്സമൃദ്ധിയും, അത് അവർക്കു ലഭിക്കാനുള്ള നിയമപരിരക്ഷയുമൊക്കെയുള്ള സമൂഹത്തിൽപ്പോലും വിവാഹമോചനം രൂക്ഷമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ടാണ്, അവിഹിതസന്താനങ്ങളെക്കൂടി തീറ്റിപോറ്റാൻ പാടുപെടുന്ന ഭാരതം പോലെയുള്ള ദരിദ്രരാജ്യങ്ങൾക്ക്, കുടുംബവ്യവസ്ഥിതിയിൽ പാശ്ചാത്യരെപ്പോലെ ഒരു അധഃപതനം സംഭവിച്ചാൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുമെന്ന് നേരത്തെ സൂചിപ്പിച്ചത്. അതിനാൽ വിവാഹമോചനത്തിനുള്ള പ്രവണത, നമ്മുടെ സമൂഹത്തിൽ നിന്നു പൊതുവെയും പ്രത്യേകമായി ക്രിസ്തീയ വിശ്വാസികളിൽ നിന്നും മുളയിലെ നുള്ളിക്കളയേണ്ടതാണ്.

## എന്തുകൊണ്ട് വിവാഹമോചനം പാടില്ല

1. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കാൻ പാടില്ല എന്ന വേദപ്രമാണം തന്നെയാണ് ക്രിസ്തീയ സഭയിൽ വിവാഹമോചനം അനുവദിക്കാത്തതിന്റെ ഏറ്റവും വലിയ അടിസ്ഥാനം. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളായി, അവന്റെ രക്ഷാസുവിശേഷം ലോകത്തോടറിയിക്കാനുള്ള കുടുംബത്തിന്റെ ദൈവികോദ്ദേശ്യം നിർവഹിക്കണമെങ്കിൽ ദൈവം ആയുസ്സ് തരുന്നതു വരെയും ദമ്പതികൾ ഇണപിരിയാതെ ജീവിച്ചിരിക്കണം.

**2. കുഞ്ഞുങ്ങളുടെ ശാരീരികവും, മാനസികവും, ആത്മീകവുമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ് ദമ്പതികളുടെ വേർപിരിയാതെയുള്ള ജീവിതം**

ആഴ്ചയിൽ 5 ദിവസം അമ്മയുടെ കൂടെയും 2 ദിവസം അച്ഛന്റെ കൂടെയും കഴിച്ചുകൂട്ടുവാൻ (കോടതിവിധി അങ്ങനെയായതിനാൽ) നിർബന്ധിതരായ കുഞ്ഞുങ്ങളുടെ മാനസിക സ്ഥിതിവിശേഷം നമുക്ക് സങ്കൽപ്പിക്കാവുന്നതിലധികമാണ്. എല്ലാം മറന്ന് പൊട്ടിച്ചിരിക്കേണ്ട കുഞ്ഞുങ്ങളുടെ ബാല്യകാലം, വെറുപ്പിന്റെയും, വിദ്വേഷത്തിന്റെയും, നിരാശയുടെയും, അരക്ഷിതത്വത്തിന്റെയും പിടിയിൽ വീർപ്പുമുട്ടുന്നു. ലോകത്തെ വിദ്വേഷിച്ചുകൊണ്ട് ആരംഭിക്കുന്ന ഇവരുടെ ഭാവിപ്രവർത്തനങ്ങൾ ഒട്ടുമിക്കതും സാമൂഹ്യവിരുദ്ധ മനോഭാവത്തിലുള്ളതാണെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു.

**3. ദമ്പതികളുടെ വ്യക്തിത്വവളർച്ചയ്ക്ക് പിരിയാതെയുള്ള ജീവിതം അത്യാവശ്യമാണ്**

വിവാഹത്തോടു കൂടി ഭാര്യയുടെയോ, ഭർത്താവിന്റെയോ വ്യക്തിത്വവളർച്ച അവസാനിക്കുന്നില്ല. നേരെ മറിച്ച് പരസ്പരം സ്നേഹിക്കാനും കരുതാനും ആളുണ്ടെന്നതിൽക്കൂടി വ്യക്തിത്വവളർച്ച പുതിയൊരു ഘട്ടത്തിലേക്കു പ്രവേശിക്കുകയാണ്. ഏതെങ്കിലും ഒരു ഘട്ടത്തിൽ നിലച്ചുപോവുന്നതോ പൂർണ്ണതയിൽ എത്തുന്നതോ അല്ല ഈ വളർച്ച. അന്യോന്യം ഉള്ള കണ്ടെത്തലുകൾ ദമ്പതികളുടെ മരണം വരെയും നീണ്ടുനിൽക്കുന്ന ഒന്നാണ്. ഇത് ഒരാളിൽ തുടങ്ങി പകുതിവെച്ച് നിർത്തി വീണ്ടും മറ്റൊരാളിൽ ആരംഭിക്കാവുന്ന പ്രക്രിയയല്ല. ഒരേ സമയം ശാരീരികബന്ധം സ്ഥാപിക്കാൻ പലരിലും കഴിഞ്ഞു എന്നിരിക്കാം. എന്നാൽ ദമ്പതികൾ അനുദിനം അനസ്യൂതമായി വളർത്തിക്കൊണ്ടുവരുന്ന പ്രത്യേകമായ ഒരാത്മബന്ധം പലരിൽ ആവർത്തിക്കപ്പെടുവാൻ കഴിയുകയില്ല. ഒരു ഉത്തമസുഹൃത്തിനോടുള്ള നമ്മുടെ ആത്മബന്ധം തന്നെ പരിഗണിക്കാം. നമുക്ക് അനവധി സുഹൃത്തുക്കളുള്ളതിൽ ഈ ഉറ്റസുഹൃത്തിനോടു നാം വളർത്തിയെടുത്തിരിക്കുന്ന ആത്മീയബന്ധത്തിന് ഒരു വ്യതിരിക്തതയില്ലേ? അത് അതേ നിലയിൽ മറ്റാരുമായും പങ്കിടുവാൻ സാധാരണ മനുഷ്യപ്രകൃതിക്ക് സാദ്ധ്യമല്ല. അങ്ങനെയെങ്കിൽ ആത്മ, ശരീര, മനസ്സുകൾ പൂർണ്ണമായും പങ്കിടുന്ന ഭാര്യാ - ഭർത്തൃബന്ധത്തിൽ വളർത്തിയെടുക്കുന്ന ബന്ധം പെട്ടെന്നു മുറിച്ച്, മറ്റൊന്ന് ആരംഭിക്കുന്നതിൽ പ്രകൃതിക്കു നിരക്കാത്ത അപാകതയുണ്ട്. അതുകൊണ്ടാണ് വിവാഹമോചനം നേടിയവരിൽ മാനസികവൈകല്യവും ഗുരുതരമായ രോഗങ്ങളും വേഗത്തിൽ എത്തിച്ചേരുന്നതിന്റെ മനശാസ്ത്രപരമായ കാരണങ്ങൾ.

### 4. പ്രകൃതിയുടെ നിശ്ചിതത്വം

മനുഷ്യന്റെ നിലനില്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ് ഇത് എന്ന സത്യം ദാമ്പത്യജീവിതത്തിലും ബാധകമാണ്. സൂര്യൻ കിഴക്കുദിച്ച്, പടിഞ്ഞാറ് അസ്തമിക്കുമെന്നും, നദികൾ താഴോട്ടൊഴുകുമെന്നും, നക്ഷത്രങ്ങൾ പ്രകാശം തരുന്നു എന്നും തുടങ്ങി അനേകം പ്രകൃതിനിയമങ്ങൾക്ക് ഒരു നിശ്ചിതത്വമില്ലെങ്കിൽ മനുഷ്യജീവിതം എങ്ങനെ നില നിൽക്കാനാവും? ചൂടും, വെളിച്ചവും, ഊർജ്ജവും ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിയുടെ സ്വാഭാവികധർമ്മത്തിന് അടിക്കടിമാറ്റം വന്നാൽ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ എങ്ങനെ പുരോഗമിക്കും? ചുരുക്കത്തിൽ പ്രകൃതിയുടെ നിശ്ചിതാവസ്ഥയും, അവയെ ആശ്രയിക്കാം എന്ന ഉറപ്പുമുണ്ടെങ്കിലല്ലേ മനുഷ്യജീവിതം എല്ലാ അർത്ഥത്തിലും നിലനിൽക്കാനും വളരാനും സാദ്ധ്യമാവൂ. ഇത് ദാമ്പത്യജീവിതത്തിന്റെ കെട്ടുറപ്പിന് അർത്ഥവും വ്യാപ്തിയും നൽകുന്നു. ദൈവവിശ്വാസം ഇല്ല എന്നു പറയുന്ന ഭൗതികവാദികളും ഏതെങ്കിലും വിശ്വാസത്തിൽ ഊന്നിക്കൊണ്ടല്ലേ ജീവിതം തള്ളിനീക്കുന്നത്. “നഷ്ടപ്പെടുവാൻ വിലങ്ങുകൾ കിട്ടാനുള്ളത് പുതിയൊരു ഭൂമി” എന്നു വിപ്ലവകാരികൾ പാടുമ്പോഴും നാളെയെക്കുറിച്ചുള്ള ഒരു സ്വപ്നം നെയ്തെടുത്ത് അതിൽ  വിശ്വാസവും പ്രത്യാശയും അർപ്പിച്ച് ഇന്നുള്ള ജീവിതത്തിന് അർത്ഥം കണ്ടെത്തുകയാണ് ചെയ്യുന്നത്. ജീവിതത്തിലെ ഈ അടിസ്ഥാനപ്രമാണം ദാമ്പത്യജീവിതത്തിനും ബാധകമായിരിക്കണം. ദമ്പതികൾക്ക് അന്യോന്യം ഉള്ള കരുതൽ, സ്നേഹം, വിശ്വസ്തത, ആത്മാർത്ഥത ഇവയ്ക്കെല്ലാം ഒരു നിശ്ചിതത്വം ഉണ്ടാവുമ്പോൾ ആണ് കുടുംബജീവിതം ഏറ്റം ആസ്വാദ്യമായിത്തീരുന്നത്. പരസ്ത്രീകളിൽ ലൈംഗികാസ്വാദനം കണ്ടെത്തുന്ന ഭർത്താവിനോടുള്ള ഭാര്യയുടെ അടങ്ങാത്ത രോഷം അയാൾ മറ്റൊരു സ്ത്രീയിൽ നിന്നും ലൈംഗിക സുഖം തേടുന്നു എന്നുള്ളതിലല്ല, നേരെ മറിച്ച് തന്നോട് അയാൾക്കു വിശ്വസ്തതയില്ലെന്നുള്ള ചിന്തയിൽ നിന്നും ഉളവാകുന്നതാണ്. ലൈംഗിക കാര്യത്തിൽ വിശ്വസ്തനായി ഭർത്താവിനെ കണ്ടെത്താൻ കഴിയാത്ത ഭാര്യ മറ്റെല്ലാ കാര്യങ്ങളിലും അയാളെ അവിശ്വസിക്കും. അവരുടെ ദാമ്പത്യജീവിതത്തെ ഉലയ്ക്കുന്നത് പരസ്പര വിശ്വാസത്തിൽ അവർക്കു പറ്റിയ ഉടവാണ്. ‘ഒരു വർഷത്തിനു ശേഷം നിങ്ങളുടെ ഭാര്യ നിങ്ങളെ കാത്തിരിക്കുമോ’ എന്ന് ലണ്ടനിലെ ചില സുഹൃത്തുക്കൾ ഈ എഴുത്തുകാരനോട് ചോദിച്ചത് ഇവിടെ സ്മരിക്കുന്നു. ഒന്നല്ല പല വർഷങ്ങൾ കഴിഞ്ഞാലും കാത്തിരിക്കും എന്ന നമ്മുടെ മൂല്യമാണോ, ഒന്നോ, രണ്ടോ മാസങ്ങളുടെ വേർപാട് മതി രണ്ടു വഴിക്കു പോകാം എന്ന് ചിലപ്പോൾ തീരുമാനിക്കപ്പെടുന്ന ദാമ്പത്യജീവിതമാണോ അഭികാമ്യമായിട്ടുള്ളത് എന്നു ചിന്തിച്ചാൽ വിവാഹജീവിതത്തിന്റെ വേർപിരിക്കാനാവാത്ത സ്ഥിതിയുടെ

മഹത്വം നമുക്ക് ദർശിക്കാനാവും. അതിനാൽ വേദശാസ്ത്രത്തെപ്പോലെ മനശാസ്ത്ര തത്വങ്ങളും ഒരു വലിയ പരിധി വരെ ദാമ്പത്യത്തിന്റെ എന്നേക്കുമായുള്ള നിലനില്പിനെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്.

5. പാശ്ചാത്യ സമൂഹത്തിലെ വർദ്ധിച്ചുവരുന്ന AIDS തുടങ്ങിയ ലൈംഗികരോഗങ്ങൾ, കുടുംബത്തെക്കുറിച്ചുള്ള ആദ്യകാല ധാരണകളെ വീണ്ടും അരക്കിട്ടുറപ്പിക്കുന്നു. ലൈംഗികബന്ധങ്ങൾ വിവാഹത്തിനു മുമ്പും, വിവാഹേതരവുമായിട്ടുള്ളത് അനാശാസ്യമാണെന്നും, ഭാര്യാ – ഭർത്താക്കന്മാർ തമ്മിലുള്ള ശാരീരികബന്ധത്തിൽ ലൈംഗികതയെ ഉറപ്പിച്ചുനിർത്തണമെന്നും ഇന്ന് പലരും ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഈ പറഞ്ഞ കാരണങ്ങളാൽ ദൈവമക്കൾക്ക് വിവാഹമോചനത്തെപ്പറ്റി ചിന്തിക്കുവാൻ കൂടി സാദ്ധ്യമല്ലാതാക്കി തീർക്കുന്നു. വിവാഹമോചനെത്തെപ്പറ്റി ചിന്തിക്കാവുന്ന അപൂർവ്വം ചില സാഹചര്യങ്ങളെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുള്ളത് ഇവിടെ ആവർത്തിക്കുന്നില്ല.

**മദ്യപാനം**

വിവാഹമോചനത്തേക്കാൾ, നമ്മുടെ സമൂഹത്തിലെ കുടുംബപ്രശ്നങ്ങളിൽ ഏറ്റം രൂക്ഷമായിരിക്കുന്നത് മദ്യപാനാസക്തിയാണ്. സമ്പദ്ഘടനയിൽ ധനിക – ദരിദ്ര വ്യത്യാസം വളരെയധികമുണ്ടെങ്കിലും ദരിദ്ര കുടുംബങ്ങളിലെ സ്ഥിതി വളരെ ശോചനീയമാക്കുന്നതിന്റെ പ്രധാന ഉത്തരവാദിത്വം മദ്യപാനത്തിനുണ്ട്. വർഗസമരത്തിന്റെ പ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമായ സോഷ്യലിസ്റ്റ് രാജ്യങ്ങൾ പോലും പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവയ്ക്കെതിരെ സാർവത്രികമായ നിരോധനങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. 40% ജനങ്ങൾ പട്ടിണിരേഖയ്ക്കു താഴെ അധിവസിക്കുന്ന, ഇൻഡ്യയെപ്പോലുള്ള ദരിദ്രരാജ്യങ്ങൾക്ക് താങ്ങാവുന്നതിലധികം സാമൂഹ്യവും, ആരോഗ്യപരവുമായ പ്രശ്നങ്ങൾ ഇവ വരുത്തിവെക്കുന്നുണ്ടെങ്കിലും, മാറി മാറി വരുന്ന ഭരണകൂടങ്ങളും, രാഷ്ട്രീയപാർട്ടികളും ആത്മാർത്ഥമായി ഈ വിപത്തിനെതിരെ തിരിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. റവന്യൂ വരുമാനം, സിഗററ്റ്, മദ്യം മുതലായവയുടെ നിർമ്മാണത്തിലും ക്രയവിക്രയങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ നഷ്ടം, വ്യാജമദ്യ ഉല്പാദനത്തിൽ വരാവുന്ന വർദ്ധനവ് എന്നിവയാണ്, ഇതിനെതിരെ ശക്തമായ നടപടികൾ എടുക്കാതിരിക്കുന്നതിനുള്ള കാരണമായി അധികാരികൾ ചൂണ്ടിക്കാട്ടുന്നത്. ആദ്യത്തെ രണ്ടു കാര്യങ്ങളിൽ നിന്നുണ്ടാകുന്ന നേട്ടങ്ങളും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ, റോഡപകടങ്ങൾ, കുടുംബപ്രശ്നങ്ങൾ, ജനങ്ങളുടെ ആരോഗ്യനിലവാരത്തിലുള്ള തകർച്ച എന്നിവയും മദ്യം വരുത്തുന്ന ദോഷങ്ങളും തമ്മിൽ താരതമ്യം ചെയ്താൽ, നേട്ടങ്ങളേക്കാൾ വളരെയധികം

കോട്ടങ്ങൾ ആണെന്നുള്ള നിഗമനത്തിലെത്തിച്ചേരാൻ വിഷമമില്ല. മദ്യപാനം, നിയമവിധേയമായിരിക്കുന്ന സമൂഹത്തിലും, വ്യാജമദ്യോല്പ്പാദനം വർദ്ധിക്കുന്നു എന്ന പരമാർത്ഥം കണക്കിലെടുക്കുമ്പോൾ, പൂർണ്ണമായ നിരോധനം കൂടുതൽ ദോഷം ആ വിധത്തിൽ ചെയ്യും എന്നു പറഞ്ഞതിൽ യാഥാർത്ഥ്യം ഉണ്ട്. നിയമനിർമ്മാണത്തോടൊപ്പം സമൂഹമനസാക്ഷിയെ ഉണർത്തുകയും, ബോധവൽക്കരിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഈ വലിയ വിപത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കാനാവൂ. എന്നാൽ ആ നിലയിൽ മുന്നോട്ടുപോകാനുള്ള ആത്മാർത്ഥത ഒരു രാഷ്ട്രീയ പാർട്ടിക്കും ഇതഃപര്യന്തം ഉണ്ടായിട്ടില്ല. അതിന്റെ കാരണം അറിയണമെങ്കിൽ രാഷ്ട്രീയ പാർട്ടികളുടെ തീരുമാനങ്ങളുടെ പിന്നിലെ മനശാസ്ത്രം പരിശോധിക്കണം. ജനങ്ങളെ സേവിക്കുന്നതിലുപരി, അധികാരം നില നിർത്തണമെന്നാഗ്രഹിക്കുന്ന ഭരണകർത്താക്കൾക്കും രാഷ്ട്രീയ നേതാക്കന്മാർക്കും, മദ്യവ്യാപാരവുമായി ബന്ധപ്പെട്ടുനിൽക്കുന്നവരിൽ കൂടി തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുതകുന്ന സഹായങ്ങളാണ് എന്നാളും ലഭിച്ചിട്ടുള്ളത്. തന്നെയുമല്ല, അധികാരത്തിൽ കണ്ണു വെച്ചുകൊണ്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ അനാവശ്യ സമരപരിപാടികളെല്ലാം താഴേക്കിടയിൽ ആവിഷ്ക്കരിക്കപ്പെടണമെങ്കിൽ പ്രബുദ്ധതയില്ലാത്ത, എന്തിനെങ്കിലും അടിമകളായിരിക്കുന്ന സാമാന്യജനത്തെ ആവശ്യമാണല്ലോ. പകലന്തിയോളം, പണിയെടുക്കുന്ന പാവപ്പെട്ടവർ തങ്ങൾക്കു കിട്ടിയ വേതനത്തിന്റെ മുന്തിയ പങ്കും മദ്യത്തിനു നീക്കിവയ്ക്കാതെ, കുടുംബപരിപാലനത്തിനു മാത്രമായി ചെലവഴിക്കുന്ന ഒരു സാംസ്ക്കാരിക നിലവാരത്തിലേക്കെത്തിച്ചേർന്നാൽ മദ്യവ്യവസായം മാത്രമല്ല മുരടിക്കുന്നത്. തങ്ങളുടെ സ്വാർത്ഥ താല്പര്യ സംരക്ഷണത്തിനു വേണ്ടി സാധാരണജനങ്ങളെ കരുക്കളാക്കുന്ന നേതാക്കളുടെ ഭാവിയും അപകടത്തിലാവും. അതിനാൽ മദ്യവിപത്തിനെതിരെ ആത്മാർത്ഥമായ ഒരു സമീപനം രാഷ്ട്രീയക്കാരിൽ നിന്ന് ഉണ്ടാവാൻ വഴിയില്ല. സഭയും, ആത്മീകസംഘടനകളും, മദ്യവർജ്ജന സമിതിപോലുള്ള സാംസ്ക്കാരിക സംഘടനകളും ഈ കാര്യത്തിൽ വളരെയധികം മുന്നിട്ടു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മദ്യം, മയക്കുമരുന്ന്, പുകവലി ഇവയ്ക്കെതിരെ വിശ്വാസികളെ പ്രബോധിപ്പിക്കാൻ ഇടവക തലങ്ങളിൽ തന്നെ സമിതികൾ ഉണ്ടാകണം. ഒരു മദ്യപാനി രക്ഷപെട്ടാൽ ആ കുടുംബമെങ്കിലും സന്തുഷ്ടിയുടെ അനുഭവത്തിലേക്കു വരുമെന്നുള്ളതിനാൽ ഒറ്റപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കു പോലും ഈ കാര്യത്തിൽ വലിയ പ്രസക്തിയുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. അതിനാൽ, ഇതു വലിയ ദേശീയവും, അന്തർദ്ദേശീയവുമായ പ്രശ്നമാണെന്നു പറഞ്ഞ് ഒഴിഞ്ഞിരിക്കാൻ മനുഷ്യസ്നേഹികളായ ആർക്കും പ്രത്യേകിച്ച് സഭക്കും വിശ്വാസികൾക്കും സാധ്യമല്ല.

മദ്യം, മയക്കുമരുന്ന്, പുകവലി ഇവയുടെ ദൂഷ്യഫലങ്ങളും നിവാര ണമാർഗ്ഗങ്ങളും വിശദമായി ഇവിടെ പ്രതിപാദിക്കുന്നില്ല. ചുരുക്കമായ ചില സൂചനകളേ നൽകുന്നുള്ളൂ. World Health Organisation ന്റെ കണക്കു പ്രകാരം, ലോകത്തിലെ മനുഷ്യജാതിയുടെ ആരോഗ്യപ്രശ്നങ്ങളിൽ നാലാം സ്ഥാനം മദ്യപാനാസക്തിയോടു ബന്ധപ്പെടുന്നതാണ്.* മയക്കു മരുന്ന്, പുകവലി എന്നിവ കൂട്ടിച്ചേർത്താൽ മനുഷ്യസമൂഹത്തിന്റെ ആരോഗ്യത്തെ ബാധിക്കുന്ന ഹേതുക്കളിൽ ഒന്നാം സ്ഥാനം ഇതിനായിരി ക്കുമെന്നു കണക്കാക്കാൻ സാധിക്കും. അർബുദം, ഹൃദ്രോഗം തുടങ്ങിയ മാരകമായ രോഗങ്ങൾക്കും മറ്റനവധി മാനസിക രോഗങ്ങൾക്കും പ്രധാന കാരണം ഇവ മൂന്നുമാണെന്നു കണ്ടെത്തിയിരിക്കുന്നു. പാപവും, രോഗവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നുള്ള വേദപുസ്തകസത്യം ഈ കാര്യ ത്തിൽ അക്ഷരംപ്രതി തെളിയിക്കപ്പെട്ടിരിക്കയാണ്. ഒരുവന്റെ ആത്മാവി നെയും, ശരീരത്തെയും, മനസ്സിനെയും ഒരുപോലെ നശിപ്പിക്കുന്ന ഈ തിന്മയുടെ, ദൂഷ്യഫലങ്ങൾ അതിനടിമയായിരിക്കുന്ന വ്യക്തിയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. അത് ആ വ്യക്തിയുടെ സാമൂഹ്യ ബന്ധങ്ങ ളെയും എല്ലാറ്റിനുമുപരി കുടുംബജീവിതത്തെയും, പിന്നീടുള്ള തലമുറ യെപ്പോലും പ്രതികൂലമായി ബാധിക്കുന്നു.

### പ്രതിവിധികൾ

മദ്യമയക്കുമരുന്നുകളോടുള്ള ആസക്തിയും, അത് രൂപപ്പെടുന്ന പശ്ചാത്തലവും, അതിനോടു പ്രതികരിക്കേണ്ട രീതിയെപ്പറ്റിയുമൊക്കെ ശാസ്ത്രീയമായ പഠനങ്ങൾ അനവധി നടന്നിട്ടുണ്ട്. ഈ വിഷയത്തേപ്പറ്റി പ്രത്യേകം താല്പര്യം എടുത്തു പഠിക്കുന്നവർക്ക് കൂടുതൽ വിവരങ്ങൾ അങ്ങനെ ലഭ്യമാണ്. പൊതുവായ ചിന്തകൾ മാത്രം ഇവിടെ കുറിക്കാം.

(1) ആസ്വാദനത്തിനു വേണ്ടി മദ്യം, മയക്കുമരുന്ന്, പുകവലി ഇവ രുചിച്ചു തുടങ്ങിയവരിൽ 10 നും 20 നും ഇടയിലുള്ള ശതമാനം ആളു കൾ ഇവകൾക്ക് അടിമകളായിത്തീരാൻ സാദ്ധ്യതയുണ്ടെന്ന് കണക്കുകൾ പഠിപ്പിക്കുന്നു. അതിനാൽ രസത്തിനു വേണ്ടി പോലും ഇവ രുചിക്കില്ലെന്ന്, ഇതുവരെ അതിന് വഴിപ്പെട്ടിട്ടില്ലാത്തവർ തീരുമാനിക്കണം.

(2) സാധാരണ മദ്യം, മയക്കുമരുന്ന് ഇവ ഉപയോഗിക്കുന്നതും അതിന് അടിമകളായിരിക്കുന്നതും (Addict) തമ്മിൽ വ്യത്യാസമുണ്ട്. ജീവിക്കു ന്നതിന് വേണ്ടി മദ്യപിക്കുക എന്നതിൽ നിന്നും മദ്യപിക്കുന്നതിനു വേണ്ടി ജീവിക്കുക എന്ന അവസ്ഥയിലേക്ക് അടിമകളായവർ മാറ്റപ്പെട്ടിരിക്കുന്നു.

---

* R. E. O. White, *A Guide to Pastoral Care*. Pickering Paper backs, U.K., 1984, p. 217.

ആത്മീക ഉപദേശവും, കൗൺസലിംഗും ഒന്നും വിലപ്പോവാത്ത ഇവർക്ക് മനോരോഗവിദഗ്ധരുടെ ചികിത്സ അത്യന്താപേക്ഷിതമായും ലഭിച്ചിരിക്കണം. മനസ്സിനു മാത്രമല്ല, ശരീരത്തിനും കൂടി വിശപ്പിനു ഭക്ഷണമെന്നതു പോലെ, മദ്യം ലഭിച്ചിരിക്കണം എന്നുള്ളതാണ് ഇവകൾക്ക് അടിമകളായവരുടെ അവസ്ഥ. ചികിത്സ അത്യാവശ്യമായിരിക്കുന്നത് അതിനാലാണ്.

(3) അടിമകളായിത്തീർന്നിട്ടില്ലാത്തവർ തങ്ങളുടെ മദ്യപാനാസക്തിയുടെ കാരണങ്ങളായി പറയുന്നത് വ്യക്തിപരമായ ജീവിതത്തിലെയും സാമൂഹ്യജീവിതത്തിലേയും സംഘർഷങ്ങളാണ്. ചിലപ്പോൾ വ്യക്തിയറിയാത്ത അബോധമനസ്സിലെ ചിന്തകളും ഇതിന് കാരണമാവാം. അപകർഷത, അമിതമായ കുറ്റബോധം, നിരാശ, സഫലീകരിക്കപ്പെടാത്ത ആഗ്രഹങ്ങൾ, വിരസത തുടങ്ങിയ മാനസിക വൈഷമ്യങ്ങൾ വ്യക്തിയെ മദ്യമയക്കുമരുന്നുകളിലേക്കു നയിക്കാൻ സാദ്ധ്യതയുണ്ട്. എന്നാൽ ഈ വക പ്രശ്നങ്ങൾക്കൊന്നും പരിഹാരം തരാൻ മദ്യത്തിനു കഴിയുകയില്ല എന്നു മനസ്സിലാക്കി മാനസികപ്രശ്നങ്ങളെ കുമ്പസാരത്തിലോ, കൗൺസലിംഗിലോ ഒക്കെ തുറന്നുപറഞ്ഞ് പരിഹാരം കണ്ടെത്താൻ ശ്രമിക്കണം. മാനസിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല എന്നതു മാത്രമല്ല, മദ്യത്തിൽ അഭയം തേടുന്നതിലെ അപാകത. പിന്നെയോ ആത്മ, ശരീര, മനസ്സുകൾക്ക് വീണ്ടും വൈകല്യം വരുത്തി ചെറിയ പ്രശ്നങ്ങളെ അധികരിക്കുകയാണ് മദ്യപർ ചെയ്യുന്നത്. ബോധവൽക്കരണം ഈ കാര്യത്തിൽ വളരെ ആവശ്യമായിരിക്കുന്നു.

(4) എല്ലാറ്റിനുമുപരി, വിശ്വാസികളെ സംബന്ധിച്ചിടത്തോളം കുടുംബജീവിതത്തിന്റെ സന്തുഷ്ടി, ആത്മീകതലത്തിലും, ക്രിസ്തീയ കൂട്ടായ്മയിലും കണ്ടെത്താൻ കഴിഞ്ഞാൽ, ആരും തന്നെ ഈ മഹാവിപത്തിന് അടിമകളായിത്തീരുകയില്ല എന്നതാണ് സത്യം. ആത്മീകസംഘടനകളിലെ പ്രവർത്തനങ്ങൾ പ്രാർത്ഥനായോഗങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ മുതലായവയിലൂടെ ലഭിക്കുന്ന ക്രിസ്തീയ കൂട്ടായ്മയുടെ സന്തോഷം, വിശ്വാസികൾക്ക് സമൂഹത്തിന്റെ ദുഷിച്ച പ്രലോഭനങ്ങളെ ചെറുത്തുനിൽക്കാനുള്ള ശക്തിയും, വീര്യവും നൽകും.

**ചോദ്യങ്ങൾ**

1. വിവാഹമോചനം അനുവദനീയമല്ലാത്തതിന്റെ വേദശാസ്ത്രവും, മനഃശാസ്ത്രപരവുമായ കാരണങ്ങൾ വിവരിക്കുക?
2. മദ്യപാനാസക്തി കുടുംബജീവിതങ്ങളിൽ സൃഷ്ടിക്കുന്ന വൈഷമ്യങ്ങൾ എന്തെല്ലാം? അതില്ലാതാക്കുവാൻ നമുക്ക് എന്തെല്ലാം ചെയ്യുവാൻ കഴിയുമെന്ന് കൂട്ടായി ചിന്തിക്കുക?

## പാഠം 6

# ഭൂമിയിൽ പറുദീസാ

*"യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനി ക്കുന്നു. ...... തന്റെ പ്രിയനോ അവൻ അതു ഉറക്കത്തിൽ കൊടുക്കുന്നു: മക്കൾ, യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതി ഫലവും തന്നെ. ...... അങ്ങനെയുള്ളവർ ലജ്ജിച്ചു പോകയില്ല'' (127 - ാം സങ്കീർത്തനം).*

*"യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യ വാൻ. ........ നിന്റെ ഭാര്യ നിന്റെ വീട്ടിനകത്തു ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശക്കു ചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും. ...... നിന്റെ ആയുഷ്ക്കാലമൊക്കെയും നീ യെരുശ ലേമിന്റെ നന്മയെ കാണും. യിസ്രായേലിന്മേൽ സമാധാനം ഉണ്ടാകട്ടെ" ( 123- ാം സങ്കീർത്തനം).*

കുടുംബജീവിതത്തെപ്പറ്റി പുതിയനിയമത്തിൽ കാണുന്ന വേദശാസ്ത്ര പരിചിന്തനങ്ങൾ മുഴുവനായി ഇവിടെ കാണപ്പെടുന്നില്ലെങ്കിലും, ഉത്തമ കുടുംബം ഭൂമിയിലെ പറുദീസായാണെന്നുള്ള കാവ്യാത്മക ദർശനം ഈ സങ്കീർത്തനങ്ങളിൽ നിഴലിക്കുന്നതുപോലെ മറ്റെങ്ങും വിശുദ്ധ വേദ പുസ്തകത്തിൽ നാം കണ്ടെത്തുകയില്ല. 127 -ാം സങ്കീർത്തനം ശലോ മോന്റെ പേരിലുള്ള ആരോഹണഗീതമായി പറയപ്പെടുന്നുണ്ടെങ്കിലും, പ്രവാസകാലത്തിലോ, അതിനുശേഷമോ ഇസ്രായേലിലെ തകർന്ന കുടുംബബന്ധങ്ങൾ കെട്ടിപ്പടുക്കുന്ന പശ്ചാത്തലത്തിൽ രചിച്ചതാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. 128 - ാം സങ്കീർത്തനം ആരാധനയുടെ ഒടുവിൽ ആശീർവാദമായി ഉപയോഗിച്ചിരുന്നതാണെന്നും ചിന്തയുണ്ട്. രണ്ടിലും പ്രതിഫലിപ്പിക്കുന്ന കുടുംബജീവിതത്തിന്റെ അടിസ്ഥാനങ്ങളും, തത്വങ്ങളും വളരെ മനോഹരം തന്നെ. ഇവയിലെ ധ്യാനാത്മകമായ ശക ലങ്ങൾ കൂടി ഉദ്ധരിച്ചുകൊണ്ട് ഈ ചെറിയ ഗ്രന്ഥം ഉപസംഹരിക്കാം.

### 1. ക്രിസ്തീയ കുടുംബത്തിനടിസ്ഥാനം - ദൈവം

പരോക്ഷമായി ആവർത്തിച്ച് രേഖപ്പെടുത്തിയ കാര്യം പ്രത്യക്ഷത്തിൽ പറഞ്ഞ് നിർത്തട്ടെ. എത്ര മാത്രം കണക്കുകൂട്ടിയാലും, ചിട്ടപ്പെടുത്തി ക്രമീ കരിച്ചാലും, ദുഃഖങ്ങളും, ദുരിതങ്ങളും, സാമ്പത്തികക്ലേശങ്ങളും, രോഗ ങ്ങളും ചിലപ്പോൾ വേർപാടുകളുടെ വേദനയുമൊക്കെ കുടുംബജീവിത ത്തിന്റെ ഭാഗമായി വന്നുചേരും. ദൈവത്തെ അറിഞ്ഞ് ജീവിക്കുന്നവർക്ക് പരിശോധനകൾ അധികമോ എന്ന് ചിന്തിക്കുന്ന അനവധി സന്ദർഭങ്ങളും ഉണ്ടാകാം. അവിടെയൊക്കെയും വിശ്വാസികളെ അടിപതറാതെ പിടിച്ചു

നിർത്തുന്നത് മാറ്റമില്ലാത്ത ദൈവത്തിലുള്ള അചഞ്ചലവിശ്വാസമാണ്. “ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറ മേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞു നദികൾ പൊങ്ങി. കാറ്റു അടിച്ചു, അതു വീട്ടിൻ മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല” (വി. മത്താ. 7:24, 25). സങ്കീർത്തനക്കാരന്റെ വരികൾക്ക് കൂടുതൽ വീര്യവും ശക്തിയും പകർന്ന് നമ്മുടെ കർത്താവ് വിശ്വാസികളെ ധൈര്യപ്പെടുത്തുന്നു.

## 2. തന്റെ പ്രിയനോ അവൻ അതു ഉറക്കത്തിൽ കൊടുക്കുന്നു

മടിയന്മാർക്ക് ദൈവം അനുഗ്രഹങ്ങളെ നൽകുമെന്നല്ല ഇവിടുത്തെ വിവക്ഷ. ‘He giveth his beloved sleep.’ തന്റെ പ്രീയപ്പെട്ടവർക്ക് അവൻ നല്ല വിശ്രമം കൊടുക്കുന്നു എന്നാണ് ഒരർത്ഥം. ആദ്യത്തെ ആശയത്തിന്റെ തുടർച്ച തന്നെയാണ് ഇവിടെയും. ദൈവത്തെ മാറ്റി നിർത്തി അദ്ധ്വാനിക്കുന്നതു വെറുതെ. അവനെ വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും പ്രതിഷ്ഠിച്ച് അദ്ധ്വാനിക്കുന്നവന് ദിവസം തോറും, പിന്നെ അന്ത്യത്തിലും നല്ല വിശ്രമം ലഭിക്കുമെന്നു സാരം. സങ്കീർത്തനക്കാരൻ സൂചിപ്പിച്ചതുപോലെ അക്ഷരാർത്ഥത്തിൽ ഈ ലോകത്തിലെ സമ്പാദ്യങ്ങൾക്കു വേണ്ടി അഹോരാത്രം പണിയെടുക്കുന്നവർ ക്രിസ്തീയ വിശ്വാസികളിലും അനവധിയുണ്ട്. പാവനമായ കുടുംബബന്ധങ്ങളെക്കൂടി മറന്നുകൊണ്ട് അദ്ധ്വാനിക്കുന്നവർക്ക് ശരിയായ വിശ്രമം എന്നും ഒരു മരീചിക തന്നെ.

ഇതിനു മറ്റൊരർത്ഥം കൂടിയുണ്ട്. യഹോവയ്ക്ക് പ്രിയനായവൻ എന്നർത്ഥത്തിൽ ശലോമോന്, യദിദ്യാവ് എന്ന് മറ്റൊരു പേരു കൂടിയുണ്ടായിരുന്നു. ശലോമോന് ദൈവം ഉറക്കത്തിൽ അനുഗ്രഹങ്ങൾ കൊടുത്തതായി 1 രാജാ. 3:5 – 15 വരെയുള്ള ഭാഗത്തു നാം വായിക്കുന്നുണ്ട്. അതായത്, ആവശ്യപ്പെടുന്ന എന്തു വരവും നൽകാമെന്ന് വാഗ്ദത്തം ചെയ്ത യഹോവയോട് ശലോമോൻ, ജനത്തിനു ന്യായപാലനം ചെയ്യുവാൻ വിവേകമുള്ളൊരു ഹൃദയം മാത്രം ചോദിച്ചത് യഹോവയ്ക്ക് അത്യന്ത്യം പ്രീതികരമായി. അവൻ ചോദിക്കാത്ത സമ്പത്തും ജ്ഞാനവും കൂടി ദൈവം അവനു നൽകി. അതുപോലെ ദൈവമക്കൾക്ക്, തങ്ങളുടെ പ്രയത്നങ്ങൾക്കധികമായ നന്മകൾ ദൈവത്തിൽ നിന്നു ലഭിക്കുമെന്ന് വ്യാഖ്യാനം കൊടുക്കാം. ശലോമോൻ തനിക്കായിട്ട് ഒന്നും ചോദിച്ചില്ല. ജനത്തിനു വേണ്ടി യാചിച്ചു. തങ്ങളുടെ താലന്തുകളെ മറ്റുള്ളവർക്ക് പ്രയോജനകരമായ രീതിയിൽ ചിലവഴിക്കണമെന്നാഗ്രഹിക്കുന്നവർക്ക് അധികം ദൈവികദാനങ്ങളെ ലഭിക്കും, നിശ്ചയം തന്നെ.

## 3. മക്കൾ യഹോവയുടെ ദാനം

കുടുംബാസൂത്രണവും ശാസ്ത്രീയ സംവിധാനങ്ങളുമൊക്കെ

കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ സൃഷ്ടിയാണെന്നുള്ള ചിന്തയിലേക്കാണ് അനേകരെ കൊണ്ടെത്തിച്ചിരിക്കുന്നത്. ഇവിടെയും സങ്കീർത്തനക്കാരന്റെ വാക്കുകൾ അന്വർത്ഥമായിരിക്കുന്നു. ശാസ്ത്രത്തിനും, അറിവിനുമൊക്കെ മാറ്റങ്ങൾ വന്നാലും മാറ്റം ഇല്ലാതെ നിൽക്കേണ്ട മൂല്യമാണ് കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമെന്നുള്ളത്. എങ്കിൽ മാത്രമേ ദൈവത്തോടുള്ള ബന്ധത്തിൽ തലമുറയെ വളർത്തുവാൻ സാധിക്കൂ. കുടുംബപ്രാർത്ഥന അർത്ഥവത്തായി നടത്തുന്ന ഒരു വീട്ടിലെ ഒരു കുട്ടി ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചു. ''When I Pray to God, I feel about Him, I think about Him and I decide, to do something for Him'' (ഞാൻ പ്രാർത്ഥിക്കുമ്പോൾ ദൈവം എനിക്ക് അനുഭവപ്പെടുന്നു. ഞാൻ അവനെക്കുറിച്ച് ചിന്തിക്കുകയും, അവനു വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് തീരുമാനിക്കുകയും ചെയ്യുന്നു). ഈ അനുഭവം ക്രിസ്തീയ കുടുംബങ്ങളിലെ മക്കൾക്കുണ്ടാവണം.

### 4. നഗരവാതിൽക്കലെ ശത്രുക്കളോട് സംസാരിക്കുമ്പോൾ ദൈവപൈതൽ ലജ്ജിച്ചുപോകരുത്

ഗോത്രങ്ങളായി ജീവിച്ചിരുന്ന യഹൂദന്മാരുടെ പശ്ചാത്തലത്തിൽ അയൽഗോത്രങ്ങളുമായി യുദ്ധം ചെയ്യുവാൻ പിതാക്കന്മാർക്ക് യൗവ്വനത്തിലെ മക്കളുടെ സഹായം ആവശ്യമായിരുന്നു. ഇന്ന് അത്തരത്തിലുള്ള സംഘർഷത്തിനു സ്ഥാനമില്ല.

'നാട്യപ്രധാനം നഗരം ദരിദ്രം, നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്ന് കവി പാടിയപ്പോൾ നാട്ടിൻപുറം പൂർണ്ണമായും നന്മകളാൽ സമൃദ്ധമൊന്നുമല്ലെങ്കിലും ജീർണ്ണത എല്ലാ അർത്ഥത്തിലും വ്യാപിച്ചിരിക്കുന്ന നാഗരികസംസ്ക്കാരത്തെ മനസ്സിന്റെ ഉള്ളിൽ ദർശിച്ചിരിക്കണം. അനാത്മീകതയും, അധാർമ്മികതയും വളർന്നുവരുന്ന നഗരത്തിലെ ശത്രുക്കളോട് എതിരിട്ടുനിൽക്കാനും അതിജീവിക്കാനുമുള്ള ശക്തി ക്രിസ്തീയ കുടുംബങ്ങളിലെ യുവതലമുറ കൂടുതലായി ഇനിയും നേടേണ്ടിയിരിക്കുന്നു.

### 5. ഏറ്റം പരമമായ ഭാഗ്യം യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുക

സങ്കീർത്തനക്കാരന് അസന്നിഗ്ദമായി പ്രഖ്യാപിക്കാൻ കഴിഞ്ഞിരുന്ന ഈ കാര്യം അത്രവേഗത്തിൽ ഇന്നുള്ള വിശ്വാസികൾക്ക് ഏറ്റുപറയുവാൻ സാധിച്ചു എന്നു വരികയില്ല. നഴ്സറി സ്ക്കൂൾ മുതൽ പ്രൊഫഷനൽ വിദ്യാഭ്യാസതലം വരെയും ലഭിക്കാവുന്ന റാങ്കുകൾ, ഉന്നതബിരുദങ്ങൾ, ഉയർന്ന ഉദ്യോഗങ്ങൾ, സ്ഥാനമാനങ്ങൾ, സമ്പത്ത്, അംബരചുംബികളായ രമ്യഹർമ്മ്യങ്ങൾ, കൊട്ടാരസദൃശ്യമായ വീടുകൾ മുതലായവയാണ് ഇന്ന്

അനേകം പേർക്കും ഭാഗ്യത്തിന്റെ നിദാനങ്ങളായി എടുത്തുപറയാനുള്ളത്. ഇവിടെ തെറ്റുപറ്റിയിരിക്കുന്നത് നമുക്കോ, സങ്കീർത്തനക്കാരനോ? സങ്കീർത്തനക്കാരന് തെറ്റുപറ്റിയിട്ടില്ല. ക്രിസ്തീയ വിശ്വാസത്തിലടിസ്ഥാനമിട്ട കുടുംബങ്ങൾക്ക് സനാതനമായ മൂല്യമാണ് സങ്കീർത്തനക്കാരൻ പഠിപ്പിച്ചത്. അവയിൽ നിന്നു പലതും നമുക്ക് ഉൾക്കൊള്ളുവാനായിട്ടുണ്ട്.

## 6. കുടുംബത്തിന്റെ കൂട്ടായ്മ: മുന്തിരിവള്ളിയും ഒലിവുതൈകളും

ഭാര്യയെ ഫലപ്രദമായ മുന്തിരിവള്ളി പോലെയും മക്കളെ, ഒലിവുതൈകൾ പോലെയും ചിത്രീകരിച്ചുകൊണ്ട് കുടുംബത്തിന്റെ കൂട്ടായ്മ സങ്കീർത്തനക്കാരൻ വരച്ചുകാട്ടുന്നത് വളരെ അർത്ഥവത്താണ്. സ്ത്രീകൾക്കു സ്വാതന്ത്ര്യം പരിമിതമായിരുന്ന ആ കാലഘട്ടത്തിലും ദൈവഭക്തിയുള്ള കുടുംബത്തിലെ സ്ത്രീ ആ പരാധീനതകൾ ഉൾക്കൊള്ളുന്നതായി കാണുന്നില്ല. മറിച്ച് ഫലപ്രദമായ മുന്തിരിവള്ളി പോലെ ജീവിതം അർത്ഥവത്തായി തുടരുവാൻ അവൾക്കു കഴിഞ്ഞു. സ്ത്രീകൾക്കെതിരെ വിവേചനങ്ങൾ ഇന്നും ഒട്ടനവധിയുള്ള നമ്മുടെ സമൂഹത്തിൽ നമുക്ക് അടിയന്തിരമായി ചെയ്യുവാനുള്ളത് ഇതാണ്. കുടുംബബന്ധങ്ങളിൽ ആവോളം ക്രിസ്തീയമൂല്യങ്ങൾ ഉൾക്കൊള്ളാൻ ശ്രമിക്കുക. അവശതയുള്ളവരേയും, ബലഹീനരെയും താങ്ങുവാനും ശുശ്രൂഷിക്കുവാനും ക്രിസ്തീയ മൂല്യാധിഷ്ഠിതമായ അന്തരീക്ഷത്തിലേ സാധിക്കുകയുള്ളൂ. നിയമനിർമ്മാണങ്ങൾ സാമൂഹ്യ പരിവർത്തനത്തിന് ശക്തമായ ഉപാധികളാണെങ്കിലും അതു കുടുംബാന്തരീക്ഷത്തിലേക്കു മാറ്റപ്പെടുമ്പോൾ അതേപടി പ്രയോഗിക്കാനാവില്ല. പരസ്പര സ്നേഹം, ത്യാഗം, ആത്മാർത്ഥത, വിശ്വസ്തത, ദീർഘക്ഷമ, സഹാനുഭൂതി തുടങ്ങിയ അനേകം ക്രിസ്തീയ നന്മകളുടെ വ്യാപാരമാണ് നല്ല കുടുംബബന്ധങ്ങൾ വാർത്തെടുക്കുന്നതിന്റെ ആധാരം.

ഒലിവു വൃക്ഷത്തിന്റെ ചുറ്റും തൈകൾ വളരുന്നതുപോലെ (ഒന്ന് ഒന്നിനെ പരിപോഷിപ്പിച്ചുകൊണ്ട്) അനുസരണയുള്ള കുഞ്ഞുങ്ങൾ മാതാപിതാക്കളോട് വിധേയത്വമുള്ളവരായി ഏകമനസ്സോടും, ഏക ആത്മാവോടും കൂടി വർത്തിക്കുന്നതായി കാണാം. കുഞ്ഞുങ്ങൾക്ക് ഈ നൽവരങ്ങൾ വെറുതേ ലഭിച്ചതല്ല. യഹോവാ ഭക്തനായ പിതാവിനോട് ഇങ്ങനെയേ അവർക്കു വർത്തിക്കാനാവൂ. ഇന്നും എന്നത്തേക്കും നിലനിൽക്കുന്ന ഒരു സത്യം വളരെ മനോഹരമായി സങ്കീർത്തനക്കാരൻ അവതരിപ്പിച്ചിരിക്കുന്നു. "ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു. അവൻ വീണാലും നിലംപരിചാകയില്ല. .... നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി

ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല" (സങ്കീ. 37:23–25). ദൈവ ഭക്തിയും, അനുസരണവും മാതാപിതാക്കളുടെ പ്രവൃത്തികളിൽ ദർശിക്കാൻ കഴിഞ്ഞാൽ മക്കളും ദൈവത്തോടും, മാതാപിതാക്കളോടും വിധേയത്വമുള്ളവരായിത്തന്നെ വളരും, കാലം മാറിയെങ്കിലും, ഈ പ്രമാണങ്ങൾ ക്കൊന്നും പൊളിച്ചെഴുത്ത് ആവശ്യമായി വന്നിട്ടില്ല.

## 7. നിന്റെ ആയുഷ്ക്കാലമൊക്കെയും നീ യരുശലേമിന്റെ നന്മയെ കാണും

ഒരു യഥാർത്ഥ യഹൂദന്, തന്റെ മതത്തോടും വിശ്വാസത്തോടും ബന്ധപ്പെടാതെ ജീവിതത്തിന്റെ അർത്ഥം കാണാനാവില്ലായിരുന്നു. യഹോവാ ഭക്തിയുള്ള കുടുംബജീവിതത്തിന്റെ സന്തുഷ്ടി, കുടുംബത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അതിന്റെ സൗരഭ്യപരിമളം നാനാഭാഗത്തേക്കും വീശിക്കൊണ്ടേയിരിക്കും. യഹൂദന്റെ മതത്തിന്റെയും, സംസ്ക്കാരത്തിന്റെയും കേന്ദ്രം യരുശലേമാണല്ലോ. ദൈവഭക്തിയുള്ള കുടുംബജീവിതങ്ങൾ ഉണ്ടാകുമ്പോൾ യരുശലേമും അഭിവൃദ്ധി പ്രാപിക്കും എന്നത് ഇപ്പോഴും അർത്ഥവത്താണ്. അതായത് നമ്മുടെ ഇടവകകളുടേയും, സഭയുടേയും മുഴുവനായ അഭിവൃദ്ധിയുടെ അടിസ്ഥാനം കുടുംബങ്ങളുടെ ക്രിസ്തീയവൽക്കരണത്തിലാണെന്നുള്ളതിൽ രണ്ടു പക്ഷമില്ല. സഭയോടുള്ള ബന്ധവും, കൗദാശികമായ ആത്മികജീവിത പരിപോഷണവും ഒരു വിശ്വാസിക്കു കൈവരുന്നത് അവന്റെ കുടുംബത്തിലെ പരിശീലനത്തിൽ നിന്നാണ്. അല്പസമയത്തേക്കുള്ള കുടുംബപ്രാർത്ഥന പോലും പരിശീലിക്കുവാനും ആസ്വദിക്കുവാനും കഴിയാത്തവർക്ക് പള്ളിയിലെ ദീർഘമായ ആരാധന എങ്ങനെ ഭക്തിദ്യോതകമായി മാറും? വിവാഹവാർഷികങ്ങൾ, കുഞ്ഞുങ്ങളുടെ ജന്മദിനങ്ങൾ, കുടുംബത്തിലെ വാങ്ങിപ്പോയവരെ സ്മരിക്കുന്ന ദിനങ്ങൾ, നോമ്പുകാലങ്ങൾ എന്നിങ്ങനെ പ്രത്യേക സന്ദർഭങ്ങളിലെല്ലാം കുടുംബം മുഴുവനായി വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കുന്ന പതിവ് വളരെ നല്ലതാണ്. ആരാധനയിൽ സംബന്ധിക്കുമ്പോഴെല്ലാം വി. കുർബ്ബാനാനുഭവം സാദ്ധ്യമായില്ലെങ്കിലും ആണ്ടിൽ ഒരിക്കലായി മാത്രം അതിനെ പരിമിതപ്പെടുത്തുന്ന മാതാപിതാക്കളുടെ രീതി ഒട്ടുമേ നല്ലതല്ല. കുഞ്ഞുങ്ങൾക്ക് തെറ്റായ മാതൃകയാണ് അവരുണ്ടാക്കിയിരിക്കുന്നത്. സഭയേയും കൗദാശിക ജീവിതത്തെയും ഗൗരവമായി പരിഗണിക്കേണ്ടതില്ല എന്ന സന്ദേശം കുഞ്ഞുങ്ങൾക്കു ലഭിക്കുവാൻ ഇതു കാരണമായിത്തീരുന്നു. സഭയിൽ നിന്ന്, ആത്മീകജീവൻ പ്രാപിക്കുകയും, തിരിച്ച് സഭയെ എല്ലാ വിധത്തിലും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന കർത്തവ്യം നിർവഹിക്കപ്പെടണമെങ്കിൽ അതിനുള്ള പരിശീലനവും കുടുംബത്തിൽ നിന്ന് ലഭിച്ചിരിക്കണം.

## 8. നിങ്ങൾ ഭൂലോകമൊക്കെയിലും എന്റെ സാക്ഷികൾ ആയിത്തീരണം

സങ്കീർത്തനങ്ങൾ പറഞ്ഞിട്ടുള്ളതിൽ നിന്ന് പ്രത്യേകമായി കൂട്ടിച്ചേർക്കുവാനുള്ളത് ഇതു മാത്രമാണ്. യഥാർത്ഥ ആത്മീകജീവന്റെ പ്രതിഫലനങ്ങൾ ഒരിടത്തു മാത്രം ഒതുങ്ങി നിൽക്കയില്ലെന്നുള്ളത് വാസ്തവമാകാമെങ്കിലും, കർത്താവ് ശിഷ്യന്മാരെ ഈ കാര്യം പ്രത്യേകം പ്രബോധിപ്പിച്ചതുപോലെ ഇന്നും ചെയ്യേണ്ടതുണ്ട്. ആദ്യം തന്നെ സൂചിപ്പിച്ചതുപോലെ കുടുംബത്തെക്കുറിച്ചുള്ള ദൈവികോദ്ദേശ്യം നിർവഹിക്കപ്പെടുമ്പോഴേ ക്രിസ്തീയ ഭവനമെന്ന പേരിന് അത് അർഹമായിത്തീരുകയുള്ളൂ. സമൂഹത്തോടും ലോകത്തോടുമുള്ള കടപ്പാടുകൾ നിർവഹിക്കുക എന്നത് ക്രിസ്തീയ കുടുംബത്തിന്റെ ധർമ്മമാണ്. വ്യക്തിപരമായ ചില നന്മകളിൽ മാത്രം ഊന്നി സ്വാർത്ഥപരമായ ജീവിതം നയിക്കുന്നതിനെ ആത്മീകമെന്ന് കർത്താവ് വിശേഷിപ്പിച്ചിട്ടില്ല. കർത്താവിന്റെ അടുക്കൽ നിത്യജീവനെ പ്രാപിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു വന്ന പ്രമാണിയായ മനുഷ്യൻ അന്നത്തെ യഹൂദ സമൂഹത്തിലെ ഒട്ടനവധി പേരെക്കാളും വ്യക്തിപരമായ നിലയിൽ നല്ല മൂല്യങ്ങളുള്ളവനായിരുന്നു (ലൂക്കോ: 18:18–29). പക്ഷേ കർത്താവ് അതുകൊണ്ടു മാത്രം തൃപ്തനായില്ല. സമൂഹത്തോടുള്ള കടപ്പാടുകൾ കൂടി നിർവഹിക്കുവാൻ കർത്താവ് അവനോട് ആവശ്യപ്പെട്ടു. “ഇനി ഒരു കുറവു നിനക്കുണ്ട്. നിനക്കുള്ളതൊക്കെയും ദരിദ്രന്മാർക്ക് പകുത്തു കൊടുക്ക; എന്നാൽ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും, പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു” (വാക്യം 22). സമൂഹത്തോടുള്ള കടപ്പാടുകൾ നിർവഹിക്കുന്നത് ആത്മീകതയുടെ ഭാഗമാണെന്ന് ഇതുവരെയും മനസ്സിലാക്കിയിട്ടില്ലാത്ത യുവാവ് അതിദുഃഖിതനായിത്തീർന്നു. പക്ഷേ അവന്റെ ദുഃഖത്തിൽ കർത്താവിനു മനസ്സലിവുണ്ടാകയോ എന്തെങ്കിലും ഒത്തുതീർപ്പിന് പരിശ്രമിക്കയോ ചെയ്തില്ല. ‘ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതെളുപ്പം’ (വാക്യം 25) എന്നു പറഞ്ഞ് കർത്താവ് വാക്കുകളെ കഠിനമാക്കുകയും തന്റെ നിലപാടിനെ സ്ഥിരീകരിക്കുകയുമാണുണ്ടായത്.

സാമൂഹ്യപ്രതിബദ്ധതയില്ലാത്ത ആത്മീകതക്കാണ് നമ്മുടെ സമൂഹത്തിൽ കൂടുതൽ സ്ഥാനം. കുടുംബത്തിന്റെ ക്രിസ്തീയവൽക്കരണം ഈ ദിശയിലേക്കു വളരുവാൻ വളരെ ശക്തിയായി ഇനിയും സ്വാധീനിക്കേണ്ടിയിരിക്കുന്നു. ദൈവികദർശനം ഉണ്ടായ സക്കായിയുടെ പരിവർത്തനവും ഈ തരുണത്തിൽ ചിന്തനീയമാണ് (വി. മത്താ. 18:1–10). “കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്; വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു

മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു" (8 -ാം വാക്യം). സമൂഹത്തോടുള്ള കടപ്പാടുകൾ നിർവ്വഹിക്കുന്നതും, ഏതെങ്കിലും വിധത്തിൽ സമൂഹത്തെ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ അതിനു പ്രായശ്ചിത്തം ചെയ്യുന്നതുമാണ് സക്കായിയുടെ മാനസാന്തരത്തിന്റെ ഉപാധികളായി നാം കാണുന്നത്. ഈ രണ്ടു കാര്യങ്ങൾക്ക് ഇന്നും അധികമായ പ്രസക്തിയുണ്ട്. ഈ മൂല്യം നാം അംഗീകരിച്ചാൽ, സ്വാർത്ഥതയിൽ പടുത്തുയർത്തിയ കുടുംബബന്ധങ്ങളിലെ പൊള്ളയായ ആത്മീകത വെളിവായി വരും. നിത്യജീവനെ പ്രാപിക്കാനാഗ്രഹിക്കുന്ന, ദൈവികോദ്ദേശ്യം നിർവഹിക്കാൻ താല്പര്യമുള്ള ക്രൈസ്തവ സാക്ഷ്യം നൽകാൻ ഔൽസുക്യമുള്ള ക്രിസ്തീയ കുടുംബങ്ങൾ, സാമൂഹ്യ പ്രതിബദ്ധതയുടെ കാര്യത്തിൽ ഒരു പുനർചിന്തനത്തിന് തയ്യാറാകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഈ നിലകളിൽ നോക്കുമ്പോൾ ഭൂമിയിൽ പറുദീസാ പണിയുന്നത് വളരെ ദുഷ്ക്കരമെന്ന് ചിലർക്കു തോന്നിയേക്കാം. ശരിയാണ്. പക്ഷേ മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാധ്യമാകുന്നു എന്നതായിരിക്കണം ദൈവമക്കളുടെ വിശ്വാസം. ഉന്നതങ്ങളിലായാലും, ഇങ്ങു താഴെ ഭൂമിയിലാണെങ്കിലും 'പറുദീസാ' ദൈവത്തോടു കൂടിയുള്ളതാണ്. ദൈവം തന്നെ പണിയുന്നതുമാണ്. അതിനാൽ ദൈവം കൂടെയുള്ള, ദൈവത്തെ പണിയാൻ ഏല്പിച്ചിരിക്കുന്ന ഓരോ ഉത്തമ ക്രൈസ്തവ കുടുംബത്തിനും ലോകത്തോടായി ഉച്ചൈസ്തരം ഘോഷിക്കാം: 'ഭൂമിയിൽ ഒരു പറുദീസാ ഉണ്ടെങ്കിൽ അത് ഇതാണ്; അത് ഇതാണ്" എന്ന്.

## ഗ്രന്ഥസൂചിക


| | |
|---|---|
| 1. Gary R Collins | "Christian Counselling'' Word Publishing, U.K., 1985. |
| 2. Kenneth Preston | ''Marriage Counselling'' S.P.C.K., London, 1968. |
| 3. Jack Dominian | "Marriage Faith and Love'' Collins Found Paperbacks, London, 1984. |
| 4. ,, | "Marital Break Down'' Penguin Books and Darton, Longman & Todd, London, 1967. |
| 5. ,, | "Christian Marriage'' Darton, Longman & Todd, London, 1967. |
| 6. B. Yon Haller Gilmer | "Applied Psychology'' Tata Mcgraw - Hill Publishing Co. Ltd., New Delhi, 1978. |
| 7. John Macquarrie | "A Dictionary of Christian Ethics.'' |
| 8. William Barclay | "The Gospel of Mathew Vol: 2'' The Saint Andrew Press, Edinburgh, 1974. |
| 9. R.E.O. White | "A Guide to Pastoral Care'' Bell and Bain Ltd., Glasgow, U.K. 1984. |
| 10. The Interpreter's Dictionary of The Bible Vol: II | Abingdon Press, Tennessee, U.S.A., 1980. |
| 11. Dictionary of the Bible | Ed: By: J. Hastings, D.D. Vol: I T. & T. Cleark, Edinburgh, 1951. |
| 12. വേദപുസ്തകഭാഷ്യം | വേദശാസ്ത്ര സാഹിത്യ സമിതി, തിരുവല്ലാ, 1979. |